

"നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ"
(ഉല്പത്തി 41:55)

# വേദപ്രചാര മദ്ധ്യസ്ഥൻ

## ചങ്ങനാശേരി അതിരൂപത

സ്ഥാപിതം: മെയ് 20 1887

വാല്യം 91 ● ലക്കം 10 ● ഏപ്രിൽ 2019

വേദപ്രചാര
മദ്ധ്യസ്ഥൻ
ചങ്ങനാശേരി അതിരൂപതാ മുഖപത്രം

# ഉള്ളടക്കം

സർക്കുലർ : മെയ്ദിന സന്ദേശം 2019 ........ 05
സർക്കുലർ : പൊതുതിരഞ്ഞെടുപ്പിനോടനുബന്ധിച്ച്........ 12
ഇടയലേഖനം: വിശുദ്ധ വാരാചരണവും മിശിഹായുടെ രക്ഷാരഹസ്യങ്ങളും .... 16
സർക്കുലർ : ലൂർദ്ദ് മാതാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സാരഥ്യം ........ 23
മാർ നെസ്തോറിയസിന്റെ കൂദാശക്രമത്തെക്കുറിച്ച് ........ 25
കച്ചേരിക്കാര്യം........ 28
132-ാമത് അതിരൂപതാദിനാചരണം ........ 47
അനുസ്മരണം : ഫാ. ഫെലിക്സ് പാടിയത്ത്........ 49
ബൈബിൾ കൺവൻഷൻ റിപ്പോർട്ട്........ 51
പഞ്ചവത്സര അജപാലന പദ്ധതി........ 54
അതിരൂപതാ കുട്ടനാട് പുനർനിർമ്മാണ പദ്ധതി ........ 55
സപ്തതി സ്മാരക ഭവനപദ്ധതി........ 60
പാസ്റ്ററൽ കൗൺസിൽ........ 61
പബ്ലിക് റിലേഷൻസ് - ജാഗ്രതാസമിതി ........ 62
സന്ദേശനിലയം........ 63
ചെറുപുഷ്പ മിഷൻലീഗ്........ 66
ബൈബിൾ അപ്പോസ്റ്റലേറ്റ് & കുടുംബക്കൂട്ടായ്മ ........ 69
ഫാമിലി അപ്പോസ്റ്റലേറ്റ്........ 72
യുവദീപ്തി........ 76
കെ.സി.എസ്.എൽ. ........ 79
കത്തോലിക്കാ കോൺഗ്രസ്........ 80
ചാസ്........ 82
ജീവകാരുണ്യനിധി ട്രസ്റ്റ്........ 92
ദീപികാഫ്രണ്ട്സ് ക്ലബ്ബ്........ 94
കേരളാ ലേബർ മൂവ്മെന്റ്........ 96
പ്രവാസി അപ്പോസ്റ്റലേറ്റ്........ 97
കെയർ ഹോംസ്........ 98
ആത്മതാകേന്ദ്രം ........ 101
ദലിത് കത്തോലിക്കാ മഹാജനസഭ ........ 104
ആവേമരിയ ........ 105
ഫ്രാൻസിസ്കൻ അല്മായസഭ........ 106
വിൻസെൻഷ്യൻ വേദി........ 108
അതിരൂപതാ മാനവവിഭവശേഷി ട്രസ്റ്റ്........ 110
ചാരിറ്റി വേൾഡ് ട്രസ്റ്റ് ........ 111
പൗരോഹിത്യ ആദ്ധ്യാത്മികത........ 113
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി........ 119
Engagements ........ 127

Annual Subscription: Rs. 120/-

Archbishop's House, P.B. No. 20, Changanacherry - 686 101
Tel: 0481 - 2420040, 2420379, 2420614
Fax: 2422540 E-mail: bpjperumthottam@gmail.com
Website: www.archdiocesechanganacherry.org

Ref: 3180/K-5/KCBC/OL/DS 18.3.2019

**കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ**
**തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്ന**

# മെയ്ദിന സന്ദേശം 2019

മിശിഹായിൽ പ്രിയസഹോദരി സഹോദരന്മാരെ,
പ്രിയപ്പെട്ട തൊഴിലാളികളെ,

1. നമ്മുടെ ഗുരുവും നാഥനുമായ ഈശോ, തന്റെ വളർത്തുപിതാവായ വിശുദ്ധ യൗസേപ്പിതാവിനോടൊപ്പം മരപ്പണിശാലയിൽ കായികമായി അദ്ധ്വാനിച്ചും സ്വഭവനത്തിൽ നിരന്തരം മാതാവായ മറിയത്തെ ഗാർഹിക കാര്യങ്ങളിൽ സഹായിച്ചും മീൻപിടുത്തക്കാരായിരുന്ന ശിഷ്യന്മാരോടൊപ്പം പടവുകളിൽ സഞ്ചരിച്ചും തൊഴിലിന്റെ മഹത്വവും മാഹാത്മ്യവും ഉയർത്തിയ രക്ഷകനും വിമോചകനുമാണ്. 2019-ലെ മെയ്ദിനം തൊഴിൽ മേഖലയെപ്പറ്റിയും തൊഴിലിന്റെ ക്രൈസ്തവാഭിമുഖ്യത്തെപ്പറ്റിയും ചിന്തിക്കാനുള്ള ശുഭാവസരം കൂടിയാണ്. അന്താരാഷ്ട്ര തൊഴിലാളിദിനത്തിന്റെ ആശംസകൾ സ്നേഹത്തോടെ ഏവർക്കും നേരുന്നു.

2. ''നീതി ജലം പോലെ ഒഴുകട്ടെ, സത്യം ഒരിക്കലും വറ്റാത്ത നീർച്ചാലുപോലെയും'' (ആമോ 5:24) എന്ന വചനം ഇന്നത്തെ കാലഘട്ടത്തിൽ ഏറെ പ്രസക്തമായിക്കൊണ്ടിരിക്കുന്നു. സാങ്കേതിക വിദ്യയുടെയും വിജ്ഞാനത്തിന്റെയും പുരോഗതിയുടെയും മാർഗത്തിൽ ചരിക്കുമ്പോഴും എല്ലാ മനുഷ്യരും ആഗ്രഹിക്കുന്നത് സത്യവും നീതിയും സമാധാനവുമാണ്. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം ഇവ മൂന്നും ഭരണഘടനയുടെ അടിസ്ഥാന ശിലകളെന്നു എഴുതിവെച്ചിട്ടുള്ള ഒരു ജനാധിപത്യ രാഷ്ട്രത്തിൽ ജീവിക്കുന്നവരിൽ ബഹുഭൂരിപക്ഷവും അടിസ്ഥാനാവശ്യങ്ങൾ പോലും നിറവേറ്റുന്നതിനു ശേഷിയില്ലാത്തവരാണെന്ന തിരിച്ചറിവിനു മുൻപിൽ സ്തബ്ധരായി നില്കുന്ന സാഹചര്യത്തിലാണ് ഒരു തൊഴിലാളി ദിനം കൂടി വന്നണയുന്നത്.

3. നീതിയും മനുഷ്യാവകാശങ്ങളും നിഷേധിക്കപ്പെട്ടു നിരന്തരമായി അടിച്ചമർത്തലിനു വിധേയമാക്കപ്പെട്ട ഒരു തൊഴിലാളി സമൂഹമാണ് ''എട്ടുമണിക്കൂർ തൊഴിൽ, എട്ടുമണിക്കൂർ വിനോദം, എട്ടുമണിക്കൂർ വിശ്രമം'' എന്ന മുദ്രാവാക്യം മുഴക്കി 1886-ൽ ചിക്കാഗോയുടെ തെരുവോരങ്ങളെ ശബ്ദമുഖരിതമാക്കിയത്. സഹനത്തിന്റെ എല്ലാ

പരിധിയും കടന്നുപോയപ്പോൾ രൂപപ്പെട്ട സംഘടിതശക്തിയുടെ ആത്മ ധൈര്യം മൂലമായിരുന്നു തൊഴിൽചരിത്രത്തിലെ മറക്കാനാവാത്ത ആ മുറവിളി ഉയർന്നത്. അതുകൊണ്ടുതന്നെ ഓരോ തൊഴിലാളി ദിനാചരണവും തൊഴിലാളികളോട് ആവശ്യപ്പെടുന്നത്, സംഘടിച്ചു ആത്മധൈര്യമുള്ളവരാകാനും ഉറക്കെ ശബ്ദിക്കുവാനും ഭയം നല്കുന്ന അടിമത്ത്വത്തിൽ നിന്ന് മോചിതരാകുവാനുമാണ്.

4. നമ്മുടെ രാജ്യം നാനാവിധ മേഖലകളിലും അഭൂതപൂർവ്വമായ വളർച്ച നേടിക്കൊണ്ടിരിക്കുകയാണെന്ന കാര്യം സന്തോഷകരമാണ്. വിദ്യാഭ്യാസരംഗത്തും ശാസ്ത്ര-സാങ്കേതികമണ്ഡലങ്ങളിലും വ്യവസായിക-സാമ്പത്തിക രംഗങ്ങളിലുമെല്ലാം ഗണനീയമായ മുന്നേറ്റമുണ്ടായിട്ടുണ്ട്. എന്നാൽ രാജ്യത്തുണ്ടാകുന്ന പുരോഗതിയെ നീതിയോടെയും കരുണയോടെയും എല്ലാവർക്കുമായി വിതരണം ചെയ്യുന്നതിൽ രാജ്യം ദയനീയമായി പരാജയപ്പെടുന്നു എന്നു കൂടി സ്ഥിതി വിവരണക്കണക്കുകൾ നമ്മെ മനസ്സിലാക്കിത്തരുന്നുണ്ട്.

5. 2019 ജനുവരി മാസത്തിൽ ദാവോസിൽ നടന്ന ലോക സാമ്പത്തിക ഫോറത്തിന്റെ വാർഷിക സമ്മേളനത്തിൽ ഇന്ത്യയിലെ സാമ്പത്തിക അസന്തുലിതാവസ്ഥയെക്കുറിച്ച് ഓക്സ്ഫാം പുറത്തിറക്കിയ റിപ്പോർട്ട് വളരെ ഗൗരവം നിറഞ്ഞ പരിഗണന അർഹിക്കുന്നു. ഇന്ത്യയിലെ സമ്പത്തിന്റെ മുക്കാൽ പങ്കിലധികം കയ്യടക്കിയിരിക്കുന്നത് മേൽത്തട്ടിലുള്ള പത്തുശതമാനം പേരാണ്. രാജ്യത്തെ പകുതിയിലധികം സ്വത്തും കേവലം ഒരു ശതമാനം വരുന്ന ധനികരുടെ പക്കലാണ് ഉള്ളത്. ഇവർക്ക് കഴിഞ്ഞ ഒരു വർഷക്കാലം കൊണ്ട് 39 ശതമാനം വളർച്ച കൈവരിക്കാനായപ്പോൾ രാജ്യത്തെ താഴെത്തട്ടിലുള്ള പകുതി ജനവിഭാഗത്തിനു എത്തിപ്പിടിക്കാൻ കഴിഞ്ഞ വളർച്ച കേവലം മൂന്നു ശതമാനം മാത്രമാണ്.

അതിവളർച്ചയുടെ ചുരുക്കം ചില പച്ചത്തുരുത്തുകളുടെ സമീപത്ത് ബഹുഭൂരിപക്ഷവും ദാരിദ്ര്യത്തിന്റെ നിലയില്ലാകയങ്ങളിലാണ് കഴിയുന്നത്. രാജ്യത്ത് ആനുപാതിക ദാരിദ്ര്യവും തൊഴിലില്ലായ്മയും വർദ്ധിച്ചുവരുന്നതായിട്ടാണ് വിവിധ സ്ഥിതിവിവര കണക്കുകൾ സൂചിപ്പിക്കുന്നത്. അടുത്തിടെ പുറത്തുവന്ന ചില പ്രധാന സർവ്വെകൾ ഇത് ശരിവെയ്ക്കുന്നു. കേന്ദ്രസർക്കാരിന്റെ സ്ഥാപനമായ നാഷണൽ സാമ്പിൾ സർവ്വെ ഓർഗനൈസേഷന്റെ കണക്കുപ്രകാരം 2011-12 ൽ 2.2 ശതമാനം ആയിരുന്ന തൊഴിലില്ലായ്മ, 2017-18ൽ ഗ്രാമപ്രദേശങ്ങളിൽ 6.3 ശതമാനമായും നഗരങ്ങളിൽ 7.8 ശതമാനമായും വർദ്ധിച്ചു. യുവജനങ്ങളുടെ തൊഴിലില്ലായ്മ നിരക്ക് ഭയപ്പെടുത്തുന്നതാണ്. ഗ്രാമങ്ങളിൽ 15.5 ശതമാനം യുവജനങ്ങൾ തൊഴിൽരഹിത

രാണ്. നഗരങ്ങളിൽ ഇത് 22.9 ശതമാനം ആണ്. നോട്ടുനിരോധനം വഴിയും ജി.എസ്.ടി.യുടെ നടപ്പിലാക്കൽ രീതിയുടെ വൈകല്യം മൂലവും 1.3 കോടി പേർ തൊഴിലിൽ നിന്ന് പുറത്തുപോയെന്ന് റിപ്പോർട്ട് വ്യക്തമാക്കുന്നു. ചെറുകിട സംരംഭങ്ങളിൽ 1.1 കോടി പേർക്ക് ഉപജീവനമാർഗം ഇല്ലാതായപ്പോൾ വിലയിടിവും തൊഴിൽ നഷ്ടവും കാർഷികമേഖലയുടെ നടുവൊടിച്ചതായും കണക്കുകൾ വ്യക്തമാക്കുന്നു. ഇത്രയും സ്ഥിതിവിവരക്കണക്കുകൾ ഉദ്ധരിച്ചത് ഭരണകർത്താക്കൾ നയങ്ങൾ രൂപീകരിക്കുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്യുമ്പോൾ അത് ഏറ്റവും താഴെത്തട്ടിലുള്ളവരെ എങ്ങനെ ബാധിക്കുമെന്ന ചിന്തയോടെ വേണം എന്ന് വ്യക്തമാക്കാനാണ്.

6. കഴിഞ്ഞവർഷം കേരളത്തെ ഗ്രസിച്ച മഹാപ്രളയമുൾപ്പെടെയുള്ള പ്രകൃതിദുരന്തങ്ങൾ കേരളത്തിന്റെ സമ്പത്ത് വ്യവസ്ഥയെ തകർത്തിരിക്കുകയാണ്. ഇതിന്റെ ഏറ്റവും വലിയ ബലിയാടുകൾ കർഷകരുൾപ്പെടെയുള്ള അസംഘടിത തൊഴിലാളികളാണ്. ദുരന്തം സൃഷ്ടിച്ചിട്ടുള്ള ആഘാതത്തിൽനിന്ന് ഇന്നും ഇവർ മോചിതരായിട്ടില്ല. എന്നുമാത്രമല്ല സ്ഥിതി വിശേഷം കൂടുതൽ രൂക്ഷമാകുന്ന അവസ്ഥയിലാണ് എന്നുകൂടി പറയേണ്ടിയിരിക്കുന്നു. ഒരിക്കലും സംഭവിക്കാൻ പാടില്ലാത്ത കർഷക ആത്മഹത്യകൾ കേരളത്തിൽ ഉണ്ടായി എന്നത് അതീവഗൗരവമുള്ള കാര്യമാണ്. ഇതൊരിക്കലും ആവർത്തിക്കാതിരിക്കാനുള്ള സമാശ്വാസ നടപടികൾ സർക്കാർ, സന്നദ്ധസംഘടനകൾ, മതസമൂഹങ്ങൾ, സാമൂഹിക സംഘടനകൾ തുടങ്ങിയ വിവിധ തലത്തിലുള്ളവരുടെ നേതൃത്വത്തിൽ അടിയന്തിരമായി ഉണ്ടാകേണ്ടിയിരിക്കുന്നു. 2019 വർഷത്തേക്കു ബാങ്കുകളുടെ ജപ്തി നടപടികൾ സർക്കാർ ഇടപെട്ടു നിർത്തിവെച്ചിട്ടുള്ളത് ആശ്വാസകരമാണ്. എന്നാൽ ഇതു പ്രാഥമിക നടപടി മാത്രമാണ്. സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുള്ളവരുടെ കാര്യം കൂടി പരിഗണിക്കപ്പെടണം. എല്ലാത്തരം വായ്പകളും പൂർണ്ണമായും എഴുതിത്തള്ളാൻ സർക്കാർ തയ്യാറാകണം. ഉരുൾ പൊട്ടൽ, പ്രളയം എന്നിവ മൂലം നഷ്ടപ്പെട്ടിട്ടുള്ള കൃഷിഭൂമി, തൊഴിൽ ഉപകരണങ്ങൾ ഇവർക്ക് എത്രയും വേഗത്തിൽ സംലഭ്യമാക്കപ്പെടണം.

മഹാപ്രളയത്തിൽ രക്ഷകരായി കടന്നുവന്ന മത്സ്യത്തൊഴിലാളികളെ ആദരപൂർവ്വം നോക്കിക്കാണുന്നു. എന്നാൽ ഓഖി ദുരന്തവുമായി ബന്ധപ്പെട്ടു അവർക്കായി വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള പദ്ധതികളിൽ സിംഹഭാഗവും ഇന്നും പ്രഖ്യാപനം മാത്രമായി ഒതുങ്ങുന്നു എന്നത് ഖേദകരമാണ്. എത്രയും വേഗത്തിൽ ഇവ പൂർത്തിയാക്കാൻ വേണ്ട നടപടികൾ അധികാരികൾ സ്വീകരിക്കേണ്ടതാണ്.

7. കേരളത്തിൽ അടിക്കടിയുണ്ടാകുന്ന രാഷ്ട്രീയ അക്രമങ്ങളിൽ ജീവൻ നഷ്ടപ്പെട്ടതിൽ ഏതാണ്ട് മുഴുവൻ പേരും അസംഘടിതമേഖലയിലെ തൊഴിലാളികളും ദരിദ്ര കുടുംബങ്ങളിലെ അംഗങ്ങളുമാണെന്ന് കാണാം. ചുരുക്കത്തിൽ തെറ്റായ നയങ്ങളും തീരുമാനങ്ങളും പ്രകൃതി ദുരന്തങ്ങളും രാഷ്ട്രീയ സംഘട്ടനങ്ങളുമെല്ലാം അടിസ്ഥാന വിഭാഗത്തിന്റെയും അസംഘടിത തൊഴിലാളികളുടെയും ജീവിതത്തെയും ജീവിത സാഹചര്യങ്ങളെയുമാണ് തകർത്തെറിയുന്നത്. ഈ സത്യം മുഖ്യധാരാ രാഷ്ട്രീയപ്രസ്ഥാനങ്ങളും മാധ്യമങ്ങളും കാണാതെ പോകരുത്. കാരണം അരക്ഷിതാവസ്ഥയിൽ അകപ്പെട്ടുപോകുന്ന യുവത്വം വഴിവിട്ട ധനാഗമമാർഗങ്ങളിലേക്കും തീവ്രവാദത്തിലേക്കുമെല്ലാം തിരിഞ്ഞെന്ന് വരാം. ഇത് രാജ്യത്തിന്റെ വികസനത്തെയും സുസ്ഥിതിയെയും ബാധിക്കും.

8. ഇവിടെയാണ് തൊഴിലാളി പ്രസ്ഥാനങ്ങളുടെയും ട്രേഡ് യൂണിയനുകളുടെയും പ്രസക്തിയും പ്രാധാന്യവും വർധിക്കുന്നത്. അസംഘടിത തൊഴിലാളികളുടെ അവകാശസംരക്ഷണത്തിനും അവർക്ക് നീതി ഉറപ്പാക്കി കൊടുക്കുന്നതിനും കേന്ദ്ര ട്രേഡ് യൂണിയനുകൾ വേണ്ടത്ര പരിഗണന നല്കണം. കക്ഷിരാഷ്ട്രീയ താത്പര്യങ്ങൾ മാറ്റിവെച്ചു തൊഴിലാളികളുടെയും രാജ്യത്തിന്റെയും താത്പര്യങ്ങൾ സംരക്ഷിക്കാൻ ട്രേഡ് യൂണിയനുകൾ ഐക്യത്തോടെ മുന്നോട്ടു വരേണ്ടിയിരിക്കുന്നു. രാജ്യത്തെ തൊഴിൽ നിയമങ്ങൾ ക്രോഡീകരിക്കാനുള്ള ശ്രമങ്ങൾ സമാരംഭിക്കപ്പെട്ടിട്ടുള്ള ഇക്കാലത്ത്, നിർദ്ദിഷ്ട പരിഷ്കാരങ്ങൾ പലതും തൊഴിലാളി താത്പര്യസംരക്ഷണത്തേക്കാൾ മുതൽമുടക്കുന്നവരുടെ താത്പര്യ സംരക്ഷണത്തിനാണ് മുൻതൂക്കം നല്കിയിട്ടുള്ളതെന്ന ആക്ഷേപം വ്യാപകമാണ്. നിലവിൽ തൊഴിലാളികൾ അനുഭവിച്ചുവരുന്ന പല ആനുകൂല്യങ്ങളും നഷ്ടമാകുമെന്ന പരാതിയും ഉയരുന്നുണ്ട്. ഈ സവിശേഷ സാഹചര്യത്തിൽ പടലപിണക്കങ്ങളും സങ്കുചിതമായ കക്ഷിതാത്പര്യങ്ങളും ഒഴിവാക്കി രാജ്യത്തെ ട്രേഡ് യൂണിയനുകൾ ഒന്നിച്ചു വരേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. മെയ്ദിനം പങ്കുവെയ്ക്കുന്ന സന്ദേശവും അതു തന്നെയാണല്ലോ.

9. ഇന്ത്യയിലെ തൊഴിൽ ശക്തിയിൽ 93 ശതമാനം പേരും അസംഘടിത തൊഴിലാളികളാണ്. നിയമ പരിരക്ഷ, തൊഴിൽ സംരക്ഷണം, സാമൂഹിക സുരക്ഷ എന്നിവ ലഭിക്കാത്ത തൊഴിലാളികളെയാണ് അസംഘടിത തൊഴിലാളികൾ എന്ന് വിളിക്കുന്നത്. സ്വാഭാവികമായും ഇവർ സംഘടിതരുമല്ല. ഇതു മൂലം സ്വാധീനശക്തിയും വിലപേശൽ ശക്തിയും ഈ വിഭാഗത്തിനു തീരെ കുറവാണ്. അതുകൊണ്ട് ന്യായമായ അവകാശങ്ങളും ആനുപാതികമായ വികസന വിഹിതവും ഇവർക്കു

നിഷേധിക്കപ്പെടുന്നു. അഞ്ച് ഏക്കർ വരെ കൃഷിഭൂമി സ്വന്തമായുള്ള ചെറുകിട നാമമാത്ര കർഷകരെയും അസംഘടിത തൊഴിലാളികൾ എന്ന വിഭാഗത്തിലാണ് കേന്ദ്രസർക്കാർ ഉൾപ്പെടുത്തിയിരിക്കുന്നത്. രാജ്യത്തിന്റെ മൊത്ത വരുമാനത്തിൽ 65 ശതമാനവും സംഭാവന ചെയ്യുന്നത് ഈ വിഭാഗമാണ്. എന്നാൽ കേന്ദ്ര-സംസ്ഥാന ബഡ്ജറ്റുകളിൽ ഇവർക്കായി നീക്കിവെക്കപ്പെടുന്നത് നാമമാത്ര തുകയാണ്.

10. മാറി മാറി വരുന്ന സർക്കാരുകൾ തങ്ങളുടെ രാഷ്ട്രീയ കാഴ്ചപ്പാടുകൾക്കനുസരിച്ച് അസംഘടിത തൊഴിലാളികളുടെ പ്രഖ്യാപിത പദ്ധതികളിൽ ഇടയ്ക്കിടെ മാറ്റങ്ങൾ വരുത്തുകയും ഓരോ സർക്കാർ തന്നെ ആദ്യം സമാരംഭിച്ച പദ്ധതികൾ യാതൊരു മുന്നറിയിപ്പുമില്ലാതെ പിൻവലിക്കുകയും പുതിയവ അവതരിപ്പിക്കുകയും ചെയ്യുന്നുമുണ്ട്. വിലവർധനവും കാലാവസ്ഥാ വ്യതിയാനവും പകർച്ച വ്യാധികളുമെല്ലാം ജീവിതത്തെ വരിഞ്ഞു മുറുക്കുമ്പോഴും അവയെ അതിജീവിക്കാനുള്ള സമഗ്രമായ പദ്ധതികൾ കാര്യമായി ഇല്ലെന്നു മാത്രമല്ല പേരിനു മാത്രം ഉള്ളതിന്റെ തുടർച്ചയും ഇല്ലാതാകുന്നുവെന്നത് ഉത്കണ്ഠാജനകമാണ്. അന്താരാഷ്ട്ര തൊഴിലാളി സംഘടനയുടെ നിർദ്ദേശാനുസരണം വികസിത രാഷ്ട്രങ്ങളിൽ ഉള്ളതുപോലെ എല്ലാ തൊഴിലാളികൾക്കുമായി സാർവ്വത്രിക സാമൂഹിക സുരക്ഷാ പദ്ധതികൾ ആവിഷ്ക്കരിക്കപ്പെടേണ്ടതാണ്.

11. കത്തോലിക്കാസഭ എന്നും തൊഴിലാളികൾക്കും സമൂഹത്തിലെ അടിസ്ഥാന ജനത്തിനുമൊപ്പം നീതിയുടെയും ധാർമ്മീകതയുടെയും സ്വരമായി നിലനിന്നിട്ടുണ്ട്. കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷനും അതിന്റെ ഔദ്യോഗിക സംഘടനയായ കേരള ലേബർ മൂവ്മെന്റും വഴിയാണ് കേരളസഭയുടെ തൊഴിലാളി സംഘാടന പ്രവർത്തനങ്ങൾ നടന്നുവരുന്നത്. സി. ബി സി ഐ ലേബർ കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന വർക്കേഴ്സ് ഇന്ത്യ ഫെഡറേഷന്റെ സംസ്ഥാന ഘടകമാണ് കെ.എൽ.എം. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിക്കുന്ന വിവിധ പദ്ധതികളിൽ തൊഴിലാളികളെ ഗുണഭോക്താക്കളാക്കുക, ക്ഷേമനിധികളിൽ അംഗത്വം എടുക്കാൻ സഹായിക്കുക, പെൻഷൻ പദ്ധതികളിൽ പങ്കാളികളാക്കുക, വിദഗ്ധ തൊഴിൽ പരിശീലനം നല്കുക, ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ സഹായം നല്കുക, ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികളെ പ്രയോജനപ്പെടുത്താൻ പ്രാപ്തരാക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് കെ.എൽ.എം. പ്രധാനമായും ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നത്. തൊഴിലാളികളുടെ സാമൂഹിക നേതൃത്വം വളർത്താനുള്ള പ്രവർത്തനങ്ങളും കെ.എൽ.എം ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നു. അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും

ശക്തീകരണത്തിനുമായി എട്ട് തൊഴിലാളി ഫോറങ്ങൾ കെ.എൽ.എം-ന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്. അസംഘടിത മേഖലയിലെ പ്രധാന തൊഴിൽ വിഭാഗങ്ങളായ മത്സ്യത്തൊഴിലാളികൾ, നിർമ്മാണതൊഴിലാളികൾ, ഗാർഹീകതൊഴിലാളികൾ, കർഷക തൊഴിലാളികൾ, ചെറുകിട തോട്ടംതൊഴിലാളികൾ, തയ്യൽ തൊഴിലാളികൾ, മോട്ടോർവാഹനത്തൊഴിലാളികൾ, പീടിക തൊഴിലാളികൾ എന്നീ വിഭാഗങ്ങളുടെ സംഘാടന പ്രവർത്തനങ്ങളിലാണ് പ്രധാനമായും കെ.എൽ.എം ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. കുടിയേറ്റ തൊഴിലാളികളുടെ ക്ഷേമ കാര്യങ്ങളിലും പ്രവർത്തിക്കുന്നുണ്ട്.

12. സഭാസ്ഥാപനങ്ങളിലെ ജീവനക്കാർക്ക് നിയമാനുസൃതമുള്ള സേവന വേതനവ്യവസ്ഥകളും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കുന്നുണ്ടെന്ന് സ്ഥാപനാധികാരികൾ ഉറപ്പാക്കണം. സംതൃപ്തരായ തൊഴിലാളികൾ ആണ് സ്ഥാപനത്തിന്റെ മൂലധനം. നിന്റെ സമ്പത്ത് നിന്റെ സഹോദരനുമായി പങ്കുവെയ്ക്കലാണ് നിത്യജീവൻ നേടാൻ വേണ്ടതെന്നും (ധനവാനും ലാസറും, ലൂക്കാ 16:19-31)അധ്വാനം കൊണ്ടു തൊഴിലെടുക്കുന്നവന്റെ ആവശ്യങ്ങൾ നിറവേറ്റാനുള്ളത് നല്കണമെന്നും (മുന്തിരിത്തോട്ടത്തിലെ തൊഴിലാളികൾ, മത്തായി 20:1-16) പുതിയ നിയമത്തിൽ മിശിഹാ അവതരിപ്പിച്ച ദർശനം നടപ്പിൽ വരുത്താൻ സഭാനേതൃത്വത്തിനും വിശ്വാസി സമൂഹത്തിനും ഉത്തരവാദിത്വമുണ്ട്. കേരളത്തിലെ സഭാസ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ ക്രമപ്പെടുത്തുന്നതിനായി കെസിബിസി രൂപപ്പെടുത്തിയിട്ടുള്ള പീപ്പിൾ മാനേജ്മെന്റ് പോളിസി (മനുഷ്യ വിഭവ നയം) നടപ്പിലാക്കാൻ വേണ്ട ഒത്താശകൾ നല്കാൻ ചുമതലപ്പെടുത്തിയിരിക്കുന്നത് കെ.എൽ.എം നെയാണ്. കേരളത്തിലെ എല്ലാ രൂപതകളും സന്യാസസമൂഹങ്ങളും തങ്ങളുടെ നേതൃത്വത്തിലുള്ള വിവിധ സ്ഥാപനങ്ങളിൽ പീപ്പിൾ മാനേജ്മെന്റ് പോളിസി സമയബന്ധിതമായി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തൊഴിലാളികളെ ചൂഷണം ചെയ്യുന്നതും അവർക്ക് പെൻഷൻ ഉൾപ്പെടെയുള്ള സാമൂഹിക സുരക്ഷാസംവിധാനങ്ങൾ ഏർപ്പെടുത്താതിരിക്കുകയും ചെയ്യുന്നത് മാരകപാപമാണെന്നാണ് ഫ്രാൻസീസ് പാപ്പ ഉദ്ബോധിപ്പിക്കുന്നത്. (പ്രസംഗം, സാന്താ മാർത്ത, മാർച്ച് 8, 2019).

13. കേരളത്തിലെ എല്ലാ രൂപതകളിലും കെ.എൽ.എം സംഘടനാ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെങ്കിലും ചിലയിടങ്ങളിൽ സജീവമല്ല. എല്ലാ ഇടവകകളിലും കെ.എൽ.എം പ്രവർത്തനങ്ങൾ ആരംഭിക്കാൻ ശ്രദ്ധിക്കണം. ബഹുമാനപ്പെട്ട വികാരിമാർ അതിന് മുൻകൈ എടുക്കണമെന്നും അഭ്യർത്ഥിക്കുകയാണ്. അതുപോലെ തന്നെ സന്യാസ സമൂഹങ്ങൾ തൊഴിലാളി ശക്തീകരണ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നല്ക

ണം. സമകാലിക സാമൂഹിക സാഹചര്യത്തിൽ തൊഴിലാളി ശുശ്രൂഷയ്ക്കു വലിയ പ്രാധാന്യവും പ്രസക്തിയുമുണ്ടെന്ന കാര്യം ആരും തന്നെ വിസ്മരിക്കരുത്.

14. തൊഴിൽ ചെയ്യുക വഴി ദൈവത്തിന്റെ സൃഷ്ടികർമ്മത്തിലും രക്ഷാകർമ്മത്തിലും പങ്കുചേരുകയാണു ഓരോ തൊഴിലാളിയും ചെയ്യുന്നതെന്നാണ് സഭ പഠിപ്പിക്കുന്നത്. (സഭയുടെ സാമൂഹിക പ്രബോധനം 263) അതായത് മഹത്വവും ഉത്തരവാദിത്തവും നിറഞ്ഞ ചുമതലയാണ് തൊഴിൽ ചെയ്യുന്നവർ നിർവ്വഹിക്കുന്നതെന്ന് ഓർക്കണം. ആത്മാർത്ഥതയോടെയും സത്യസന്ധതയോടെയും കൂടി തൊഴിൽ ചെയ്യുവാൻ എല്ലാ തൊഴിലാളികളെയും ആഹ്വാനം ചെയ്യുന്നു. തൊഴിലാളി മധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ മാധ്യസ്ഥ സഹായം നമുക്ക് ധാരാളമായി ഉണ്ടാകട്ടെയെന്നും പ്രാർത്ഥിക്കുകയും ചെയ്യുന്നു.


**ബിഷപ്പ് അലക്സ് വടക്കുംതല**

*(ചെയർമാൻ കെസിബിസി ലേബർ കമ്മീഷൻ)*

**ബിഷപ്പ് മാർ ജോസ് പുത്തൻ വീട്ടിൽ**

*(വൈസ് ചെയർമാൻ, കെസിബിസി ലേബർ കമ്മീഷൻ)*

**ബിഷപ്പ് തോമസ് മാർ യൗസേബിയൂസ്**

*(വൈസ് ചെയർമാൻ, കെസിബിസി ലേബർ കമ്മീഷൻ)*

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

കൊച്ചി - 682 025


---

**NB:** *2019 ഏപ്രിൽ 21-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും വി. കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യണം.*

Ref: 3183/K-5/KCBC/OL/DS 26.3.2019

## 17-ാം ലോകസഭാ പൊതുതിരഞ്ഞെടുപ്പിനോടനുബന്ധിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന

# സർക്കുലർ

പ്രിയ സഹോദരീസഹോദരന്മാരേ,

2019 ഏപ്രിൽ11 മുതൽ മെയ് 19 വരെ ഏഴുഘട്ടങ്ങളായി നടക്കുന്ന 17-ാം ലോകസഭാ തിരഞ്ഞെടുപ്പ് ഭാരതത്തെ സംബന്ധിച്ച് സുപ്രധാനവും നിർണായകവുമാണ്.

രാജ്യത്തിന്റെ ജനാധിപത്യ മനസ്സ് വ്യക്തമായി പ്രകടമാക്കുന്നതിനുള്ള അവസരമാണ് പൊതുതിരഞ്ഞെടുപ്പുകൾ. ഭാരതത്തിന്റെ ഭരണഘടന വിഭാവനചെയ്യുന്ന മഹത്തായ ലക്ഷ്യങ്ങളിലേക്കും മൂല്യങ്ങളിലേക്കും രാജ്യത്തെ നയിക്കുന്നതിൽ തിരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികൾ സുപ്രധാനമായ പങ്കുവഹിക്കുന്നു. സ്വഭാവമഹിമയും സാമൂഹ്യ പ്രതിബദ്ധതയും ഭരണഘടനയോടും ഭരണഘടനാസ്ഥാപനങ്ങളോടും ആദരവുമുള്ള നേതാക്കൾ ഭരണത്തിന്റെ തലപ്പത്തു വരേണ്ടത് രാജ്യത്തിന്റെ ഭാവിക്കും എല്ലാ വിഭാഗം ജനങ്ങളുടെയും ക്ഷേമത്തിനും അത്യന്താപേക്ഷിതമാണ്. ജനാധിപത്യ പ്രക്രിയയിൽ രാഷ്ട്രീയപാർട്ടികൾക്കും പ്രത്യയശാസ്ത്രങ്ങൾക്കുമുള്ള പ്രാധാന്യവും വലുതാണ്. ഭരണഘടനയിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ലക്ഷ്യങ്ങളുമായി ഒത്തുപോകുന്ന പ്രത്യയശാസ്ത്ര നിലപാടുകളാണ് രാഷ്ട്രീയ പാർട്ടികളെ പ്രസക്തമാക്കുന്നത്. അക്രമരഹിതവും സമാധാനപൂർണവുമായ ജനജീവിതം ഉറപ്പുവരുത്താൻ രാഷ്ട്രീയ പാർട്ടികൾക്കു ചുമതലയുണ്ട്.

കത്തോലിക്കാസഭയ്ക്ക് ഏതെങ്കിലും ഒരു പ്രത്യേക മുന്നണിയുമായോ രാഷ്ട്രീയ പാർട്ടിയുമായോ സ്ഥാനാർത്ഥിയുമായോ സവിശേഷബന്ധമോ പ്രത്യയശാസ്ത്ര ആഭിമുഖ്യമോ ഇല്ല. സഭാംഗങ്ങളുടെ രാഷ്ട്രീയ സ്വാതന്ത്ര്യത്തിൽ സഭ ഇടപെടാറുമില്ല. എന്നാൽ ജനാധിപത്യവും മതേതരത്വവും ഉൾപ്പെടെയുള്ള ഭരണഘടനാ മൂല്യങ്ങൾ കാത്തുസൂക്ഷിക്കുന്നതിനും രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും സമഗ്രപുരോഗതിയും ഉറപ്പുവരുത്തുന്നതിനും അതിനു കഴിവുള്ള ജനപ്രതിനിധികളെ തിരഞ്ഞെടുക്കുന്നതിനും കത്തോലിക്കാസഭ പ്രതിജ്ഞാബദ്ധമാണ്. ദരിദ്രരോടും പാർശ്വവത്കരിക്കപ്പെട്ടവരോടുമുള്ള പ്രത്യേക പരിഗണനയും കരുതലും സഭയുടെ നയവും നിലപാടുമാണ്.

വൈവിധ്യമാർന്ന ജനസമൂഹങ്ങളും സാംസ്കാരിക പൈതൃകങ്ങളും ഭാഷകളുമുള്ള ഭാരതം ഒരു രാജ്യവും ഒറ്റ ജനതയുമായി മുന്നേറുന്നതിൽ ഭരണഘടനാധിഷ്ഠിതമായ ജനാധിപത്യസംവിധാനം മുഖ്യപങ്കു വഹിക്കുന്നു. ലോകരാജ്യങ്ങൾക്കിടയിൽ ഭാരതത്തിന് അഭിമാനാർഹമായ സ്ഥാനം നേടിത്തരുന്നതും ഈ ജനാധിപത്യ സംവിധാനംതന്നെയാണ്. കൃത്യസമയത്തു നടക്കുന്ന തിരഞ്ഞെടുപ്പുകൾ ഈ ജനാധിപത്യ സംവിധാനത്തിന്റെ അടിസ്ഥാനശിലകളാണ്. എല്ലാ പൗരന്മാർക്കും തുല്യാന്തസ്സും പൗരാവകാശങ്ങളും ഉറപ്പുവരുത്തുന്ന ഭരണഘടന, ഒരാൾക്ക് ഒരു വോട്ട് എന്ന രീതിയിൽ പ്രായപൂർത്തി വോട്ടവകാശം ഏർപ്പെടുത്തിക്കൊണ്ട്, ഭരണഘടനയെയും ജനാധിപത്യത്തെയും സംരക്ഷിക്കാനും ശക്തിപ്പെടുത്താനുമുള്ള ഉത്തരവാദിത്വം ഓരോ പൗരനും നല്കിയിരിക്കുന്നു. ഈ ഉത്തരവാദിത്വ നിർവഹണത്തിൽ വീഴ്ചവരുത്താതെ, രാജ്യത്തിന്റെ ഭരണാധികാരികളെ തിരഞ്ഞെടുക്കാൻ ഓരോ പൗരനും കടമയുണ്ട്. തിരുസഭാംഗങ്ങളായ വോട്ടർമാർ തങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന ഈ കർത്തവ്യം ഉത്തരവാദിത്വത്തോടെയും വിവേകപൂർവവും നിർവഹിക്കണം.

ലോകത്തിലെ പല ജനാധിപത്യ രാജ്യങ്ങളും സമഗ്രാധിപത്യത്തിന്റെയും ഏകാധിപത്യത്തിന്റെയും പാതയിലേക്കുള്ള പ്രവണത കാട്ടുമ്പോഴും ഇന്ത്യ ജനാധിപത്യത്തിന്റെയും മതേതരത്വത്തിന്റെയും പാതയിൽ മുന്നേറുന്നു എന്നത് ഓരോ ഇന്ത്യൻ പൗരനെയും അഭിമാനപുളകിതനാക്കും. ഈ പാതയിൽ നിന്ന് ഇന്ത്യയെ വ്യതിചലിപ്പിക്കുന്ന രാഷ്ട്രീയ നിലപാടുകൾ ഒരു കാരണവശാലും പിന്തുണ അർഹിക്കുന്നില്ല. ഭരണഘടനയുടെ അടിസ്ഥാനശിലകളെ ഇളക്കുന്ന പ്രത്യയശാസ്ത്രങ്ങളെയും രാഷ്ട്രീയ നിലപാടുകളെയും പ്രോത്സാഹിപ്പിക്കുന്ന വ്യക്തികളും രാഷ്ട്രീയ പാർട്ടികളും അധികാരത്തിൽ വരുന്നത് രാജ്യത്തിന് ആപത്തുണ്ടാക്കും. വിവിധ ഭരണഘടനാസ്ഥാപനങ്ങളുടെ സ്വതന്ത്രവും നിഷ്പക്ഷവുമായ പ്രവർത്തനം ഉറപ്പുവരുത്തേണ്ടത് ജനാധിപത്യമൂല്യങ്ങളുടെയും ഭരണഘടനയുടെയും സംരക്ഷണത്തിന് അനിവാര്യമാണ്.

ആഗോളവത്കരണത്തിന്റെ പശ്ചാത്തലത്തിൽ ലോകം വലിയ സാമ്പത്തിക ഉച്ചനീചത്വങ്ങൾക്കു വിധേയമായിക്കൊണ്ടിരിക്കുകയാണ്. കോർപറേറ്റു ശക്തികൾ സാധാരണക്കാരെ ചൂഷണംചെയ്തു തടിച്ചുകൊഴുക്കുകയും ദരിദ്രർ കൂടുതൽ ദരിദ്രരാവുകയും ചെയ്യുന്നു. സമ്പന്നരെ മാത്രമല്ല സാധാരണക്കാരെയും കർഷകരെയും ആദിവാസികളെയും ദളിത് ജനവിഭാഗങ്ങളെയും കരുതുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന നയപരിപാടികൾ ഭരണകൂടം പിൻതുടരണമെന്നാണ് ജനങ്ങൾ ആഗ്രഹിക്കുന്നത്. ദരിദ്ര ജനവിഭാഗങ്ങളുടെ പരാധീനതകൾ മനസ്സിലാക്കി സാമ്പത്തിക നയരൂപീകരണം നടത്തുകയും, രാജ്യം ഒരു സാമ്പത്തിക ശക്തിയായി വളരുന്നതോടൊപ്പം

ഓരോ ഇന്ത്യക്കാരനും സാമ്പത്തിക സാമൂഹ്യരംഗങ്ങളിൽ വികസനത്തിന്റെ പ്രയോജനം ഉറപ്പുവരുത്തുകയും ചെയ്യുന്ന ഒരു ഇന്ത്യ വിഭാവനം ചെയ്യുന്നവരെയാണ് തിരഞ്ഞെടുക്കേണ്ടത്. പരിസ്ഥിതിയെയും പാവപ്പെട്ടവരെയും പരിഗണിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതാവണം സർക്കാരിന്റെ വികസനനയം.

മനസ്സാക്ഷി സ്വാതന്ത്ര്യവും മതബോധവും മനുഷ്യന്റെ സാംസ്കാരിക വളർച്ചയിൽ മുഖ്യപങ്കാണു വഹിക്കുന്നത്. ഇന്ത്യയുടെ ഭരണഘടന ഉറപ്പു നല്കുന്ന മതസ്വാതന്ത്ര്യം സംരക്ഷിക്കപ്പെടുകയും, മനസ്സാക്ഷിയുടെ സ്വരത്തിനനുസരിച്ച് ജീവിതം ക്രമപ്പെടുത്തുന്നതിന് വ്യക്തികൾക്കും മതസമൂഹങ്ങൾക്കും സ്വാതന്ത്ര്യം ഉറപ്പുവരുത്തുകയും ചെയ്യണം. ഏതെങ്കിലും ഒരു മതത്തോടു പ്രത്യേക മമതയോ ഏതെങ്കിലും മതത്തിനെതിരേ വിവേചനമോ പുലർത്താതിരിക്കുകയും നിയമപരമായി എല്ലാവർക്കും തുല്യപരിഗണന ഉറപ്പുവരുത്തുകയും ചെയ്യുന്ന മതേതര സങ്കല്പമാണ് ഭാരതം ഉയർത്തിപ്പിടിക്കുന്നത്. മതത്തിന്റെ പേരിൽ ഉയർന്നുവരുന്ന എല്ലാ തീവ്രവാദ ഭീകരവാദ നിലപാടുകളെയും വിട്ടുവീഴ്ചയില്ലാതെ ചെറുത്തുതോല്പിക്കുന്നതോടൊപ്പം, എല്ലാ മത-സാംസ്കാരികധാരകളെയും രാഷ്ട്രപുരോഗതിക്കായി ചേർത്തുനിറുത്തുന്ന രാഷ്ട്രീയ നേതൃത്വമാണ് ഉണ്ടാകേണ്ടത്.

മതത്തിന്റെയോ ഭാഷയുടെയോ ജാതിയുടെയോ സമുദായത്തിന്റെയോ സമ്പത്തിന്റെയോ ഭക്ഷണരീതിയുടെയോ പേരിൽ സാമൂഹ്യവിവേചനത്തിനോ ശാരീരിക ആക്രമണത്തിനോ ഒരാളും ഇരയാകേണ്ടി വരരുത്. അക്രമ രാഷ്ട്രീയത്തിനു മുതിരുന്നത് ജനാധിപത്യസംസ്കാരത്തിൽ പതംവരാത്ത മനസ്സുകളാണ്. മനുഷ്യജീവന്റെ മൂല്യവും മഹത്ത്വവും ഉയർത്തിപ്പിടിക്കുന്നവരും ജനാധിപത്യമര്യാദകളെ മാനിക്കുന്നവരുമാകണം ജനപ്രതിനിധികൾ. ചരിത്രത്തെ മുന്നോട്ടു നയിക്കുന്നത് സാമ്പത്തികഘടകങ്ങൾ മാത്രമല്ല, മാനവിക മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുള്ള സാംസ്കാരിക ഇടപെടലുകളും രാഷ്ട്രീയ നിലപാടുകളും തീരുമാനങ്ങളും നടപടികളുമാണ്. അഴിമതിക്കും അക്രമത്തിനും സ്വജനപക്ഷപാതത്തിനും കൂട്ടുനില്ക്കാത്ത നേതാക്കൾ തിരഞ്ഞെടുക്കപ്പെടണം.

ഭാരതപൗരൻ എന്ന നിലയിൽ ഒരു വ്യക്തിക്കു കിട്ടേണ്ട ഭരണഘടനാപരമായ തുല്യതയും പരിഗണനയും ന്യൂനപക്ഷങ്ങൾക്ക് ആസൂത്രിതമായി നിഷേധിക്കപ്പെടുന്ന സാഹചര്യം ഉണ്ടാകരുത്. ഇന്ത്യയിൽ ദളിത് ക്രൈസ്തവർ ഇത്തരത്തിലുള്ള വിവേചനം അനുഭവിച്ചുവരുന്നു എന്നത് നിർഭാഗ്യകരമാണ്. ഇത്തരം വിവേചനങ്ങൾക്കെതിരേ നിലപാടെടുക്കാൻ കഴിയുന്ന രാഷ്ട്രീയപാർട്ടികളും വ്യക്തികളും അധികാരത്തിൽ വരേണ്ടത് നീതി നിഷേധിക്കപ്പെടുന്ന എല്ലാ ജനവിഭാഗങ്ങളുടെയും ആവശ്യമാണ്.

പാശ്ചാത്യ രാജ്യങ്ങളെ അന്ധമായി അനുകരിക്കുന്ന നിയമ നിർമാണം ഭാരതത്തിന്റെ സംസ്കൃതിക്കും സാമൂഹികജീവിതത്തിനും ചേരുന്നതല്ല. സമൂഹത്തിന്റെ അടിസ്ഥാന യൂണിറ്റായ കുടുംബത്തിന്റെ ഭദ്രതയും സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണവും സുരക്ഷിതത്വവും ഭരണകർത്താക്കൾ കണക്കിലെടുക്കണം. കുടുംബത്തിനു ശൈഥില്യമുണ്ടാക്കുന്ന നിയമനിർമാണശ്രമങ്ങൾ സമൂഹത്തിന്റെ സുസ്ഥിതിയെയും കെട്ടുറപ്പിനെയും ദോഷകരമായി ബാധിക്കും. ഭരണഘടനാമൂല്യങ്ങളോടൊപ്പം ധാർമ്മിക മൂല്യങ്ങളും മതബോധവും സമൂഹത്തിന്റെ സാംസ്കാരിക വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്. അത്തരം മൂല്യങ്ങൾ സംരക്ഷിക്കുന്നവരാണ് ഭരണനേതൃത്വത്തിൽ വരേണ്ടത്.

പൗരസമൂഹങ്ങൾ തമ്മിൽ പരസ്പര ബഹുമാനവും സ്നേഹവും ഐക്യവും വളർത്തുന്നതിൽ ഭരണനേതൃത്വത്തിനുള്ള പങ്ക് സുപ്രധാനമാണ്. വൈവിധ്യത്തെ മാനിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതിലാണ് ഇന്ത്യയുടെ സംസ്കൃതി കുടികൊള്ളുന്നത്. ഭാരതത്തിന്റെ സാംസ്കാരിക വൈവിധ്യത്തെ തകർക്കുന്നതോ ഏതെങ്കിലും ഒരു ഏകശിലാരൂപത്തിലേക്ക് ആവാഹിക്കാൻ ശ്രമിക്കുന്നതോ ആയ നീക്കങ്ങൾ ഭരണകൂടത്തിന്റെ ഭാഗത്തുനിന്നുണ്ടാകരുത്. അത് രാജ്യത്തിന്റെ അഖണ്ഡതയെയുംനിലനില്പിനെത്തന്നെയും ദോഷകരമായി ബാധിക്കും. അതുകൊണ്ട് സംവാദത്തിന്റെയും സഹകരണത്തിന്റെയും പരസ്പര ശാക്തീകരണത്തിന്റെയും സമീപനം പുലർത്തുന്ന നേതാക്കളെയാണ് നമുക്കാവശ്യം.

തിരഞ്ഞെടുപ്പിന്റെ സമാധാനപൂർണമായ നടത്തിപ്പിനും രാജ്യത്തിന്റെ സുസ്ഥിതിക്കുമായി എല്ലാ വിശ്വാസികളും പ്രത്യേകം പ്രാർത്ഥന നടത്തുകയും പ്രായപൂർത്തിയായ എല്ലാവരും തങ്ങളുടെ സമ്മതിദാനാവകാശം വിനിയോഗിക്കുകയും വേണം. സമാധാനപൂർവകമായ പൗരജീവിതവും സാമൂഹ്യ സാംസ്കാരിക സാമ്പത്തിക രംഗങ്ങളിൽ വളർച്ചയും രാജ്യത്തെ എല്ലാ വിഭാഗം ജനങ്ങൾക്കുമുണ്ടാകട്ടെ! എല്ലാവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹപൂർവം,

**ആർച്ചുബിഷപ് എം. സൂസ പാക്യം**

പ്രസിഡന്റ്, കെസിബിസി

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

---

NB: *ഈ സർക്കുലർ ഏപ്രിൽ 14-ാം തീയതി ഞായറാഴ്ച എല്ലാ ഇടവകകളിലും വി. കുർബാനമദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.*

19. PL. 31-253

# ഇടയലേഖനം

**കർത്താവിന്റെ ദാസനും ദൈവനിശ്ചയത്താൽ**
**ചങ്ങനാശേരി അതിരൂപതയുടെ മെത്രാപ്പോലീത്തയുമായ**
**ജോസഫ് പെരുന്തോട്ടം**
**തന്റെ അതിരൂപതയിലെ വൈദികർക്കും**
**സമർപ്പിത സമൂഹങ്ങൾക്കും**
**ദൈവജനം മുഴുവനുമായി എഴുതുന്നത്**

## വിശുദ്ധ വാരാചരണവും മിശിഹായുടെ രക്ഷാരഹസ്യങ്ങളും

**1.** വലിയ നോമ്പാചരണത്തിന്റെ സമാപനദിനങ്ങളും ഉയിർപ്പാഘോഷത്തോടെ പൂർത്തിയാകുന്ന പെസഹായുടെ മൂന്നുദിവസങ്ങളും ഉൾക്കൊള്ളുന്ന വിശുദ്ധവാരം സമാഗതമാവുകയാണല്ലോ. ഓശാന ഞായറാഴ്ച ആരംഭിച്ച് ഉയിർപ്പുഞായറാഴ്ച അവസാനിക്കുന്ന വിശുദ്ധ വാരാചരണത്തിന് ആരംഭംകുറിച്ചത് പെസഹാസംഭവം നടന്ന ഓറശ്ലേമിലാണ്. ഈശോമിശിഹായിൽ പൂർത്തീകരിക്കപ്പെട്ട രക്ഷാരഹസ്യങ്ങളുടെ ഏറ്റവും ആഘോഷപരമായ ആചരണമാണിത്. ക്രിസ്തീയ വിശ്വാസത്തിന്റെ മുഖ്യരഹസ്യമായ കർത്താവീശോമിശിഹായുടെ പീഡാസഹനം, മരണം, ഉയിർപ്പ് എന്നിവയെ കേന്ദ്രീകരിച്ചുള്ള ഏറ്റവും തീവ്രവും വൈവിധ്യമാർന്നതുമായ ആഘോഷമാണിത്. ആരാധനാവത്സരത്തിന്റെ തന്നെ കേന്ദ്രമായ വിശുദ്ധ വാരാചരണത്തിന്റെ ലക്ഷ്യം ക്രിസ്തീയ ജീവിതത്തിന്റെ നവീകരണവും ആഴപ്പെടലുമാണ്. വിശുദ്ധവാരാചരണത്തിന്റെ ആദിമസ്വഭാവവും ചൈതന്യവും എന്തായിരുന്നുവെന്ന് സാമാന്യമായെങ്കിലും അറിയുന്നത് നമ്മുടെ വിശുദ്ധവാരാ

ചരണം കൂടുതൽ സജീവവും ഫലപ്രദവുമാക്കാൻ സഹായിക്കുമെന്നു കരുതുന്നു.

**2.** ഓറശ്ലേമിൽ പെസഹാത്തിരുന്നാളിനെത്തിയ ജനക്കൂട്ടം 'ഹോസാന' സ്തുതികളാൽ ഈശോയെ ആഘോഷമായി എതിരേല്ക്കുന്ന സംഭവത്തിന്റെ അനുസ്മരണവും ആചരണവുമാണല്ലോ 'ഹോസാന'ത്തിരുന്നാളാഘോഷം. ഈശോയിൽ രക്ഷക പ്രതീക്ഷ വാനോളം ഉയർന്ന് അവനെ ആഘോഷപൂർവ്വം എതിരേറ്റ് ആനയിച്ച ഓറശ്ലേമിൽത്തന്നെയാണ് നാലുദിവസങ്ങൾക്കുശേഷം 'അവനെ ക്രൂശിക്കുക' എന്ന അട്ടഹാസം ഉയർന്നതും, 'അവനെ കൊണ്ടുപോയി കുരിശിൽ തറയ്ക്കൂ' എന്നുള്ള പീലാത്തോസിന്റെ ശിക്ഷാവിധി ഉണ്ടായതും. ശിക്ഷാവിധി ഏറ്റുവാങ്ങിയ ഈശോ കുരിശിൽ തറയ്ക്കപ്പെട്ട് മരിച്ചെങ്കിലും മൂന്നാം ദിവസം ഞായറാഴ്ച എല്ലാവരെയും വിസ്മയിപ്പിച്ചുകൊണ്ട്, മരണത്തെയും പരാജയപ്പെടുത്തി ഉയിർത്തെഴുന്നേറ്റു. വിശ്വാസികൾ ഈശോയെ ജീവദാതാവും ലോകരക്ഷകനുമായി അംഗീകരിച്ചേറ്റുപറഞ്ഞു. രക്ഷകനായ ഈശോയെ ആരാധനാസമൂഹം ലിറ്റർജിയിൽ കണ്ടുമുട്ടുകയും രക്ഷാനുഭവം കൈവരിക്കുകയും ചെയ്യുന്നു.

മരണത്തിൽ നിന്ന് ജീവനിലേക്കുള്ള ഈശോയുടെ കടന്നുപോകൽ, പാപത്തിന്റെയും മരണത്തിന്റെയും അടിമത്വത്തിൽ നിന്ന് നിത്യജീവനിലേയ്ക്കുള്ള മനുഷ്യവർഗ്ഗത്തിന്റെ കടന്നുപോകലിനും നിദാനമായി. ഈശോയുടെ സഹനവും മരണവും മനുഷ്യകുലത്തിന്റെ പാപപ്പരിഹാരത്തിനായുള്ള ആത്മബലിയായിരുന്നു. പിതാവായ ദൈവം തന്റെ ഏകപുത്രനെ ഏല്പ്പിച്ച രക്ഷാകരദൗത്യം അവൻ വിജയകരമായി പൂർത്തീകരിച്ചു എന്നതിന്റെ തെളിവാണ് ഉയിർപ്പുസംഭവം. മിശിഹായിൽ പൂർത്തീകരിക്കപ്പെട്ട ഈ രക്ഷാകരസംഭങ്ങളെ പെസഹാരഹസ്യം, പെസഹാസംഭവം, മിശിഹാസംഭവം, മിശിഹാരഹസ്യം എന്നൊക്കെ വിളിക്കുന്നു.

4. ക്രൈസ്തവവിശ്വാസത്തിന്റെ അന്തഃസത്തയാണ് ഈ മിശിഹാരഹസ്യം. സഭയിലെ എല്ലാ ആരാധനക്രമങ്ങളുടെയും മുഖ്യപ്രമേയം മിശിഹാ രഹസ്യമാണ്. വിവിധക്രൈസ്തവസമൂഹങ്ങളിൽ വൈവിധ്യമാർന്ന രീതിയിൽ മിശിഹാരഹസ്യം ആഘോഷിക്കപ്പെടുകയും തലമുറകളിലൂടെ കൈമാറപ്പെടുകയും ചെയ്തു. രക്ഷാകരസംഭവങ്ങൾ ചരിത്രത്തിൽ അരങ്ങേറിയ ഓറശ്ലേമിൽ അവ സംഭവിച്ച സ്ഥലങ്ങളോടും സമയങ്ങളോടും കഴിയുന്നത്ര ചേർന്നു പോകത്തക്കവിധം പെസഹാരഹസ്യം ആരാധനക്രമത്തിൽ അനുസ്മരിച്ചാചരിക്കാൻ ശ്രദ്ധിച്ചിരുന്നു. അങ്ങനെ ഓറശ്ലേമിലെ വിശുദ്ധ വാരാചരണം മറ്റുസ്ഥലങ്ങളിലെ ആചരണങ്ങൾക്ക് മുന്നോടിയും മാതൃകയുമായി. ഓറശ്ലേമിലെ ലിറ്റർജിക്ക് ഒരു മാതൃപദവി കൈവന്നു. ഇപ്രകാരം ഓറശ്ലേമിൽ ആരംഭം കുറിച്ച

വിശുദ്ധ വാരാചരണമാണ് ക്രമേണ വിപുലീകരിക്കപ്പെട്ട് രക്ഷാകരചരിത്രം മുഴുവനും ഉൾപ്പെടുത്തി വിവിധ കാലഘട്ടങ്ങളായി ആണ്ടുവട്ടം മുഴുവൻ നീളുന്ന ആരാധനാവത്സരമായി രൂപം പ്രാപിച്ചത്. ക്രൈസ്തവ വിശ്വാസത്തിന്റെ കൈമാറ്റം മുഖ്യമായും നടക്കുന്നത് വിശ്വാസത്തിന്റെ ആഘോഷമായ ലിറ്റർജിയിലൂടെയാണ്. വിവിധ സഭകളുടെ ആരാധനാപാരമ്പര്യങ്ങളിലൂടെ വിശ്വാസം സംരക്ഷിക്കപ്പെടുകയും കൈമാറ്റപ്പെടുകയും ചെയ്യുന്നു. ചുരുക്കത്തിൽ സഭയുടെ പിള്ളത്തൊട്ടിലായ ഓറശ്ലേമിൽ ഉത്ഭവിച്ച ലിറ്റർജിയുടെ വൈവിധ്യമാർന്ന ആചരണവും ജീവാത്മകമായ വളർച്ചയുമാണ് സഭയിലെ വിവിധ ആരാധനാക്രമങ്ങൾ.

**5.** മേല്പറഞ്ഞ പ്രകാരം സഭയിൽ രൂപംകൊണ്ട വിവിധ ആരാധനക്രമങ്ങളിൽ ഒന്നാണ് പൗരസ്ത്യ സുറിയാനി ലിറ്റർജി. പൗരസ്ത്യ അസ്സീറിയൻ സഭയുടെയും കൽദായസഭയുടെയും സീറോമലബാർ സഭയുടെയും പൊതുപൈതൃകമാണിത്. ബൈബിളിൽ പേരു പറയപ്പെട്ടിരിക്കുന്ന യൂഫ്രട്ടീസ് നദിക്കു കിഴക്കും ടൈഗ്രീസ് നദിയുടെ ഇരുകരകളിലുമായി വളർന്നു വ്യാപിച്ച സഭയും ലിറ്റർജിയുമാണ് പൗരസ്ത്യസുറിയാനി. ചൈനവരെ എത്തുന്നതാണ് കിഴക്കേ അതിർത്തി. തുർക്കി, അഫ്ഗാനിസ്ഥാൻ, ടിബറ്റ്, ഇന്ത്യ, ശ്രീലങ്ക, ചൈന തുടങ്ങിയ പ്രദേശങ്ങളെല്ലാം അതിൽപ്പെടുന്നു. വടക്കൻ മെസൊപ്പൊട്ടാമിയായിൽ ഇന്നത്തെ തുർക്കിയിൽ ഊർഹാ  എന്നറിയപ്പെടുന്ന എഡേസ്സായിലാണ് പൗരസ്ത്യ സുറിയാനി ലിറ്റർജി രൂപപ്പെട്ടത്. എഡേസ്സായിലെ സഭയും തോമ്മാശ്ലീഹായും തമ്മിലുള്ള ബന്ധം വിഖ്യാതമാണല്ലോ. തോമ്മാശ്ലീഹായുടെ ശിഷ്യനായിരുന്ന മാർ അദ്ദായിയാണ് എഡേസ്സായിലെ സഭാസമൂഹത്തിനു രൂപം കൊടുത്തതെന്നും, മൈലാപ്പൂരിലെ കബറിടത്തിൽ സംസ്ക്കരിക്കപ്പെട്ട തോമ്മാശ്ലീഹായുടെ ശരീരം പിന്നീട് എഡേസ്സായിലേക്ക് സംവഹിക്കപ്പെട്ടുമെന്നുമാണ് പാരമ്പര്യം.

**6.** തോമ്മാശ്ലീഹായ്ക്ക് എഡേസ്സായുമായുള്ള ബന്ധവും അവിടെ രൂപപ്പെട്ട പൗരസ്ത്യസുറിയാനി ലിറ്റർജിയുടെ ചരിത്രപരവും ഭൂമിശാസ്ത്രപരവുമായ പശ്ചാത്തലവും കണക്കിലെടുക്കുമ്പോൾ, തോമ്മാശ്ലീഹാ ഇന്ത്യയിൽ ജന്മം കൊടുത്ത മാർത്തോമ്മാ നസ്രാണിസഭയുടെ തുടർച്ചയായ സീറോമലബാർ സഭയ്ക്ക് പൗരസ്ത്യ സുറിയാനി ആരാധനക്രമം സ്വന്തം പൈതൃകമായത് തികച്ചും സ്വാഭാവികമാണ്. സെമിറ്റിക്ക് സവിശേഷതകളുള്ള ലിറ്റർജിയാണിത്. ബൈബിൾ തന്നെ രൂപപ്പെട്ടതും തിരുസഭ ജന്മം കൊണ്ടതും സെമിറ്റിക്ക് സാംസ്ക്കാരിക പശ്ചാത്തലത്തിലാണ്. തന്മൂലം പൗരസ്ത്യസുറിയാനി ലിറ്റർജി സവിശേഷമായ രീതിയിൽ ബൈബിൾ അധിഷ്ഠിതവും ആദിമസഭയുടെ ആരാധനാചൈതന്യത്തിൽ അടിയുറച്ചതുമാണ്. അതിനാൽ പൗരസ്

ത്യസുറിയാനി പാരമ്പര്യത്തിൽ വിശുദ്ധവാരാചരണം എപ്രകാരമെന്ന് സാമാന്യമായിട്ടെങ്കിലും അറിയുന്നത് വിശുദ്ധവാരാചരണം കൂടുതൽ സജീവമായും അർത്ഥവർത്തായും നടത്താൻ സഹായകമാണ്.

**7.** പൗരസ്ത്യസുറിയാനി പാരമ്പര്യത്തിൽ വിശുദ്ധവാരാചരണം മൂന്നു ഘട്ടങ്ങളിലായി ക്രമീകരിച്ചിരിക്കുന്നതായി കാണാം.

**ഒന്ന്:** ഹോസാന ഞായർ: നമ്മുടെ കർത്താവിന്റെ ആഘോഷപൂർവ്വമായ ഓറശ്ലേം പ്രവേശനം

**രണ്ട്:** വലിയനോമ്പിന്റെ സമാപനദിവസങ്ങളായ തിങ്കൾ മുതൽ വ്യാഴം വരെയുള്ള നാലുദിവസങ്ങൾ

**മൂന്ന്:** പീഡാനുഭവവെള്ളിയും വലിയ ശനിയും ഉയിർപ്പു ഞായറും ഉൾപ്പെടുന്ന പെസഹായുടെ ത്രിദിനങ്ങൾ.

## 8. ഹോസാന ഞായർ

ശനിയാഴ്ച വൈകുന്നേരം റംശായോടുകൂടി ഹോസാന ഞായർ തിരുക്കർമ്മങ്ങൾ ആരംഭിക്കുന്നു. റംശായ്ക്കുശേഷം ജാഗരണപ്രാർത്ഥനയാണ്. രാത്രിയിലെ വിവിധയാമങ്ങളിലെ പ്രാർത്ഥനകൾ (ലെലിയ, ഖാലേദ് സഹ്റാ) കേന്ദ്രീകരിച്ച് ആരാധനാസമൂഹം പ്രാർത്ഥനാനിരതമാകുന്നു. തുടർന്ന് പ്രഭാതത്തിൽ സപ്രായും, അതിനുശേഷം വിശുദ്ധ കുർബാനയും കുർബാനയുടെ പ്രാരംഭഭാഗത്ത് ഓലവെഞ്ചരിപ്പും ദൈവാലയത്തിലേക്കുള്ള പ്രദക്ഷിണവും. ദാവീദിന്റെ ഗോത്രത്തിൽ നിന്നുള്ള വാഗ്ദാനം ചെയ്യപ്പെട്ട മിശിഹായാണ് ഈശോ എന്നുള്ള വിശ്വാസം ആഹ്ളാദപൂർവ്വം പ്രഘോഷിക്കുകയാണ് ഈ കർമ്മാനുഷ്ഠാനങ്ങളിലൂടെ.

## 9. വലിയനോമ്പിന്റെ സമാപനദിനങ്ങൾ

ഹോസാന ഞായർ കഴിഞ്ഞ് തിങ്കൾ മുതൽ വ്യാഴം വരെയുള്ള നാലുദിവസങ്ങൾ വലിയനോമ്പിന്റെ സമാപനദിനങ്ങളാണ്. ഈശോയുടെ 40 ദിവസത്തെ ഉപവാസത്തെ അനുസ്മരിച്ചുകൊണ്ട് 40 ദിവസത്തെ നോമ്പാചരണമാണുള്ളത്. പൗരസ്ത്യ സുറിയാനി പാരമ്പര്യമനുസരിച്ച് ഞായറാഴ്ചകൾ നോമ്പുദിവസങ്ങളല്ല. ഞായറാഴ്ചകൾ ഒഴിവാക്കിയാൽ ഏഴാം ആഴ്ചയിലെ വ്യാഴാഴ്ചവരെ 40 ദിവസങ്ങളാണുള്ളത്. അതിനാൽ വ്യാഴാഴ്ചകൊണ്ട് വലിയ നോമ്പാചരണം സമാപിക്കുകയാണ്. എങ്കിലും ഞായറാഴ്ചകളെയും ഉൾപ്പെടുത്തി ഉയിർപ്പുവരെയുള്ള ദിവസങ്ങൾ കണക്കാക്കി '50 നോമ്പ്' ആയിട്ടാണ് നാമിപ്പോൾ ആചരിച്ചുവരുന്നത്. വിശുദ്ധവാരത്തിലെ എല്ലാ ദിവസങ്ങളിലെയും തിരുക്കർമ്മങ്ങൾ ആരംഭിക്കുന്നത് റംശായോടുകൂടിയും അവസാനിക്കുന്നത് മദ്ധ്യാഹ്നത്തിലെ എന്താനാ പ്രാർത്ഥനയോടുകൂടിയുമാണ്.

രാത്രികാലത്തെ വിവിധ യാമപ്രാർത്ഥനകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ജാഗരണപ്രാർത്ഥന എല്ലാദിവസവും നടത്തുന്നു.

**10.** ഓറശ്ലേം സഭയിൽ ഹോസാനയുടെ തലേദിവസം ലാസറിന്റെ ശനിയാഴ്ച എന്ന പേരിൽ ആചരിച്ചു പോന്നിരുന്നു. യഹൂദരുടെ പെസഹായ്ക്ക് 6 ദിവസം മുമ്പ് ലാസറിനെ ഉയിർപ്പിച്ചതിനെ അനുസ്മരിച്ചുകൊണ്ടായിരുന്നു അത്. 325-ലെ നിഖ്യാസൂന്നഹദോസിന്റെ തീരുമാനമനുസരിച്ച് ഉയിർപ്പ് (പെസഹാ) ഞായറാഴ്ച ആചരിച്ചു തുടങ്ങുകയും അഞ്ചാം നൂറ്റാണ്ടുമുതൽ പൗരസ്ത്യ സുറിയാനി സഭയും പ്രസ്തുത തീരുമാനമനുസരിച്ച് ഉയിർപ്പാചരണം ഞായറാഴ്ച എന്ന് നിശ്ചയിക്കുകയും ചെയ്തു. അതനുസരിച്ച് ലാസർ സംഭവം 'ലാസറിന്റെ തിങ്കൾ' എന്ന പേരിൽ ഈസ്റ്ററിന് 6 ദിവസം മുമ്പ് ആചരിക്കുന്നു. മരണത്തെ പരാജയപ്പെടുത്തി ഉയിർത്തെഴുന്നേറ്റ ഈശോയിലുള്ള രക്ഷയിലേക്കാണ് ബഥനിയിൽ ലാസറിനെ ഉയിർപ്പിച്ച സംഭവം വിരൽ ചൂണ്ടുന്നത്.

**11.** മിശിഹായുടെ മരണവും ഉയിർപ്പും ഏകരഹസ്യം എന്ന നിലയിലാണ് ഓറശ്ലേം സഭയിൽ ആഘോഷിച്ചു പോന്നിരുന്നത്. എന്നാൽ നിഖ്യാസൂന്നഹദോസ് ഈസ്റ്റർ ആഘോഷം ഞായറാഴ്ചയിലേക്കു മാറ്റിയപ്പോൾ, ആ തീരുമാനം പാലിച്ചും, അതേ സമയം ഓറശ്ലേം പാരമ്പര്യത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ടും പൗരസ്ത്യസുറിയാനി സഭ പെസഹാസംഭവത്തെ (ഈശോയുടെ മരണവും ഉയിർപ്പും) വിപുലമായ ഒരു ആചരണമായി ക്രമപ്പെടുത്തി. അങ്ങനെ ഏകദിനപെസാഹചരണം തുല്യപ്രാധാന്യമുള്ള രണ്ടു സംഭവങ്ങളുടെ രണ്ടു സന്ദർഭങ്ങളിലുള്ള ആഘോഷമായി രൂപപ്പെടുത്തി. കുരിശുമരണത്തിന്റെ പെസഹായും ഉയിർപ്പിന്റെ പെസഹായും എന്നീ രണ്ടു രക്ഷാകര സംഭവങ്ങളും ചേർത്ത് പെസഹായുടെ ത്രിദിനങ്ങൾ എന്ന പേരിൽ രക്ഷാകരരഹസ്യമായി ഇപ്പോൾ ആചരിക്കുന്നു.

### 12. പെസഹായുടെ ത്രിദിനങ്ങൾ (പീഡാനുഭവവെള്ളി, വലിയ ശനി, ഉയിർപ്പു ഞായർ)

പീഡാനുഭവവെള്ളിയാചരണം വ്യാഴാഴ്ച വൈകുന്നേരം റംശായോടുകൂടി ആരംഭിക്കുന്നു. തുടർന്ന് പെസഹാക്കുർബാനയും കാലുകഴുകൽ ശുശ്രൂഷയും. 'പ്രലോഭനത്തിൽ വീഴാതിരിക്കുവാൻ ഉണർന്നിരുന്നു പ്രാർത്ഥിക്കുവിൻ' എന്നുള്ള നമ്മുടെ കർത്താവിന്റെ ആഹ്വാനമനുസരിച്ച് രാത്രി മുഴുവൻ പെസഹാജാഗരണ പ്രാർത്ഥന നടത്തുന്നതായിട്ടാണ് കർമ്മത്തിലുള്ളത്. കുരിശുമരണ ചിന്തകളാണ് പ്രാർത്ഥനയിൽ. യഥാസമയങ്ങളിലെ യാമപ്രാർത്ഥനകളെ കേന്ദ്രീകരിച്ചാണ് ജാഗരണപ്രാർത്ഥകൾ. മാമ്മോദീസായ്ക്കുള്ള ഒരുക്കപ്രാർത്ഥനയും

നടത്തുന്നു. മദ്ധ്യാഹനത്തിലെ എന്താനാ പ്രാർത്ഥനയോടെ കർമ്മങ്ങൾ അവസാനിക്കുന്നു. പെസഹാക്കുർബാനയ്ക്ക് നെസ്തോറിയസിന്റെ അനാഫൊറ (കൂദാശക്രമം)യാണ് ഉപയോഗിക്കുന്നത്. കുരിശിലെ ബലിയും അന്ത്യത്താഴവും വിശുദ്ധ കുർബാനയും തമ്മിലുള്ള ബന്ധം കൂടുതൽ വ്യക്തമാക്കുന്ന കൂദാശക്രമമാണിത്.

വലിയ ശനിയിലെ കർമ്മങ്ങൾ വെള്ളിയാഴ്ച വൈകുന്നേരം റംശായോടുകൂടി ആരംഭിച്ച് ശനിയാഴ്ച രാവിലെ സപ്രായോടുകൂടി അവസാനിക്കുന്നു. വിശുദ്ധ കുർബാനയോ വി. കുർബാനസ്വീകരണമോ ഇല്ല. കർത്താവിന്റെ മരണവും സംസ്ക്കാരവും പ്രത്യേകമായി അനുസ്മരിച്ച് ആചരിക്കുന്നു. സംസ്ക്കാര പ്രദക്ഷിണവും (ബേമ്മയിൽ നിന്ന് അൾത്താരയിലേക്ക്) തുടർന്ന് ജാഗരണപ്രാർത്ഥനയും നടത്തുന്നു.

ഉയിർപ്പു ഞായർ പെസഹാ ആഘോഷത്തിന്റെ അവസാന ദിവസമാണ്. രണ്ടുഭാഗങ്ങളായുള്ള ശുശ്രൂഷയാണ് ഉയിർപ്പുഞായറിന്റേത്. ഒന്നാം ഭാഗം ശനിയാഴ്ച വൈകുന്നേരം റംശായോടെ ആരംഭിക്കുന്നു. ഉയിർപ്പിന്റെ പെസഹാ വിജിലാണിത്. അൾത്താരകഴുകൽ, മാമ്മോദീസ, വിശുദ്ധ കുർബാന തുടങ്ങിയ കർമ്മങ്ങളാണ് ഒന്നാം ഭാഗത്തുള്ളത്. ആദിമസഭയിൽ മാമ്മോദീസ നൽകിയിരുന്നത് ഈ ദിവസമായിരുന്നു. മാമ്മോദീസാ എന്നത് മിശിഹായുടെ മരണത്തിലും സംസ്കാരത്തിലും ഉത്ഥാനത്തിലും പങ്കുചേർന്ന് അവന്റെ ശരീരമാകുന്ന സഭയിൽ ചേർക്കപ്പെടുന്ന സംഭവമാകയാൽ ഈ കൂദാശ സ്വീകരിക്കാൻ ഏറ്റവും ഉചിതമായ സന്ദർഭം ഇതു തന്നെയാണാണ്.

രണ്ടാംഭാഗം ഞായറാഴ്ച രാവിലെ മൂന്നുമണിക്ക് ആരംഭിക്കുന്നു. ഹൃസ്വമായ ജാഗരണപ്രാർത്ഥനയും സമാധാന ശുശ്രൂഷയും വിശുദ്ധ കുർബാനയുമാണ് മുഖ്യകർമ്മങ്ങൾ രക്ഷാകരചരിത്രത്തിലെ സുപ്രധാന സംഭവമാണ് ഈശോയുടെ ഉത്ഥാനം. മിശിഹായിൽ യാഥാർത്ഥ്യമായ ദൈവരാജ്യത്തിന്റെ ഉദ്ഘാടനമാണത്. പ്രപഞ്ചത്തിന്റെമേൽ ദൈവത്തിന്റെ കർത്തൃത്വം വെളിപ്പെടുത്തുന്ന സംഭവം. ശൂന്യമായ കല്ലറയും അതേക്കുറിച്ചുള്ള മാലാകായുടെ അറിയിപ്പും മിശിഹായുടെ ഉത്ഥാനത്തിന്റെ സാക്ഷ്യവും പ്രഖ്യാപനവുമാണ്.

**സമാധാനാഘോഷം**

ഉയിർപ്പുഞായർ കർമ്മത്തിലെ ഒരു സവിശേഷ ശുശ്രൂഷയാണ് സമാധാനാഘോഷം. സമാധാനാഘോഷഗീതങ്ങളാലപിക്കുമ്പോൾ കാർമ്മികൻ കബറിടത്തിലെത്തി മിശിഹായുടെ ശരീരത്തിന്റെ പ്രതീകമായ സ്ലീവാ ഉയർത്തുന്നു. സ്ലീവാ പൂക്കളാലും സുഗന്ധവസ്തുക്കളാലും അലംകൃതമായിരിക്കും. ഉയിർപ്പിന്റെ പ്രഘോഷണമാണ് ഉയർത്തലിലൂടെ സൂചിപ്പിക്കുന്നത്. സ്ലീവാ അൾത്താരയിൽ സ്ഥാപിച്ച് ധൂപിക്കുന്നു.

മിശിഹായിലൂടെ കൈവന്ന പുതുജീവൻ ഉദ്ഘോഷിക്കപ്പെടുന്നു. അ ലംകൃത സ്ലീവായുമായി പ്രദക്ഷിണം നടത്തുന്നു. പ്രദക്ഷിണത്തിൽ സുവിശേഷഗ്രന്ഥവും കുരുത്തോലകളും ധൂപവും തിരികളുമൊക്കെ ഉണ്ടാകും. മിശിഹായുടെ മണവാട്ടിയായ സഭ മണവാളന്റെ വിജയ ത്തിൽ ആഹ്ലാദിക്കുന്നു. സ്ലീവായേയും സുവിശേഷത്തെയും വന്ദിച്ച് എല്ലാവരും പരസ്പരം സമാധാനം കൈമാറുന്നു. ഉയിർപ്പുകുർബാന യോടെ ഉയിർപ്പുതിരുനാൾ കർമ്മങ്ങൾ അവസാനിക്കുന്നു.

സംഭവബഹുലവും തീവ്രവും ഹൃദയസ്പർശിയുമായ വിശുദ്ധ വാരാചരണം നമ്മുടെ ജീവിതത്തിന് ഉന്മേഷം പകരുകയും ജീവിത നവീകരണത്തിന് അവസരമൊരുക്കുകയും ചെയ്യുന്നു. വിശ്വാസ ത്തോടും വിനയത്തോടും അനുതാപത്തോടും ഭക്തിയോടുംകൂടി തിരുക്കർമ്മങ്ങളിൽ പങ്കുചേർന്ന് ജീവിതവിശുദ്ധി നേടാൻ നമുക്കു പരിശ്രമിക്കാം.

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപ നിങ്ങളെല്ലാവരോടും കൂടി ഉണ്ടായിരിക്കട്ടെ.

സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

29-03-2019
നോമ്പുകാലം നാലാം വെള്ളി

---

N.B: *ഈ ഇടയലേഖനം ഏപ്രിൽ 7-ാം തീയതി ഞായറാഴ്ച എല്ലാ ഇടവകക ളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.*

സർക്കുലർ

18 Ch. 214-289

# തിരുവനന്തപുരം ലൂർദ്ദ് മാതാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സാരഥ്യം അതിരൂപത ഏറ്റെടുക്കുന്നു

മിശിഹായിൽ പ്രിയപ്പെട്ട വൈദികരെ, സമർപ്പിതരേ,
സഹോദരീ സഹോദരന്മാരേ

Lourdes Matha Catholic Educational Society യുടെ നേതൃത്വത്തിൽ 2001 മുതൽ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട രണ്ട് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളായ Lourdes Matha College of Science and Technology എന്ന എഞ്ചിനിയറിംഗ് കോളജിന്റെയും Lourdes Matha College of Hotel Management and Catering Technology എന്ന Hotel Management കോളജിന്റെയും ഉടമസ്ഥതയും ഭരണ നേതൃത്വവും നമ്മുടെ അതിരൂപത ഏറ്റെടുക്കുകയാണെന്ന വിവരം സന്തോഷപൂർവ്വം നിങ്ങളെ അറിയിക്കുന്നു. അഞ്ച് B Tech കോഴ്സുകളും മൂന്ന് M Tech കോഴ്സുകളും MBA, MCA, BHM എന്നീ കോഴ്സുകളും ഇവിടെയുണ്ട്. ഉന്നത സാങ്കേതിക വിദ്യാഭ്യാസരംഗത്ത് ഇതുപോലെയൊരു വലിയ സംരഭത്തിനു തുടക്കമിടുവാൻ നേതൃത്വം നല്കിയ എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

തിരുവനന്തപുരം നഗരത്തിന്റെ പ്രാന്തപ്രദേശമായ കുറ്റിച്ചലിലെ പ്രകൃതിരമണീയമായ 25 ഏക്കർ സ്ഥലത്താണ് കോളജ് സ്ഥിതി ചെയ്യുന്നത്. മികച്ച ആധുനിയ സൗകര്യങ്ങളോടു കൂടിയ കെട്ടിടങ്ങളും ഹോസ്റ്റലുകളും പള്ളിയും മഠവും ഒക്കെ ഉൾപ്പെടുന്ന വിശാലമായ ക്യാമ്പസ് ആണിത്. വൈദികരും സിസ്റ്റേസും നേതൃത്വം നല്കുന്ന ഹോസ്റ്റൽ സൗകര്യങ്ങൾ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ലഭ്യമാണ്. രൂപതയിലെ 4 വൈദികരെ ഈ കോളജിന്റെ പ്രവർത്തനങ്ങൾക്കു നേതൃത്വം നല്കുവാൻ നിശ്ചയിച്ചിരിക്കുകയാണ്. തൊഴിൽ അധിഷ്ഠിതമായ ഉയർന്ന രീതിയിലുള്ള സാങ്കേതിക വിദ്യാഭ്യാസം പകർന്നു കൊടുക്കുവാൻ ഇവ സഹായിക്കും എന്നതിൽ സംശയമില്ല. അതോടൊപ്പം മൂല്യബോധവും സ്വഭാവ രൂപീകരണവും നല്കുവാൻ നാം ബദ്ധശ്രദ്ധരാണ്.

പഠനത്തിൽ മികവു പുലർത്തുന്നവരും അതേ സമയം സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവരുമായ വിദ്യാർത്ഥികളെ സഹായിക്കുവാനായി ഒരു സ്കോളർഷിപ്പ് പദ്ധതിയും നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ഈ ഒരു പദ്ധതി പാവപ്പെട്ട കുട്ടികൾക്ക് വലിയ സഹായമായിരിക്കും

നമ്മുടെ അതിരൂപതയുടെ തെക്കൻ മേഖലകളായ തിരുവനന്തപുരം, അമ്പൂരി, കൊല്ലം പ്രദേശങ്ങളിലെ നമ്മുടെ കുട്ടികളുടെ വിദ്യാഭ്യാസപരമായ പുരോഗതിയ്ക്ക് ഈയൊരു സംരഭം സഹായിക്കും എന്നുള്ളതിൽ സംശയമില്ല. ഈയൊരു മേഖലയുടെ വികസനത്തിന് കൂടുതൽ സ്ഥാപനങ്ങൾ വളർന്നുവരേണ്ടത് അത്യാവശ്യമാണ്. അതുപോലെ തന്നെ നമ്മുടെ അതിരൂപതയിലെ സാങ്കേതിക വിദ്യാഭ്യാസം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും ഈയൊരു സ്ഥാപനം വലിയ അനുഗ്രഹമായിരിക്കും.

ഈ കോളജിന്റെ വളർച്ചയിൽ ഇക്കാലമത്രയും നേതൃത്വം നല്കിയ എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. ഈ സ്ഥാനപത്തിന് തുടക്കമിടുവാൻ യത്നിച്ച തിരുവനന്തപുരം ലൂർദ്ദ് ഫോറോനപള്ളി മുൻവികാരി കുറിഞ്ഞിപ്പറമ്പിൽ ജോസഫ് അച്ചനെയും മറ്റു വൈദികരെയും അത്മായ സഹോദരങ്ങളെയും മറ്റു അഭ്യുദയകാംക്ഷികളെയും കോളജിന്റെ വളർച്ചയിൽ പിൽക്കാലത്ത് നിർണ്ണായക സ്വാധീനം ചെലുത്തിയ ഏവരെയും നന്ദിയോടെ ഓർക്കുന്നു.

ഈ കോളജിന്റെ മുമ്പോട്ടുള്ള വളർച്ചയിൽ അതിരൂപതയിലെ എല്ലാവരുടെയും പിൻതുണയും സഹകരണവും ഉണ്ടാകണമെന്ന് ഇത്തരുണത്തിൽ ഞാൻ അഭ്യർത്ഥിക്കുന്നു. നമ്മുടെ വിദ്യാർത്ഥികൾക്ക് സാങ്കേതിക വിദ്യാഭ്യാസവും മൂല്യബോധവും സ്വഭാവരൂപീകരണവും നല്കുന്ന ഒരു പ്രധാനപ്പെട്ട ഉന്നത വിദ്യാഭ്യാസ സ്ഥാപനമെന്ന നിലയിൽ വളർത്തിയെടുക്കുവാൻ പ്രതിജ്ഞാബദ്ധതയോടെ അതിരൂപത ഏറ്റെടുത്തിരിക്കുന്ന ഈ കോളജിലേയ്ക്ക് നമ്മുടെ കുട്ടികളെ അയയ്ക്കുവാൻ മാതാപിതാക്കൾ താല്പര്യം കാണിക്കണമെന്ന് ഓർമിപ്പിക്കുന്നു. എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിച്ചു കൊണ്ട്...

ഈശോയിൽ സ്നേഹപൂർവ്വം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**

ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

---

*N.B: 2019 മാർച്ച് 31 -ാം തീയതി ഞായറാഴ്ച എല്ലാ ഇടവകകളിലും വി. കുർബാന മദ്ധ്യേ വായിക്കാനായി നല്കപ്പെട്ട സർക്കുലർ.*

# മാർ നെസ്തോറിയസിന്റെ കൂദാശക്രമത്തെക്കുറിച്ച്

പരി. കുർബാനയിലെ സമർപ്പണപരമായ മുഖ്യഭാഗമാണ് കൂദാശ അഥവാ അനാഫൊറ. പൗരസ്ത്യസുറിയാനി കുർബാന ക്രമത്തിൽ മൂന്ന് കൂദാശകളാണത്. മാർ അദ്ദായിയുടെയും മാർ മാറി യുടെയും കൂദാശ, മാർ തെയദോറിന്റെ കൂദാശ, മാർ നെസ്തോറി യസിന്റെ കൂദാശ. പൗരസ്ത്യസുറിയാനി പാരമ്പര്യത്തിലെ ഏറ്റവും ദൈർഘ്യമേറിയ കൂദാശക്രമമാണ് മാർ നെസ്തോറിയസിന്റേത്. വളരെ ആഘോഷപൂർവകമായ ഈ കൂദാശക്രമം ആരാധനക്രമവത്സരത്തിലെ അഞ്ച് ദിവസങ്ങളിലാണ് ഉപയോഗിച്ചിരുന്നത്. ദനഹാ, വിശുദ്ധ യോഹ ന്നാൻ മാംദാനായുടെ വെള്ളിയാഴ്ച, ഗ്രീക്ക് മല്പാന്മാരുടെ ഓർമ്മ, മൂന്നുനോമ്പിലെ ബുധനാഴ്ച, പെസഹാ വ്യാഴാഴ്ച എന്നിവയാണ് ഈ ദിവസങ്ങൾ.

## 1. മൂന്നാമത്തെ കൂദാശയുടെ പുനരുദ്ധാരണം

മാർത്തോമ്മാക്രിസ്ത്യാനികളുടെ കുർബാനക്രമത്തിൽ മാർ അദ്ദാ യിയുടെയും മാർ മാറിയുടെയും പേരിലുള്ള ഒന്നാമത്തെ കൂദാശക്രമം മാത്രം മതിയെന്ന് നിശ്ചയിച്ച ഉദയംപേരൂർ സൂനഹദോസ് (1599) മാർ തെയദോറിന്റെയും മാർ നെസ്തോറിയസിന്റെയും പേരിലറിയപ്പെടുന്ന കൂദാശകളുടെ ഉപയോഗം നിർത്തലാക്കി. എന്നാൽ സീറോ മലബാർ കുർബാനയുടെ പുനരുദ്ധാരണവേളയിൽ മാർ തെയദോറിന്റെയും മാർ നെസ്തോറിയസിന്റെയും കൂദാശകളും പുനരുദ്ധരിച്ചു ചേർക്കണമെന്ന് 1957ൽ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പ നിർദ്ദേശിച്ചു. പൗരസ്ത്യസഭ കൾക്കുവേണ്ടിയുള്ള തിരുസംഘം 1962, 1969, 1983 വർഷങ്ങളിൽ ഈ രണ്ട് കൂദാശകളും പുനരുദ്ധരിച്ച് ഉപയോഗിച്ചു തുടങ്ങേണ്ടതിന്റെ ആവ ശ്യകത അനുസ്മരിപ്പിച്ചിരുന്നു. 1986ൽ സീറോ മലബാർ കുർബാന യുടെ പുനരുദ്ധരിക്കപ്പെട്ട റാസക്രമവും 1989ൽ ആഘോഷപൂർവകമായ ക്രമവും സാധാരണക്രമവും നടപ്പിലാക്കിയതിനെത്തുടർന്ന് മാർ തെയദോറിന്റെയും മാർ നെസ്തോറിയസിന്റെയും കൂദാശകൾ പുന രുദ്ധരിക്കുവാനുള്ള ശ്രമങ്ങൾ തുടങ്ങി. 2012ൽ സീറോമലബാർ സിന ഡിന്റെയും പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള തിരുസംഘത്തിന്റെയും അംഗീകാരം ലഭിച്ച മാർ തെയദോറിന്റെ കൂദാശക്രമം 2013 ആഗസ്റ്റ് 15ന് പ്രാബല്യത്തിൽവന്നു.

മാർ നെസ്തോറിയസിന്റെ കൂദാശയുടെ പുനരുദ്ധരിച്ച ക്രമത്തിന് 2017 ജനുവരി സിനഡ് അംഗീകാരം നല്കുകയും തുടർന്ന് 2018 ജൂൺ 19-ാം തീയതി പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള കാര്യാലയം ഈ കൂദാശക്രമത്തിന് പരീക്ഷണാർഥം ഉപയോഗിക്കുവാനുള്ള അംഗീകാരം

നല്കുകയും ചെയ്തു. മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി ആഗസ്റ്റ് 4–ാം തീയതി നല്കിയ ഡിക്രി പ്രകാരമാണ് ഈ കൂദാശക്രമം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നത്.

## 2. മൂന്നാമത്തെ കൂദാശയുടെ സവിശേഷതയും ദൈവശാസ്ത്ര പ്രാധാന്യവും

പൗരസ്ത്യസുറിയാനി പാരമ്പര്യത്തിലെ ഒന്നാമത്തെയും രണ്ടാമത്തെയും കൂദാശകൾപോലെതന്നെ മാർ നെസ്തോറിയസിന്റെ കൂദാശയും വിശ്വാസസംബന്ധമായും ദൈവശാസ്ത്രപരമായും ഭദ്രമായ ഒന്നാണെന്ന് ഈ കൂദാശയെക്കുറിച്ചുള്ള പഠനങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ഈ കൂദാശയിലെ മിശിഹാവിജ്ഞാനീയപരവും റൂഹാവിജ്ഞാനീയപരവും സഭാവിജ്ഞാനീയപരവും കുർബാനവിജ്ഞാനീയപരവും യുഗാന്ത്യോന്മുഖവുമായ ദർശനങ്ങൾ സത്യവിശ്വാസത്തോടു ചേർന്നുപോകുന്നതും സ്പഷ്ടമായ വിശുദ്ധഗ്രന്ഥാടിസ്ഥാനമുള്ളതുമാണ്.

ഈ കൂദാശയുടെ ആരംഭത്തിൽ തന്നെയുള്ള ഭാഷണകാനോനയിൽ വ്യക്തമായ യുഗാന്ത്യോന്മുഖ ചിന്തകൾ കാണുവാൻ കഴിയും. മാർ അദ്ദായിയുടെയും മാർ മാറിയുടെയും കൂദാശയിൽ 'നിങ്ങളുടെ വിചാരങ്ങൾ ഉന്നതത്തിലേക്ക് ഉയരട്ടെ' എന്ന ഹ്രസ്വമായ ആശംസയ്ക്കുപകരം ദീർഘവും യുഗാന്ത്യോന്മുഖചിന്തയാൽ സമ്പന്നവും ദൈവശാസ്ത്രവികാസം പ്രാപിച്ചതുമായ ഒരു ആശംസയാണ് നെസ്തോറിയസിന്റെ കൂദാശക്രമത്തിലുള്ളത്.

''ഞങ്ങൾ ഇടറിവീഴുകയും യാചിക്കുകയും ചെയ്തപ്പോൾ അങ്ങ് ഞങ്ങളെ എഴുന്നേല്പ്പിക്കുകയും നവീകരിക്കുകയും വീണ്ടെടുക്കുകയും ചെയ്തു. അങ്ങ് ഞങ്ങളെ സ്വർഗത്തിലേക്ക് ഉയർത്തി. വരുവാനുള്ള രാജ്യം അങ്ങ് കരുണയാൽ ഞങ്ങൾക്ക് പ്രദാനം ചെയ്തു.'' രണ്ടാം പ്രണാമജപത്തിലെ ഈ ഏറ്റുപറച്ചിൽ യുഗാന്ത്യോന്മുഖപ്രതീക്ഷ നമ്മിൽ നിറയ്ക്കുന്നതാണ്. എന്റെ പ്രത്യാഗമനംവരെ എന്റെ ഓർമയ്ക്കായി നിങ്ങൾ ഇപ്രകാരം ചെയ്യുവിൻ എന്നാണ് സ്ഥാപന വാക്യങ്ങൾക്കുശേഷം കാർമികൻ ചൊല്ലുന്നത്. മാമ്മോദീസായിൽ തന്നോടൊത്ത് മരിച്ച് സംസ്ക്കരിക്കപ്പെട്ടവരെ തന്റെ വാഗ്ദാനമനുസരിച്ച് ഉയിർപ്പിച്ച് തന്നോടൊത്ത് സ്വർഗത്തിൽ ഉപവിഷ്ടരാക്കി എന്ന് മൂന്നാം പ്രണാമജപത്തിൽ കാർമികൻ പ്രാർത്ഥിക്കുന്നു.

പൗരസ്ത്യസുറിയാനി മിശിഹാവിജ്ഞാനീയത്തിന്റെ ഉത്തമ നിദർശനങ്ങൾ ഈ കൂദാശക്രമത്തിൽ കാണാം. ഈശോമിശിഹാ പൂർണദൈവവും പൂർണമനുഷ്യനും ആണെന്ന വിശുദ്ധ ഗ്രന്ഥപ്രബോധനംതന്നെയാണ് ഈ കൂദാശയിലെ പ്രാർഥനകളിലുള്ളത്. മിശിഹായുടെ ശൂന്യവത്ക്കരണത്തിന് ഊന്നൽ നല്കുന്ന പൗലോസ്


ശ്ലീഹായുടെ മിശിഹാവിജ്ഞാനീയത്തിന്റെ (ഫിലി 2:6-7) വ്യക്തമായ സ്വാധീനം മൂന്നാം ഗ്ഹാന്തപ്രാർത്ഥനയിൽ കാണാം: ''അങ്ങയോടുള്ള സമാനത നിലനിറുത്തേണ്ട കാര്യമായി പരിഗണിക്കാതെ അവൻ തന്നെത്തന്നെ ശൂന്യനാക്കി ദാസന്റെ രൂപം സ്വീകരിച്ച് വിവേകവും ബുദ്ധിയുമുള്ള അമർത്ത്യമായ ആത്മാവോടും മർത്ത്യമായ ശരീരത്തോടുംകൂടെ പരിപൂർണമനുഷ്യനായി സ്ത്രീയിൽനിന്ന് ജാതനായി. നിയമത്തിന് അധീനരായവരെ ഉദ്ധരിക്കുവാൻ നിയമത്തിന് വിധേയനാവുകയും ചെയ്തു.'' ഗലാത്തിയാക്കാർക്കുള്ള ലേഖനത്തിൽ കാണുന്ന സ്ത്രീയിൽനിന്നുള്ള ദൈവപുത്രന്റെ ജനനം (ഗലാ 4:4) എന്ന ആശയം മൂന്നാം ഗ്ഹാന്തപ്രാർത്ഥനയിൽ സ്പഷ്ടമായി പ്രതിപാദിച്ചിട്ടുണ്ട്.

മൂന്നാമത്തെ കൂദാശക്രമത്തിലെ റൂഹാക്ഷണപ്രാർത്ഥന താരതമ്യേന ദൈർഘ്യമേറിയതും ദൈവശാസ്ത്രചിന്തകളാൽ വളരെ സമ്പന്നവുമാണ്. പരിശുദ്ധ റൂഹായുടെ കൃപ എഴുന്നള്ളിവന്ന് അപ്പത്തെയും കാസയെയും വാഴ്ത്തി വിശുദ്ധീകരിച്ച് മിശിഹായുടെ ശരീരവും രക്തവുമാക്കി പൂർത്തീകരിക്കണമെന്ന് റൂഹാക്ഷണ പ്രാർത്ഥനയുടെ സമയത്ത് കാർമികൻ പ്രാർത്ഥിക്കുന്നു. പരിശുദ്ധാത്മാവിന്റെ പവിത്രീകരണധർമത്തെക്കുറിച്ച് നാലാം ഗ്ഹാന്തയിൽ വ്യക്തമായ സൂചനയുണ്ട്. രണ്ടു ഗഹന്താവൃത്തങ്ങളിലായി പരന്നുകിടക്കുന്ന ഈ കൂദാശക്രമത്തിന്റെ മാധ്യസ്ഥ്യപ്രാർത്ഥനകൾ സവിശേഷ ശ്രദ്ധയാകർഷിക്കുന്നു. സഭയ്ക്കും ലോകം മുഴുവനും വേണ്ടിയും പലവിധത്തിലും കഷ്ടതയനുഭവിക്കുന്നവർക്കും ശത്രുക്കൾക്കും വേണ്ടിവരെ അപേക്ഷിക്കുന്ന ഈ അർഥനകൾ ക്രിസ്തീയ പ്രാർത്ഥനകളുടെ ഒരു മാതൃകാവിദ്യാലയമാണെന്നു പറയാം (School of Prayer).

പൗരസ്ത്യസുറിയാനി ആരാധനക്രമദൈവശാസ്ത്രത്തിന്റെ വളർച്ചയുടെ നിദർശനമായി മാർ നെസ്തോറിയസിന്റെ കൂദാശയെ മനസ്സിലാക്കാം. ഭക്തിദ്യോതകവും ധ്യാനാത്മകവുമായ ലളിത വിവരണങ്ങളുള്ള ഈ കൂദാശയുടെ പ്രാർത്ഥനകൾ വിശ്വാസപ്രഘോഷണത്തിനും വിശ്വാസജീവിതത്തിനും വലിയ പ്രചോദനമായിത്തീരുമെന്നതിൽ സംശയമില്ല. ഈശോമിശിഹായുടെ പെസഹാരഹസ്യത്തിന്റെ ആഘോഷത്തെ കൂടുതൽ അർത്ഥപൂർണവും അനുഭവവേദ്യവുമാക്കുവാൻ മാർ നെസ്തോറിയസിന്റെ പേരിലുള്ള മൂന്നാമത്തെ കൂദാശക്രമത്തിന് സാധിക്കും എന്നാണ് സഭയുടെ ഉത്തമബോധ്യം. ഈ കൂദാശക്രമം നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന 5 ദിവസങ്ങളിലും വിശുദ്ധ കുർബാനയ്ക്ക് വൈദികർ ഉപയോഗിക്കണമെന്ന് ത്ല്പര്യപ്പെടുന്നു.

---

N.B. *സീറോമലബാർ ലിറ്റർജി കമ്മീഷൻ ചെയർമാൻ മാർ തോമസ് ഇലവനാൽ കൂദാശക്രമടെക്സ്റ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ലേഖനം അവലംബം.*




## I

## വൈദികസമ്മേളനം - അതിരൂപതാകേന്ദ്രത്തിൽ

ഉയിർപ്പുതിരുനാളിനുശേഷം പതിവായി നടത്തിവരുന്ന വൈദിക സമ്മേളനം ഈ വർഷം ഏപ്രിൽ 24-ാം തീയതി ബുധനാഴ്ച സന്ദേശനിലയം മാർ ജെയിംസ് കാളാശ്ശേരി ഇൻഡോർ സ്റ്റേഡിയത്തിൽ നടത്തപ്പെടുന്നതാണ്. രാവിലെ 9:45 ന് ആരംഭിക്കുന്ന സമ്മേളനത്തിൽ അതിരൂപതയിലെ എല്ലാ ബഹു. വൈദികരും ഇപ്പോൾ അതിരൂപതയിൽ അജപാലനശുശ്രൂഷയിൽ ഏർപ്പെട്ടിട്ടുള്ള ബഹു. സന്യാസവൈദികരും പങ്കെടുക്കേണ്ടതാണ്. 2019 ലെ ലോക്സഭാ തെരഞ്ഞെടുപ്പ് 2019 ഏപ്രിൽ 23 ചൊവ്വാഴ്ച നടക്കുന്നതിനാലാണ് പതിവിൽനിന്നു വ്യത്യസ്തമായി ഉയിർപ്പു തിരുന്നാൾ കഴിഞ്ഞുള്ള ബുധനാഴ്ചയിലേക്ക് വൈദികസമ്മേളനം മാറ്റിയത്.

## II

## പീഡാനുഭവ ആഴ്ചയിലെ തിരുക്കർമ്മങ്ങൾ

പെസഹാവ്യാഴം, പീഡാനുഭവവെള്ളി, വലിയ ശനി എന്നീ ദിവസങ്ങളിലെ തിരുക്കർമ്മങ്ങൾ നമ്മുടെ ആരാധനാക്രമചൈതന്യത്തിനനുസൃതമായി സായംകാലത്തുമാത്രം ദൈവാലയങ്ങളിൽ പരികർമ്മം ചെയ്യേണ്ടതാണ്.

## III

## മാർ നെസ്തോറിയസിന്റെ കൂദാശക്രമം

1. പൗരസ്ത്യസുറിയാനി പാരമ്പര്യത്തിലെ ഏറ്റവും ദൈർഘ്യമേറിയ കൂദാശക്രമമാണ് അഞ്ചു ഗ്ഹാന്താവൃത്തങ്ങളടങ്ങിയ മാർ നെസ്തോറിയസിന്റെ ക്രമം. ദനഹാ, മാർ യോഹന്നാൻ മാംദാനായുടെ വെള്ളിയാഴ്ച, ഗ്രീക്ക് മല്പാന്മാരുടെ ഓർമ്മ, മൂന്നുനോമ്പിലെ ബുധനാഴ്ച, പെസഹാ വ്യാഴാഴ്ച എന്നിങ്ങനെ വളരെ ആഘോഷപൂർവകമായ ആരാധനക്രമവത്സരത്തിലെ അഞ്ച് പ്രധാന ദിവസങ്ങളിലാണ് ഈ

കൂദാശക്രമം ഉപയോഗിച്ചിരുന്നത്. അതിനാൽ പെസഹാ വ്യാഴാഴ്ച മാർ നെസ്തോറിയസിന്റെ കൂദാശക്രമം ഉപയോഗിക്കേണ്ടതാണ്.

2. സഭ മുഴുവനിലും ഈ കൂദാശക്രമത്തിനു സ്വീകാര്യത ലഭിക്കാൻ വേണ്ടി ചില ഭാഗങ്ങൾ ഐശ്ചികമായി അടയാളപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രാർത്ഥനകളെല്ലാം ചൊല്ലുന്നതാണ് കരണീയം.

3. നാലാം ഗ്ഹാന്തായിലെ അപേക്ഷകൾ അടിസ്ഥാനക്രമത്തിലെപ്പോലെ കാർമ്മികൻ തന്നെ (പ്രത്യുത്തരത്തോടുകൂടിയല്ലാതെ) പൂർണ്ണമായും ചൊല്ലേണ്ടതാണ്.

## IV
## വൈദികരുടെ തുടർപരിശീലനം

യുവജനവർഷത്തോടനുബന്ധിച്ച് നമ്മുടെ വൈദികരുടെ തുടർ പരിശീലനത്തിനായി നടത്തുന്ന പഠനപരിപാടി മെയ് 21, 22 തീയതികളിൽ കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ നടത്തപ്പെടുകയാണ്. 1996 മുതൽ 2006 വരെ പട്ടം സ്വീകരിച്ച എല്ലാ വൈദികരും മെയ് 21–ാം തീയതി ചൊവ്വാഴ്ച രാവിലെ 9:30നു തന്നെ എത്തിച്ചേരാനും 22–ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് ഒരു മണി വരെയുള്ള സമയം പൂർണ്ണമായും സന്നിഹിതരാകാനും ഈ ദിവസങ്ങളിലെ കുർബാനയും മറ്റു ശുശ്രൂഷകളും മുൻകൂട്ടി ക്രമീകരിച്ച് എത്തിച്ചേരാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## ON-GOING FORMATION FOR PRIESTS (May 21 & 22, 2019)

### Programme

| | | |
|---|---|---|
| 09:30 a.m. | : | Prayer & Introductory Talk |
| 10:00 a.m. - 04:00 p.m. | : | Class - Youth Ministry<br>**Bishop Joseph Pamplany** |
| 06:00 p.m. - 08:00 p.m. | : | Class - Challenges of Priesthood in the Present Era<br>**His Excellency Most Rev. Dr. Thomas Mar Eusebius** |
| 08:45 p.m. | : | Discussion, Group Sharing & Lelya |

**May 22, 2019**

| | | |
|---|---|---|
| 05:30 a.m. | : | *Sapra*, Meditation & *Qurbana* |
| 09:00 a.m. | : | Interaction with<br>**Archbishop Joseph Perumthottam** |
| 10:30 a.m.–12:30 p.m. | : | Class - |
| Participants | : | Batches 1996 to 2006 |
| Venue | : | Zion Retreat Centre, Kunnamthanam |

## V
## പ്രത്യേക പിരിവുകൾ

പ്രത്യേക ആവശ്യങ്ങൾക്കായി ശേഖരിക്കുന്ന സ്തോത്രകാഴ്ച മുഴുവനും പള്ളിക്കണക്കിൽ വരവുവയ്ക്കണ്ടതും നിയമാനുസൃതമായ തുക കൃത്യമായ തീയതിക്കുള്ളിൽ അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽ അടയ്ക്കേണ്ടതുമാണ്.

**ശേഖരിക്കുന്ന സ്തോത്രകാഴ്ച മുഴുവനായും അടയ്ക്കേണ്ട പിരിവുകൾ**

1. ദുഃഖവെള്ളിയാഴ്ച – വിശുദ്ധനാട് സംരക്ഷണത്തിനുവേണ്ടി പരിശുദ്ധ പിതാവിന് നൽകുവാനുള്ളത്.
2. മിഷൻ ഞായർ – ഒക്ടോബറിലെ 3-ാം ഞായർ (ആഗോളമിഷൻ പ്രവർത്തനത്തിനുവേണ്ടി പൊന്തിഫിക്കൽ മിഷൻ ഓർഗനൈസേഷന് നൽകുവാനുള്ളത്.)
3. സഭാദിനം – ജൂലൈ 3. (സീറോ മലബാർ സഭാകേന്ദ്രത്തിലേക്ക് നൽകുവാനുള്ളത്, ഇടവകയിലെ ഒരു കുടുംബത്തിലെ ഒരംഗത്തിന് രണ്ട് രൂപ എന്ന കണക്കിൽ അടയ്ക്കണം.)
4. സീറോമലബാർ മിഷൻ ദിനം – ദനഹാത്തിരുന്നാളിനുശേഷം വരുന്ന ഞായർ (അതിരൂപത ദത്തെടുത്തിരിക്കുന്ന ജഗദൽപൂർ മിഷന് നൽകുവാനുള്ളത്.)
5. സെമിനാരി ഫണ്ട് – (പെസഹാവ്യാഴം) വൈദികവിദ്യാർത്ഥി പരിശീലനം.
6. കാരിത്താസ് ചങ്ങനാശേരി – വലിയനോമ്പുകാലത്തെ ഒരു ഞായർ

**ശേഖരിക്കുന്ന സ്തോത്രകാഴ്ച പകുതി അടയ്ക്കേണ്ട പിരിവുകൾ**

1. ജീവകാരുണ്യഫണ്ട് – ക്രിസ്മസ് ദിനം (50% ഇടവക ചാരിറ്റി ഫണ്ടിലേക്ക് ഉപയോഗിക്കാം.)
2. മദ്യവിരുദ്ധ ഫണ്ട് – ജനുവരി മാസത്തെ അവസാന ഞായർ, (കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷന് നൽകുവാനുള്ളത്.)
3. രോഗീദിന ഫണ്ട് – ഫെബ്രുവരി 11 ന് മുമ്പുള്ള ഞായർ
4. നോമ്പുകാല പിരിവ് – ഓശാന ഞായറാഴ്ച (വിശപ്പിനും രോഗത്തിനുമെതിരെയുള്ള പ്രത്യേക പദ്ധതിക്കായി കാരിത്താസ് ഇന്ത്യക്ക് നൽകുവാനുള്ളത്.)
5. ഹോം മിഷൻ ഫണ്ട് – ഉയിർപ്പുതിരുന്നാൾ.

6. ബൈബിൾ ഫണ്ട് - നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണ തിരുന്നാളിനു മുമ്പുള്ള ഞായർ (കെ.സി.ബി.സി. ബൈബിൾ കമ്മീഷന് നൽകുവാനുള്ളത്.)

7. മതബോധന ഫണ്ട് - പന്തക്കുസ്താ ഞായർ.

8. പത്രോസിന്റെ കാശ് - ജൂൺ അവസാന ഞായർ

9. യുവജനഫണ്ട് - ജൂലൈ 4 നും 10 നും ഇടയ്ക്കുള്ള ഞായർ

10. ദളിത് കത്തോലിക്കാ ഫണ്ട് - ഓഗസ്റ്റ് 15നു ശേഷം വരുന്ന ഞായർ

11. സമ്പർക്കമാധ്യമം - നവംബർ 2-ാം ഞായർ (കെ.സി.ബി.സി. മാധ്യമ കമ്മീഷന് നൽകുവാനുള്ളത്.)

12. വേദപ്രചാരം - ഞായർ പിരിവിൽ ഒരു വീടിന് 10 രൂപ പ്രകാരം അടയ്ക്കണം.

13. സെമിനാരി ഫണ്ട് - പസ്സാരം ആകെ വരവിന്റെ 10%

14. വൈദിക ഫണ്ട് - സമർപ്പണ ശുശ്രൂഷ വരവിന്റെ 25%

15. വൈദിക ക്ഷേമനിധി - ഇടവകയിൽ സേവനം ചെയ്യുന്ന ഒരു വൈദികന് 10,000 രൂപ വീതം.

16. തിരുബാലസഖ്യം - ഫെബ്രുവരി മാസത്തിലെ തിരുബാലസഖ്യ ദിനം.

## VI

## പതിനഞ്ചാമത് പാസ്റ്ററൽ കൗൺസിൽ ഇലക്ഷൻ കമ്മീഷൻ വിജ്ഞാപനം

ചങ്ങനാശേരി അതിരൂപതാ 15-ാമത് പാസ്റ്ററൽ കൗൺസിലിലേയ്ക്കുള്ള ഇടവക, ഫൊറോനാതല തെരഞ്ഞെടുപ്പ് സംബന്ധിച്ച നിർദ്ദേശങ്ങൾ

1. ചങ്ങനാശേരി അതിരൂപതാ പള്ളിയോഗ നടപടിക്രമങ്ങളും പാസ്റ്ററൽ കൗൺസിലിന്റെ ഭരണഘടന (2016) യ്ക്കനുസൃതമായും അതിരൂപതാ കച്ചേരിയുടെ തീരുമാനമനുസരിച്ച് താഴെ നല്കിയിരിക്കുന്ന നിർദ്ദേശങ്ങൾ അനുസരിച്ചായിരിക്കും തെരഞ്ഞെടുപ്പുകൾ നടത്തേണ്ടത്.

2. പാസ്റ്ററൽ കൗൺസിൽ ഭരണഘടനയുടെ അനുബന്ധത്തിൽ ചേർത്തിരിക്കുന്ന ഫൊറോനാ കൗൺസിൽ നിയമാവലിക്കു വിധേയമായി അതാത് ഫൊറോനാ കൗൺസിലുകൾ രൂപീകരിച്ചതിനു ശേഷം പ്രസ്തുത ഫൊറോനാ കൗൺസിലുകളിൽനിന്നും വേണം അതിരൂപതാ പാസ്റ്ററൽ കൗൺസിലിലേക്കുള്ള തെരഞ്ഞെടുപ്പുകൾ നടത്തേണ്ടത്.

3. ബഹുമാനപ്പെട്ട ഫൊറോനാ വികാരിമാരുടെ മേൽനോട്ടത്തിലും നേതൃത്വത്തിലും വേണം അതാതു ഫൊറോനകളിലെ ഫൊറോനാ കൗൺസിൽ രൂപീകരിക്കേണ്ടത്.

**ഫൊറോനാ കൗൺസിൽ അംഗങ്ങളുടെ തെരഞ്ഞെടുപ്പ്**

4. ഇടവക വികാരി ക്രമപ്രകാരം വിളിച്ചുകൂട്ടുന്ന ഇടവക പ്രതിനിധി യോഗമാണ് ഇടവകയിൽ നിന്നുമുള്ള ഫൊറോനാ കൗൺസിൽ പ്രതിനിധികളെ തെരഞ്ഞെടുക്കേണ്ടത്. പ്രതിനിധിയോഗം നിലവിലില്ലാത്ത ഇടവകകളിൽ പൊതുയോഗം വിളിച്ചുകൂട്ടി തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്. പ്രതിനിധി യോഗത്തിലോ, പൊതുയോഗത്തിലോ സംബന്ധിക്കുവാൻ അർഹതയുള്ളവർക്ക് (ചങ്ങനാശേരി അതിരൂപതാ പള്ളിയോഗ നടപടിക്രമം 2007, കാനോനകൾ 5 മുതൽ 6.4 വരെയും, 9 മുതൽ 9.4 വരെയും കാണുക) മാത്രമായിരിക്കും വോട്ടവകാശം.

5. നിയമപരമായ അയോഗ്യതകളില്ലാത്തവരും (ചങ്ങനാശേരി അതിരൂപതാ പള്ളിയോഗ നടപടിക്രമം 2007, കാനോനകൾ 6–6.2) 2019 മാർച്ച് 31 ന് മുമ്പ് ഇരുപത്തൊന്നു വയസ്സെങ്കിലും പൂർത്തിയായവരുമായിരിക്കണം തെരഞ്ഞെടുക്കപ്പെടേണ്ടത്. ന്യായമായ സഭാധികാരത്തെ പരസ്യമായി ധിക്കരിക്കുകയോ അവഹേളിച്ച് സംസാരിക്കുകയോ മറ്റുള്ളവർക്ക് ഇടർച്ചയ്ക്കിടയാകത്തക്കവിധം പ്രവർത്തിക്കുന്നവരേയും ഈശ്വര/മത നിഷേധപ്രസ്ഥാനങ്ങളിലെ പ്രവർത്തകരേയും അയോഗ്യരായി പരിഗണിക്കേണ്ടതാണ്.

6. രഹസ്യ ബാലറ്റിംഗ് സമ്പ്രദായത്തിലൂടെ വേണം തെരഞ്ഞെടുപ്പുകൾ നടത്തുവാൻ.

7. ബഹു. വികാരിയുടെ നേതൃത്വത്തിൽ തന്നാണ്ടത്തെ കൈക്കാരന്മാർ (അവർ സ്ഥാനാർത്ഥികളല്ലെങ്കിൽ) വോട്ടുകൾ എണ്ണി തിട്ടപ്പെടുത്തുകയും ബഹു. വികാരി ഫലപ്രഖ്യാപനം നടത്തുകയും ചെയ്യണം. കൈക്കാരന്മാർ സ്ഥാനാർത്ഥികളാണെങ്കിൽ ഉത്തമരായ രണ്ട് അംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ വോട്ടുകൾ എണ്ണേണ്ടതാണ്. ഇപ്രകാരം ഇടവകകളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന നാലോ അഞ്ചോ പ്രതിനിധികളുടെ പേരും വിലാസവും ബഹുമാനപ്പെട്ട ഫൊറോന വികാരിക്കും ഇലക്ഷൻ കമ്മീഷൻ കൺവീനർക്കും പുതുതായി രൂപീകൃതമാകുന്ന ഫൊറോന കൗൺസിലിന്റെ പ്രഥമ യോഗത്തിനു മുമ്പായി വികാരിമാർ ഫൊറോനാ വികാരിയെ ഏല്പിക്കേണ്ടതാണ്.

8 ഏതെങ്കിലും കാരണവശാൽ ഒരിടവകയിൽ സമയ പരിധിക്കുള്ളിൽ തെരഞ്ഞെടുപ്പ് നടക്കാൻ സാധിക്കാതെ വന്നാൽ ബഹു. വികാരി പ്രസ്തുത വിവരം അതിരൂപതാദ്ധ്യക്ഷനെയും ഇലക്ഷൻ കമ്മീഷൻ കൺവീനറെയും ഫൊറോന വികാരിയേയും രേഖാമൂലം അറിയിക്കേണ്ടതാണ്.

9 യോഗവും ആണ്ടുതിരട്ടുള്ളതും അതിർത്തി തിരിഞ്ഞതും ബഹു. വൈദികർ സ്ഥിരതാമസമുള്ളതുമായ കുരിശുപള്ളികൾക്കും ഇപ്രകാരം പ്രതിനിധികളെ തെരഞ്ഞെടുത്ത് ഫൊറോന കൗൺസിലിലേക്ക് അയയ്ക്കുവാൻ അവകാശമുണ്ടായിരിക്കുന്നതാണ്. എന്നാൽ തലപ്പള്ളിയിലെയും കുരിശുപള്ളികളിലേയും പ്രതിനിധികളെ ഒരു ഇടവക യൂണിറ്റിലെ അംഗങ്ങളായി മാത്രമേ കണക്കാക്കുകയുള്ളു. ആയതിനാൽ ഇതര ഇടവകക്കാരായ പ്രതിനിധികൾക്കെന്നതുപോലെ അവരിൽ നിന്ന് ഒരാൾക്കു മാത്രമേ അതിരൂപതാ പാസ്റ്ററൽ കൗൺസിലിലേക്ക് തെരഞ്ഞെടുക്കപ്പെടുവാൻ അർഹത ഉണ്ടായിരിക്കുകയുള്ളു.

10. ഫൊറോനാ വികാരി പുതുതായി രൂപീകരിക്കുന്ന ഫൊറോനാ കൗൺസിലിന്റെ പ്രഥമ സമ്മേളനത്തിൽ തന്നെ അതിരൂപതാ പാസ്റ്ററൽ കൗൺസിലിലേക്കുള്ള ഫൊറോനാതല തെരഞ്ഞെടുപ്പു നടത്തുന്നതിനുവേണ്ടി അതിനുള്ള ദിവസവും, സമയവും സ്ഥലവും നിശ്ചയിച്ച് ഇലക്ഷൻ കമ്മീഷൻ കൺവീനറെയും ഫൊറോനയിലെ പള്ളികളിലെ ബഹു. വികാരിമാരെയും രേഖാമൂലം മുൻകൂട്ടി അറിയിക്കേണ്ടതാണ്. ബഹു വികാരിമാർ തങ്ങളുടെ ഇടവകയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവരെ ഉടൻ തന്നെ പ്രസ്തുത വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

## II. ഫൊറോനാ കൗൺസിൽ, പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെ തെരഞ്ഞെടുപ്പ്

11. ഓരോ ഇടവകയിൽ നിന്നും കുറഞ്ഞത് ഒരു വനിതയടക്കം നാലു പ്രതിനിധികളെ വീതം താഴെപ്പറയും പ്രകാരം ഫൊറോനാ കൗൺസിലിലേക്ക് ചുവടെ ചേർത്തിരിക്കുന്ന വയോവിഭാഗത്തിൽനിന്നും തെരഞ്ഞെടുക്കണം.

21 മുതൽ 35 വരെ, 36 മുതൽ 50 വരെ, 50 നു മേൽ

ഓരോ ഫൊറോനായിലെയും വിവിധ ഇടവകകളിലെ പ്രതിനിധിയോഗാംഗങ്ങളിൽ നിന്നാണ് ഫൊറോനാ ഇലക്ടറൽ കോളേജിലേക്കുള്ള അംഗങ്ങളെ തെരഞ്ഞെടുക്കുന്നത്. 1500-ലധികം കുടുംബങ്ങളുള്ള ഇടവകകളിൽനിന്ന് കുറഞ്ഞത് രണ്ട് വനിതകളടക്കം അഞ്ചുപേരെയും മറ്റിടവകകളിൽനിന്ന് കുറഞ്ഞത് ഒരു വനിതയുൾപ്പെടെ നാലുപേരെയും മുകളിൽ പറഞ്ഞിരിക്കുന്ന വയോവിഭാഗങ്ങളിൽനിന്ന് തെരഞ്ഞെടുക്കേണ്ടതാണ്.

40-ൽ കൂടുതൽ ദളിത് കുടുംബങ്ങളുള്ള ഇടവകകളിൽ നിന്ന് മുകളിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും വയോവിഭാഗത്തിൽപ്പെട്ട കുറഞ്ഞത് ഒരു ദളിത് അംഗത്തെയും, 25 -ൽ കൂടുതൽ നാടാർ കുടുംബങ്ങളുള്ള ഇടവകകളിൽനിന്ന് മുകളിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും വയോവിഭാഗത്തിൽപ്പെട്ട കുറഞ്ഞത് ഒരു നാടാർ അംഗത്തെയും തെരഞ്ഞെടുക്കേണ്ടതാണ്. ദളിത്, നാടാർ, വനി

താ വിഭാഗങ്ങൾ ഉൾപ്പടെയാണ് ഇടവകയിൽനിന്നും മേൽപ്പറഞ്ഞ പ്രകാരം നിശ്ചിത അംഗങ്ങളെ ഫൊറോനാ ഇലക്ടറൽ കോളജിലേക്ക് തെരഞ്ഞെടുക്കേണ്ടത്.

ഫൊറോനാ കൗൺസിലിൽ നിന്നും കുറഞ്ഞത് ഒരു വനിതയടക്കം മേൽപ്പറഞ്ഞ വയോവിഭാഗങ്ങളിൽ നിന്ന് നാലു പേരെ അതിരൂപതാ പാസ്റ്ററൽ കൗൺസിലിലേയ്ക്ക് തെരഞ്ഞെടുക്കേണ്ടതാണ്. ഇതിൽ ഫൊറോനാ തലത്തിൽ 250-ൽ കൂടുതൽ ദളിത് കുടുംബങ്ങളുള്ള ഫൊറോനയിൽ നിന്ന് മുകളിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും വയോവിഭാഗത്തിൽപ്പെട്ട ഒരു ദളിത് അംഗത്തെയും, ഫൊറോനാതലത്തിൽ 200-ൽ കൂടുതൽ നാടാർ കുടുംബങ്ങളുള്ള ഫൊറോനയിൽനിന്ന് മുകളിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും വയോവിഭാഗത്തിൽപ്പെട്ട ഒരു നാടാർ അംഗത്തെയും അതിരൂപതാ പാസ്റ്ററൽകൗൺസിലിലേക്ക് തെരഞ്ഞെടുക്കേണ്ടതാണ്. വനിതാ അംഗം ഇവയിൽ ഏതെങ്കിലും വയോവിഭാഗത്തിൽപെട്ടാൽ മതിയാകും. വനിതാ അംഗത്തിന്റെ തെരഞ്ഞെടുപ്പ് ആദ്യം നടത്തേണ്ടതാണ്. ദളിത്, നാടാർ, വനിതാ വിഭാഗങ്ങൾ ഉൾപ്പടെയാണ് ഫൊറോനായിൽ നിന്ന് നാല് അംഗങ്ങളെ അതിരൂപതാ പാസ്റ്ററൽ കൗൺസിലിലേക്ക് തെരഞ്ഞെടുക്കേണ്ടത്. അതിരൂപതാ പാസ്റ്ററൽ കൗൺസിലിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന നാലുപേരിൽ നിന്നും ഒരാളെ ഫൊറോനാ കൗൺസിൽ സെക്രട്ടറിയായി തെരഞ്ഞെടുക്കേണ്ടതാണ്.

തുടർച്ചയായി രണ്ടു പ്രാവശ്യത്തിൽ കൂടുതൽ ഒരാൾ ഫൊറോനാ കൗൺസിലിലേക്കും പാസ്റ്ററൽ കൗൺസിലിലേക്കും തെരഞ്ഞെടുക്കപ്പെടാൻ പാടില്ല. ഫൊറോനാ കൗൺസിലിലേക്കും പാസ്റ്ററൽ കൗൺസിലിലേക്കും തെരഞ്ഞെടുക്കപ്പെടുന്നവരിൽ മൂന്നിലൊന്നെങ്കിലും പുതുമുഖങ്ങളായിരിക്കണം.

12. കൗൺസിലുകളിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നവരുടെ യോഗ്യതാപത്രം ബഹു. വികാരി, പെരി. ബഹു. ഫൊറോനാ വികാരിക്ക് സമർപ്പിക്കേണ്ടതാണ്.

13. ഇടവകതല തെരഞ്ഞെടുപ്പിന്റെ ചുമതല ഇടവക വികാരിക്കും ഫൊറോനാതല തെരഞ്ഞെടുപ്പിന്റെ ചുമതല ഫൊറോനാ വികാരിക്കുമായിരിക്കും.

14. തെരഞ്ഞെടുപ്പ് കമ്മീഷൻ അംഗങ്ങൾക്കോ കമ്മീഷന്റെ പ്രതിനിധികൾക്കോ ആവശ്യമെങ്കിൽ നിരീക്ഷകരായി ഫൊറോനാതല തെരഞ്ഞെടുപ്പിൽ സംബന്ധിക്കാവുന്നതാണ്. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കമ്മീഷൻ അംഗങ്ങളുടെ സേവനം ആവശ്യമെങ്കിൽ ബഹു. ഫൊറോനാ വികാരിമാർക്ക് തേടാവുന്നതാണ്.

15. അതിരൂപതാ പാസ്റ്റൽ കൗൺസിൽ അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിന് ഫൊറോനാ കൗൺസിൽ അംഗങ്ങൾക്ക് എല്ലാവർക്കും വോട്ടവകാശം ഉണ്ടായിരിക്കുന്നതാണ്.

16. വോട്ടെടുപ്പിൽ ഒന്നിലധികം പേർക്ക് തുല്യമായി വോട്ട് വരികയാണെങ്കിൽ നറുക്കെടുപ്പിലൂടെ വിജയിയെ നിശ്ചയിക്കേണ്ടതാണ്.

17. തെരഞ്ഞെടുപ്പുഫലം രേഖപ്പെടുത്തി അവരുടെ ബയോഡേറ്റാ ഫോറം പൂരിപ്പിച്ച് ഫൊറോനാ വികാരിയും നിരീക്ഷകനുണ്ടെങ്കിൽ അദ്ദേഹവും ഒപ്പുവയ്ക്കേണ്ടതും ഇലക്ഷൻ കമ്മീഷൻ കൺവീനർക്ക് ലിസ്റ്റും പൂരിപ്പിച്ച ബയോഡേറ്റ ഫോറവും താമസംകൂടാതെ എത്തിച്ചുകൊടുക്കേണ്ടതാണ്.

18. പ്രതിനിധിയോഗത്തിൽനിന്നുള്ള തെരഞ്ഞെടുപ്പുകൾ 2019 ഏപ്രിൽ 15-ാം തീയതിക്ക് മുൻപ് പൂർത്തിയാക്കേണ്ടതാണ്. എല്ലാ ഫൊറോനാതല തെരഞ്ഞെടുപ്പുകളും 2019 മെയ്മാസം 7-നകം പൂർത്തിയാക്കേണ്ടതാണ്.

19. ഇടവകതല തെരഞ്ഞെടുപ്പ് സംബന്ധിച്ച പരാതികൾ ഫൊറോനാ വികാരിക്കും ഫൊറോനാ തലത്തിലുണ്ടാകുന്ന പരാതികൾ ഇലക്ഷൻ കമ്മീഷൻ കൺവീനർക്കും ഇലക്ഷൻ കഴിഞ്ഞ് 3 ദിവസത്തിനകം അതിരൂപതാ മുദ്രപത്രത്തിൽ രണ്ടു കോപ്പികൾ സഹിതം സമർപ്പിക്കേണ്ടതാണ്.

20. ഫൊറോനാ പള്ളി ഇടവകയിൽ നടത്തപ്പെടുന്ന ഇടവകതല തെരഞ്ഞെടുപ്പിനെ സംബന്ധിക്കുന്ന പരാതികളും ഇലക്ഷൻ കമ്മീഷൻ കൺവീനർക്ക് മേല്പ്പറഞ്ഞ പ്രകാരം സമർപ്പിക്കേണ്ടതാണ്.

21. ഫൊറോനാ സമിതിയിലുള്ള അല്മായ പ്രതിനിധികളിൽ നിന്നുമാണ് അതിരൂപതാ പാസ്റ്ററൽ കൗൺസിലിലേയ്ക്ക് അംഗങ്ങളെ തെരഞ്ഞെടുക്കേണ്ടത്.

## III. മറ്റ് അംഗങ്ങളുടെ തെരഞ്ഞെടുപ്പ്

**അതിരൂപതാ പാസ്റ്റൽ കൗൺസിലിലേയ്ക്കുള്ള മറ്റ് അംഗങ്ങളെ തെരഞ്ഞെടുക്കേണ്ടത് ഇപ്രകാരമായിരിക്കും**

21. അതിരൂപതയിലെ സൺഡേസ്കൂൾ ഹെഡ്മാസ്റ്റർമാരുടെ ഒരു പ്രതിനിധി, പ്രൊമോട്ടർമാരുടെ ഒരു പ്രതിനിധി, സൺഡേസ്കൂൾ അധ്യാപകരിൽനിന്നും ഒരു വനിതാപ്രതിനിധി ഉൾപ്പെടെ മൂന്നു പ്രതിനിധികൾ എന്നിവരെ തെരഞ്ഞെടുക്കുവാനുള്ള ചുമതല സന്ദേശനിലയം ഡയറക്ടറുടേതായിരിക്കും. ഈ തെരഞ്ഞെടുപ്പിനുള്ള മാനദണ്ഡങ്ങളും തീയതിയും സമയവും മറ്റും ഇലക്ഷൻ കമ്മീഷനുമായി ആലോചിച്ച് സന്ദേശനിലയം ഡയറക്ടർക്ക് തീരുമാനിക്കാവുന്നതാണ്.

22. അതിരൂപതയിലെ പ്രൈമറി സ്കൂളുകളിലെയും ഹൈസ്കൂളുകളിലെയും ഹയർസെക്കണ്ടറി സ്കൂളുകളിലെയും കത്തോലിക്കാ ഹെഡ്മാസ്റ്റർമാരുടെയും ഓരോ പ്രതിനിധികൾ വീതവും, അതിരൂപതയിലെ പ്രൈമറി, ഹൈസ്കൂൾ, ഹയർസെക്കണ്ടറികളിൽ പഠിപ്പിക്കുന്ന കത്തോലിക്കാ അദ്ധ്യാപകരുടെയും അനദ്ധ്യാപക

രുടെയും ഓരോ പ്രതിനിധികൾ വീതവും ബഹു. അതിരൂപതാ കോർപ്പറേറ്റ് മാനേജരുടെ മേൽനോട്ടത്തിലും ഉത്തരവാദിത്വത്തിലും നടത്തുന്ന തെരഞ്ഞെടുപ്പിലൂടെ കണ്ടെത്തേണ്ടതാണ്. തെരഞ്ഞെടുപ്പ് സംബന്ധിച്ച നടപടിക്രമങ്ങൾ തെരഞ്ഞെടുപ്പ് കമ്മീഷനുമായി കൂടിയാലോചിച്ച് ബഹു. കോർപ്പറേറ്റ് മാനേജർക്ക് തീരുമാനിക്കാവുന്നതാണ്.

23. അതിരൂപതയുടെ ഉടമസ്ഥതയിലുള്ള കോളേജുകളിലെ കത്തോലിക്കാ അദ്ധ്യാപകരിൽ നിന്നും ഒരു വനിതയുൾപ്പെടെ രണ്ടു പ്രതിനിധികൾ, അനദ്ധ്യാപകരുടെ ഒരു പ്രതിനിധി, സി.എസ്.എം രണ്ടു പ്രതിനിധികൾ എന്നിവരുടെ തിരഞ്ഞെടുപ്പ് പെ. ബഹു. മാനേജരച്ചന്റെ നേതൃത്വത്തിൽ നടത്തുന്നതാണ്.

24. അതിരൂപതാ പാസ്റ്ററൽ കൗൺസിലിന്റെ ഭരണഘടന 5.6.2 പ്രകാരമുള്ള പ്രസ്ഥാനങ്ങളുടെയും സംഘടനകളുടെയും മറ്റും തെരഞ്ഞെടുപ്പുകൾ ബന്ധപ്പെട്ട അധികാരികളുടെ നേതൃത്വത്തിലും ഉത്തരവാദിത്വത്തിലും ഇലക്ഷൻ കമ്മീഷനുമായി കൂടി ആലോചിച്ച് നടത്തേണ്ടതാണ്.

25. സ്ഥാപനങ്ങളിൽ നിന്നുമുള്ള പ്രതിനിധികളുടെ തെരഞ്ഞെടുപ്പ് ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ചുമതല വഹിക്കുന്ന ബഹു. വൈദികരുടെ നേതൃത്വത്തിൽ നടത്തേണ്ടതാണ്.

26. മേൽപറഞ്ഞ എല്ലാ തെരഞ്ഞെടുപ്പുകളും 2019 ഏപ്രിൽ 30-ാം തീയതിക്കു മുമ്പായി പൂർത്തിയാക്കി ലിസ്റ്റ് ഇലക്ഷൻ കമ്മീഷനെ ഏൽപ്പിക്കേണ്ടതാണ്.

27. തെരഞ്ഞെടുപ്പ് സംബന്ധിച്ചുണ്ടാകുന്ന തർക്കങ്ങളിൽ അതിരൂപതാദ്ധ്യക്ഷൻ എടുക്കുന്ന തീരുമാനം അന്തിമമായിരിക്കും.

28. ഇലക്ഷൻ കമ്മീഷൻ കൺവീനറുടെയും അംഗങ്ങളുടെയും മേൽവിലാസം:

**റവ. ഫാ. ജോസഫ് മുളവന**
XIV പാസ്റ്ററൽ കൗൺസിൽ ഇലക്ഷൻ കമ്മീഷൻ
ആർച്ച്ബിഷപ്സ് ഹൗസ്, ചങ്ങനാശേരി, ഫോൺ: 9497821065

**പ്രൊഫ. പി.സി. അനിയൻകുഞ്ഞ്**
പൊൻപുഴകോട്ടയിൽ, ഇത്തിത്താനം, ഫോൺ: 9447660363

**പ്രൊഫ. ആന്റണി മാത്യൂസ്**
കണ്ടങ്കരി, ചങ്ങനാശേരി, ഫോൺ : 9447027820

ചങ്ങനാശേരി
28-03-2019

## ഫൊറോന കൗൺസിൽ നിയമാവലി

1. മെത്രാപ്പോലീത്തായുടെ അധികാരത്തിനു വിധേയമായി ഫൊറോനാ വികാരിയുടെ മേൽനോട്ടത്തിൽ ഫൊറോനായിലെ അജപാലന പരമായ കാര്യങ്ങളും അതിരൂപതയിൽ നിന്നു നിർദ്ദേശിക്കുന്ന ഇതര കാര്യങ്ങളും ചർച്ച ചെയ്യുന്നതിനും പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും പ്രായോഗിക നിർദ്ദേശങ്ങൾ നൽകുന്നതിനുമായി അതിരൂപതാ പാസ്റ്ററൽ കൗൺസിലിന്റെ ഭരണഘടനയ്ക്കനുസൃതം ഫൊറോനാതലത്തിൽ സ്ഥാപിതമായിരിക്കുന്ന ആലോചനാസമിതിയാണ് ഫൊറോനാ കൗൺസിൽ.

   ഈ നിയമാവലിയിൽ പ്രത്യേകമായി എടുത്തുപറയാത്ത സംഗതികളെ സംബന്ധിച്ച്, അതിരൂപതാ പാസ്റ്ററൽ കൗൺസിൽ ഭരണഘടനയുടെ ബന്ധപ്പെട്ട വകുപ്പുകൾ ബാധകമായിരിക്കും.

2. **അംഗങ്ങൾ**

1) ഫൊറോന വികാരി

2) ഫൊറോനയിലെ ഇടവക വികാരിമാർ

3) ഫൊറോന കൗൺസിലിലേക്ക് ഇടവകയിൽനിന്ന് താഴെ പറയും പ്രകാരം തിരഞ്ഞെടുക്കപ്പെട്ടവർ.

4) അതിരൂപതാ പാസ്റ്ററൽ കൗൺസിലിൽ അംഗങ്ങളായിട്ടുള്ള, ഫൊറോനയിൽ നിന്നുള്ള വ്യക്തികൾ.

5) ഫൊറോനാ അതിർത്തിയിലുള്ള സമർപ്പിതസമൂഹങ്ങളുടെ മുഖ്യ അധികാരികൾ.

6) ഫൊറോനയിൽ പ്രവർത്തിക്കുന്ന അതിരൂപതയുടെ അംഗീകാരമുള്ള സംഘടനകളുടെ/പ്രസ്ഥാനങ്ങളുടെ ഫൊറോന പ്രസിഡന്റുമാർ/ കൺവീനർമാർ.

7) ഫൊറോനായിൽ പ്രവർത്തിക്കുന്ന അതിരൂപതയുടെ അംഗീകാരമുള്ള സംഘടനകളുടെ /പ്രസ്ഥാനങ്ങളുടെ ഫൊറോനാ ഡയറക്ടർമാർ.

8) ഫൊറോനാ സൺഡേസ്കൂൾ പ്രൊമോട്ടർമാരുടെ ഒരു പ്രതിനിധി.

9) ഫൊറോനാ ജാഗ്രതാസമിതിയുടെ കൺവീനർ; ഫൊറോനായിലെ സ്കൂളദ്ധ്യാപകരുടെയും കോളേജദ്ധ്യാപകരുടെയും ഓരോ പ്രതിനിധികൾ.

10) നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ. ഫൊറോനസമിതിയിൽ ഉള്ള അംഗങ്ങളുടെ 10% വരെ ഫൊറോനാവികാരിക്ക് നാമനിർദ്ദേശം ചെയ്യാവുന്നതാണ്.

## 3. തെരഞ്ഞെടുപ്പ്

ഓരോ ഇടവകയിൽ നിന്നും കുറഞ്ഞത് ഒരു വനിതയടക്കം നാലു പ്രതിനിധികളെ വീതം താഴെപ്പറയും പ്രകാരം ഫൊറോനാ കൗൺസിലിലേക്ക് ചുവടെ ചേർത്തിരിക്കുന്ന വയോവിഭാഗത്തിൽനിന്നും തെരഞ്ഞെടുക്കണം.

21 മുതൽ 35 വരെ, 36 മുതൽ 50 വരെ, 50 നു മേൽ

ഓരോ ഫൊറോനായിലെയും വിവിധ ഇടവകകളിലെ പ്രതിനിധി യോഗാംഗങ്ങളിൽ നിന്നാണ് ഫൊറോനാ ഇലക്ടറൽ കോളേജിലേക്കുള്ള അംഗങ്ങളെ തെരഞ്ഞെടുക്കുന്നത്. 1500-ലധികം കുടുംബങ്ങളുള്ള ഇടവകകളിൽനിന്ന് കുറഞ്ഞത് രണ്ടു വനിതകളടക്കം അഞ്ചുപേരെയും മറ്റിടവകകളിൽനിന്ന് കുറഞ്ഞത് ഒരു വനിതയുൾപ്പെടെ നാലുപേരെയും മുകളിൽ പറഞ്ഞിരിക്കുന്ന വയോവിഭാഗങ്ങളിൽനിന്ന് തെരഞ്ഞെടുക്കേണ്ടതാണ്.

40-ൽ കൂടുതൽ ദളിത് കുടുംബങ്ങളുള്ള ഇടവകകളിൽ നിന്ന് മുകളിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും വയോവിഭാഗത്തിൽപ്പെട്ട കുറഞ്ഞത് ഒരു ദളിത് അംഗത്തെയും, 25 -ൽ കൂടുതൽ നാടാർ കുടുംബങ്ങളുള്ള ഇടവകകളിൽനിന്ന് മുകളിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും വയോവിഭാഗത്തിൽപ്പെട്ട കുറഞ്ഞത് ഒരു നാടാർ അംഗത്തെയും തെരഞ്ഞെടുക്കേണ്ടണ്ടതാണ്. ദളിത്, നാടാർ, വനിതാ വിഭാഗങ്ങൾ ഉൾപ്പടെയാണ് ഇടവകയിൽ നിന്നും മേൽപ്പറഞ്ഞ പ്രകാരം നിശ്ചിത അംഗങ്ങളെ ഫൊറോനാ ഇലക്ടറൽ കോളജിലേക്ക് തെരഞ്ഞെടുക്കേണ്ടത്.

ഫൊറോനാ കൗൺസിലിൽ നിന്നും കുറഞ്ഞത് ഒരു വനിതയടക്കം മേൽപ്പറഞ്ഞ വയോവിഭാഗങ്ങളിൽ നിന്ന് നാലു പേരെ അതിരൂപതാ പാസ്റ്ററൽ കൗൺസിലിലേയ്ക്ക് തെരഞ്ഞെടുക്കേണ്ടതാണ്. ഇതിൽ ഫൊറോനാ തലത്തിൽ 250-ൽ കൂടുതൽ ദളിത് കുടുംബങ്ങളുള്ള ഫൊറോനയിൽ നിന്ന് മുകളിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും വയോവിഭാഗത്തിൽപ്പെട്ട ഒരു ദളിത് അംഗത്തെയും, ഫൊറോനാതലത്തിൽ 200-ൽ കൂടുതൽ നാടാർ കുടുംബങ്ങളുള്ള ഫൊറോനയിൽനിന്ന് മുകളിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും വയോവിഭാഗത്തിൽപ്പെട്ട ഒരു നാടാർ അംഗത്തെയും അതിരൂപതാ പാസ്റ്ററൽകൗൺസിലിലേക്ക് തെരഞ്ഞെടുക്കേണ്ടതാണ്. വനിതാ അംഗം ഇവയിൽ ഏതെങ്കിലും വയോവിഭാഗത്തിൽപെട്ടാൽ മതിയാകും. വനിതാ അംഗത്തിന്റെ തെരഞ്ഞെടുപ്പ് ആദ്യം നടത്തേണ്ടതാണ്. ദളിത്, നാടാർ, വനിതാ വിഭാഗങ്ങൾ ഉൾപ്പടെയാണ് ഫൊറോനായിൽ നിന്ന് നാല് അംഗങ്ങളെ അതിരൂപതാ പാസ്റ്ററൽ കൗൺസിലിലേക്ക് തെരഞ്ഞെടുക്കേണ്ടത്. അതിരൂപതാ പാസ്റ്ററൽ കൗൺസിലിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന നാലു പേരിൽനിന്നും ഒരാളെ ഫൊറോനാ കൗൺസിൽ സെക്രട്ടറിയായി തെരഞ്ഞെടുക്കേണ്ടതാണ്.

തുടർച്ചയായി രണ്ടു പ്രാവശ്യത്തിൽ കൂടുതൽ ഒരാൾ ഫൊറോനാ കൗൺസിലിലേക്കും പാസ്റ്ററൽ കൗൺസിലിലേക്കും തെരഞ്ഞെടുക്കപ്പെടാൻ പാടില്ല. ഫൊറോനാ കൗൺസിലിലേക്കും പാസ്റ്ററൽ കൗൺസിലിലേക്കും തെരഞ്ഞെടുക്കപ്പെടുന്നവരിൽ മൂന്നിലൊന്നെങ്കിലും പുതുമുഖങ്ങളായിരിക്കണം.

**4. ഭാരവാഹികൾ**

പ്രസിഡന്റ്: ഫൊറോനാവികാരിയായിരിക്കും ഫൊറോനാ കൗൺസിലിന്റെ പ്രസിഡന്റ്.

വൈസ് പ്രസിഡന്റ്: ഫൊറോനാ വൈദിക കോൺഫ്രൻസിന്റെ സെക്രട്ടറിയോ, വൈദിക കോൺഫ്രൻസ് തെരഞ്ഞെടുക്കുന്ന മറ്റൊരു വൈദികനോ ആയിരിക്കും ഫൊറോനാ കൗൺസിലിന്റെ വൈസ് പ്രസിഡന്റ്.

സെക്രട്ടറി: ഫൊറോനാ കൗൺസിൽ സെക്രട്ടറിയായി അതിരൂപതാ പാസ്റ്ററൽ കൗൺസിലിലേക്ക് തെരഞ്ഞെടുക്കപ്പെട്ട നാലുപേരിൽ നിന്നും ഒരാളെ തെരഞ്ഞെടുക്കേണ്ടതാണ്. ആവശ്യമെങ്കിൽ ഒരു ജോയിന്റ് സെക്രട്ടറിയേയും തിരഞ്ഞെടുക്കാവുന്നതാണ്. സെക്രട്ടറി വനിത അല്ലെങ്കിൽ ജോയിന്റ് സെക്രട്ടറി വനിത ആയിരിക്കേണ്ടതാണ്.

കൗൺസിലിന്റെ മീറ്റിംഗുകൾ പ്രസിഡന്റിന്റെ നിർദ്ദേശാനുസരണം വിളിച്ചു കൂട്ടുക, കൗൺസിലിനെ സംബന്ധിക്കുന്ന എഴുത്തുകുത്തുകൾ നടത്തുക, കമ്മിറ്റികളുടെ റിപ്പോർട്ടുകൾ കൗൺസിലിന്റെ പരിഗണനയ്ക്കു കൊണ്ടുവരിക, മറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കി സൂക്ഷിക്കുക. പുതിയ ഫൊറോന കൗൺസിൽ രൂപപ്പെടുന്നതുവരെ രേഖകൾ സൂക്ഷിക്കുക, കൗൺസിൽ ഭരമേൽപ്പിക്കുന്ന മറ്റ് ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുക എന്നിവയായിരിക്കും സെക്രട്ടറിയുടെ ചുമതലകൾ. ഔദ്യോഗിക കാര്യങ്ങളിൽ സെക്രട്ടറിയെ സഹായിക്കുക എന്നുള്ളതാണ് ജോയിന്റ് സെക്രട്ടറിയുടെ ചുമതല.

**5. കമ്മിറ്റികൾ**

അതിരൂപതാ പാസ്റ്ററൽ കൗൺസിലിലെന്നപോലെ ആവശ്യാനുസരണം കമ്മിറ്റികൾക്കു രൂപം കൊടുക്കാവുന്നതും കൺവീനർമാരെ തെരഞ്ഞെടുക്കേണ്ടതുമാണ്. അതിരൂപതാതല കമ്മിറ്റികൾ സംബന്ധിച്ച വ്യവസ്ഥകൾ ഫൊറോനാ കൗൺസിൽ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾക്കും ബാധകമായിരിക്കും.

**6. നിർവ്വാഹകസമിതി**

ഫൊറോനാ കൗൺസിലിന് താഴെപറയുന്ന നിർവ്വാഹക സമിതി ഉണ്ടായിരിക്കേണ്ടതാണ്.

1. ഫൊറോനാ കൗൺസിൽ പ്രസിഡന്റ്, 2. ഫൊറോനാ കൗൺസിൽ

വൈസ്പ്രസിഡന്റ്, 3. ഫൊറോനാ പ്രീസ്റ്റ് കോൺഫറൻസ് സെക്രട്ടറി, 4. ഫൊറോനാ കൗൺസിൽ സെക്രട്ടറി, 5. ഫൊറോനാ കൗൺസിൽ ജോയിന്റ് സെക്രട്ടറി, 6. കമ്മിറ്റി കൺവീനേഴ്സ്., 7. ഫൊറോനാ കൗൺസിലിൽ ഉള്ള സമർപ്പിതർ, വനിതകൾ, വിദഗ്ദ്ധർ തുടങ്ങിയവരിൽനിന്നും ഫൊറോനാ വികാരി നോമിനേറ്റ് ചെയ്യുന്നവർ.

**7. സമ്മേളനങ്ങൾ**

ഒരു പ്രവർത്തനവർഷത്തിൽ രണ്ടു സാധാരണ സമ്മേളനങ്ങളെങ്കിലും കൂടേണ്ടതാണ്. ആവശ്യമനുസരിച്ച് പ്രത്യേക സമ്മേളനങ്ങളോ, അടിയന്തിര സമ്മേളനങ്ങളോ കൂടാവുന്നതാണ്. ഫൊറോനാ വികാരിയുടെ നിർദ്ദേശപ്രകാരം ഫൊറോനാ കൗൺസിൽ സെക്രട്ടറിയാണ് സമ്മേളനങ്ങൾ വിളിച്ചുകൂട്ടേണ്ടത്.

**8. കോറം**

ഫൊറോനാ കൗൺസിലിന്റെയും, നിർവ്വാഹക സമിതിയുടെയും, കമ്മിറ്റികളുടെയും കോറം അംഗസംഖ്യയുടെ മൂന്നിൽ ഒന്ന് ആയിരിക്കും.

**9. കാലാവധി**

അതിരൂപതാ അദ്ധ്യക്ഷൻ മറ്റു വിധത്തിൽ നിർദ്ദേശിക്കാത്ത പക്ഷം ഫൊറോനാസമിതിയുടെ കാലാവധി അതിരൂപതാ പാസ്റ്ററൽ കൗൺസിലിന്റെ കാലാവധി തന്നെയായിരിക്കും.

## VII

## 2018–2019 സാമ്പത്തിക വർഷത്തിലെ കണക്കുകൾ അതിരൂപതാ കച്ചേരിയിൽ സമർപ്പിക്കുന്നത് സംബന്ധിച്ച്

1. അതിരൂപതയിലെ എല്ലാ പള്ളികളും കണക്കുകൾ സമർപ്പിക്കേണ്ട തീയതികൾ ഇതോട് ചേർത്തിരിക്കുന്ന ലിസ്റ്റിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ബഹുമാനപ്പെട്ട വികാരിയച്ചന്മാരും പള്ളിയിലെ കൈക്കാരന്മാരും കണക്കനും ഈ നിബന്ധനകൾ വായിച്ച് മനസ്സിലാക്കി അവയ്ക്ക് വിധേയമായി കണക്കും അനുബന്ധ റിക്കാർഡുകളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2. നിയമാനുസൃതം വിളിച്ചുകൂട്ടിയ ഇടവക പൊതുയോഗം പാസ്സാക്കിയ കണക്കുകൾ മാത്രമേ അതിരൂപതാ കച്ചേരിയിൽ സ്വീകരിക്കുകയുള്ളൂ.

3. കണക്കുകൾ യോഗത്തിൽ സമർപ്പിക്കുന്നതിനു മുമ്പായി നിയമാനുസൃതം തിരഞ്ഞെടുത്ത ഇന്റേണൽ ഓഡിറ്റർമാർ കണക്കുകൾ ഓഡിറ്റ് ചെയ്തിരിക്കേണ്ടതാണ്. അവരുടെ ഓഡിറ്റ് റിപ്പോർട്ടും സ്റ്റേറ്റുമെന്റും അതിനെ സംബന്ധിച്ച് കൈക്കാരന്മാരുടെ വിശദീകരണവും ആണ്ടു തിരട്ടോടുകൂടി യോഗത്തിൽ വായിച്ചിരിക്കണം.

ഇക്കൊല്ലം വച്ചിരിക്കുന്ന ബജറ്റ് അനുസരിച്ച് പിരിവുകൾ അടയ്ക്കുന്ന കാര്യത്തിൽ ശ്രദ്ധിക്കണം.

4. ആണ്ടുതിരട്ട് പാസ്സാക്കുന്നതോടുകൂടി അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ഇന്റേണൽ ഓഡിറ്റർമാരുടെ തെരഞ്ഞെടുപ്പും നടത്തിയിരിക്കണം.

5. അതിരൂപതാ കച്ചേരിയിൽ നിന്നും അംഗീകാരം കിട്ടിയതിനുശേഷം മാത്രമേ കൈക്കാരന്മാരും ഓഡിറ്റർമാരും അവരുടെ നിയുക്ത ജോലി ഏറ്റെടുക്കുവാൻ പാടുള്ളൂ.

6. ഇടവകപ്പള്ളിയിലെ പൊതുകണക്കിൽ ഉൾപ്പെടുത്താത്ത കുരിശു പള്ളികളുടെ കണക്കുകൾ, ഇടവകയിൽ നിന്നും നേരിട്ട് നടത്തുന്ന പദ്ധതികളെ സംബന്ധിച്ചുള്ള കണക്കുകൾ എന്നിവ പള്ളിയുടെ പൊതുക്കണക്കിനോടൊപ്പം ഇന്റേണൽ ഓഡിറ്റ് ചെയ്തിരിക്കേണ്ടതും പൊതുകണക്കിനൊപ്പം ആണ്ടുതിരട്ടുയോഗത്തിൽ പാസ്സാക്കി അതിരൂപതാ കച്ചേരിയിൽ സമർപ്പിക്കേണ്ടതുമാണ്. ഇപ്രകാരമുള്ള പ്രത്യേക കണക്കുകൾ അതിരൂപതാ കച്ചേരിയിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ കണക്കിന്റെ തുടക്കം മുതൽ 31-3-2019 വരെയുള്ള കണക്കുകൾ മേൽപ്പറഞ്ഞവിധം തയ്യാറാക്കി ഈ വർഷത്തെ ആണ്ടുതിരട്ടിനൊപ്പം അതിരൂപതാ കച്ചേരിയിൽ സമർപ്പിക്കേണ്ടതാണ്. കെട്ടിടം പണി, പദ്ധതികൾ മുതലായവ പൂർത്തീകരിച്ചാലും ഇല്ലെങ്കിലും 31-3-2019 വരെയുള്ള അവയുടെ കണക്കുകൾ ഓഡിറ്റ് ചെയ്ത് മേൽപ്പറഞ്ഞ വിധം അതിരൂപതാ കച്ചേരിയിൽ സമർപ്പിക്കേണ്ടതാണ്.

7. ആണ്ടുതിരട്ട് തയ്യാറാക്കുന്നതിനു മുൻപായി രസീതുകൾ, പാസ്സ് ബുക്കുകൾ എന്നിവ ബാങ്കിൽ കൊടുത്ത് സാമ്പത്തികവർഷം അവസാനംവരെയുള്ള ഇടപാടുകൾ പതിപ്പിക്കുകയും അതനുസരിച്ച് കണക്കുകൾ ക്രമപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

8. പൊതുകണക്കിന്റെ പേരേടിൽ പള്ളിക്ക് സാമ്പത്തിക വർഷം അവസാനം വരെയുള്ള എല്ലാ കടബാധ്യതകളുടെയും പൂർണവിവരം രേഖപ്പെടുത്തിയിരിക്കണം.

9. പള്ളിയുടെ ബാലൻസ് ഷീറ്റിൽ കാണുന്ന ആസ്തിബാധ്യതകൾ പൊതുകണക്കുമായി ഒത്തുനോക്കി വ്യത്യാസമുണ്ടെങ്കിൽ ഈ സാമ്പത്തികവർഷത്തെ ആണ്ടുതിരട്ട് തയ്യാറാക്കുമ്പോൾ ശരിയാക്കേണ്ടതാണ്.

10. മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന കാര്യങ്ങളും അതിരൂപത കച്ചേരിയിൽ കണക്ക് പരിശോധിച്ചപ്പോൾ നൽകിയ നിർദ്ദേശങ്ങളും പ്രത്യേകം പഠിച്ചുവേണം ഈ വർഷത്തെ ആണ്ടുതിരട്ട് തയ്യാറാക്കുവാൻ.

11. അതിരൂപതാ കച്ചേരിയിലേക്ക് സമർപ്പിക്കുന്ന എല്ലാ റിക്കാർഡുകളിലും, സ്റ്റേറ്റുമെന്റുകളിലും, റിപ്പോർട്ടുകളിലും ബഹുമാനപ്പെട്ട വികാരിയച്ചന്റെ കൈയൊപ്പുണ്ടായിരിക്കേണ്ടതാണ്.

12. അതിരൂപതാ കച്ചേരിയിൽ കണക്ക് സമർപ്പിക്കുവാൻ നിശ്ചയിച്ചിരിക്കുന്ന തീയതിക്ക് ഏഴുദിവസം മുമ്പെങ്കിലും ആണ്ടുതിരട്ട് പാസ്സാക്കിയിരിക്കേണ്ടതാണ്.

13. ഇടവകപ്പള്ളിയിലെ പൊതുകണക്കിൽ ഉൾപ്പെടുത്താത്തതും സ്വതന്ത്രമായി കണക്ക് സൂക്ഷിക്കുന്നതുമായ എല്ലാ കുരിശു പള്ളികളും ചാപ്പലുകളും അവയുടെ കണക്കുകൾ മേൽപ്പറഞ്ഞ നിബന്ധനകൾക്ക് വിധേയമായി അതിരൂപതാ കച്ചേരിയിൽ സമർപ്പിക്കണമെന്ന് പ്രത്യേകം നിഷ്കർഷിക്കുന്നു.

14. പ്രത്യേക ആവശ്യങ്ങൾക്കായി പള്ളിയിൽ എടുക്കുന്ന സ്തോത്രക്കാഴ്ച മുഴുവനും കണക്കിൽ വരവ് വയ്ക്കേണ്ടതും നിയമാനുസൃതമായ തുക (അതായത് താഴെക്കൊടുത്തിരിക്കുന്ന 5 പിരുവുകൾ ഒഴികെ ബാക്കി എല്ലാ പിരിവുകളുടെയും 50%) കൃത്യമായ തീയതിക്കുള്ളിൽ അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽ നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. താഴെ പറയുന്ന 5 പിരിവുകൾ പള്ളിയിൽ വിളിച്ചുപറഞ്ഞു ലഭിക്കുന്ന തുക മുഴുവനും അതിരൂപതാ കച്ചേരിയിൽ ഏൽപ്പിച്ച് രസീത് വാങ്ങേണ്ടതാണ്. ഇടവകയുടെ ആവശ്യത്തിലേക്ക് ഈ പിരിവുകളിൽ നിന്നും തുക മാറ്റി വയ്ക്കാൻ പാടുള്ളതല്ല എന്നകാര്യം ഓർമിപ്പിക്കുന്നു.

   a) ദുഃഖവെള്ളിയാഴ്ച - വിശുദ്ധനാട് സംരക്ഷണത്തിനുവേണ്ടി അയയ്ക്കുവാൻ ഉള്ളത്.

   b) മിഷൻ ഞായർ – ഒക്ടോബറിലെ മൂന്നാം ഞായർ (ആഗോള മിഷൻ പ്രവർത്തനങ്ങൾക്കുള്ളത്.)

   c) സഭാദിനം (ജൂലൈ 3) (സീറോ മലബാർ സഭാകേന്ദ്രത്തിലേക്ക് അയയ്ക്കുവാനുള്ളത്. ഒരു കുടുംബത്തിലെ ഒരംഗത്തിന് രണ്ട് രൂപ എന്ന നിരക്കിൽ അടയ്ക്കണം.)

   d) സീറോ മലബാർ മിഷൻ ദിനം – (അതിരൂപത ദത്തെടുത്തിരിക്കുന്ന ജഗദൽപൂർ മിഷന് അയച്ചുകൊടുക്കാനുള്ളത്)

   e) കാരിത്താസ് ചങ്ങനാശേരി (നോമ്പുകാലത്തെ ഒരു ഉപവാസം ദിവസം)

   f) സെമിനാരി ഫണ്ട് (പെസഹാവ്യാഴം) വൈദിക വിദ്യാർത്ഥി പരിശീലനം

15. അതിരൂപതാ കച്ചേരിയുടെ രേഖാമൂലമുള്ള കൽപ്പന കൂടാതെ അതിമെത്രാസന വിഹിതം ഉൾക്കൊള്ളുന്ന പിരിവുകൾ ഒന്നുംതന്നെ

പ്രത്യേകത ആവശ്യങ്ങളിലേക്ക് സംഭാവന എന്ന രീതിയിൽ കണക്കെഴുതുവാൻ പാടുള്ളതല്ല.

16. പള്ളിയുടെ പുനരുദ്ധാരണത്തിനും, പാരിഷ് ഹാൾ, വൈദിക മന്ദിരം മുതലായവ പണിയുന്നതിനും വ്യക്തികളിൽ നിന്ന് സ്വീകരിക്കുന്ന സംഭാവനകൾക്കും പ്രത്യേക രസീതു നൽകി ടി വരവ് പ്രത്യേകം പേരേട് നാൾവഴികളിൽ ചേർത്ത് രസീത് സഹിതം ആണ്ടുതിരട്ടോടുകൂടി പരിശോധനക്ക് വിധേയമാക്കേണ്ടതാണ്.

17. എല്ലാ പള്ളികളും 2019-2020 സാമ്പത്തികവർഷത്തിലെ ബജറ്റ് തയ്യാറാക്കി പൊതുയോഗം അംഗീകരിച്ച് 2019 ഏപ്രിൽ 30ന് മുമ്പായി അതിരൂപതാ കച്ചേരിയിൽ അംഗീകാരത്തിനു സമർപ്പിക്കേണ്ടതാണ്.

18. ഏതെങ്കിലും ഇടവകയ്ക്ക് കണക്കുകൾ അതിരൂപതാകേന്ദ്രത്തിൽ നിശ്ചിത തീയതിക്ക് മുമ്പേ സമർപ്പിക്കണമെങ്കിൽ അതിരൂപതാ അക്കൗണ്ട്സ് ഓഫീസിൽ വിളിച്ചറിയിച്ചശേഷം വരാവുന്നതാണ്. ഫോൺ: 9846479172

**അതിരൂപതാ കച്ചേരിയിൽ കണക്ക് സമർപ്പിക്കുമ്പോൾ കൊണ്ടുവരേണ്ട റിക്കാർഡുകൾ**

1. പൊതുയോഗ-പ്രതിനിധിയോഗ നിശ്ചയങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള യോഗപുസ്തകം.
2. പൊതുകണക്കിന്റെ നാൾവഴി, പേരേട്, തിരട്ട്
3. കൃഷി കണക്കിന്റെ നാൾവഴി, പേരേട്, തിരട്ട്
4. പള്ളിയുടെ പൊതുക്കണക്കിൽപ്പെടാത്ത പ്രത്യേക കണക്കുകൾ ഉണ്ടെങ്കിൽ അവയുടെ നാൾവഴി, പേരേട്, തിരട്ട്
5. ആണ്ടുതിരട്ടിന്റെ സാക്ഷ്യപ്പെടുത്തിയ കോപ്പികൾ
6. ബാങ്ക് പാസ്സ്ബുക്കുകൾ, ഡിപ്പോസിറ്റ് രസീതുകൾ
7. തന്നാണ്ട് പുതുക്കിയ മുറിച്ചാർത്തുകൾ
8. നിത്യകുർബാന, സ്കോളർഷിപ്പ് മുതലായവ എഴുതി സൂക്ഷിക്കുന്ന രജിസ്റ്ററുകൾ, തന്നാണ്ട് അതിന്റെ ബാധ്യത നിറവേറ്റിയതിന് ബഹുമാനപ്പെട്ട വികാരിയച്ചന്റെ സാക്ഷ്യം.
9. ആണ്ടുതിരട്ടും ബജറ്റും പാസാക്കിയ പൊതുയോഗ നിശ്ചയത്തിന്റെ സാക്ഷ്യപ്പെടുത്തിയ കോപ്പി.
10. ഇന്റേണൽ ഓഡിറ്റ് റിപ്പോർട്ടും അതിനെപ്പറ്റി കൈക്കാരന്റെ വിശദീകരണവും.
11. നിയമാനുസൃതം പാസാക്കിയ 2019-2020 വർഷത്തേക്കുള്ള ബജറ്റിന്റെ രണ്ട് കോപ്പികൾ.
12. ഇടവകയിലെ തൻവർഷത്തെ പ്രവർത്തന റിപ്പോർട്ട്.

**അതിരൂപതാ കച്ചേരിയിൽ കണക്ക് സമർപ്പിക്കുന്നതിന് ഓരോ ഇടവകയ്ക്കും നിശ്ചയിച്ചിട്ടുള്ള തീയതി താഴെ ചേർക്കുന്നു.**

| Name of the Churches | Date |
|---|---|
| Adoor Mar Sleeva | 17-06-2019 |
| Aickarachira St.George | 17-06-2019 |
| Alappuzha Mar Sleeva (F) | 18-06-2019 |
| Amboory St George (F) | 18-06-2019 |
| Anakulam St.Joseph | 19-06-2019 |
| Anchel Mary Matha | 19-06-2019 |
| Arattuvazhy St.Joseph | 20-06-2019 |
| Arpookara Cherupushpam | 20-06-2019 |
| Arpookara St Xavier's (Villoonni) | 21-06-2019 |
| Arumanoor Mangalavartha | 21-06-2019 |
| Aruvikuzhy Lourdes Matha | 24-06-2019 |
| Aryad Little Flower | 24-06-2019 |
| Aryankavu St.Mary's | 25-06-2019 |
| Athirampuzha St Mary's (F) | 25-06-2019 |
| Athirampuzha (Sreekandamangalam) | 26-06-2019 |
| Ayarkunnam St.Sebastian | 26-06-2019 |
| Ayoor Chirst The king (F) | 27-06-2019 |
| Ayroor Lourdes Matha | 27-06-2019 |
| Champakara St.Joseph | 27-06-2019 |
| Changanacherry Cathetral (F) | 28-06-2019 |
| Champakulam (Kalloorkad) F. | 28-05-2019 |
| Changankary St.Joseph | 28-06-2019 |
| Chanjody St.Sebastian | 01-07-2019 |
| Charamangalam Lourde Matha | 01-07-2019 |
| Charupara St Mary's | 01-07-2019 |
| Chengalam St. Sebastian`s | 02-07-2019 |
| Chengannoor Mary Matha | 02-07-2019 |
| Chengulam Nithya Sahaya Matha | 02-07-2019 |
| Chennamkary Lourdes Matha | 02-07-2019 |
| Chennamkary St. Joseph`s | 04-07-2019 |
| Cheppumpara Marth Mariam | 04-07-2019 |
| Cheriyavelinalloor St. Sebastian`s | 04-07-2019 |
| Cherukadavu Infant Jesus | 04-07-2019 |
| Cherukara St. Mary`s (Kainady) | 05-07-2019 |
| Cheruvadoor St. Sebastian`s | 05-07-2019 |
| Chethipuzha Sacred Heart | 05-07-2019 |
| Chunkapara Little Flower | 08-07-2019 |
| Dalmugham St. Mary`s | 08-07-2019 |
| Edappalayam St. George | 08-07-2019 |
| Edathuva St. George`s (F) (Koilmuk) | 09-07-2019 |
| Eara Lourdes Matha | 09-07-2019 |
| Eravinalloor Assumption | 10-07-2019 |
| Eravuchira St. Mary`s | 10-07-2019 |
| Ettumanoor Christ The King | 11-07-2019 |
| Ezhumatoor St. Joseph`s | 11-07-2019 |
| Fathimapuram Fathima Matha | 11-07-2019 |
| Ithithanam St. Mary`s | 12-07-2019 |
| Kadayinikkadu St. Mary`s | 12-07-2019 |
| Kaduvakulam Little Flower | 15-07-2019 |
| Kainday Our Lady of Dolours | 15-07-2019 |
| Kainakary St. Mary`s | 15-07-2019 |
| Kaithavana Immaculate Heart | 16-07-2019 |
| Kalavoor St Thomas | 16-07-2019 |
| Kandankary St. Joseph`s | 16-07-2019 |
| Kanichukulangara St. Antony`s | 17-07-2019 |
| Kanjikuzhy (SL Puram) St. Antony`s | 17-07-2019 |
| Kannady St. Ritas | 17-07-2019 |
| Kannady St. Joseph`s Kavalam | 17-07-2019 |
| Karavaloor Nithya Sahya Matha | 18-07-2019 |
| Karikattoor St. James | 18-07-2019 |
| Karimpanakulam Sacred Heart | 18-07-2019 |
| Karumady St. Nicholas | 19-07-2019 |
| Karuvatta St. Joseph`s | 19-07-2019 |
| Kattachira St. Francis | 19-07-2019 |
| Kavalam St. Theresas | 22-07-2019 |
| Kavalam St. Joseph`s | 22-07-2019 |
| Kavalam Lissieux | 22-07-2019 |
| Kayalpuram St. Antony`s | 23-07-2019 |
| Kayalpuram St. Joseph`s | 23-07-2019 |
| Kelamangalam Our Lady of Dolours | 24-07-2019 |
| Kidangara St. Gregory`s | 24-07-2019 |
| Kiliroor St. Francis D`Sales | 25-07-2019 |
| Kizhakkemithrakary Holy Family | 25-07-2019 |
| Kizhakkethalackal St Treasas (Pulinkunnu) | 25-07-2019 |

| Name of the Churches | Date |
|---|---|
| Kodinattukunnu St. Sebastian`s | 26-07-2019 |
| Kodupunna St. Joseph`s | 26-07-2019 |
| Kollam Mar Thoma Sleeba Mission | 29-07-2019 |
| Kollamuttam Fathima Matha (Pulinkunnu) | 29-07-2019 |
| Kondackal St. Joseph`s | 29-07-2019 |
| Kooropada Holy Cross | 02-08-2019 |
| Kottackapuram St. Mathews | 02-08-2019 |
| Kottangal St. John The Baptist | 05-08-2019 |
| Kudamaloor St. Mary`s Forane | 05-08-2019 |
| Kulathoor Little Flower | 06-08-2019 |
| Kulathupuzha St. Sebastian`s | 06-08-2019 |
| Kumarakam Holy Family (Navanazarath) | 06-08-2019 |
| Kumarakam St. John`s Vadakkumkara | 07-08-2019 |
| Kumarankary St. Mary`s | 07-08-2019 |
| Kumarapuram St. Mary`s | 07-08-2019 |
| Kunnamthanam St. Joseph`s | 08-08-2019 |
| Kurichy St. Joseph`s | 08-08-2019 |
| Kurumpanadam St. Antony`s (F) | 09-08-2019 |
| Kurumpanadam Assumption | 09-08-2019 |
| Kuttikonam Christ The King | 09-08-2019 |
| Laikadu St. Joseph`s | 12-08-2019 |
| Madappally Little Flower | 12-08-2019 |
| Mahendrapuram St. Sebastian`s | 13-08-2019 |
| Mallappally St. Athanasius | 13-08-2019 |
| Mampuzhakary Lourdes Matha | 13-08-2019 |
| Mammoodu Lourde Matha | 14-08-2019 |
| Manackachira St. Joseph`s | 14-08-2019 |
| Manalady St. Mary`s | 14-08-2019 |
| Manimala Holy Magi (F) | 16-08-2019 |
| Mannanam St. Joseph`s | 16-08-2019 |
| Mannamchery Our Lady of Perpetual Help | 16-08-2019 |
| Mannamthala Ranigiri | 19-08-2019 |
| Mannarkunnu St. Gregory`s | 19-08-2019 |
| Mannila Holy Family | 20-08-2019 |
| Mayam Marigiri (St. Mary`s) | 20-08-2019 |
| Meenkulam Lourde Matha | 20-08-2019 |
| Mithrakary St. Xavier`s | 21-08-2019 |
| Moncompu Pius Xth | 21-08-2019 |

| Name of the Churches | Date |
|---|---|
| Mudiyoorkara Holy Family | 22-08-2019 |
| Muhamma St. George`s | 22-08-2019 |
| Mundathanam St. Antony`s | 23-08-2019 |
| Mundupalam St. Mary`s | 23-08-2019 |
| Muttar St. Thomas | 26-08-2019 |
| Muttar St. Geoge`s | 26-08-2019 |
| Nalpathimala St. Thomas | 27-08-2019 |
| Narbonapuram St. Sebastian`s | 27-08-2019 |
| Narikkallu St. Mary`s | 27-08-2019 |
| Nazareth St. Jeromes (Moncompu) | 29-08-2019 |
| Nedumanni Fathima Matha | 29-08-2019 |
| Nedumkunnam St. John The Baptist (F) | 02-09-2019 |
| Nirmalapuram St. Mary`s | 02-09-2019 |
| Pacha/Chekkidikkadu Lourde Matha | 03-09-2019 |
| Pachakad Sacred Heart | 03-09-2019 |
| Padaharam St. Joseph`s | 03-09-2019 |
| Paippadu Lourdes Matha | 04-09-2019 |
| Paippadu St. Thomas | 04-09-2019 |
| Pallathuruthy St. Thomas | 05-09-2019 |
| Pallikoottumma Fathima Matha | 05-09-2019 |
| Pallikunnu St. Thomas | 05-09-2019 |
| Palode St. Mary`s | 06-09-2019 |
| Pampady Deva Matha | 06-09-2019 |
| Pandy Fathima Matha | 06-09-2019 |
| Pangada Sacred Heart | 16-09-2019 |
| Paral St. Antony`s | 16-09-2019 |
| Parampuzha Bethlehem | 17-09-2019 |
| Parel St. Mary`s | 17-09-2019 |
| Payattupakka Holy Family | 18-09-2019 |
| Pazhayeroor St. Thomas | 18-09-2019 |
| Peroorkada Lourde Hills | 18-09-2019 |
| Perumkavu St. Thomas | 19-09-2019 |
| Perunna East St. Antony`s | 19-09-2019 |
| Philgiri St. Joseph`s | 19-09-2019 |
| Podipara Holy Family | 20-09-2019 |
| Ponga Mar Sleeva | 20-09-2019 |
| Poonthope St. Francis | 20-09-2019 |
| Pulickakavala St. Mary`s | 23-09-2019 |
| Pulinkunnu St. Mary`s (F) | 23-09-2019 |
| Pullangady Holy Family | 24-09-2019 |

| Name of the Churches | Date |
|---|---|
| Punaloor Sacred Heart | 24-09-2019 |
| Punnapra St. Gregory`s | 25-09-2019 |
| Punnamada St.Mary`s | 25-09-2019 |
| Punnathura East St. Thomas | 25-09-2019 |
| Punnaveli Littile Flower | 26-09-2019 |
| Purackad Holy Cross | 26-09-2019 |
| Pushpagiri St. Joseph`s (Thellakam) | 27-09-2019 |
| Puthenagadi St. George`s | 27-09-2019 |
| Puthukary St. Xaviers | 03-10-2019 |
| Puthuppally St. Antony`s (Poomattom) | 03-10-2019 |
| Puthusserry Lourde Matha | 03-10-2019 |
| Puzhavathu St. Thomas | 04-10-2019 |
| Rajagiri Christ The King | 04-10-2019 |
| Rajamattom Sacred Heart | 04-10-2019 |
| Rajakoope Holy Cross (Aryannkavu) | 09-10-2019 |
| Ramankary St. Joseph`s | 09-10-2019 |
| Sreekaryam Emmaus (TVM) | 09-10-2019 |
| Thadiyoor St. Antony`s | 10-10-2019 |
| Thakazhy St. Ritas | 10-10-2019 |
| Thathampally St. Michael`s | 11-10-2019 |
| Thayamkary St. Antony`s | 11-10-2019 |
| Thazhathangady Sacred Heart | 14-10-2019 |
| Thazhathuvadakara Lourde Matha | 14-10-2019 |
| Punnakunnathusserry St. Joseph | 15-10-2019 |
| Thekkekara St. John`s | 15-10-2019 |
| Thekkerkara St. Sebastian`s | 16-10-2019 |
| Thekkeputhukary St. Joseph`s | 16-10-2019 |
| Thekkupara St. Mary`s | 16-10-2019 |
| Thirumala Holy Family | 17-10-2019 |
| Thirumala St. Antony`s (Muthoot) | 17-10-2019 |
| Thiruvananthapuram Lourde (F) | 17-10-2019 |
| Thottackad St. George`s | 18-10-2019 |
| Thottuvathala SH | 18-10-2019 |
| Thrikodithanam St. Xavier`s | 18-10-2019 |
| Thuruthy St. Mary`s | 21-10-2019 |
| Vadakkeamichakary St. George`s | 21-10-2019 |
| Vadakkekara St. Mary`s | 22-10-2019 |
| Vadavathur St. Thomas | 22-10-2019 |
| Vaipur St. Joseph`s | 23-10-2019 |
| Vaipur St. Mary`s | 22-10-2019 |

| Name of the Churches | Date |
|---|---|
| Vaipur-Vettikapurayidam St. Sebastian`s | 24-10-2019 |
| Vaisyambhagam St. Antony`s | 24-10-2019 |
| Vallamchira Fathima Matha | 25-10-2019 |
| Vattiyoorkavu SFS (MSF) | 25-10-2019 |
| Vavode Sacred Heart | 28-10-2019 |
| Vazhappally St. Mary`s | 28-10-2019 |
| Veliyanadu (N) St. Joseph`s | 28-10-2019 |
| Veliyanadu St. Xavier`s | 29-10-2019 |
| Veliyanadu (N) St. Gregory`s | 29-10-2019 |
| Venchempu St. George`s | 29-10-2019 |
| Veroor St. Joseph`s | 01-11-2019 |
| Vettimukal St. Mary`s | 01-11-2019 |
| Vezhapra St. Paul`s | 04-11-2019 |
| Vithura All Saints | 04-11-2019 |
| Vizhinjam St. Peter`s | 04-11-2019 |
| Ambalapuzha St. Mary`s | 05-11-2019 |
| Anickadu St. Antony`s (Mallappally) | 05-11-2019 |
| Attingal St. Jude | 05-11-2019 |
| Kannammoola Bl. Mother Theresa Centre (Petta) | 05-11-2019 |
| Karyavattam St. Joseph | 06-11-2019 |
| Kottarakkara St. Thomas Mission (CMF) | 06-11-2019 |
| Kumaranalloor St. Thomas | 06-11-2019 |
| Kundamam St. Thomas | 06-11-2019 |
| Kutchapuram St. Joseph`s | 07-11-2019 |
| Kuttara St. Gerald | 07-11-2019 |
| Nedumon St. Mary`s | 07-11-2019 |
| Niranam Thomasleeha Pilgrim Centre | 07-11-2019 |
| Padhalam Danhapally | 08-11-2019 |
| Parathy St. Alphonsa (Mayam) | 08-11-2019 |
| Pathanapuram Mar Aprem Mission | 08-11-2019 |
| Thiruvallam Sacred Heart | 08-11-2019 |
| Valikode St. George | 11-11-2019 |
| Vimalagiri Queens of Virgins | 11-11-2019 |
| Mariyapuram Mary Matha | 11-11-2019 |
| Mavelikara St. Alphonsa | 11-11-2019 |
| Pandankary St. Pius X | 12-11-2019 |
| Pongamoodu St. Alphonsa | 12-11-2019 |

ചങ്ങനാശേരി അതിരൂപതാ

# 132-ാമത് അതിരൂപതാദിനാചരണം

**2019 മെയ് 20 തിങ്കളാഴ്ച, 10:30 a.m. to 3:30 p.m.**

## അമ്പൂരി ഫൊറോനായുടെ നേതൃത്വത്തിൽ
## ദൈവദാസൻ ഫാ. അദെയോദാത്തൂസ് OCD നഗറിൽ
### (കുറ്റിച്ചൽ ലൂർദ്ദ്മാതാ എഞ്ചിനീയറിംഗ് കോളേജ് ഗ്രൗണ്ടിൽ)

പ്രിയ ബഹു. വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,

ഈ വർഷത്ത അതിരൂപതാ ദിനാഘോഷങ്ങളുടെ ഒരുക്കങ്ങൾ അമ്പൂരി ഫൊറോനയുടെ നേതൃത്വത്തിൽ ഭംഗിയായി ആരംഭിച്ചിരിക്കുന്നു. അമ്പൂരി മേഖലയിലെ ആദ്യ മിഷനറിയായ ദൈവദാസൻ ഫാ. അദെയോദാത്തൂസ് OCD യുടെ പേരിലാണ് സമ്മേളനനഗർ. മെയ് 19 ഞായറാഴ്ചത്തെ ദീപശിഖാ പ്രയാണം അമ്പൂരി കുടിയേറ്റ മേഖലയിലെ ആദ്യത്തെ ദൈവാലയമായ മായം ഇടവകയിലുള്ള ദൈവദാസൻ ഫാ. അദെയോദാത്തൂസ് സ്മൃതി മണ്ഡപത്തിൽ നിന്ന് ആരംഭിച്ച് അമ്പൂരി ഫൊറോന പള്ളിയിൽ സമാപിക്കുന്നു. തലേദിവസത്തെ അതിരൂപതാദിനാഘോഷപരിപാടികൾ (മെയ് 19) അമ്പൂരി സെന്റ് ജോർജ് പള്ളിയിൽ നടത്തപ്പെടും. മെയ് 20 തിങ്കളാഴ്ച നടക്കുന്ന അതിരൂപതാ ദിനാചരണ പരിപാടികൾ അതിരൂപത പുതുതായി ഏറ്റെടുത്ത കുറ്റിച്ചൽ ലൂർദ്ദ് മാതാ എഞ്ചിനീയറിംഗ് കോളേജിൽ ആയിരിക്കും. രാവിലെ 10:30 ന് ആരംഭിച്ച് ഉച്ചകഴിഞ്ഞ് 3:30 ന് സമാപിക്കത്തക്ക രീതിയിലാണ് ഈ വർഷത്തെ അതിരൂപതാ ദിനാചരണം ക്രമീകരിച്ചിരിക്കുന്നത്.

അമ്പൂരി ഫൊറോന ആദ്യമായി നേതൃത്വം നൽകി നടത്തുന്ന ഈ വർഷത്തെ അതിരൂപതാ ദിനാചരണത്തിൽ അതിരൂപതയിലെ എല്ലാ ഇടവകകളിൽ നിന്നും കുരിശുപള്ളികളിൽ നിന്നും സജീവമായ പങ്കാളിത്തമുണ്ടാകണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. എല്ലാ വൈദികർക്കും നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന പന്ത്രണ്ട് പ്രതിനിധികൾക്കും സമ്മേളന നഗറിൽ രാവിലെ 10:30 ന് എത്തിച്ചേരത്തക്കരീതിയിൽ ഇടവകകളിലെ വിശുദ്ധ കുർബാനയുടെ ക്രമീകരണങ്ങളും വാഹന ക്രമീകരണങ്ങളും ബഹുമാനപ്പെട്ട വികാരിയച്ചന്മാർ നേരത്തെ നടത്തേണ്ടതാണ്. അതിരൂപതാ ദിനാചരണം തീരുന്നതുവരെ (3:30 p.m.) എല്ലാവരുടേയും സാന്നിദ്ധ്യം ഉണ്ടാകണമെന്ന് പ്രത്യേകം താല്പര്യപ്പെടുന്നു.

**1. ഇടവകകൾ-കുരിശുപള്ളികളിൽ നിന്ന് അതിരൂപതാ ദിനാചരണത്തിൽ പങ്കെടുക്കേണ്ടവർ**

ബഹു. വൈദികർ, സമർപ്പിതരുടെ പ്രതിനിധി, ഇടവകയിൽ നിന്നുള്ള പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, ഫൊറോനാ കൗൺസിൽ അംഗങ്ങൾ, കൈക്കാരന്മാർ, പാരീഷ് കൗൺസിൽ സെക്രട്ടറി, സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ എന്നിവരും കത്തോലിക്ക കോൺഗ്രസ്, മിഷൻലീഗ്, യുവ

ദീപ്തി, മാതൃവേദി, പിതൃവേദി, CHASS, DCMS, KLM, DFC കുടുംബകൂട്ടായ്മ, തുടങ്ങിയ സംഘടനകളുടെ പ്രതിനിധി, കണക്കൻ, ദൈവാലയശുശ്രൂഷി എന്നിവരിൽനിന്നും 12 അംഗങ്ങളാണ് ഓരോ ഇടവകയിൽനിന്നും കുരിശു പള്ളികളിൽ നിന്നും അതിരൂപതാദിനത്തിൽ പങ്കെടുക്കേണ്ടത്. ഇടവകയിൽ നിന്നും സംബന്ധിക്കുന്ന ആളുകളുടെ പേരുവിവരങ്ങൾ അതിനുവേണ്ടി തയ്യാറാക്കിയിട്ടുള്ള ഫോമിൽ രേഖപ്പെടുത്തി മെയ് 20 ന് രജിസ്ട്രേഷൻ കൗണ്ടറിൽ ഏല്പിക്കേണ്ടതാണ്. ഇതിനുള്ള രജിസ്ട്രേഷൻ ഫോറം തപാലിൽ ലഭ്യമാക്കുന്നതാണ്.

**2. ഇടവകതല അതിരൂപതാ ദിനാഘോഷം (മെയ് 12 ഞായർ)**

അതിരൂപതാദിനത്തിന് ഒരുക്കമായി അതിരൂപതയിലെ എല്ലാ ഇടവകകളിലും കുരിശുപള്ളികളിലും 2019 മെയ് 12 ഞായറാഴ്ച ഇടവകതല അതിരൂപതാ ദിനാഘോഷം നടത്തേണ്ടതാണ്. വിശുദ്ധ കുർബാന അതിരൂപതയുടെ പൊതുനിയോഗത്തിൽ അർപ്പിക്കുകയും അതിരൂപതാ ആന്തം ആലപിക്കുകയും വിശുദ്ധ കുർബാനയെ തുടർന്ന് പേപ്പൽ പതാക ഉയർത്തുകയും ചെയ്യുക. ഓരോ ഇടവകയും അതിരൂപതാ ദിനാഘോഷം ഇടവകയിലെ മുഴുവൻ ദൈവജനത്തിനും അതിരൂപത ഒരു കുടുംബം എന്ന കൂട്ടായ്മയുടെ അനുഭവം വളരത്തക്കവിധം ഭംഗിയായി ക്രമീകരിക്കുമല്ലോ.

**3. അതിരൂപതാദിനത്തിൽ ആദരിക്കുന്നതിന് അംഗീകാരം നേടിയവർ**

സംസ്ഥാന, ദേശീയ, അന്തർദേശീയ തലത്തിൽ അംഗീകാരം നേടിയ അതിരൂപതാംഗങ്ങളെ അതിരൂപതാ ദിനത്തിൽ ആദരിക്കുന്നു. ടി വ്യക്തികളുടെ ബയോഡേറ്റാ കൃത്യമായ അനുബന്ധരേഖകളോടൊപ്പം ബഹു. വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടുകൂടി **2019 ഏപ്രിൽ 23 മുമ്പായി അതിരൂപതാ കുടുംബക്കൂട്ടായ്മ ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.**

**4. തെക്കൻ മേഖലയിലെ മികച്ച കുടിയേറ്റ സംരംഭകർക്കുള്ള പ്രത്യേക പുരസ്കാരം**

തെക്കൻ മേഖലയിലെ ഇടവകകളിൽ നിന്നുള്ള മികച്ച സംരംഭകരുടെ (കൃഷി, തേനീച്ചവളർത്തൽ, ക്ഷീര കർഷകർ തുടങ്ങിയവർ) വിശദവിവരങ്ങൾ ഫോട്ടോയോടുകൂടി വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടെ മെയ് 1 ന് മുമ്പ് അതിരൂപതാ ചാസിന്റെയോ കുടുംബകൂട്ടായ്മയുടെയോ ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

**5. പാരീഷ് ബുള്ളറ്റിൻ, പാരീഷ് ഡയറക്ടറി**

മികച്ച പാരീഷ് ബുള്ളറ്ററിൻ, പാരീഷ് ഡയറക്ടറി എന്നിവ തിരഞ്ഞെടുക്കുന്നതിനായി ഓരോന്നിന്റെയും ഒരു കോപ്പി വീതം 2019 മെയ് 2-നു മുമ്പായി അതിരൂപതാ കുടുംബകൂട്ടായ്മ ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. (2018 മെയ് 1 നും 2019 ഏപ്രിൽ 30 നും ഇടയിൽ പ്രസിദ്ധീകരിച്ചത്.)

**മാർ തോമസ് തറയിൽ**
*(സഹായ മെത്രാൻ)*

ബഹു. ഫാ. അഗസ്റ്റിൻ (ഫെലിക്സ്) പാടിയത്ത്

# ആത്മാർത്ഥത നിറഞ്ഞ സൗഹൃദങ്ങൾക്ക് ഉടമയായ പാടിയത്തച്ചൻ



പ്രിയപ്പെട്ടവർക്ക് അപ്രതീക്ഷിതമായ നൊമ്പരം നൽകിയാണ് പ്രിയ ബഹുമാനപ്പെട്ട ഫെലിക്സ് പാടിയത്തച്ചൻ വേർപിരിഞ്ഞത്. 2018 ഡിസംബർ 26-ാം തീയതി ചികിത്സക്കായി പോകുമ്പോൾ പ്രാർത്ഥിക്കണം എല്ലാം ശരിയായി തിരികെ വരുമ്പോൾ കാണാം എന്ന ആത്മവിശ്വാസത്തോടെ പറഞ്ഞിറങ്ങിയ അച്ചന്റെ വാക്കുകൾ ഇന്ന് ഒരു നീറ്റലായിമുഴങ്ങുകയാണ്...

ആത്മാർത്ഥത നിറഞ്ഞ സൗഹൃദങ്ങൾ ഫെലിക്സ് അച്ചന് എന്നും കരുത്തായിരുന്നു. പരിശീലന കാലഘട്ടങ്ങളിലും തുടർന്ന് ലഭിച്ച ശുശ്രൂഷാമേഖലകളിലും അത് തിരിച്ചറിയപ്പെട്ടതാണ്. എപ്പോഴും മുഖത്ത് നിറഞ്ഞ് നിൽക്കുന്ന പുഞ്ചിരിയും, കരുതൽ നിറഞ്ഞ ഇടപെടലുകളും, നർമ്മം നിറഞ്ഞ സംഭാഷണങ്ങളും സൗഹൃദങ്ങളെ കൂടുതൽ ആഴമുള്ളതാക്കായിരുന്നു. പ്രായഭേദമന്യേ ഏവരെയും തന്റെ സൗഹൃദവലയത്തിലേക്ക് അച്ചൻ സ്വാഗതം ചെയ്തിരുന്നു. കുട്ടികൾക്കും യുവജനങ്ങൾക്കും മാതാപിതാക്കൾക്കും അച്ചൻ ഏറെ പ്രിയപ്പെട്ടവനായിരുന്നു. ശുശ്രൂഷാകാലഘട്ടങ്ങളിൽ അച്ചൻ നടത്തിയ യുവജനശുശ്രൂഷകൾ ഏവരുടെയും മനസ്സിൽ പച്ച കെടാതെ നിൽക്കുകയാണ്. സഹവൈദികരുടെ അനുഭവങ്ങളും വ്യത്യസ്തമല്ല. പക്ഷെ അതിനുവേണ്ടി തന്റെ ഉറച്ച ബോദ്ധ്യങ്ങളിലും നിലപാടുകളിലും അച്ചൻ കലർപ്പു വരുത്തിയിരുന്നില്ല. അച്ചനുവേണ്ടി പ്രാർത്ഥിച്ചിരുന്ന അനേകായിരങ്ങളും മൃതസംസ്കാരവേളയിൽ പങ്കെടുത്തിരുന്ന ആളുകളും അച്ചന്റെ സൗഹൃദത്തിന്റെ അടയാളങ്ങളാണ്.

ബലിപീഠത്തോട് ചേർന്ന് നിൽക്കുന്ന ജീവിതമായിരുന്നു അച്ചന്റേത്. പ്രാർത്ഥിച്ചൊരുങ്ങി അർപ്പിച്ചിരുന്ന ബലികൾ വരദാനമായി ലഭിച്ച സംഗീതംകൂടി ചേർത്തപ്പോൾ ദൈവകൃപയുടെ വലിയ അനുഭവങ്ങളായി മാറിയിരുന്നു. രോഗത്താൽ കലുഷിതമായ അവസാനകാലഘട്ടത്തെ സഹനങ്ങൾ പരിഭവങ്ങളില്ലാതെ സ്വീകരിക്കാൻ അച്ചന് സാധിച്ചതും ഈ ബലിയുടെ കരുത്തുകൊണ്ടാകും.

തന്റെ രോഗവിവരം അറിഞ്ഞപ്പോൾ അതിനെ പ്രതി മറ്റാരും പ്രത്യേകിച്ച് മാതാപിതാക്കളും സഹോദരങ്ങളും നൊമ്പരപ്പെടരുത് എന്ന് അച്ചന് നിർബന്ധമായിരുന്നു. പലപ്രാവശ്യം അത് തന്റെ സുഹൃത്തുക്കളോട് പറയുകയും ചെയ്തിരുന്നു. അച്ചന്റെ സഹനങ്ങൾ മിശിഹായുടെ ബലിയോട് ചേർക്കപ്പെടുകയായിരുന്നു. അച്ചനുവേണ്ടി പ്രാർത്ഥിച്ചിരുന്ന അനേകർ ഇന്നും ഒരുമാദ്ധ്യസ്ഥ്യം പോലെ അത് തുടരുകയാണ്.

ലളിതമായ ജീവിതശൈലി അനുവർത്തിച്ചിരുന്ന അച്ചൻ മറ്റുള്ളവരോട് വലിയകരുതൽ സൂക്ഷിക്കുന്നതിലും വീഴ്ചവരുത്തിയിരുന്നില്ല. തന്റെ കയ്യിൽ ഉള്ളതൊക്കെയും നിർദ്ധനരായ ഒരുകുടുംബത്തിനു നല്കണമെന്നതായിരുന്നു അച്ചന്റെ ആഗ്രഹം. സഹപാഠികളോട് അച്ചൻ അത് സൂചിപ്പിക്കുകയും ചെയ്തിരുന്നു.

1986 മാർച്ച് 3-ാം തീയതി വെട്ടിമുകൾ എം.സി. എബ്രാഹം-ത്രേസ്യാമ്മ ദമ്പതികളുടെ രണ്ടാമത്തെ മകനായി ഭൂജാതനായ ബഹുമാനപ്പെട്ട ഫെലിക്സ് അച്ചൻ സെന്റ് ജോസഫ് ടൗൺ സ്കൂളിലും ഇമ്മാനുവേൽ ഹയർ സെക്കണ്ടറി സ്കൂളിലും എസ്.ബി. ഹയർ സെക്കണ്ടറി സ്കൂളിലുമായി സ്കൂൾ വിദ്യാഭ്യാസവും ചങ്ങനാശേരി എസ്.ബി. കോളേജിൽ എം.എ. പഠനവും പൂർത്തിയാക്കി കുറിച്ചി മൈനർ സെമിനാരിയിലും കുന്നോത്ത് മേജർ സെമിനാരിയിലും ആലുവാ പൊന്തിഫിക്കൽ സെമിനാരിയിലുമായി വൈദിക പരിശീലനം നേടിയ അച്ചൻ 2013 ഡിസംബർ 31-ാം തീയതി പുരോഹിതനായി അഭിഷിക്തനായി.

എടത്വാ ഫൊറോന പള്ളിയിൽ വൈദിക ശുശ്രൂഷ ആരംഭിച്ച അച്ചൻ അഞ്ചൽ, പഴയൂർ, മീൻകുളം സ്കൂൾ, കുമരകം വടക്കുംകര എന്നീ ഇടവകകളിൽ ശുശ്രൂഷ ചെയ്തു. കുമരകത്തെ ശുശ്രൂഷകളൊടൊപ്പം കോട്ടയം സീരിയിൽ സുറിയാനി പഠിക്കുന്നതിനും അച്ചൻ സമയം കണ്ടെത്തിയിരുന്നു. ദീർഘനാൾ ആശുപത്രികളിൽ രോഗശയ്യയിലായിരുന്ന അദ്ദേഹം 2019 ഫെബ്രുവരി മാസം 25-ാം തീയതി ദൈവസന്നിധിയിലേക്ക് യാത്രയായി. 2019 ഫെബ്രുവരി മാസം 27-ാം തീയതി മാതൃ ഇടവകയായ വെട്ടിമുകൾ സെന്റ് മേരീസ് ദൈവാലയത്തിൽ അഭിവന്ദ്യ ജോസഫ് പോരുംന്തോട്ടം പിതാവിന്റെയും അഭിവന്ദ്യ തോമസ് തറയിൽ പിതാവിന്റെയും കാർമ്മികത്വത്തിൽ മൃതസംസ്കാര ശുശ്രൂഷകൾ നടത്തപെട്ടു.

1986 ലെ മംഗളവാർത്താതിരുനാളിൽ ഈ ഭൂമിയിൽ ജന്മം കൊണ്ട കർത്താവിന്റെ തിരുവയസ്സോളം ഭൂമിയിൽ ശുശ്രൂഷ നൽകിയ ഫെലിക്സച്ചൻ നമുക്കുവേണ്ടി സ്വർഗ്ഗത്തിൽ പ്രാർത്ഥിക്കുന്നുണ്ട് നമുക്കു വിശ്വസിക്കാം.

**ഫാ. ജോസഫ് പുരയ്ക്കൽ**

## അവധിക്കാല ക്യാമ്പ്

മേജർ സെമിനാരിക്കാർ അവധിക്കാലത്ത് എല്ലാ ഇടവകകളിലും, സൺഡേ സ്കൂൾ കുട്ടികൾക്കും യുവജനങ്ങൾക്കുമായി ക്യാമ്പുകളും ധ്യാനവും നടത്താൻ സന്നദ്ധരാണ്. മാർച്ച് മുതൽ മെയ് വരെയുള്ള അവധിക്കാലത്ത് ക്യാമ്പുകൾ നടത്താൻ ആഗ്രഹിക്കുന്ന അച്ചന്മാർ എത്രയും വേഗം താഴെ പേര് നല്കിയിരിക്കുന്ന ബ്രദേഴ്സുമായി ബന്ധപ്പെടുക.

**ഫാ. തോമസ് പാടിയത്ത്**

| | | | |
|---|---|---|---|
| Programme Co-ordinators | : | **Bro. Bibin Kocheethra** | 8157834367 |
| | : | **Bro. Rijo Edamuriyil** | 7034721968 |
| Common Leader | : | **Bro. Tinson Narithuruthel** | 8281880991 |

# 20-ാമത് ബൈബിൾ കൺവൻഷൻ റിപ്പോർട്ട്

അമ്പത് നോമ്പ് ആചരണത്തിന് ഫലപ്രദമായ ഒരുക്കമായി നോമ്പുകാലത്തിന്റെ ആദ്യ ആഴ്ചയിലാണ് അതിരൂപത ബൈബിൾ കൺവൻഷൻ എല്ലാ വർഷവും നടത്തുന്നത്. 2019 മാർച്ച് 5 മുതൽ 9 വരെ, രാവിലെ 9 മുതൽ വൈകുന്നേരം 4 വരെയും രണ്ടാമത്തെ സെഷൻ 4.30 മുതൽ 9 വരെയും കൺവൻഷൻ ശുശ്രൂഷകൾ ഭംഗിയായി നടത്തുവാൻ കഴിഞ്ഞു.

ദൈവവചനം മാംസം ധരിപ്പിച്ച് ലോകത്തിന്റെ രക്ഷകനും സർവജനത്തിനും സദ്വാർത്തയുമായി ഈശോയെ നൽകിയ പരിശുദ്ധ അമ്മയുടെ നാമത്തിലുള്ള പാറേൽപ്പള്ളി മൈതാനിയിൽ മനോഹരമായി സജ്ജമാക്കിയ കൺവൻഷൻ വേദിയിലേക്ക് ആയിരങ്ങൾ എത്തിച്ചേർന്നു. അഭിവന്ദ്യപിതാക്കന്മാരും, അനുഗ്രഹീത വചനപ്രഘോഷകരും, വൈദികരും സന്യസ്തരും ദൈവജനവും ദൈവാരാധനയും വിശുദ്ധ കുർബാന അർപ്പണവും ദൈവവചന പ്രഘോഷണ വും യാമപ്രാർത്ഥനകളും സ്നേഹവിരുന്നും സ്തോത്രക്കാഴ്ച സമർപ്പണവും വോളണ്ടിയേഴ്സിന്റെ ശുശ്രൂഷകളും... എല്ലാം ഒത്തുചേർന്നപ്പോൾ യഥാർത്ഥ സഭാകൂട്ടായ്മയുടെ അനുഭവമായി തീർന്നു.

നമ്മുടെ അതിരൂപതയിൽ പഞ്ചവത്സര അജപാലന പദ്ധതിയുടെ രണ്ടാം വർഷത്തിൽ, ദൈവവചനത്തിന് മുഖ്യസ്ഥാനം കൊടുത്തുകൊണ്ടുള്ള അജ പാലന കർമ്മപരിപാടികൾക്ക് രൂപം കൊടുക്കുന്ന വേളയിൽ, അതിന് ഊന്നൽ നല്കിക്കൊണ്ട് 'വചനം - ജീവിത വെളിച്ചം' എന്നതാണ് കൺവൻഷന്റെ കേന്ദ്രവിഷയമായി അവതരിപ്പിച്ചത്. ''അവൻ നിങ്ങളോട് പറയുന്നത് ചെയ്യുവിൻ'' (യോഹ. 2:5) എന്ന തിരുവചനമാണ് ആദർശവാക്യമായി സ്വീകരിച്ചത്.

അഭിവന്ദ്യ പെരുന്തോട്ടം പിതാവ് കൺവൻഷൻ ഉദ്ഘാടനം ചെയ്തുകൊണ്ട് പറഞ്ഞു: ''ദൈവവചനം മനുഷ്യജീവിതത്തിന് മാർഗ്ഗദീപമാകണം. ദൈവത്തെ അറിയാനും സ്നേഹിക്കാനും അനുസരിക്കാനും നിത്യജീവൻ പ്രാപിക്കാ നുമാണ് ദൈവം നമ്മെ തെരഞ്ഞെടുത്തിരിക്കുന്നത്. ദൈവത്തിന്റെ വിളിക്ക നുസരിച്ച് ഉത്തരം നൽകാൻ നമുക്ക് കഴിയണം. വിശ്വാസപരവും ധാർമ്മികവുമായ കാര്യങ്ങളിൽ സഭയ്ക്ക് തെറ്റുപറ്റുകയില്ലെന്നും സഭയിലൂടെയാണ് ഈശോയെ അടുത്ത് അറിയേണ്ടതും. മദ്യം, മയക്കുമരുന്ന്, ആഡംബരം, സാത്താൻസേവ തുടങ്ങിയ കടുത്ത തിന്മകൾക്കെതിരെ വിശ്വാസസമൂഹം ജാഗ്രതപുലർത്തണം.'' സമാപനദിനത്തിലും അഭിവന്ദ്യ പിതാവ് സന്ദേശവും ആശീർവാദവും നൽകു വാൻ എത്തിയിരുന്നു.

അഭിവന്ദ്യ തറയിൽ പിതാവ് കൺവൻഷന്റെ രണ്ടാം ദിവസം രണ്ടു മണിക്കൂർ വചനപ്രഘോഷണം നടത്തി. ''ശത്രുക്കളോട് അതിരുകളില്ലാതെ ക്ഷമിച്ച് അളവുകളില്ലാത്ത ദൈവകൃപനേടി പുതിയ മനുഷ്യരായി തീരാൻ വചനശ്രവണം നമ്മെ സഹായിക്കണം. ക്ഷമിക്കുന്നവന്റെ മുഖം ദൈവത്തിന്റെ മുഖം പോലൊണ്. ക്ഷമയുടെയും കാരുണ്യത്തിന്റെയും ഉദാത്ത മാതൃകയാണ് ഈശോയുടെ കുരിശിലെ ബലിയിലൂടെ നമ്മൾ അനുഭവിക്കുന്നത്. പരസ്പരം മനസ്സിലാക്കുന്നവരുടെയും ക്ഷമിക്കുന്നവരുടെയും കൂട്ടായ്മയാണ് സഭ'' എന്ന് തറയിൽ പിതാവ് ഓർമ്മിപ്പിച്ചു.

അഭിവന്ദ്യ പവ്വത്തിൽ പിതാവ് ചികിത്സയിലും വിശ്രമത്തിലും ആയതിനാൽ ഇത്തവണ കൺവൻഷനിൽ പങ്കെടുക്കാൻ സാധിച്ചില്ല.

അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ഒരു ദിവസം മുഴുവൻ വചന പ്രഘോഷണം നടത്തി. "ഈശോയെ കണ്ടെത്തലാണ് മനുഷ്യന്റെ പ്രതിസന്ധിക്ക് ഉത്തരം. വചനത്തിലൂടെയും കൂദാശകളിലൂടെയും ഈശോയെ അനുദിനം നാം കണ്ടത്തണം. മനസ്സിനെ ഭാരപ്പെടുത്തുന്ന സങ്കടങ്ങൾക്ക് പരിശുദ്ധ കന്യകാ മറിയം പരിഹാരമാണെന്നും" പിതാവ് ഓർമ്മിപ്പിച്ചു.

അനുഗ്രഹീത വചനപ്രഘോഷകർ - റവ. ഫാ. ഡൊമിനിക് വാളംന്മാൽ, റവ. ഡോ. മാണി പുതിയിടം, മോൺ. ഡോ. സെബാസ്റ്റ്യൻ പൂവത്തിങ്കൽ, റവ. ഫാ. ജോർജ്ജ് കാട്ടൂർ MCBS, റവ. ഫാ. ആദർശ് കുമ്പളത്ത്, പെരിയ ബഹു. വികാരി ജനറാൾമാരായ ഡോ. ജോസഫ് മുണ്ടകത്തിൽ, ഡോ. ഫിലിപ്സ് വടക്കേക്കളം, മല്പാൻ ഡോ. മാത്യു വെള്ളാനിക്കൽ എന്നിവർ വിവിധ ദിവസങ്ങളിൽ വചന പ്രഘോഷണം നടത്തി.

ചങ്ങനാശേരി, തൃക്കൊടിത്താനം, കുറുമ്പനാടം, തുരുത്തി ഫൊറോനകളിലെ ബഹുമാനപ്പെട്ട വൈദികരും വിവിധ ദിവസങ്ങളിൽ സമൂഹബലി അർപ്പിച്ചു.

ജപമാലയും, കരുണക്കൊന്തയും സ്ലീവാപ്പാതയും ദിവ്യകാരുണ്യ ആരാധനയും നടത്തി ലോകം മുഴുവനു വേണ്ടിയും സഭയുടെ വിവിധങ്ങളായ പ്രേഷിത പ്രവർത്തനങ്ങൾക്കുവേണ്ടിയും ദൈവവിളിക്കുവേണ്ടിയും വൈദിക-സമർപ്പിതർക്കുവേണ്ടിയും രോഗികൾക്കും പാറേൽ മരിയൻ തീർത്ഥാടന ദൈവാലയ നിർമ്മാണത്തിനുവേണ്ടിയും നിരന്തരം പ്രാർത്ഥനകൾ നടത്തി.

വൈദികരുടെ കാർമ്മികത്വത്തിൽ ഒൻപതുമണിക്ക് ഖുഥ്ആ പ്രാർത്ഥനയും ഉച്ചയ്ക്ക് എന്താനയും ആഘോഷമായി നടത്തുമായിരുന്നു. കൺവൻഷന്റെ സമാപനദിനം ഉപവാസദിനമായി ആചരിച്ചു.

ഈ വർഷം ഏതാണ്ട് പതിമൂവായിരം ആളുകൾ നേരിട്ട് കൺവൻഷനിൽ പങ്കെടുത്തു. പുന്നപ്ര ഐ.എം.എസ്. ധ്യാനകേന്ദ്രത്തിന്റെ സാന്താമരിയ മീഡിയ മിനിസ്ട്രി വഴി തത്സമയ പ്രേക്ഷേപണത്തിലൂടെ ഒരു ലക്ഷത്തോളം ആളുകൾ വിദേശത്തും ദൂരെയിരുന്നു കൺവൻഷൻ ശുശ്രൂഷകളിൽ പങ്കെടുക്കുകയുണ്ടായി. ഫെയ്സ്ബുക്കിലും യു-റ്റ്യൂബിലും തുടർന്നും കാണുവാനുള്ള സൗകര്യമുണ്ടായിരുന്നു.

കൺവൻഷന്റെ ആറാംദിവസം സീനിയർ സിറ്റിസൺസ് സംഗമവും നടത്തി. അഭിവന്ദ്യ പെരുന്തോട്ടം പിതാവ് സംഗമം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. 94 വയസുവരെയുള്ളവർ പങ്കെടുത്തു. ഡോ. റൂബിൾ രാജ് ക്ലാസ്സെടുത്തു. സ്നേഹവിരുന്നും കലാപരിപാടികളും ക്രമീകരിച്ചിരുന്നു. 400-ലേറെ വന്ദ്യവയോധികർ പങ്കെടുത്തു. പ്രായമായവർക്കു മാത്രമായി തീർത്ഥാടന-ഉല്ലാസയാത്രയും ഒരുക്കിയിരുന്നു.

കൺവൻഷന്റെ എല്ലാചെലവുകളും നിറവേറ്റുന്നത് പങ്കെടുക്കുന്ന ദൈവജനം നൽകുന്ന സ്തോത്രക്കാഴ്ചയും ഉദാരമതികളുടെ സംഭാവനകൾകൊണ്ടുമാണ്. കൺവൻഷൻ ദിവസങ്ങളിൽ കൊടുത്തുവിടുന്ന വചനക്കുടുക്കയിൽ നിന്നും ലഭിക്കുന്ന തുകയും വലിയ സഹായമാകുന്നു. വരവ് ചെലവ് കണക്കുകൾ കൺവൻഷൻ കമ്മിറ്റിയിൽ അവതരിപ്പിക്കുകയും മിച്ചമുണ്ടെങ്കിൽ കൺവൻഷന്റെ അക്കൗണ്ടിൽ അടയ്ക്കുകയും ചെയ്യുന്നു.

പാറേൽപ്പള്ളി വികാരി ബഹു. ജേക്കബ് വാരിക്കാട്ട് അച്ചനും കൈക്കാരന്മാരും കമ്മറ്റി അംഗങ്ങളും ഇടവകജനവും നൽകുന്ന ത്യാഗനിർഭരമായ നേതൃത്വവും സേവനവും അതിരൂപത ബൈബിൾ കൺവൻഷന്റെ കരുത്താണ്. വിവിധ കമ്മിറ്റി കൺവീനർമാരും വിവിധ ഇടവകകളിൽ നിന്നുമുള്ള നൂറിലേറെ വരുന്ന വോളണ്ടിയേഴ്സും നൽകുന്ന നിസ്വാർത്ഥവും ആത്മാർത്ഥവുമായ സേവനവും കൺവൻഷൻ അനേകർക്ക് അനുഗ്രഹമാക്കിത്തീർക്കുന്നു. ആയിരങ്ങൾക്ക് ഉച്ചഭക്ഷണം കൊടുക്കുന്നതും പാറേൽ കൺവൻഷന്റെ പ്രത്യേകതയാണ്. സെന്റ് ജോസഫ് ഓർഫനേജ് പ്രസ്സ് ആവശ്യമായിടത്തോളം നോട്ടീസ് സൗജന്യമായി അച്ചടിച്ചു നൽകി. റേഡിയോ മീഡിയ വില്ലേജ് കൺവൻഷൻ വാർത്തകൾ ജനങ്ങളിൽ എത്തിച്ചു. ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിന്റെ വൈദ്യസഹായവും ഉണ്ടായിരുന്നു. അമല തിയോളജിക്കൽ കോളേജ് കൺവൻഷൻ ആവശ്യങ്ങൾക്കായി നൽകിയതും നന്ദിയോടെ ഓർക്കുന്നു.

ഈശോയുടെ വചനം വിടുതലിൻ വചനം, സൗഖ്യത്തിൻ വചനം, സർവ്വശക്തന്റെ വചനം.... അമ്പതുദിനങ്ങളിൽ ജനഹൃദയങ്ങളിൽ വാരിവിതറി. ആത്മാവിൻ ശക്തി, അത്യുന്നത ശക്തി... എന്നിൽ നിറയട്ടെ, സഭയിൽ നിറയട്ടെ... ലോകം മുഴുവൻ കത്തിപ്പടരട്ടെ... എന്ന പ്രാർത്ഥനയോടെ കൺവൻഷൻ ശുശ്രൂഷകൾ അനുഗ്രഹപ്രദമായി സമാപിച്ചു. അഭിവന്ദ്യ പിതാക്കന്മാർക്കും വികാരി ജനറാൾ അച്ചന്മാർക്കും ബൈബിൾ അപ്പസ്തോലേറ്റിന്റെ ചുമതല ഏറ്റെടുത്തിരിക്കുന്ന പെരിയ ബഹു. തോമസ് പാടിയത്ത് അച്ചനും ഡയറക്ടർ ബഹു. ജെന്നി കായംകുളത്തുശ്ശേരി അച്ചനും പാറേൽപ്പള്ളിയിലെ ബഹു. സഹവികാരിമാർക്കും ഇടവക ജനങ്ങളെ കൺവൻഷന് പറഞ്ഞുവിട്ട ബഹു. വികാരിയച്ചന്മാർക്കും ബഹു. സിസ്റ്റേഴ്സിനും എല്ലാ വോളണ്ടിയേഴ്സിനും ഏതെങ്കിലും വിധത്തിൽ കൺവൻഷനുമായി സഹകരിച്ച എല്ലാവർക്കും ഒത്തിരി നന്ദിയും പ്രാർത്ഥനകളും നേരുന്നു.

**ഫാ. തോമസ് പ്ലാപ്പറമ്പിൽ**
(കൺവൻഷൻ കോ-ഓർഡിനേറ്റർ)

## അടിയന്തിര ശ്രദ്ധയ്ക്ക്

1. 12A രജിസ്ട്രേഷൻ ഇല്ലാത്ത പള്ളികളിൽ എത്രയുംവേഗം രജിസ്ട്രേഷൻ നടത്തുവാൻ നടപടി എടുക്കുക. വിശദവിവരങ്ങൾക്കായി അതിരൂപതാ ഫാ. പ്രൊക്യുറേറ്ററുമായി ബന്ധപ്പെടുക.Mob: 9961874186
2. കുർബാനയ്ക്കുള്ള വീഞ്ഞ് കുപ്പി ഒന്നിന് ഏപ്രിൽ 1 മുതൽ 140/- രൂപ ആയിരിക്കും.

ഉത്ഥിതനീശോയിൽ പ്രിയമുള്ളവരേ,

പഞ്ചത്സര അജപാലനപദ്ധതിയുടെ ദ്വിതീയവർഷത്തിന്റെ പഠനവിഷയമായവചനം ജീവിതവെളിച്ചം എന്ന ലഘു ഗ്രന്ഥത്തെ അടിസ്ഥാനമാക്കിയുള്ള പഠനങ്ങൾ കൂട്ടായ്മകളിലുംഇതരതലങ്ങളിലും നടക്കുന്നുണ്ടെന്നുകരുതുന്നു. പഞ്ചത്സര അജപാലനപദ്ധതി വിഭാവനം ചെയ്യുന്ന ഒരു പ്രധാന കാര്യംആരാധനാവത്സരകാലത്തിന്റെചൈതന്യമനുസരിച്ചുള്ളഒരു അജപാലനപ്രവർത്തന ശൈലിരൂപപ്പെടുത്തുക എന്നതാണല്ലോ. ഉയിർപ്പുകാലത്ത്നമ്മുടെ ആരാധനാജീവിതത്തിന്റെ കേന്ദ്രമായ മിശിഹായുടെ ഉയിർപ്പ് നാം ആഘോഷിക്കുമ്പോൾ, ഉയിർപ്പിന്റെചൈതന്യത്താൽ നിറയുവാനുംസഭയുടെആരാധനക്രമത്തിൽ അധിഷ്ഠിതമായആത്മീയജീവിതം നയിക്കുവാനും പ്രത്യേകം പരിശ്രമിക്കാം. നമ്മുടെ മാതൃസഭയുടെആരാധനാചൈതന്യംദൈവജനം മുഴുവനുംലഭ്യമാകത്തക്കവിധം കൂദാശകളുംകൂദാശാനുകരണങ്ങളുംയാമപ്രാർത്ഥനകളുംഅതിന്റെ പൂർണ്ണതയിൽനമുക്കുനിർവഹിക്കാം. ഉയിർപ്പാഘോഷത്തിന്റെതുടർച്ചയായഞായറാഴ്ചയാചരണത്തിന്റെ പ്രാധാന്യവുംസ്വഭാവവും മനസിലാക്കി പ്രവർത്തിക്കാം. കഴിഞ്ഞവർഷത്തേതിന്റെതുടർച്ചയായിദൈവാരാധസംബന്ധമായി ഈ വർഷം നടപ്പിലാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:

## ദൈവാരാധന

1. നമ്മുടെ ആരാധനക്രമത്തിന്റെആഴമായ വിശുദ്ധഗ്രന്ഥാടിസ്ഥാനം മനസ്സിലാക്കാനുംദൈവവചനത്തിലധിഷ്ഠിതമായ പ്രാർത്ഥനകൾ ധ്യാനിക്കാനും ഉതകുന്ന ലഘുഗ്രന്ഥംതയ്യാറാക്കി നല്കുക; അല്ലെങ്കിൽസത്യദർശനത്തിലൂടെ പ്രസിദ്ധീകരിക്കുക; ദൈവജനത്തെ അതു പഠിപ്പിക്കുക.

2. വചനത്തിനായുള്ളദൈവജനത്തിന്റെദാഹംശമിപ്പിക്കാൻ ഉതകുന്നവിധത്തിലുംആരാധനാവത്സരക്കാലത്തിന്റെചൈതന്യംവ്യക്തമാക്കുന്ന വിധത്തിലുംഞായറാഴ്ചകളിലെവചനപ്രഘോഷണം നടത്തുക. സാധാരണദിവസങ്ങളിലുംചെറിയവചനവിചിന്തനങ്ങൾ നൽകുക.

3. മിഷൻലീഗിന്റെ നേതൃത്വത്തിൽമദ്ബഹാശുശ്രൂഷികൾക്കായി പ്രത്യേകആരാധനാക്രമ പരിശീലനം ക്രമീകരിക്കുക. അതിരൂപതാതലത്തിൽ നല്കുന്ന പൊതുനിർദ്ദേശങ്ങളുടെഅടിസ്ഥാനത്തിൽഎല്ലാഫൊറോനകളിലുംഅത് നടത്തുക.

4. കൂദാശകളുടെസ്വീകരണംഇപ്പോൾ ബാഹ്യതലങ്ങളിൽഒതുങ്ങിപ്പോകുന്നു. അതുകൊണ്ട്ഓരോകൂദാശയും - പ്രത്യേകിച്ച്ആഘോഷമായകുർബാനസ്വീകരണം, വിവാഹം - സ്വീകരിക്കുന്നവരെഅതിന്റെകൃപ സ്വീകരിക്കാൻ സഹായിക്കത്തക്കവിധം അകന്നതുംഅടുത്തതുമായഒരുക്കങ്ങൾ നടത്തുക.

5. കാർമ്മികൻ ബേമ്മയിൽ ബലിപീഠത്തിനഭിമുഖമായാണ് മദ്ധ്യസ്ഥപ്രാർത്ഥനകൾ നടത്തേണ്ടത്. അതുപോലെവിരിപ്പിനുസമീപം ബലിപീഠത്തിലേക്കുതിരിഞ്ഞാണ്മരിച്ചവർക്കുവേണ്ടിയുള്ളഒപ്പീസ് നടത്തേണ്ടത്.

**ഫാ. വർഗീസ് താനമാവുങ്കൽ**
*(കോർഡിനേറ്റർ, പഞ്ചവത്സര അജപാലന പദ്ധതി)*

## അതിരൂപത കുട്ടനാട് പുനർനിർമ്മാണ പദ്ധതി

ചങ്ങനാശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ കുട്ടനാട്ടിൽ നടത്തപ്പെടുന്ന പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി മാർച്ച് മാസം വിവിധ പദ്ധതികളിൽ സഹായവിതരണം നടത്തി.

### (1) PERK-പദ്ധതി

ഇറ്റാലിയൻ ബിഷപ്പ്സ് കോൺഫ്രൻസിന്റെ (CEI) സഹായത്തോടെ മുട്ടാർ, എടത്വാ, തകഴി ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കുന്ന PERK- Participatory Effort (Relief, Rehabilitation, Resettlement in Kuttanadu) പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ താഴെപ്പറയുന്ന സഹായങ്ങൾ നൽകി.

**a. ശൗചാലയനിർമ്മാണം (മാർച്ച് 15)**

| ഇടവക | ഗുണഭോക്താക്കളുടെ എണ്ണം | CEI സംഭാവന | ഗുണഭോക്തൃ വിഹിതം | ആകെ പദ്ധതി തുക |
|---|---|---|---|---|
| എടത്വാ | 7 | 105000 | 35000 | 140000 |
| ചങ്ങങ്കരി | 5 | 75000 | 25000 | 100000 |
| മുട്ടാർ CMI | 2 | 30000 | 10000 | 40000 |
| കൊടുപ്പുന്ന | 5 | 75000 | 25000 | 100000 |
| പച്ച | 6 | 90000 | 30000 | 125000 |
| മുട്ടാർ ഓൾഡ് | 5 | 75000 | 25000 | 100000 |
| മുട്ടാർ ന്യൂ | 4 | 60000 | 20000 | 80000 |
| മരിയാപുരം | 4 | 60000 | 20000 | 80000 |
| പുതുക്കരി | 4 | 60000 | 20000 | 80000 |
| കിഴക്കേമിത്രക്കരി | 4 | 60000 | 20000 | 80000 |
| തകഴി | 4 | 60000 | 20000 | 80000 |
| പടഹാരം | 3 | 45000 | 15000 | 60000 |
| **ആകെ** | **53** | **795000** | **265000** | **1065000** |

**b. താറാവ് കൃഷി-മാർച്ച് 16 (ഒരു ഗുണഭോക്താവിന് 25 താറാവ്)**

| ഇടവക | ഗുണഭോക്താക്കളുടെ എണ്ണം | CEI സംഭാവന | ഗുണഭോക്തൃ വിഹിതം | ആകെ പദ്ധതി തുക |
|---|---|---|---|---|
| തകഴി | 17 | 68000 | 17000 | 80000 |
| എടത്വാ | 4 | 16000 | 4000 | 20000 |
| കരുമാടി | 10 | 40000 | 10000 | 50000 |
| പടഹാരം | 10 | 40000 | 10000 | 50000 |

| | | | | |
|---|---|---|---|---|
| പച്ച | 11 | 44000 | 11000 | 55000 |
| മുട്ടാർ ന്യൂ | 8 | 32000 | 8000 | 40000 |
| മരിയാപുരം | 12 | 48000 | 12000 | 60000 |
| പാണ്ടങ്കരി | 10 | 40000 | 10000 | 50000 |
| കോയിൽമുക്ക് | 8 | 32000 | 8000 | 40000 |
| കൊടുപ്പുന്ന | 2 | 8000 | 2000 | 10000 |
| തായങ്കരി | 10 | 40000 | 10000 | 50000 |
| കേളമംഗലം | 6 | 24000 | 6000 | 30000 |
| **ആകെ** | **108** | **432000** | **108000** | **540000** |

**c. ആട് വളർത്തൽ (മാർച്ച് 15, 25, 26) (ഒരു ഗുണഭോക്താവിന് 2 ആടുകൾ)**

| ഇടവക | ഗുണഭോക്താക്കളുടെ എണ്ണം | CEI സംഭാവന | ഗുണഭോക്തൃ വിഹിതം | ആകെ പദ്ധതി തുക |
|---|---|---|---|---|
| എടത്വാ | 8 | 80000 | 16000 | 96000/- |
| തായങ്കരി | 3 | 30000 | 6000 | 36000/- |
| കൊടുപ്പുന്ന | 4 | 40000 | 8000 | 48000/- |
| ചങ്ങങ്കരി | 5 | 50000 | 10000 | 60000/- |
| മുട്ടാർ CMI | 2 | 20000 | 4000 | 24000/- |
| മുട്ടാർ ന്യൂ | 4 | 80000 | 16000 | 96000/- |
| മുട്ടാർ ഓൾഡ് | 6 | 60000 | 12000 | 72000/- |
| പുതുക്കരി | 3 | 30000 | 6000 | 36000/- |
| **ആകെ** | **35** | **390000** | **78000** | **468000** |

**d. പെട്ടിക്കട (മാർച്ച് 15)**

| ഇടവക | ഗുണഭോക്താക്കളുടെ എണ്ണം | ഇളക സംഭാവന | ഗുണഭോക്തൃ വിഹിതം | ആകെ പദ്ധതി തുക |
|---|---|---|---|---|
| തകഴി | 4 | 60000 | 20000 | 80000/- |
| എടത്വാ | 5 | 75000 | 25000 | 100000/- |
| കരുമാടി | 3 | 45000 | 15000 | 60000/- |
| പച്ച | 6 | 90000 | 30000 | 120000/- |
| മിത്രക്കരി | 2 | 30000 | 10000 | 40000/- |
| മുട്ടാർ ന്യൂ | 2 | 30000 | 10000 | 40000/- |
| മരിയാപുരം | 3 | 45000 | 15000 | 60000/- |
| പാണ്ടങ്കരി | 3 | 45000 | 15000 | 60000/- |
| കോയിൽമുക്ക് | 4 | 60000 | 20000 | 80000/- |

| | | | | |
|---|---|---|---|---|
| കൊടുപ്പുന്ന | 2 | 30000 | 10000 | 40000/- |
| ചങ്ങങ്കരി | 3 | 45000 | 15000 | 60000/- |
| മുട്ടാർ ഓൾഡ് | 4 | 60000 | 20000 | 80000/- |
| തായങ്കരി | 3 | 45000 | 15000 | 60000/- |
| കിഴക്കേമിത്രക്കരി | 3 | 45000 | 15000 | 60000/- |
| പുതുക്കരി | 2 | 30000 | 10000 | 40000/- |
| മുട്ടാർ CMI | 1 | 15000 | 5000 | 2000/- |
| **ആകെ** | **50** | **750000** | **250000** | **1000000** |

## (2) ECHO പ്രോഗ്രാം

### a. സ്വയംതൊഴിൽ സഹായം

കാരിത്താസ് ഇൻഡ്യ യൂറോപ്യൻ യൂണിയനുമായി സഹകരിച്ച് കൈനകരി, ചമ്പക്കുളം, നെടുമുടി ഗ്രാമപഞ്ചായത്തുകളിൽ സ്വയംതൊഴിൽ സംരംഭങ്ങൾക്ക് 10000/- രൂപ വീതം 801 ഗുണഭോക്താക്കൾക്ക് സഹായം നല്കി.

| **ഇടവക** | **ഗുണഭോക്താക്കൾ** | **സഹായധനം** |
|---|---|---|
| ചേന്നംകരി | 30 | 3,00,000/- |
| പൊങ്ങ | 30 | 3,00,000/- |
| ചമ്പക്കുളം | 90 | 9,00,000/- |
| വൈശ്യംഭാഗം | 30 | 3,00,000/- |
| ചെമ്പുംപുറം | 30 | 3,00,000/- |
| കൂലിപ്പുര | 30 | 3,00,000/- |
| കൈനകരി | 65 | 6,50,000/- |
| അറുന്നൂറ്റിപ്പാടം | 69 | 6,90,000/- |
| തോട്ടുവാത്തല | 34 | 3,40,000/- |
| പള്ളാത്തുരുത്തി | 33 | 3,30,000/- |
| നസ്രത്ത് | 60 | 6,00,000/- |
| പുന്നക്കുന്നം | 60 | 6,00,000/- |
| ഒന്നാംകര | 30 | 3,00,000/- |
| കണ്ടംങ്കരി | 60 | 6,00,000/- |
| പുല്ലങ്ങടി | 30 | 3,00,000/- |
| ചമ്പക്കുളം CMI | 30 | 3,00,000/- |
| തെക്കേക്കര | 30 | 3,00,000/- |
| വടക്കേഅമിച്ചകരി | 60 | 6,00,000/- |
| **ആകെ** | **801** | **80,10,000/-** |

## b. NFI (Non Food Items)-കിറ്റ് വിതരണം

പ്രളയത്തിൽ വീട്ടുപകരണങ്ങൾ നഷ്ടപ്പെട്ട 806 ഗുണഭോക്താക്കൾക്ക് 3500/- രൂപയുടെ വീട്ടുപകരണങ്ങൾ അടങ്ങിയ കിറ്റ് വിതരണം ചെയ്തു.

| ഇടവക | ഗുണഭോക്താക്കൾ | കിറ്റിന്റെ മൂല്യം |
|---|---|---|
| ചേന്നംകരി | 30 | 1,05,000/- |
| പൊങ്ങ | 30 | 1,05,000/- |
| ചമ്പക്കുളം | 90 | 3,15,000/- |
| വൈശ്യംഭാഗം | 30 | 1,05,000/- |
| ചെമ്പുംപുറം | 30 | 1,05,000/- |
| കൂലിപ്പുര | 30 | 1,05,000/- |
| കൈനകരി | 64 | 2,24,000/- |
| അറുന്നൂറ്റിപ്പാടം | 66 | 2,31,000/- |
| തോട്ടുവാത്തല | 36 | 1,26,000/- |
| പള്ളാത്തുരുത്തി | 35 | 1,22,500/- |
| നസ്രത്ത് | 60 | 2,10,000/- |
| പുന്നക്കുന്നം | 60 | 2,10,000/- |
| ഒന്നാംകര | 30 | 1,05,000/- |
| കണ്ടങ്കരി | 65 | 2,27,500/- |
| പുല്ലങ്ങടി | 30 | 1,05,000/- |
| ചമ്പക്കുളം CMI | 30 | 1,05,000/- |
| തെക്കേക്കര | 30 | 1,05,000/- |
| വടക്കേഅമിച്ചകരി | 60 | 2,10,000/- |
| **ആകെ** | **806** | **28,21,000/-** |

### c. ശുദ്ധജല വിതരണം

കുട്ടനാട്ടിൽ നിലനിൽക്കുന്ന രൂക്ഷമായ കുടിവെള്ളക്ഷാമത്തിൽ ദുരിതമനുഭവിക്കുന്ന ഗ്രാമങ്ങളിൽ ശുദ്ധജല വിതരണ പദ്ധതി ECHO Project ലൂടെ ആരംഭിച്ചു. മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലായി കൈനകരി, ചമ്പക്കുളം, നെടുമുടി പഞ്ചായത്തുകളിലെ തെരഞ്ഞെടുക്കപ്പെട്ട വിവിധ വാർഡുകളിൽ സ്ഥാപിച്ചിരിക്കുന്ന കുടിവെള്ള ടാങ്കുകളിൽ ക്രമമായി ശുദ്ധജലം നിറച്ച് നല്കുന്നതായിരിക്കും. മാർച്ച് മാസം 26 വാർഡുകളിൽ ശുദ്ധജലം എത്തിച്ചു.

## 3. KSSF-CHASS സ്വയംതൊഴിൽ പദ്ധതി

പ്രളയബാധിത പ്രദേശങ്ങളിലെ 16 വിധവകൾക്ക് KSSF ന്റെ സഹകരണത്തോടെ ആധുനികരീതിയിലുള്ള കോഴിവളർത്തൽ പദ്ധതിക്ക് 208000 രൂപയുടെ സഹായം നൽകി.

| യൂണിറ്റ് | ഗുണഭോക്താക്കൾ | പദ്ധതിതുക |
|---|---|---|
| 16 | 16 | 208000 |

## 4. കാരുണ്യ ട്രസ്റ്റ് (കല്യാൺ രൂപത) ഭവനനിർമ്മാണം

| യൂണിറ്റ് എണ്ണം | ഗുണഭോക്താക്കളുടെ | പദ്ധതി തുക |
|---|---|---|
| ചമ്പക്കുളം | 5 | 500000 |
| കുമരംകരി | 2 | 200000 |
| മുട്ടാർ ഓൾഡ് | 4 | 400000 |
| മങ്കൊമ്പ് | 3 | 300000 |
| മുട്ടാർ ന്യൂ | 3 | 300000 |
| കായൽപുറം | 5 | 500000 |
| കിടങ്ങറ | 4 | 400000 |
| തെന്നടി | 4 | 400000 |
| മിത്രക്കരി | 4 | 400000 |
| കരിയിൽ തോട്ടപ്പള്ളി | 1 | 100000 |
| **ആകെ** | **35** | **3500000** |

www.missionkuttanad.com
www.chasschry.org

**Fr. Joseph Kalarickal**
Secretary,
Archdiocesan Rehabilitation & Monitoring Cell

## കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിലെ 2019 ഏപ്രിൽ മാസത്തിലെ പ്രോഗ്രാം

| | | |
|---|---|---|
| 2019 മാർച്ച് 31 – ഏപ്രിൽ 3 വരെ | | ഫിലോകാലിയാ ധ്യാനം, (ജോസഫ് മാരിയോ & ടീം) |
| ഏപ്രിൽ | 8–10 | വിവാഹ ഒരുക്ക ധ്യാനം |
| | 10 | നിശാരാധന (6 p.m. - 10 p.m.) |
| | 14–18 | പീഡാനുഭവധ്യാനം<br>വിശ്വാസാനുഭവ-ആന്തരികസൗഖ്യധ്യാനം |
| | 24–26 | വിവാഹഒരുക്കധ്യാനം |
| | 26 | ജാഗരണ പ്രാർത്ഥന |
| മെയ് | 1–6 | ക്രിസ്റ്റീൻ ധ്യാനം (രണ്ട് ധ്യാനങ്ങൾ) |

**ഫാ. മാത്യു താന്നിയത്ത്,**
*ഡയറക്ടർ*, 9446903631

## ARCHBISHOP MAR JOSEPH PERUMTHOTTAMSAPTHATHI SMARAKA HOUSING AID CONTRIBUTION LIST (ThekkanMekhala) 2018 - 2019

| Sl. No | Rpt. No | NAME | AMOUNT |
|---|---|---|---|
| 1 | 22 | Dr.P.P.Joseph, St.AlphonsaChurch, Pongummood,TVM | Rs.25000/- |
| 2 | 23 | Mrs.UshaThomas, Palikkunnel, St.Alphonsa Church, Pongummood,Trivandram | Rs.5000/- |
| 3 | 24 | Mr.GeorgeJoseph,Vallath, St.Alphonsa Church Pongummood,Trivandram | Rs.90000/- |
| 4 | 25 | Mr.LijoDavid,St.AlphonsaChurch, Pongummood, TVM | Rs.10000/- |
| 5 | 26 | Mr.SojanThomas,St.Alphonsa Church, Pongummood,Trivandram | Rs.5000/- |
| 6 | 27 | Mr.Sibu Davis Chittilappally, St.AlphonsaChurch Pongummood,Trivandarm | Rs.1000/- |
| 7 | 28 | Mr.Saji.P.JacobPyngottu,St.Alphonsa Church Pongummood,Trivandram | Rs.2000/- |
| 8 | 29 | Mr.Bijoy Joseph,Naduvileparampil, St.Alphonsa Church, Pongummood,Trivandram | Rs.1000/- |
| 9 | 30 | Mr.Gilroy Mathew Kochikaran, St.Alphonsa Church,Pongummood,Trivandram | Rs.5000/- |
| 10 | 31 | Mr.CyriacPlacheril,St.AlphonsaChurch, Pongummood,Trivandram | Rs.1000/- |
| 11 | 32 | Mr.Satheesh.J.P,Peace Villa, St.Alphonsa Church Pongummood,Trivandram | Rs.500/- |
| 12 | 33 | Mrs.ChinnammaRajan, St.Alphonsa Church Pongummood,Trivandram | Rs.1000/- |
| 13 | 34 | Mr.Emmanuel.J,Uthirakalam, St.AlphonsaChurch Pongummood,Trivandram | Rs.3000/- |
| 14 | 35 | Mr.Thomas.T.A,Thanakandathil,St.Alphonsa Church, Pongummood, Trivandram | Rs.5000/- |
| 15 | 36 | Mr.Kuruvilla,Ezhukunnel,St.Alphonsa Church Pongummood,Trivandram | Rs.500/- |
| 16 | 37 | Mr.AneeshDominic,Kochacheril, St.Alphonsa Church,Pongummood,Trivandram | Rs.1000/- |
| 17 | 38 | Mr.N.F.Francis,St.AlphonsaChurch,Pongummood ,TVM | Rs.2000/- |
| 18 | 39 | Sri.Shomy Jose Parankimalayil, St.Alphonsa Church,Pongummood,Trivandram | Rs.1000/- |
| 19 | 40 | Mr.Tom Thomas Naganoolil,St.Alphonsa Church Pongummood,Trivandram | Rs.2000/- |
| 20 | 41 | Mr.Lal Cyril,St.AlphonsaChurch Pongummood, TVM | Rs.5000/- |

Continue...





## പതിനാലാമത് പാസ്റ്ററൽ കൗൺസിൽ സമാപന സമ്മേളനം

പ്രിയ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളേ,

പതിനാലാമത് പാസ്റ്ററൽ കൗൺസിലിന്റെ സമാപനസമ്മേളനം 2019 ഏപ്രിൽ 13-ാം തീയതി ശനിയാഴ്ച രാവിലെ 10 മണി മുതൽ 1.00 വരെ അതിരൂപത ആസ്ഥാനത്തുവച്ച് നടക്കുന്നതാണ്. അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത യോഗത്തിൽ അധ്യക്ഷത വഹിക്കും. എല്ലാ അംഗങ്ങളേയും സമാപനസമ്മേളനത്തിലേക്ക് സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ശ്രീ. ജോസ് ആനിത്തോട്ടത്തിൽ**
(അസി. സെക്രട്ടറി)

**ഡോ. സോണി കണ്ടങ്കരി**
(പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി)

## മാർത്തോമ്മാ പുരസ്ക്കാരം – 2019

### പതിനൊന്നാമത് മാർത്തോമ്മാ പുരസ്ക്കാരത്തിന് അപേക്ഷ ക്ഷണിക്കുന്നു

അല്മായർക്ക് വേണ്ടിയുള്ള ഉന്നത ദൈവശാസ്ത്ര പഠന കേന്ദ്രമായ മാർത്തോമ്മാ വിദ്യാനികേതൻ ഏർപ്പെടുത്തിയിരിക്കുന്ന മാർത്തോമ്മാ പുരസ്ക്കാരത്തിനായി നാമനിർദ്ദേശങ്ങൾ ക്ഷണിക്കുന്നു. ഇരുപത്തയ്യായിരം രൂപയും ഷീൽഡും പ്രശസ്തിപത്രവും അടങ്ങുന്നതാണ് പുരസ്ക്കാരം.

ഭാരതീയവും പൗരസ്ത്യവുമായ ക്രൈസ്തവ പൈതൃകം ആഴത്തിൽ അറിയുന്നതും പരിപോഷിപ്പിക്കുന്നതിനും സഹായകമാകും വിധം മികച്ച സംഭാവനകൾ നൽകുന്നവരെ ആദരിക്കുന്നതിനുവേണ്ടിയാണ് ഈ പുരസ്ക്കാരം ഏർപ്പെടുത്തിയിരിക്കുന്നത്. ഭാരീയ പൗരസ്ത്യ ക്രൈസ്തവ പൈതൃകത്തോടനുബന്ധപ്പെട്ട് ദൈവശാസ്ത്രം, കല, സാഹിത്യം, വാസ്തുശില്പം, പുരാവസ്തുഗവേഷണം, ചരിത്രം, ദൈവാരധന തുടങ്ങിയ മേഖലകളിൽ മികച്ച സംഭാനകൾ നല്കുന്നവരിൽ നിന്നാണ് നാമനിർദ്ദേശങ്ങൾ ക്ഷണിച്ചിരിക്കുന്നത്. ദേശീയ - അന്തർദ്ദേശീയതലങ്ങളിൽ ക്രൈസ്തവ - അക്രൈസ്ത ഭേദമെന്യേ ആർക്കും സ്വന്തമായോ മറ്റുള്ളവർക്കുവേണ്ടിയോ നാമനിർദ്ദേശങ്ങൾ സമർപ്പിക്കാവുന്നതാണ്. 2018 ഡിസംബർ 31 വരെയുള്ള സംഭാവനകൾ മാത്രമേ പുരസ്ക്കാരത്തിനായി പരിഗണിക്കുകയുള്ളൂ. നാമനിർദ്ദേശങ്ങൾക്കൊപ്പം പരിഗണിക്കപ്പെടേണ്ട വ്യക്തിയുടെ ഫോട്ടോ, സംഭാവനകൾ സാക്ഷ്യപ്പെടുത്തിയ രേഖകൾ മറ്റു ഫോട്ടോഗ്രാഫുകൾ, ഗ്രന്ഥങ്ങൾ, ലേഖനങ്ങൾ തുടങ്ങിയവയും സമർപ്പിക്കേണ്ടതാണ്. അപേക്ഷാഫോറം നേരിട്ടോ, തപാലിലോ നൽകാവുന്നതാണ്.

പൂരിപ്പിച്ച അപേക്ഷാഫോറം 2019 മെയ് 31-നകം സെക്രട്ടറി, മാർത്തോമ്മാ പുരസ്ക്കാരം, മാർത്തോമ്മാ വിദ്യാനികേതൻ, പി.ബി. നമ്പർ 20, ചങ്ങനാശ്ശേരി, പിൻ - 686 101, കേരള എന്ന വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്. 2019 ജൂലൈ 3-ാം തീയതി മാർത്തോമ്മാ വിദ്യാനികേതൻ വാർഷികത്തോടനുബന്ധിച്ച് അവാർഡുദാനം നടത്തുന്നു.

എന്ന്,

**ഡോ. ജോസഫ് കൊല്ലാറ**
(ഡയറക്ടർ, മാർത്തോമ്മ വിദ്യാനികേതൻ)

**ഫാ. ജയിംസ് കൊക്കാവലയിൽ**
(അസി. ഡയറക്ടർ)

**അഡ്വ. ജോർജ്ജ് വർഗ്ഗീസ് കോടിക്കൽ**
(സെക്രട്ടറി)

**അഡ്വ. റോയി തോമസ് കൈലാത്ത്**
(ട്രഷറർ)

## ക്രൈസ്തവരുടെ പുണ്വദിവസങ്ങൾ പ്രവർത്തിദിവസങ്ങളാക്കരുത്

ക്രൈസ്തവരുടെ പുണ്യദിവസങ്ങൾ പ്രവർത്തിദിനങ്ങളാക്കുന്നത് അംഗീകരിക്കാനാവില്ലന്നും, ഇത്തരം നീക്കങ്ങൾ നടത്തുന്ന കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ നിലപാടുകൾ അത്യന്തം അപലപനീയവും പ്രതിഷേധാർവുമാണെന്നും ചങ്ങനാശേരി അതിരൂപതാ പബ്ലിക് റിലേഷൻസ്-ജാഗ്രതാസമിതി അഭിപ്രായപ്പെട്ടു.

ലോകം മുഴുവനിലുമുള്ള ക്രൈസ്തവർ പുണ്യദിനമായി ആചരിക്കുന്ന പെസഹാ വ്യാഴാഴ്ച്ച ചില സംസ്ഥാനങ്ങളിൽ ലോകസഭാ ഇലക്ഷൻ ക്രമീകരിച്ചതും, ദുഃഖവെള്ളിയാഴ്ച്ച ദാമൻ ദിയു, ദാദ്രാനഗർ ഹവേലി എന്നീ കേന്ദ്രഭരണ പ്രദേശങ്ങളിൽ പൊതു അവധി റദ്ദാക്കിയതും മതസ്വാതന്ത്ര്യത്തിനും ആരാധനാ അവകാശത്തിനും നേരെയുള്ള കടന്നുകയറ്റമാണ്.

പെസഹാവ്യാഴം ദുഃഖവെള്ളി ദിവസങ്ങളിൽ സംസ്ഥാന സർക്കാർ ഹയർസെക്കണ്ടറി പരീക്ഷകളുടെ മൂല്യനിർണ്ണയക്യാമ്പ് നടത്തുന്നത്, ക്രൈസ്തവ ന്യൂനപക്ഷങ്ങളോടുള്ള വെല്ലുവിളിയാണ്. കൂടാതെ സംസ്ഥാന സർക്കാർ പി.എസ്.സി. പരീക്ഷകളും വിവിധ വകുപ്പുതല പരീക്ഷകളും ഞായറാഴ്ചകളിൽ നടത്തുവാൻ നിശ്ചയ്ച്ചിരിക്കുന്നതും ഒരിക്കലും അംഗീകരിക്കാനാവില്ല.

ഇത്തരം ക്രൈസ്തവ വിരുദ്ധ, വിശ്വാസ വിരുദ്ധ നീക്കങ്ങൾ തിരുത്തുവാൻ കേന്ദ്ര ഇലക്ഷൻ കമ്മീഷനും, കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളും അടിയന്തരമായി തയ്യാറാകണമെന്ന് സമിതി ആവശ്യപ്പെട്ടു.

## ചമ്പക്കര സെന്റ് ജോസഫ്സ് പള്ളിയിൽ ജാഗ്രതാ സായാഹ്നം

അതിരൂപതാ പി.ആർ.-ജാഗ്രതാ സമിതിയുടെ ആഭിമുഖ്യത്തിൽ 24-03-2019 ന് ചമ്പക്കര സെന്റ് ജോസഫ്സ് പള്ളിയിൽ ജാഗ്രതാ സായാഹ്നം സംഘടിപ്പിച്ചു. ഇടവക വികാരി റവ. ഫാ. കാട്ടടിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പള്ളിയോഗനടപടിക്രമമനുസരിച്ചുള്ള സഭാസത്തുക്കളുടെ ഭരണം, ക്രൈസ്തവ സഭയുടെ സ്വത്തുക്കൾ സംബന്ധിച്ച് നിയമപരിഷ്ക്കരണ കമ്മീഷൻ സംസ്ഥാന ഗവൺമെന്റിന് നൽകിയ കരടു ബിൽ എന്നീ വിഷയങ്ങളിൽ യഥാക്രമം ഫാ. ആന്റണി തലച്ചെല്ലൂർ അഡ്വ. ജോർജ്ജ് വർഗീസ് എന്നിവർ ക്ലാസ്സുകൾ നയിച്ചു. പരിപാടിയുടെ ഭാഗമായി കാലിക പ്രസക്തിയുള്ള ഇതര സഭാ വിഷയങ്ങൾ സംബന്ധിച്ചുള്ള പൊതുചർച്ചയും ചോദ്യോത്തരവേളയും ക്രമീകരിച്ചു.

**അഡ്വ. ജോജി ചിറയിൽ**
പി.ആർ.ഒ.

**ഫാ. ആന്റണി തലച്ചെല്ലൂർ**
കോ-ഓർഡിനേറ്റർ

മിശിഹായിൽ സ്നേഹമുള്ളവരേ,

വലിയ നോമ്പിന്റെ വിശുദ്ധ ദിനങ്ങളിലൂടെ നമ്മൾ കടന്നു പൊയ്ക്കൊണ്ടിരിക്കുകയാണല്ലോ. നോമ്പിന്റെ അവശേഷിക്കുന്ന ദിനങ്ങളെ കൂടുതൽ തീക്ഷ്ണതയോടെ സമീപിച്ച് വിശുദ്ധവാരത്തിലേയ്ക്ക് നമുക്ക് ഒരുങ്ങാം. വിശ്വാസോത്സവ ദിനങ്ങളിലൂടെ വചനമായ ഈശോയെ കൂടുതൽ അടുത്തറിയുവാനും അനുഭവിക്കുവാനും നിങ്ങൾക്ക് സാധിക്കട്ടെ എന്നാശംസിക്കുന്നു. മെയ് മാസത്തിൽ ക്രമീകരിച്ചിരിക്കുന്ന ഹെഡ്മാസ്റ്റേഴ്സ് ധ്യാനത്തിൽ കഴിഞ്ഞവർഷം പങ്കെടുത്തവരും പുതുതായി നിയമിക്കപ്പെട്ടവരും പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ. ഫൊറോനതല CFC മീറ്റിംഗുകൾ വിവിധ റീജണുകളിൽ ഏപ്രിൽ പകുതിയോടെ ആരംഭിക്കുന്നതായിരിക്കും. ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ ഏറ്റവും സ്നേഹത്തോടെ ആശംസിച്ചുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവ്വം

**ഫാ. ജോബിൻ പെരുമ്പളത്തുശ്ശേരി**
*(ഡയറക്ടർ)*

**ഫാ. അനീഷ് കുടിലിൽ**
**ഫാ. ഐബിൻ പകലോമറ്റം**
(അസി. *ഡയറക്ടേഴ്സ്)*

## അറിയിപ്പുകൾ

### ഏപ്രിൽ

| | | |
|---|---|---|
| 1 തിങ്കൾ | : | വിശ്വാസോത്സവം (ഏപ്രിൽ 1 മുതൽ 13 വരെ ഏതെങ്കിലും 10 ദിവസം) |
| 13 ശനി | : | അതിരൂപതാ സ്കോളർഷിപ്പ് പരീക്ഷ |
| 14 ഞായർ | : | ഓശാന ഞായർ |
| 18 വ്യാഴം | : | പെസഹാവ്യാഴം (പൗരോഹിത്യ ദിനം) |
| 19 വെള്ളി | : | പീഢാനുഭവ വെള്ളി |
| 20 ശനി | : | വലിയശനി (17 ബുധൻ മുതൽ 21 ഞായർ വരെ ഓഫീസ് അവധി) |
| 21 ഞായർ | : | ഉയിർപ്പുതിരുനാൾ |
| 24 ബുധൻ | : | നവോദയ സൈനിക സ്കൂൾ കുട്ടികളുടെ വിശ്വാസപരിശീലന ക്യാമ്പ് (സന്ദേശനിലയത്തിൽ വച്ച് 24, 25, 26 തീയതികളിൽ) |
| 28 ഞായർ | : | സഭാചരിത്രപഠനക്വിസ് |

**2019 മെയ്**

| | | |
|---|---|---|
| 1 ബുധൻ | : | മെയ് ദിനം, തൊഴിലാളി മധ്യസ്ഥനായ വി. യൗസേപ്പ് പിതാവ് (ഓഫീസ് അവധി) |
| 4, 5 (ശനി, ഞായർ) | : | ബി.സി.റ്റി. അമ്പൂരി ഫൊറോന |

5 ഞായർ : ഉയിർപ്പുകാലം മൂന്നാം ഞായർ
സന്ദേശനിലയം സ്ഥാപകദിനം

10, 11, 12 : ഹെഡ്മാസ്റ്റേഴ്സ് റിട്രീറ്റ് (കുന്നന്താനം സെഹിയോൻ ധ്യാന കേന്ദ്രത്തിൽ)

18,19 (ശനി, ഞായർ) : ബി.സി.റ്റി. തിരുവനന്തപുരം, കൊല്ലം - ആയൂർ ഫൊറോന (സ്ഥലം : വെഞ്ഞാറമ്മൂട്)

20 തിങ്കൾ : അതിരൂപതാ ദിനം (ഓഫീസ് അവധി)

## സൺഡേസ്കൂൾ അതിരൂപതാ സ്കോളർഷിപ്പ് പരീക്ഷ

അതിരൂപതാ സ്കോളർഷിപ്പ് പരീക്ഷ ഏപ്രിൽ 13-ാം തീയതി രാവിലെ 10 മുതൽ 12 വരെ വിവിധ ഫൊറോന കേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെടുന്നു. കുട്ടികളെ കൃത്യസമയങ്ങളിൽ പരീക്ഷാ കേന്ദ്രങ്ങളിൽ എത്തിക്കുവാൻ ശ്രദ്ധിക്കുക. സ്കോളർഷിപ്പ് പരീക്ഷ സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾക്കായി മതബോധന കലണ്ടർ പേജ് 32 കാണുക. (വർക്കുബുക്ക് നിർബന്ധമായും കൊണ്ടുവരേണ്ടതാണ്.)

## നവോദയ ക്യാമ്പ് 2019

നവോദയ, സൈനിക സ്കൂൾ, സ്പോർട്സ് സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള വാർഷിക പരിശീലന ക്യാമ്പ് സന്ദേശനിലയത്തിൽ വച്ച് ഏപ്രിൽ 24 ബുധനാഴ്ച രാവിലെ 9.30 ന് ആരംഭിച്ച് 26 വെള്ളിയാഴ്ച ഉച്ചയ്ക്ക് 1 മണിക്ക് സമാപിക്കുന്നു. 26 വെള്ളിയാഴ്ച രാവിലെ 11.15ന് നടക്കുന്ന ക്യാമ്പ് സമാപന സമ്മേളനത്തിൽ ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കളോ / രക്ഷകർത്താക്കളോ പങ്കെടുക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് Rs. 1000/

## സഭാചരിത്രപഠന ക്വിസ് - അതിരൂപതാതലം

*(ഏപ്രിൽ 28 ഞായർ ഉച്ചകഴിഞ്ഞ് 2.30 ന് സന്ദേശനിലയത്തിൽ)*

ഇടവകതലത്തിൽ ഒന്നാം സമ്മാനം കരസ്ഥമാക്കുന്ന അധ്യാപകൻ / അധ്യാപിക അതിരൂപതാ മത്സരത്തിൽ പങ്കെടുക്കേണ്ടതാണ്. അതിരൂപതാതല മത്സരം ഏപ്രിൽ 28 ഞായറാഴ്ച 2.30 ന് സന്ദേശനിലയം ഓഡിറ്റോറിയത്തിൽ നടത്തപ്പെടുന്നു. അതിരൂപതാതലത്തിൽ ഒന്നാം സമ്മാനം 5000 രൂപയും രണ്ടാം സമ്മാനം 3000 രൂപയും മൂന്നാം സമ്മാനം 2000 രൂപയുമായിരിക്കും. (പങ്കെടുക്കുന്നവരുടെ പേരുകൾ ഏപ്രിൽ 22-ാം തീയതിക്കു മുമ്പ് സന്ദേശനിലയത്തിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്)

## ഹെഡ്മാസ്റ്റേഴ്സ് റിട്രീറ്റ് ആന്റ് ഓറിയന്റേഷൻ ക്യാമ്പ്

സഭയോടൊത്ത് ചിന്തിക്കുകയും ജീവിക്കുകയും ചെയ്ത് സഭയുടെ പ്രേഷിത ദൗത്യത്തിൽ പങ്കുചേരുവാനും, ദൈവസാന്നിദ്ധ്യത്താൽ രൂപാന്തരപ്പെട്ട ഒരു ജീവിതംകൊണ്ട് സുവിശേഷം പ്രഘോഷിക്കുവാനും, നേതൃത്വം നൽകുവാനും നിയോഗം ലഭിച്ചവരാണ് പ്രഥമാദ്ധ്യാപകർ. മിശിഹായിൽ രൂപാന്തരപ്പെട്ട ജീവിതം കൊണ്ട് സുവിശേഷം പ്രഘോഷിക്കുവാനും അതിരൂപതയിലെ പഞ്ചവത്സര പദ്ധതിയോടു ചേർന്ന് വരുംവർഷങ്ങളിലെ വിശ്വാസപരിശീലനപരിപാടികളെ ക്രമപ്പെടുത്താനും നമ്മെ ഒരുക്കുന്ന പരിപാടിയാണിത്. മെയ് 10-ാം തീയതി 5.00 pm ന് ആരംഭിച്ച് 12-ാം തീയതി 3.00 pm ന് അവസാനിക്കുന്ന ഈ ധ്യാനത്തിൽ

കഴിഞ്ഞ വർഷം പങ്കെടുക്കാത്ത എല്ലാ പ്രഥമാദ്ധ്യാപകരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 750/- (പങ്കെടുക്കുന്നവർ മെയ് 4-ാം തീയതിക്കു മുമ്പ് സന്ദേശനിലയത്തിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്)

## പ്രത്യേക ശ്രദ്ധയ്ക്ക്

2018-19 വർഷത്തിലെ 10, 12 ക്ലാസ്സുകളിലെ സർട്ടിഫിക്കറ്റ് പൂർത്തിയാക്കി മെയ് 15 നകം സന്ദേശനിലയത്തിൽ ഏല്പിക്കേണ്ടതാണ്. സർട്ടിഫിക്കറ്റിനോടൊപ്പം 10, 11, 12 ക്ലാസ്സുകളിലെ ഹാജർബുക്കുകളും ഫൈനൽ വിശ്വാസോത്സവം ചേർത്തുള്ള മാർക്കുലിസ്റ്റുകളും (8, 9, 11 മാർക്കുലിസ്റ്റു തരാത്തവരും) അതും കൂടി ചേർത്ത് കൊണ്ടുവരേണ്ടതാണ്.

വിശ്വാസോത്സവ വർക്കുബുക്കുകളുടെ പണം അടയ്ക്കാനുള്ളവർ മെയ് 15 നകം അടയ്ക്കേണ്ടതാണ്. ഇനിയും മതബോധനവിഹിതവും ചോദ്യപേപ്പറിന്റെ വിഹിതവും അടയ്ക്കാനുള്ളവർ എത്രയും വേഗം അടയ്ക്കേണ്ടതാണ്)

## ആദരാഞ്ജലികൾ

മങ്കൊമ്പ് പയസ് Xth സൺഡേസ്കൂൾ അധ്യാപിക സി. ജെനറസ് എഫ്.സി.സി.യുടെ മാതാവിന്റെയും മണിമല ഫൊറോന സെക്രട്ടറി സി. സൂസൻ എം.എം.ന്റെ മാതാവിന്റെയും തെക്കേക്കര സെന്റ് ജെറോംസ് സൺഡേസ്കൂൾ അധ്യാപിക ശ്രീമതി. ലൂസിയാമ്മ പി. യുടെ മാതാവിന്റെയും ചേപ്പുംപാറ മർത്ത് മറിയം സൺഡേസ്കൂൾ അധ്യാപിക ശ്രീമതി. മറിയമ്മ ജോസിന്റെ മാതാവിന്റെയും ചങ്ങനാശേരി മെത്രാപ്പോലീത്തൻ സൺഡേസ്കൂൾ അധ്യാപകൻ ശ്രീ. ജെയിംസ് മാളിയേക്കലിന്റെ സഹോദരന്റെയും നിര്യാണത്തിൽ സന്ദേശനിലയത്തിന്റെ അനുശോചനം അറിയിക്കുകയും പരേതരുടെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.



# ആദരാഞ്ജലികൾ



**സിസ്റ്റർ എമിരിറ്റ് എസ്.ഡി.**
പന്നിവേലിൽ, നിലമ്പൂർ
ജനനം : 17.12.1937
മരണം : 08.03.2019

ഈശോയിൽ സ്നേഹമുള്ളവരേ,

നോമ്പിന്റെ നാളുകളിലൂടെ കടന്ന് വലിയ ആഴ്ചയിലേയ്ക്കു നാം പ്രവേശിക്കുകയാണ്. ഈശോയുടെ പീഢാസഹനങ്ങളിലും മരണത്തിലും പങ്കുചേർന്ന് നമുക്ക് അവിടുത്തെ ഉത്ഥാനത്തിന്റെ മഹത്വത്തിലും സന്തോഷത്തിലും പങ്കുകാരാകാം. നിങ്ങൾക്കേവർക്കും ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു. ഏതാനും കാര്യങ്ങൾ കൂടി ഓർമ്മിപ്പിക്കട്ടെ. പുതിയ വർഷത്തേയ്ക്കുള്ള അതിരൂപതാ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് ഏപ്രിൽ 11, 12, 13 തീയതികളിൽ നടക്കുകയാണല്ലോ. ഇതിനായുള്ള ക്യാമ്പിൽ പങ്കെടുക്കാൻ തിരഞ്ഞെടുക്കപ്പെട്ടവർ നിർബന്ധമായും ക്യാമ്പിൽ സംബന്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ഏപ്രിൽ 30-നകം കയ്യെഴുത്തു മാസിക ഓഫീസിൽ ഏല്പിക്കുക. ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെ കബറിടത്തിലേയ്ക്ക് എല്ലാവർഷവും നാം നടത്തിവരുന്ന തീർത്ഥാടനത്തിൽ പങ്കെടുക്കുന്ന കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ഉത്ഥിതനായ ഈശോയുടെ സന്തോഷവും സമാധാനവും നിങ്ങൾക്കേവർക്കും ആശംസിച്ചുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവ്വം

**ഫാ. അനീഷ് കുടിലിൽ**
**ഫാ. ഐബിൻ പകലോമറ്റം**
(അസി. *ഡയറക്ടേഴ്സ്)*

**ഫാ. ജോബിൻ പെരുമ്പളത്തുശ്ശേരി**
*(ഡയറക്ടർ)*

## ഏപ്രിൽ മാസത്തെ പരിപാടികൾ

| | | |
|---|---|---|
| 1 തിങ്കൾ | : | വിശ്വാസോത്സവം ആരംഭം |
| 11, 12, 13 | : | കുട്ടികളുടെ അതിരൂപതാ ഇലക്ഷൻ ക്യാമ്പ് |
| 14 ഞായർ | : | ഓശാന ഞായർ |
| 18 വ്യാഴം | : | പെസഹാവ്യാഴം (പൗരോഹിത്യ ദിനം) |
| 19 വെള്ളി | : | പീഢാനുഭവ വെള്ളി |
| 20 ശനി | : | വലിയശനി (17 ബുധൻ മുതൽ 21 ഞായർ വരെ ഓഫീസ് അവധി) |
| 21 ഞായർ | : | ഉയിർപ്പുതിരുനാൾ |
| 30 ചൊവ്വ | : | കൈയ്യെഴുത്തു മാസിക അതിരൂപതയിൽ ഏല്പിക്കേണ്ട അവസാന തീയതി |

## മെയ്

| | | |
|---|---|---|
| 1 ബുധൻ | : | മെയ് ദിനം, തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പ് പിതാവ് (ഓഫീസ് അവധി) |
| 20 തിങ്കൾ | : | അതിരൂപതാദിനം (ഓഫീസ് അവധി) |

## മിഷൻലീഗ് നേതൃപരിശീലനക്യാമ്പ് - 'സ്ഹദ്- 2019'

ഈ വർഷം ഏപ്രിൽ 11, 12, 13 തീയതികളിൽ സന്ദേശനിലയത്തിൽ വച്ച് നടത്തപ്പെടുന്നു. ഏപ്രിൽ 11 ന് രാവിലെ 9.30 ന് ആരംഭിച്ച് 13ന് ഉച്ചകഴിഞ്ഞ് 1.30 ന് ക്യാമ്പ് സമാപിക്കും. ഓരോ ശാഖയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളാണ് (6 പേർ) ക്യാമ്പിൽ പങ്കെടുക്കേണ്ടത്. ക്യാമ്പിൽ പങ്കെടുക്കുന്നവർ കുർബാനപുസ്തകം, നോട്ട്ബുക്ക്, പേന, ഡ്രസ്സ്, ബെഡ്ഷീറ്റ്, തോർത്ത്, സോപ്പ്, മറ്റു ടോയ്ലറ്റ് സാധനങ്ങൾ ഇവ കൊണ്ടുവരേണ്ടതാണ്. ക്യാമ്പ് ഫീസ് ഒരാൾക്ക് 600 രൂപ.

## അതിരൂപതാ ഓർഗനൈസിംഗ് സമിതിയുടെ തെരഞ്ഞെടുപ്പ്

അതിരൂപതാ ഓർഗനൈസിംഗ് സമിതിയുടെ തെരഞ്ഞെടുപ്പ് ഏപ്രിൽ 12ന് വൈകുന്നേരം 5.30 ന് ആരംഭിച്ച് 13ന് ഉച്ചയ്ക്ക് സമാപിക്കുന്നതാണ്. ഇലക്ഷനിൽ പങ്കെടുക്കുന്നവർ (മേഖലാ ഓർഗനൈസിംഗ് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോ. സെക്രട്ടറി, ആനിമേറ്റർ, റീജണൽ ഓർഗൈനസർ (3 പേർ) മുഴുവൻ സമയവും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

## ധന്യൻ മാർ കുര്യാളശേരി തീർത്ഥാടനം

ചെറുപുഷ്പമിഷൻ ലീഗിന്റെയും ആരാധന സന്യാസിനി സമൂഹത്തിന്റെയും നേതൃത്വത്തിൽ ധന്യൻ മാർ തോമസ് കുര്യാളശേരി പിതാവിന്റെ കബറിടത്തിങ്കലേക്ക് ആണ്ടുതോറും നടത്തിവരുന്ന തീർത്ഥാടനം മെയ് 30 വ്യാഴാഴ്ച ചങ്ങനാശേരി പാറേൽ സെന്റ് മേരീസ് പള്ളിയിൽനിന്ന് ഉച്ചകഴിഞ്ഞ് 3 മണിക്ക് ആരംഭിച്ച് വന്ദ്യപിതാവിന്റെ കബറിടം സ്ഥിതിചെയ്യുന്ന സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിൽ സമാപിക്കുന്നതാണ്.

## അർദ്ധവാർഷിക റിപ്പോർട്ട് 2018-19 മികച്ച യൂണീറ്റുകൾ

| | | |
|---|---|---|
| ആലപ്പുഴ | - | എസ്. എച്ച്. അറുനൂറ്റുംപാടം |
| അമ്പൂരി | - | ക്രിസ്തുരാജ് രാജഗിരി |
| അതിരമ്പുഴ | - | ക്രൈസ്റ്റ് ദ കിംഗ് ഏറ്റുമാനൂർ |
| ചമ്പക്കുളം | - | എസ്. എച്ച്. ഗാഗുൽത്താ |
| ചങ്ങനാശേരി | - | സെന്റ് അൽഫോൻസാ മഹേന്ദ്രപുരം |
| എടത്വാ | - | സെന്റ് ജോസഫ്സ് കരുവാറ്റ |
| കൊല്ലം - ആയൂർ | - | ക്രിസ്തുരാജ് കുറ്റിക്കോണം |
| കോട്ടയം | - | സെന്റ് ആന്റണീസ് പുതുപ്പള്ളി |
| കുടമാളൂർ | - | ബെത്‌ലഹെം ചർച്ച് പാറമ്പുഴ |
| കുറുമ്പനാടം | - | സെന്റ് മേരീസ് ഇരവുചിറ |
| മണിമല | - | ലിറ്റിൽ ഫ്ളവർ കുളത്തൂർ |
| നെടുംകുന്നം | - | സെന്റ് ജോസഫ്സ് ചമ്പക്കര |
| പുളിംകുന്ന് | - | സെന്റ് പയസ് മങ്കൊമ്പ് |
| തിരുവനന്തപുരം | - | എസ്. എഫ്. എസ്. വട്ടിയൂർക്കാവ് |

| | | |
|---|---|---|
| തൃക്കൊടിത്താനം | - | ലൂർദ്ദ് മാതാ പായിപ്പാട് |
| തുരുത്തി | - | ഹോളി ഫാമിലി പൊടിപ്പാറ |

**ഉണ്ണിയെത്തേടി - മത്സരവിജയികൾ**

| | | |
|---|---|---|
| ഒന്നാം സമ്മാനം | - | സെന്റ് ഫ്രാൻസിസ് അസ്സീസ്സി പൂന്തോപ്പ് |
| രണ്ടാം സമ്മാനം | - | സെന്റ് ജോസഫ്സ് ചമ്പക്കര |
| മൂന്നാം സമ്മാനം | - | സെന്റ് മേരീസ് കൂത്രപ്പള്ളി |

**മിഷൻവോയ്സ് പത്രം - മത്സരവിജയികൾ**

| | | |
|---|---|---|
| ഒന്നാം സമ്മാനം | - | സെന്റ് ജോസഫ്സ് ചമ്പക്കര |
| രണ്ടാം സമ്മാനം | - | സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് നെടുംകുന്നം |
| മൂന്നാം സമ്മാനം | - | സെന്റ് മേരീസ് ബസിലിക്ക ചമ്പക്കുളം |

**പ്രോത്സാഹന സമ്മാനങ്ങൾ**

| | | |
|---|---|---|
| അമ്പൂരി | - | ക്രിസ്തുരാജ് രാജഗിരി |
| ചമ്പക്കുളം | - | സെന്റ് തോമസ് പൊങ്ങ |
| ചങ്ങനാശേരി | - | സെന്റ് അൽഫോൻസ മഹേന്ദ്രപുരം |
| എടത്വാ | - | സെന്റ് റീത്താസ് തകഴി |
| കൊല്ലം - ആയൂർ | - | ക്രിസ്തുരാജ് കുറ്റിക്കോണം |
| കോട്ടയം | - | സെന്റ് ആന്റണീസ് പുതുപ്പള്ളി |
| കുടമാളൂർ | - | ബേത്‌ലഹെം ചർച്ച് പാറമ്പുഴ |
| കുറുമ്പനാടം | - | ഹോളി ഫാമിലി മാന്നില |
| മണിമല | - | സെന്റ് മേരീസ് കടയനിക്കാട് |
| നെടുംകുന്നം | - | സെന്റ് മേരീസ് കൂത്രപ്പള്ളി |
| പുളിങ്കുന്ന് | - | സെന്റ് പയസ് മങ്കൊമ്പ് |
| തിരുവനന്തപുരം | - | സെന്റ് മദർ തെരേസ കണ്ണമ്മൂല |
| തൃക്കൊടിത്താനം | - | സെന്റ് തോമസ് നാലുകോടി |
| തുരുത്തി | - | ഹോളി ഫാമിലി പൊടിപ്പാറ |

## മേഖലാ ശാഖാ വാർഷിക റിപ്പോർട്ട്

എല്ലാ മേഖലകളും ശാഖകളും വാർഷിക റിപ്പോർട്ട് മെയ് 15-ാം തീയതിയ്ക്കകം ഓഫീസിൽ ഏല്പിക്കേണ്ടതാണ്. റിപ്പോർട്ട് ഫോം ഏപ്രിൽ 1-ാം തീയതി മുതൽ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. ബന്ധപ്പെട്ടവർ അതു കൈപ്പറ്റാൻ ശ്രദ്ധിക്കുമല്ലോ.

## ആദരാഞ്ജലികൾ

ചെറുപുഷ്പ മിഷൻലീഗ് മണിമല മേഖല ജോയിന്റ് ഡയറക്ടറായ സി. സൂസൻ എം.എം.ന്റെ മാതാവിന്റെ നിര്യാണത്തിൽ അതിരൂപതാ ചെറുപുഷ്പ മിഷൻലീഗിന്റെ അനുശോചനം അറിയിക്കുകയും പരേതയുടെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഈശോയിൽ സ്നേഹം നിറഞ്ഞവരെ,

നോമ്പിന്റെ പുണ്യദിനങ്ങളിൽനിന്നും ഉയിർപ്പിന്റെ സന്തോഷത്തിലേയ്ക്ക് നാം പ്രവേശിക്കുകയാണല്ലോ. ഏവർക്കും ഉയിർപ്പുതിരുനാൾ മംഗളങ്ങൾ.

കുടുംബക്കൂട്ടായ്മകളിൽ പുതിയ ലീഡേഴ്സിന്റെ തെരഞ്ഞെടുപ്പ് എല്ലാ ഇടവകകളിലും നടന്നു എന്നു കരുതുന്നു. സമർപ്പിത മനോഭാവത്തോടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റാൻ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

ഫൊറോനാ തലത്തിൽ മെയ് മാസം മുതൽ കുടുംബക്കൂട്ടായ്മാ ലീഡേഴ്സിനായി നേതൃസംഗമങ്ങൾ ആരംഭിക്കുകയാണ്. ഒരോ ഫൊറോനയ്ക്കായും നിശ്ചയിക്കപ്പെട്ടിരിക്കുന്ന തീയതിയിൽ എല്ലാ ലീഡേഴ്സും പങ്കെടുക്കുവാനുള്ള ക്രമീകരണങ്ങൾ ബഹു. അച്ചന്മാർ ചെയ്യണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

20 ാമത് അതിരൂപതാ ബൈബിൾ കൺവൻഷന്റെ വിജയത്തിനായി പ്രാർത്ഥനകൊണ്ടും, സാന്നിദ്ധ്യം കൊണ്ടും, ശുശ്രൂഷകൾ കൊണ്ടും സഹകരിച്ച എല്ലാവർക്കും ഹൃദയപൂർവ്വം നന്ദി അർപ്പിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം

**ഫാ. ജെന്നി കായംകുളത്തുശേരി**

(ഡയറക്ടർ)

## വാർത്തകൾ - പ്രവർത്തനങ്ങൾ

### കുടുംബക്കൂട്ടായ്മാ ഡയറക്ടേഴ്സ് മീറ്റ്

2019 ഫെബ്രുവരി 21 വ്യാഴാഴ്ച പി.ഒ.സി യിൽ വച്ച് കുടുംബക്കൂട്ടായ്മാ ഡയറക്ടേഴ്സ് മീറ്റ് നടത്തപ്പെട്ടു. അതിരൂപത ഡയറക്ടർ റവ. ഫാ. ജെന്നി കായംകുളത്തുശേരി സംബന്ധിക്കുകയുണ്ടായി.

### കുടുംബക്കൂട്ടായ്മാ ആത്മീയ സംഗമം

കുടുംബക്കൂട്ടായ്മാ പ്രവർത്തനങ്ങളിൽ പരിശുദ്ധാത്മാവിന്റെ നിറവിനായി മാസത്തിൽ ഒരു ദിവസം അതിരൂപത പ്രവർത്തകർ ഒന്നുചേർന്ന് അതിരൂപതയിലെ എല്ലാ കുടുംബക്കൂട്ടായ്മകൾക്കുംവേണ്ടി പ്രാർത്ഥിക്കുന്നു. ഫെബ്രുവരി 27 ന് ശ്രീ ജോബ് ആന്റണി പവ്വത്തിലിന്റെ ഭവനത്തിലും മാർച്ച് 28 ന് ശ്രീമതി ലിസമ്മ ചുരപ്പറമ്പിലിന്റെ ഭവനത്തിൽവച്ചും പ്രാർത്ഥന നടത്തുകയുണ്ടായി.

### കുടുംബക്കൂട്ടായ്മാ നേതൃത്വ സെമിനാർ

കാവാലം സെന്റ് തെരേസാസ് ഇടവകയിൽ കൂട്ടായ്മാ ലീഡേഴ്സിനായി നേതൃത്വ സെമിനാർ നടത്തുകയുണ്ടായി. അതിരൂപതാ ഡയറക്ടർ റവ. ഫാ.

ജെന്നി കായംകുളത്തുശേരി ക്ലാസ് നയിച്ചു. ഇടവക വികാരി റവ.ഫാ. സ്കറിയാ ചേപ്പില പരിപാടികൾക്ക് നേതൃത്വം വഹിച്ചു.

## അതിരൂപതാ ബൈബിൾ കൺവൻഷൻ

2019 മാർച്ച് 5 മുതൽ 9 വരെ പാറേൽപള്ളി മൈതാനത്തുവച്ച് അതിരൂപത ബൈബിൾ കൺവൻഷൻ നടന്നു. കൺവൻഷന്റെ വിജയത്തിനായി പ്രവർത്തിച്ച എല്ലാവരേയും പ്രത്യേകമായി കുടുംബകൂട്ടായ്മ ലീഡേഴ്സിനെയും നന്ദി നിറഞ്ഞ ഹൃദയത്തോടെ ഓർക്കുന്നു.

## സീറോ മലബാർ കുടുംബക്കൂട്ടായ്മാ സംഗമം

സീറോ മലബാർ കുടുംബക്കൂട്ടായ്മാ സമിതി സംഗമം മാർച്ച് 14 രാവിലെ 9.30 മുതൽ 3 വരെ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടത്തപ്പെട്ടു. അഭിവന്ദ്യ മാർ ജോസഫ് പുളിക്കൽ, മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ എന്നിവർ സന്നിഹിതരായിരുന്നു. അതിരൂപതാ ഡയറക്ടറും ടീമും പരിപാടി യിൽ പങ്കെടുത്തു.

## ഹോം മിഷൻ

മാർച്ച് 2,3 തീയതികളിൽ സെന്റ് സെബാസ്റ്റ്യൻസ് ചെങ്ങളം ഇടവകയിലും, മാർച്ച് 10 ന് മാർ സ്ലീവാ അടൂർ ഇടവകയിലും മാർച്ച് 13 മുതൽ 21 വരെ സെന്റ് മേരീസ് കത്തിഡ്രൽ ഇടവകയിലും ഹോം മിഷൻ നടത്തുകയുണ്ടായി. എല്ലാ ഇടവകകളിലും അതിരൂപതാ ഡയറക്ടർ നേരത്തെതന്നെ എത്തിച്ചേർന്ന് ഹോം മിഷൻ നടത്തിപ്പിനുള്ള ക്രമീകരണങ്ങളെക്കുറിച്ച് വിശദികരിച്ചു. അതിരൂപ തയിലെ വിവിധ കോൺഗ്രിഗേഷനുകളിലെ ബഹു. സിസ്റ്റേഴ്സ് ഭവന സന്ദർശനം നടത്തുകയും പ്രാർത്ഥിക്കുകയും ചെയ്തു. റവ. ഫാ. ജോസഫ് പാറയ്ക്കൽ, റവ. ഫാ. ആന്റോ പെരുമ്പള്ളിത്തറ, പെരിയ ബഹു. ഫാ. കുര്യൻ പുത്തൻ പുര, കൂട്ടായ്മാ ലീഡേഴ്സ്, എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകുക യുണ്ടായി.

## വചനവെളിച്ചം

വലിയ നോമ്പിലെ ബുധനാഴ്ചകളിൽ സമർപ്പിതർക്കായി സംഘടിപ്പിച്ചുവരുന്ന വചനവെളിച്ചം എന്ന പ്രാർത്ഥനാ കൂട്ടായ്മാ മാർച്ച് 13, 20 തീയതികളിൽ നടത്തുകയുണ്ടായി. മാർച്ച് 13 ന് മാർ തോമസ് തറയിൽ വചനപ്രഘോഷണം നടത്തുകയും റവ. ഫാ. ജസ്റ്റിൻ കായംകുളത്തുശേരി ആരാധനയ്ക്ക് നേതൃത്വം നൽകുകയും ചെയ്തു. മാർച്ച് 20 ന് റവ. ഫാ. ജേക്കബ് ചക്കാത്തറയും മാർച്ച് 27 ന് റവ. ഫാ. ജേക്കബ് കോയിപ്പള്ളിയും വചനപ്രഘോഷണം നടത്തുകയും ആരാധന നയിക്കുകയും ചെയ്തു.

# അറിയിപ്പുകൾ

## വചനവെളിച്ചം

ഏപ്രിൽ 3, 10 തീയതികളിൽ വചനവെളിച്ചം പ്രാർത്ഥനാ കൂട്ടായ്മാ ഉണ്ടായിരിക്കുന്നതാണ്. എല്ലാ സമർപ്പിതരും എത്തിച്ചേരണമെന്ന് സ്നേഹ പൂർവ്വം അഭ്യർത്ഥിക്കുന്നു.

## കെരിഗ്മാ – ഫൊറോനാ തല നേതൃസംഗമം

ഓരോ ഫൊറോനാ കേന്ദ്രങ്ങളിലും നടത്തപ്പെടുന്നു. സമയം : 2 മണിക്കൂർ. അഭിവന്ദ്യ പിതാക്കന്മാരുടെ സാന്നിദ്ധ്യം ഉണ്ടായിരിക്കുന്നതാണ്. പഞ്ചവത്സര പഠനവിഷയം : വചനം ജീവിതവെളിച്ചം എന്നതിനെക്കുറിച്ച് ക്ലാസുകൾ സംഘടിപ്പിക്കുകയും വിവിധ വിഷയങ്ങളെക്കുറിച്ച് ചർച്ചകൾ നടത്തുകയും ചെയ്യുന്നു. പങ്കെടുക്കേണ്ടവർ : എല്ലാ ഇടവകയിലേയും ജനറൽ കൺവീനർ, കൂട്ടായ്മകളിലേയും ലീഡേഴ്സ്, ആനിമേറ്റേഴ്സ്.

## KLT - കൂട്ടായ്മാ ലീഡേഴ്സ് ട്രെയിനിംഗ് കോഴ്സ്

അർദ്ധവാർഷിക പരിശീലന പരിപാടി. സ്ഥലം : അതിരൂപതാ കേന്ദ്രം. 7 വിഷയങ്ങൾ ഉൾപ്പെടുത്തി 15 ക്ലാസുകൾ (75 മണിക്കൂർ). ആദ്യ ബാച്ച് 2019 ജൂൺ മുതൽ നവംബർ വരെ. സമയം : ശനിയാഴ്ചകളിൽ, അവധിദിവസങ്ങളിൽ 9:30 മുതൽ 3:30 വരെ. രജി. ഫീസ്: 750 രൂപ (ഇടവകയിൽ നിന്ന് നൽകുന്നത് ഉചിതമായിരിക്കും).

## ലോഗോസ് ക്വിസ് 2019 പഠനസഹായി തയ്യാറായിരിക്കുന്നു.

ലോഗോസ് ക്വിസ് മാതൃകാ ചോദ്യങ്ങളുടെ രൂപത്തിൽ, ബൈബിൾ വായിച്ച് ഉത്തരം കണ്ടെത്തുന്ന രൂപത്തിൽ തയ്യാറായിരിക്കുന്നു. ഏപ്രിൽ മാസം മുതൽ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

പഠനഭാഗം : നിയമ. 12–21, പ്രഭാ. 11–17, മത്താ. 1928, വെളി. 17–22

പരീക്ഷാ തീയതി : സെപ്റ്റംബർ 29 ഞായർ 2 p.m. 3:30 p.m.

മുതിർന്നവരേയും പങ്കെടുപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണമേ.

## ഒരു സന്തോഷവാർത്ത

സണ്ടേസ്കൂൾ കുട്ടികൾക്ക് വിശ്വാസോത്സവ സമ്മാനമായി നൽകാവുന്ന ഏതാനും പുസ്തകങ്ങൾ കുടുംബക്കൂട്ടായ്മാ ഓഫീസിൽ നിന്നും 50 ശതമാനം വിലക്കുറവിൽ ലഭിക്കുന്നതാണ്.

പ്രിയ കുടുംബപ്രേഷിതരേ,

ചുട്ടുപൊള്ളുന്ന കാലാവസ്ഥ പ്രകൃതിസംരക്ഷണവും പരിസ്ഥിതി സംരക്ഷണവും വളരെ അത്യാവശ്യമാണെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു. മാതൃവേദി–പിതൃവേദി സംഘടനയുടെ പ്രവർത്തനങ്ങളിൽ പ്ലാസ്റ്റിക്കിന്റെയും ഫ്ളക്സിന്റെയും ഉപയോഗം ഒഴിവാക്കാൻ നാം ശ്രദ്ധിക്കണം. മരങ്ങൾ വെച്ചുപിടിപ്പിക്കുന്നതടക്കമുള്ള കാര്യങ്ങളിൽ ബോധവത്ക്കരണം നടത്താൻ ശ്രമിക്കണം. പ്രകൃതിയോടുള്ള ക്രൂരത ജീവനോടുള്ള ക്രൂരത തന്നെയാണെന്ന ബോധ്യം നമുക്കുണ്ടാകണം.

നോമ്പിന്റെയും പ്രായശ്ചിത്തത്തിന്റെയും ദിനങ്ങളിലൂടെയാണല്ലോ നാം കടന്നു പോകുന്നത്. പീഡാനുഭവ ആഴ്ചയിലെ തിരുക്കർമ്മങ്ങളിൽ ഭക്തിപൂർവ്വം പങ്കുചേർന്ന് നമുക്കും ഈശോയുടെ സഹനജീവിതത്തോട് താദാത്മ്യപ്പെടാം.

ഏപ്രിൽ മാസത്തിൽ പ്രധാനമായും രണ്ടുകാര്യങ്ങളിലാണ് നാം ശ്രദ്ധിക്കേണ്ടത്. ഒന്ന് അംഗത്വ സ്വീകരണവും രണ്ട് 'വചനവീട്' എന്ന 100 ദിന കർമ്മപദ്ധതിയും. എല്ലാ അംഗങ്ങൾക്കുംവേണ്ടി അതിരൂപതയിൽ അംഗത്വ രജിസ്റ്ററും നമ്പറും ക്രമീകരിക്കാൻ ആഗ്രഹിക്കുന്നു. ഈ കാര്യത്തിൽ എല്ലാവരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കുടുംബപ്രേഷിത ശുശ്രൂഷകൾ സജീവമാക്കാൻ നമുക്ക് ഒരുമിച്ച് മുന്നേറാം. ആഗതമാകുന്ന ഉയിർപ്പ് തിരുന്നാളിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം നേരുന്നു.

**ഫാ. ജോസ് മുകളേൽ**
*(ഡയറക്ടർ)*

**ഫാ ജോൺസൺ ചാലയ്ക്കൽ**
**ഫാ. മാത്യു അഞ്ചിൽ**
*(അസി. ഡയറക്ടർമാർ)*

## ഫൊറോന നേതൃസംഗമം – "ഉണർവ് 2019"

മാർച്ച് മാസം 2-ാം തീയതി ആരംഭിച്ച ഫൊറോന നേതൃസംഗമങ്ങൾ സമാപിക്കുകയാണ്. അതിരൂപത നേതൃസംഗമത്തിന്റെ തുടർച്ചയായി അതിരൂപത – ഫൊറോന മാർഗ്ഗരേഖയും, കർമ്മപരിപാടികളും യൂണിറ്റ് ഭാരവാഹികൾ മനസ്സിലാക്കുന്നതിനും പഠിക്കുന്നതിനും ക്രമീകരിച്ച നേതൃസമ്മേളനങ്ങൾ വളരെ പ്രയോജനപ്രദമായിരുന്നു. വളരെ ചിട്ടയായും, മുൻ ഒരുക്കത്തോടും ഫൊറോനകളിൽ നേതൃസംഗമങ്ങൾ ക്രമീകരിച്ച ഫൊറോന ഡയറക്ടർ അച്ചന്മാർ, ആനിമേറ്റർ സിസ്റ്റർമാർ, ഭാരവാഹികൾ തുടങ്ങിയ എല്ലാവർക്കും അതിരൂപത സമിതിയുടെ പേരിൽ നന്ദി അർപ്പിക്കുന്നു.

## തിരുബാലസഖ്യം

നേതൃസമ്മേളനങ്ങളിൽ അവതരിപ്പിച്ച റിപ്പോർട്ടിൽ നിന്നും മനസ്സിലാകുന്നത് 85% യൂണിറ്റുകളിലും തിരുബാലസഖ്യം പ്രവർത്തനങ്ങൾ ആരംഭിച്ചു എന്നാണ്. ബാക്കി യൂണിറ്റിൽ ആരംഭിക്കാനും കുട്ടികളുടെ മാതാപിതാക്കളായ യുവദമ്പതിമാർക്ക് അംഗത്വം കൊടുത്ത് മാതൃ–പിതൃവേദി സംഘടനയിൽ സജീവമാക്കുവാൻ ഏപ്രിൽ മാസം പ്രയോജനപ്പെടുത്തമല്ലോ. തിരുബാലസംഖ്യത്തിൽപ്പെടുന്ന കുട്ടികളുടെ അഡ്രസ്സ് ഉൾക്കൊള്ളുന്ന ഒരു ലിസ്റ്റും തയ്യാറാക്കി യൂണിറ്റുകളിൽ സൂക്ഷിക്കേണ്ടതാണ്.

## അംഗത്വ വിതരണം

മാർച്ച് - ഏപ്രിൽ മാസം അംഗത്വ ക്യാമ്പയിൻ മാസങ്ങളായി ആചരിക്കുന്നു. ഇതിനായുള്ള അപേക്ഷ ഫോമുകൾ ഫൊറോനകൾ വഴി യൂണിറ്റിൽ ലഭിച്ചിട്ടുണ്ട് എന്ന് മനസ്സിലാക്കുന്നു. പുതിയ അംഗങ്ങൾ, തിരുബാലസഖ്യ യുവദമ്പതിമാർ എല്ലാവരും അംഗത്വ ഫോം പൂരിപ്പിച്ച് യൂണിറ്റ് ആനിമേറ്റർന്മാർ ഫോമുകൾ വെരിഫൈ ചെയ്ത് ഏപ്രിൽ 30-ന് അകം ഫൊറോന ആനിമേറ്ററെ ഏൽപ്പിക്കണം. ഏപ്രിൽ 30 വരെ 5 രൂപയാണ് പുതിയ അംഗത്വ ഫീസായി അതിരൂപതയിൽ നൽകേണ്ടത്. മുമ്പ് അംഗത്വ കാർഡ് ലഭിച്ചിട്ടുള്ള അംഗങ്ങൾ അവരുടെ അംഗത്വ കാർഡ് നമ്പർ പ്രസ്തുത ഫോമിൽ എഴുതി നൽകിയാൽ അങ്ങനെയുള്ളവരുടെ സീനിയോർട്ടി നഷ്ടപ്പെടാതെ നിലവിലുള്ള അംഗത്വ നമ്പരിൽ തന്നെ അംഗത്വം തുടരാൻ സാധിക്കും. ഇത്തരം അംഗങ്ങൾ ഫീസ് നൽകേണ്ടതില്ല. അംഗത്വകാർഡ് നഷ്ടപ്പെട്ടവർ പുതിയ അംഗത്വത്തിനായി അപേക്ഷിക്കണം. ഇതോടൊപ്പം യൂണിറ്റുകളിൽ വിശദമായ അഡ്രസ്സ് സഹിതം അംഗത്വ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഫോട്ടോ പതിച്ച് അംഗത്വ രജിസ്റ്റർ സൂക്ഷിക്കുന്ന അനേകം യൂണിറ്റുകൾ അതിരൂപതയിൽ ഉണ്ട്. മാതൃകാപരമായി ഇത് യൂണിറ്റുകളിൽ തുടരാവുന്നതാണ്. അംഗത്വ ലിസ്റ്റ് കംമ്പ്യൂട്ടറൈസ് ചെയ്യുവാൻ അതിരൂപതാ കേന്ദ്രം നടത്തുന്ന ശ്രമത്തോട് സഹകരിക്കുമല്ലോ.

## ദമ്പതി സംഗമം

ഇടവകയുടെ സാഹചര്യമനുസരിച്ച് ദമ്പതി സംഗമങ്ങൾ യൂണിറ്റുകളിൽ സംഘടിപ്പിക്കാൻ ശ്രമിക്കേണ്ടതാണ്. പുതിയ അംഗത്വ വിതരണത്തോടൊപ്പം 100 ദിന കർമ്മപദ്ധതിക്ക് മുൻ ഒരുക്കമായി വരുന്ന മാസങ്ങളിൽ ദമ്പതിസംഗമങ്ങൾ നടത്തി യൂണിറ്റുകളെ സജീവമാക്കുമല്ലോ. ദമ്പതിസംഗമ പഠന വിഷയങ്ങൾ യൂണിറ്റുകൾക്ക് തീരുമാനിക്കാവുന്നതാണ്.

## വചനവീട് - 100 ദിന കർമ്മപദ്ധതി

വചനവീട് - 100 ദിനങ്ങളിൽ നടക്കുന്ന കർമ്മ പദ്ധതി ഏപ്രിൽ 28-ാം തീയതി ഞായറാഴ്ച ആരംഭിച്ച് ആഗസ്റ്റ് 15-ാം തീയതി സമാപിക്കത്തക്കവിധം ക്രമീകരിച്ചിരിക്കുകയാണ്. അതിരൂപത മാർഗ്ഗരേഖ അടിസ്ഥാനമാക്കി ഇടവകയുടെ സാഹചര്യത്തിൽ പുതിയ കർമ്മപരിപാടികൾ കൂടി ഉൾപ്പെടുത്തി യൂണിറ്റുകളിൽ മാർഗ്ഗരേഖ തയ്യാറാക്കി വേണം വചനവീട് കർമ്മപരിപാടിയിൽ പങ്കെടുക്കുവാൻ. ഇതിൽ അതിരൂപതയിലെ എല്ലാ യൂണിറ്റും സജീവമായി പങ്കെടുക്കുമല്ലോ. ഈ കർമ്മപദ്ധതി മാതൃ-പിതൃവേദി സംഘടനയിലെ അംഗങ്ങൾക്ക് വേണ്ടി മാത്രമല്ല. ഇടവകയ്ക്ക് പൊതുവായി പ്രയോജനം ചെയ്യുന്ന വിധമാണ് ക്രമീകരിക്കേണ്ടത്. ഇടവക വികാരി അച്ചനുമായി ആലോചിച്ച് ഉചിതമായ കർമ്മ പദ്ധതികൾ നടപ്പാക്കുവാൻ ശ്രമിക്കുകയാണ് വേണ്ടത്.

ദൈവവചനം വായിക്കുക, ധ്യാനിക്കുക, പഠിക്കുക. ഇവയിലൂടെ ദൈവവചനം അടിസ്ഥാനമാക്കിയുള്ള ജീവിതപ്രവർത്തനശൈലി കുടുംബത്തിലും പൊതുജീവിതത്തിലും രൂപപ്പെടുത്തുക എന്നതാണ് ലക്ഷ്യം. ഈ ലക്ഷ്യം സാധ്യമാക്കുന്ന കർമ്മപരിപാടികളാണ് ഇടവകയിൽ ആസൂത്രണം ചെയ്യേണ്ടത്. അതിരൂപത തലത്തിലുള്ള ഉദ്ഘാടനം ഏപ്രിൽ 26-ന് കത്തീഡ്രൽ പള്ളിയിലും ഫൊറോന തലങ്ങളിൽ 27-നും യൂണിറ്റുകളിൽ 28-നും നടത്തണം. വചന

പ്രയാണങ്ങൾ, ഭവനസനസന്ദർശങ്ങൾ, യൂണിറ്റ് സന്ദർശനങ്ങൾ, വചനം എഴുത്ത് മത്സരങ്ങൾ തുടങ്ങി വിവിധ തരത്തിൽ 100 ദിന കർമ്മപദ്ധതി വിജയിപ്പിക്കാൻ ഫൊറോനകൾ തയ്യാറെടുക്കണം.

## ഫൊറോന എക്സിക്യൂട്ടീവുകൾ

ഉണർവ്വ് - 2019 നേതൃസംഗമങ്ങൾക്കുശേഷം ഫൊറോന എക്സിക്യൂട്ടീവ് മീറ്റിങ്ങുകൾ കൂടി വിലയിരുത്തലുകളും തുടർന്നുള്ള കർമ്മപദ്ധതികളും ആലോചനകളും നടത്തണം. ഫൊറോനകളെ സഹായിക്കാൻ ഓരോ ഫൊറോനകൾക്കും അതിരൂപത ഭാരവാഹികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഫൊറോന യോഗങ്ങൾ പ്രസ്തുത ഭാരവാഹികളെ അറിയിക്കുമല്ലോ.

## റിക്കാഡുകൾ

ഫൊറോന - യൂണിറ്റുകളിൽ ആവശ്യമായ റിക്കാഡുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട് എന്ന് ഫൊറോന നേതൃയോഗങ്ങളിൽ നിന്നും മനസ്സിലാക്കുന്നു. ഏതെങ്കിലും യൂണിറ്റുകൾ റിക്കാഡുകൾ പൂർണ്ണമാക്കാനുണ്ടെങ്കിൽ ഏപ്രിൽ മാസത്തിൽ തന്നെ പൂർണ്ണമാക്കുമല്ലോ.

## വചനമെഴുത്ത് മത്സരം

ഈ വർഷം മാർഗ്ഗരേഖയിൽ കൊടുത്തിട്ടുള്ള മത്സരങ്ങൾ കൂടാതെ വചനമെഴുത്ത് മത്സരംകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. 2 മണിക്കൂറിനുള്ളിൽ ഏറ്റവും കൂടുതൽ വചനം കാണാതെയെഴുതുന്നവർക്ക് സമ്മാനങ്ങൾ ലഭിക്കും. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## സ്വാഗതവും കൃതജ്ഞതയും

കഴിഞ്ഞ ഒരു വർഷക്കാലം ഫാമിലി അപ്പോസ്തലേറ്റിൽ റീജൻസി ചെയ്ത ബ്രദർ സനൂപ് മുത്തുമാക്കുഴിയിൽ, ബ്രദർ നിതിൻ അമ്പലത്തിങ്കൽ എന്നിവർക്ക് നന്ദി അറിയിക്കുന്നു. പുതിയ റീജന്റായി ചാർജ്ജെടുത്ത ബ്രദർ നിഖിൽ അറക്കത്തറക്ക് സ്വാഗതമരുളുന്നു.

## യൂണിറ്റ് - ഫൊറോന കലോത്സവങ്ങൾ

അതിരൂപത മാർഗ്ഗരേഖയിൽ പറഞ്ഞിരിക്കുന്ന മത്സരയിനങ്ങളിലും, നിബന്ധനകളിലും ഈ വർഷം മാറ്റങ്ങൾ ഒന്നും ഉണ്ടായിരിക്കുന്നതല്ല എന്ന് സ്നേഹപൂർവ്വം അറിയിക്കട്ടെ.

## പ്രൊലൈഫ് ദിനാചരണം

മാർച്ച് 25 മംഗളവാർത്ത തിരുനാൾ ദിനമാണല്ലോ പ്രൊലൈഫ് ഡേ. അന്ന് 4.00 p.m.-ന് പാറേൽപള്ളിയിൽ നിന്ന് കത്തീഡ്രൽ പള്ളിയിലെ അജാത ശിശുക്കളുടെ സ്മാരകത്തിലേക്ക് പ്രൊലൈഫ് ജപമാല റാലി നടത്തി. കൃപ പ്രൊലൈഫ് സമിതിയുടെയും ജീവൻ ജ്യോതി പ്രൊലൈഫ് സെല്ലിന്റെയും സംയുക്താഭിമുഖ്യത്തിലാണ് റാലി നടത്തിയത്. അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് സന്ദേശം നല്കുകയും പെരിയ ബഹു. കുര്യൻ പുത്തൻപുരയ്ക്കലച്ചൻ പ്രാർത്ഥന നയിക്കുകയും ചെയ്തു. റവ. ഫാ. ജേക്കബ് വാരിക്കാട്ട്, റവ. ഫാ. ജോൺസൺ ചാലയ്ക്കൽ തുടങ്ങിയവർ സന്ദേശം നല്കി. റജി ആഴാംചിറ,

വർഗീസ് കുടിലിൽ, പ്രമോദ്, ടോമിച്ചൻ കാവാലം, ബൈജു ആലഞ്ചേരി, സീന തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നല്കി.

## കുടുംബങ്ങൾക്കുവേണ്ടി മദ്ധ്യസ്ഥപ്രാർത്ഥന

എല്ലാ മാസത്തിലെയും 4-ാം വെള്ളിയാഴ്ച പാറേൽപള്ളിയിൽ വച്ച് സഭയ്ക്കും കുടുംബങ്ങൾക്കും കുട്ടികൾക്കും ജീവനുവേണ്ടിയും അഖണ്ഡജപ മാല പ്രാർത്ഥനയും, ആരാധനയും, വി.കുർബാനയും നടത്തപ്പെടുന്നു. രാവിലെ 9.45-ന് ആരംഭിച്ച് 1.15-ന് അവസാനിക്കുന്നതാണ്.

## ബധിരർക്കും മൂകർക്കും വേണ്ടിയുള്ള വിവാഹ ഒരുക്ക കോഴ്സ്

വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക്

കേരള കത്തോലിക്കാസഭയിൽ ബധിരർക്കും മൂകർക്കും വേണ്ടിയുള്ള വിവാഹ ഒരുക്ക കോഴ്സ് കെസിബിസി തലത്തിൽ സഭാ ആസ്ഥാനമായ പാലിവട്ടം പി.ഒ.സിയിൽ കഴിഞ്ഞ വർഷം ആരംഭിച്ചിരുന്നല്ലോ. കേരളസഭയിൽ ആദ്യമായിട്ടാണ് സഭാതലത്തിൽ ഇത്തരത്തിലുള്ള ഒരു സംരംഭം. കെസിബിസി ഫാമിലി കമ്മീഷനാണ് ഇതിന് നേതൃത്വം കൊടുക്കുന്നത്. ബധിരരും മൂകരും ആയിട്ടുള്ള അകത്തോലിക്കരായ യുവതീയുവാക്കൾക്കും വിവാഹജീവിതത്തിലേക്ക്പ്രവേശിക്കുന്നതിനു മുമ്പ് ഈ കോഴ്സിൽ പങ്കെടുക്കാൻ സാധിക്കുന്നതരത്തിലാണ് പാഠ്യപദ്ധതികൾ ക്രമീകരിച്ചിട്ടുള്ളത്.

ഇക്കാര്യം ബഹുമാനപ്പെട്ട വികാരിമാർ ഞായറാഴ്ച കുർബാനമദ്ധ്യേ ആളുകളെ അറിയിക്കണം. ഇനിമുതൽ ഇടവകയിൽ ബധിരരും മൂകരും ആയിട്ടുള്ള യുവതീയുവാക്കൾ വിവാഹിതരാകുന്നതിന് മുമ്പ് ഈ കോഴ്സിൽ പങ്കടുക്കുവാൻ ഓർമ്മിപ്പിക്കണം. കൂടാതെ, ഇവർക്കുവേണ്ടിയുള്ള മാട്രിമോണിയൽ സർവ്വീസും (KCBC Matrimony for the Deaf) കെ.സി.ബി.സി. തലത്തിൽ ആരംഭിച്ചിരിക്കുന്നു.

2019-ൽ ബധിരർക്കും മൂകർക്കും വേണ്ടിയുള്ള മൂന്നു വിവാഹ ഒരുക്ക കോഴ്സുകളാണ് ഒരുക്കിയിരിക്കുന്നത്.

A) **പാലാരിവട്ടം പിഒസിയിൽ :** 1. ഏപ്രിൽ 12,13,14 2. ഒക്ടോബർ 11,12,13

B) **കൊല്ലം മേഖല** : 3. ആഗസ്റ്റ് 9,10,11

സ്ഥലം: ക്രിസ്തു ജ്യോതിസ് ആനിമേഷൻ സെന്റർ കൊട്ടിയം, കൊല്ലം

*ബന്ധപ്പെടേണ്ട വിലാസം:* **സെക്രട്ടറി, കെ.സി.ബി.സി. ഫാമിലി കമ്മീഷൻ, പിഒസി, പാലാരിവട്ടം, കൊച്ചി-682025, ഫോൺ: 9995028229, 9495812190**

**Email: kcbcfamilycommission@gmail.com, Website: www.kcbcfamilycommission.org**

## വിവാഹ ഒരുക്ക ധ്യാനം

FAMILY APOSTOLATE · CHANGE THE WORLD FROM YOUR HOME · ARCHDIOCESE OF CHANGANASSERY

| APRIL 2019 | MAY 2019 | JUNE 2019 |
|---|---|---|
| 8,9,10 (Zion) | 10,11,12 (Chry) | 3, 4, 5 (Zion) |
| 15,16,17 (Zion) | 16,17,18 (Zion) | 7, 8, 9 (Chry) |
| 24,25,26 (Zion) | 27,28,29 (Chry) | 17, 18, 19 (Zion) |
| 29,30,May 1 (Chry) | | 24, 25, 26 (Chry) |

## ഡയറക്ടേഴ്സ് കോൺഫ്രൻസ്

ഫെബ്രുവരി 26 ചൊവ്വാഴ്ച യുവദീപ്തി-എസ്.എം.വൈ.എമ്മിന്റെ ഫൊറോനാ ഡയറക്ടർമാരുടെ സമ്മേളനം അതിരൂപതാ ഓഫീസിൽ കൂടി. 2019 പ്രവർത്തനവർഷത്തെ പ്രവർത്തനപരിപാടികൾ ചർച്ച ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര, ജോയിന്റ് ഡയറക്ടർ ഫാ. ജോബിൻ ആനകല്ലുങ്കൽ എന്നിവർ ചർച്ചകൾക്ക് നേതൃത്വം നൽകി.

## കെ.സി.വൈ.എം. നേതൃസംഗമവും E -കാറ്റും

കെ.സി.വൈ.എം. നേതൃസംഗമം (രൂപതകളിലെ പ്രധാന ഭാരവാഹികൾ) മാർച്ച് 3 ഞായർ രാവിലെ 10.30 മുതൽ ചങ്ങനാശേരി അരമനയിൽ കൂടി. സംസ്ഥാനപ്രസിഡന്റ് സിറിയക് ചാഴികാടന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം ചങ്ങനാശേരി അതിരൂപതാസഹായമെത്രാൻ മാർ തോമസ് തറയിൽ ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര, പ്രസിഡന്റ് ഷിജോ ഇടയാടി, ജോ-ഡയറക്ടർ ഫാ. ജോബിൻ ആനകല്ലുങ്കൽ എന്നിവർ പ്രസംഗിച്ചു. കേരളത്തിലെ വിവിധ രൂപതകളിൽ നിന്ന് പ്രധാന ഭാരവാഹികൾ നേതൃസംഗമത്തിൽ പങ്കുചേർന്നു. സംസ്ഥാന ഡയറക്ടർ ഫാ. സ്റ്റീഫൻ ആമുഖപ്രസംഗം നടത്തി. സംസ്ഥാന പ്രസിഡന്റ് സിറിയക് ചാഴികാടൻ പുതിയ പ്രവർത്തനവർഷത്തിലെ കർമ്മപരിപാടികൾ വിശദീകരിച്ചുകൊടുത്തു. കേരള സർക്കാരിന്റെ ചർച്ച്ബിൽ ആക്ടിനെതിരെ E-കാറ്റ് എന്ന പേരിൽ കെ.സി.വൈ.എം പ്രവർത്തകരെകൊണ്ട് മെസേജ് അയപ്പിക്കുന്ന പ്രോഗ്രാമിന്റെ ഉദ്ഘാടനവും നേതൃസംഗമത്തിൽവച്ച് അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് നിർവ്വഹിച്ചു.

## അതിരൂപതാ വാർഷികം, പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണം, പ്രോജക്ട് ഉദ്ഘാടനം

ചങ്ങനാശേരി അതിരൂപതാ യുവദീപ്തി-എസ്.എം.വൈ.എമ്മിന്റെ 2018 പ്രവർത്തനവർഷത്തെ വാർഷികവും 2019 വർഷത്തേക്കുള്ള അതിരൂപതാ ഭാരവാഹികളുടെ സത്യപ്രതിജ്ഞയും പ്രോജക്ട് ഉദ്ഘാടനവും മാർച്ച് 9 ശനിയാഴ്ച രാവിലെ 9.30 മുതൽ 2 മണിവരെ ചങ്ങനാശേരി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. അതിരൂപതാ ഡെപ്യൂട്ടി പ്രസിഡന്റ് ആൻ മരിയ ജോസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനം വികാരി ജനറാൾ വെരി. റവ. ഡോ. ജോസഫ് മുണ്ടകത്തിൽ ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര ആമുഖ പ്രസംഗം നടത്തി. കെ.സി.വൈ.എം. സിൻഡിക്കേറ്റ് മെമ്പർ അനു ആനി ജോസഫ് വാർഷിക റിപ്പോർട്ടവതരിപ്പിച്ചു. അതിരൂപതാ ജോയിന്റ് ഡയറക്ടർ ഫാ. ജോബിൻ ആനക്കല്ലുങ്കൽ, ശ്യാം കെ. ജോസഫ്, ആന്റോ റ്റി. മേപ്പുറം എന്നിവർ വാർഷികസമ്മേളനത്തെ അഭിസംബോധന ചെയ്തു പ്രസംഗിച്ചു. അതിരൂപതാ ആനിമേറ്റർ സിസ്റ്റർ സെലിൻ ജോസ് S.D. പ്രാർത്ഥനയ്ക്കു നേതൃത്വം നൽകി. SMYM പ്രതിനിധി റ്റിൻസി തോമസ് പതാക ഉയർത്തൽ കർമ്മം നിർവ്വഹിച്ചു. ഓഫീസ് സെക്രട്ടറി ലാലിച്ചൻ മറ്റത്തിൽ 2019 പ്രവർത്തനവർഷത്തെ ഭാരവാഹികളെ പരിചയപ്പെടുത്തി: അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര

പുതിയ ഭാരവാഹികൾക്ക് സത്യവാചകം ചൊല്ലിക്കൊടുത്തു. തുടർന്ന് അതിരൂപതാ പ്രസിഡന്റ് ഷിജോ മാത്യു ഇടയാടിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ വച്ച് ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത മാർ ജോസഫ് പെരുന്തോട്ടം പുതിയ പ്രോജക്ട് ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി ജെസ്റ്റിൻ മഞ്ചേരിക്കളം സ്വാഗതവും ഡെപ്യൂട്ടി പ്രസിഡന്റ് സീനാമോൾ ചെറിയാൻ നന്ദിയും പറഞ്ഞു. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര ആമുഖപ്രസംഗം നടത്തി. ജോസ്നാ ജോസഫ്, എത്സാ ബിജു, ജോബിൻ ജോസഫ്, ജോസഫ് ജെയിംസ്, ഡിലോ ദേവസ്യാ എന്നിവർ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. കെ.സി.വൈ.എം സിൻഡിക്കേറ്റ് അംഗം ഷാരോൺ ദേവസ്യ പതാക താഴ്ത്തൽ കർമ്മം നിർവ്വഹിച്ചു.

## 2018 പ്രവർത്തനവർഷത്തിലെ ബെസ്റ്റ് യൂണിറ്റുകൾ

യുവദീപ്തി - എസ്.എം.വൈ.എം. 2018 പ്രവർത്തനവർഷത്തിൽ ഓരോ ഫൊറോനയിൽ നിന്നും പ്രവർത്തനമികവിനെ അടിസ്ഥാനമാക്കി തെരഞ്ഞെടുത്ത

**ബെസ്റ്റ് യൂണിറ്റുകൾ**

| | | |
|---|---|---|
| ആലപ്പുഴ | - | ഹോളിക്രോസ്, പഴവങ്ങാടി |
| അമ്പൂരി | - | സെന്റ് മേരീസ്, മായം |
| അതിരമ്പുഴ | - | അതിരമ്പുഴ, സെൻട്രൽ |
| ചങ്ങനാശേരി | - | സെന്റ് മേരീസ്, പാറേൽ |
| ചമ്പക്കുളം | - | ചമ്പക്കുളം, ബസ്ളിക്ക |
| എടത്വാ | - | സെന്റ് തോമസ് മുട്ടാർ (മുട്ടാർ ന്യൂ) |
| കൊല്ലം | - | സെന്റ് മേരീസ് നരിക്കല്ല് |
| കോട്ടയം | - | ഹോളിക്രോസ് കൂരോപ്പട |
| കുടമാളൂർ | - | സെന്റ് ജോർജ്, ഐക്കരച്ചിറ |
| കുറുമ്പനാടം | - | സെന്റ് ജോർജ്, തോട്ടയ്ക്കാട് |
| മണിമല | - | സെന്റ് തോമസ്, പെരുംകാവ് & ഹോളിമാഗി, മണിമല |
| നെടുങ്കുന്നം | - | സെന്റ് ജോസഫ്സ്, വായ്പ്പൂർ ന്യൂ |
| പുളിങ്കുന്ന് | - | സെന്റ് ജോസഫ്സ്, കായൽപ്പുറം |
| തൃക്കൊടിത്താനം | - | സെന്റ് സേവ്യേഴ്സ്, തൃക്കൊടിത്താനം |
| തുരുത്തി | - | സെന്റ് മേരീസ് തുരുത്തി |
| തിരുവനന്തപുരം | - | ലൂർദ് ഫൊറൈൻ ചർച്ച് |

**ബെസ്റ്റ് ഫൊറോനകൾ**

| | | |
|---|---|---|
| ബെസ്റ്റ് ഫൊറോന | - | അതിരമ്പുഴ |
| IInd ബെസ്റ്റ് | - | കുടമാളൂർ |
| IIIrd ബെസ്റ്റ് | - | ആലപ്പുഴ & തൃക്കൊടിത്താനം |

## അതിരമ്പുഴ ഫൊറോന - സമന്വയം - 2019

അതിരമ്പുഴ ഫൊറോനാവാർഷികവും പ്രവർത്തനവർഷ ഉദ്ഘാടനവും ''സമന്വയം - 2019' മാർച്ച് 24 ഞായറാഴ്ച 2.30 ന് സെന്റ് റീത്താ യൂണിറ്റിൽ വച്ച്

നടത്തി. ഫൊറോനാ പ്രസിഡന്റ് ബോണി ലിയോ തോമസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം എം.ജി. യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ ഡോ. സാബു തോമസ് ഉദ്ഘാടനം ചെയ്തു. ഫൊറോനാ ഡയറക്ടർ ഫാ. സോണി പള്ളിച്ചിറ ആമുഖസന്ദേശം നൽകി. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര, യൂണിറ്റ് ഡയറക്ടർ ഫാ. ജിയോ കുറിയന്നൂർപറമ്പിൽ, മുൻ ഫൊറോനാ പ്രസിഡന്റ് ആഷ്‌വിൻ ജോർജ് എന്നിവർ ആശംസകൾ അർപ്പിച്ചു പ്രസംഗിച്ചു. നിധിൻ ജോസ് ഫൊറോനാ റിപ്പോർട്ടവതരിപ്പിച്ചു. ജന. സെക്രട്ടറി അരുൺ ഷോണിച്ചൻ സ്വാഗതവും സ്നേഹാ ബെന്നി നന്ദിയുമർപ്പിച്ചു. യൂണിറ്റ് പ്രസിഡന്റ് ആനന്ദ് ബേബി പതാക ഉയർത്തി. സമ്മേളനത്തിൽവച്ച് 2018 വർഷത്തിലെ ഏറ്റവും മികച്ച ഫൊറോനായ്ക്കുള്ള സമ്മാനം നേടിയ അതിരമ്പുഴയെ അനുമോദിച്ചു. അതോടൊപ്പം പോയവർഷത്തിലെ ഭാരവാഹികളേയും ആദരിക്കുകയുണ്ടായി.

## നെടുങ്കുന്നം ഫൊറോന പ്രോജക്ട് ഉദ്ഘാനം - "നിയോസ്" 2K19

നെടുങ്കുന്നം ഫൊറോനാ യുവദീപ്തി - എസ്.എം.വൈ.എമ്മിന്റെ 2019 പ്രവർത്തനവർഷത്തെ പ്രവർത്തനവർഷ ഉദ്ഘാടനം "നിയോസ്" -2K19 നെടുങ്കുന്നം സി.ബി.എസ്.സി. സ്കൂൾ ഹാളിൽ വച്ച് മാർച്ച് 24 ഞായറാഴ്ച ഉച്ചയ്ക്കുശേഷം 2.30 മുതൽ നടത്തി. ഫൊറോനാ പ്രസിഡന്റ് ജേക്കബ് ആന്റണിയുടെ അദ്ധ്യക്ഷതയിൽകൂടിയ സമ്മേളനത്തിൽ ഫൊറോനാ വികാരി വെരി റവ. ഡോ. ജോസഫ് പുതുപറമ്പിൽ നിയോസ് - 2ഗ19 - ഉദ്ഘാടനം ചെയ്തു. ഫൊറോനാ ഡയറക്ടർ ഫാ. ലിബിൻ പുത്തൻപറമ്പ് ആമുഖസന്ദേശം നല്കിയതിനുശേഷം പുതിയ ഭാരവാഹികൾക്ക് സത്യപ്രതിജ്ഞ ചൊല്ലികൊടുത്തു. അതിരൂപതാ ജോയിന്റ് ഡയറക്ടർ ഫാ. ജോബിൻ ആനകല്ലുങ്കൽ മുഖ്യപ്രഭാഷണം നടത്തി. അതിരൂപതാ സെക്രട്ടറിമാരായ എത്സാ ബിജു, ജോബിൻ ജോസഫ് എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി.

## 'പൂമരച്ചോട്ടിൽ' -ചമ്പക്കുളം ഫൊറോന

ചമ്പക്കുളം ഫൊറോനായിലെ മുൻകാല നേതാക്കന്മാരുടെ സംഗമം 'പൂമരച്ചോട്ടിൽ' തെക്കേക്കര സെന്റ് ജോൺസ് ഹാളിൽവച്ച് മാർച്ച് 24 ഞായറാഴ്ച ഉച്ചയ്ക്കുശേഷം 2 മണിക്ക് നടത്തി. ഫൊറോനാ മുൻ പ്രസിഡന്റ് റോബിൻ കുര്യൻ അദ്ധ്യക്ഷതവഹിച്ചയോഗം അതിരൂപതാ മുൻ സിൻഡിക്കേറ്റ് അംഗം ജോഷി ആപ്പീസിൽ ഉദ്ഘാടനം ചെയ്തു. അതിരൂപതാ സിൻഡിക്കേറ്റ് മെമ്പർ സിറിയക് തലച്ചല്ലൂർ, ഫാ. സിറിയക് വലിയപറമ്പിൽ, ഫാ. ജോഷി പുത്തൻപുരയ്ക്കൽ, ഫൊറോനാ ഡയറക്ടർ ഫാ. മാർട്ടിൻ തൈപറമ്പിൽ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു.

## ഏപ്രിൽമാസത്തെ പരിപാടികൾ

| | | |
|---|---|---|
| 1 | - | അഫിലിയേഷൻ ആരംഭിക്കുന്നു |
| 7 | - | വനിതാ സംഗമം (അതിരമ്പുഴ ഫൊറോനായിൽ) |
| 13 | - | Camp Trainers Meet (TREFF) |
| 14 | | Media workshop |
| 14 - 21 | - | വലിയ ആഴ്ച |
| 15 | | Leaders Meet |
| 26,27,28 | - | ഫൊറോനാ ക്യാമ്പ് (ആലപ്പുഴ, ചമ്പക്കുളം) |

ഈശോമിശിഹായിൽ സ്നേഹമുള്ളവരെ,

വീണ്ടും ഒരവധിക്കാലം വന്നെത്തിയിരിക്കുന്നു. പരീക്ഷകളുടെയും ക്ലാസുകളുടെയും തിരക്കുകൾ എല്ലാം കഴിഞ്ഞ് അവധിക്കാലത്തിന്റെ സന്തോഷത്തിലേക്ക് നമ്മൾ എത്തിച്ചേർന്നിരിക്കുന്നു. ഈ കഴിഞ്ഞ അദ്ധ്യയനവർഷം കെ.സി.എസ്.എൽ കുടുംബത്തിന് ലഭിച്ച എല്ലാ നന്മകൾക്കും ദൈവത്തിന് കൃതജ്ഞത അർപ്പിക്കാം. ഒപ്പം കെ.സി.എസ്.എൽ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ച പ്രിയപ്പെട്ട എല്ലാ അദ്ധ്യാപകർക്കും നന്ദിയുടെ നറുമലരുകൾ അർപ്പിക്കുന്നു. ഈ അവധിക്കാലത്ത് സമയം പാഴാക്കാതെ ഉപയോഗപ്രദമായ ധാരാളം കാര്യങ്ങൾ ചെയ്യാൻ നമുക്ക് കഴിയട്ടെ. നല്ല പുസ്തകങ്ങൾ വായിക്കുന്നതിനും രചനകൾ നിർവ്വഹിക്കുന്നതിനും ഉപകരണസംഗീതം അഭ്യസിക്കുന്നതിനുമൊക്കെ കൂട്ടുകാർ സമയം കണ്ടെത്തണം. അവധിക്കാലത്ത് എല്ലാ ദിവസവും ദൈവാലയത്തിൽ പോകുന്നതിനും മാതാപിതാക്കളോടൊത്തായിരിക്കുന്നതിനും വീട്ടിലെ ചെറിയ ജോലികളും ഉത്തരവാദിത്വങ്ങളുമൊക്കെ ചെയ്യുന്നതിനും കുട്ടികൾ ശ്രദ്ധിക്കണം.

## സ്റ്റേറ്റ് ഇലക്ഷൻ ക്യാമ്പ്

ഏപ്രിൽ 24 മുതൽ 27 വരെ മാവേലിക്കര സീറോ മലങ്കര രൂപതയുടെ പാസ്റ്ററൽ സെന്ററിലായിരിക്കും സ്റ്റേറ്റ് ഇലക്ഷൻ ക്യാമ്പ് നടത്തപ്പെടുന്നത്. ഓരോ വിദ്യാലയത്തിൽ നിന്നും ഓരോ വിഭാഗത്തിൽനിന്നും ഒരാളെ വീതം ക്യാമ്പിൽ പങ്കെടുപ്പിക്കണം. ക്യാമ്പ് ഫീസ് 750 രൂപ.

## സ്വാഗതവും നന്ദിയും

കെ.സി.എസ്.എൽ-ന്റെ പുതിയ റീജന്റ് ബ്രദറായി ബ്ര. ജേക്കബ് കളത്തിവീട്ടിൽ നിയമിതനായി. ബ്രദറിനെ ഏറ്റവും സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു. കഴിഞ്ഞ അധ്യയനവർഷം സംഘടനയിൽ സേവനം ചെയ്ത ബ്രദർ ജോജോ പള്ളിച്ചിറക്കും ബ്രദർ ഹെൻറി കോയിൽപ്പറമ്പിലിനും സ്നേഹനിർഭരമായ നന്ദി നേരുന്നു.

വിവിധ സ്കൂളുകളിൽ നിന്നും മെമ്പർഷിപ്പ് ഫീസും പഠനപുസ്തകങ്ങളുടെ പൈസയും തന്നിട്ടില്ല. ഉടൻതന്നെ ഈ വർഷത്തെ കണക്കുകൾ തീർക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. എല്ലാവർക്കും ദൈവാനുഗ്രഹപ്രദമായ ഒരവധിക്കാലം ആശംസിക്കുന്നു. നമ്മുടെ കർത്താവീശോമിശിഹായുടെ ഉയിർപ്പുതിരുന്നാളിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു.

ഈശോമിശിഹായിൽ സ്നേഹപൂർവ്വം

**ഫാ. ജോസഫ് വേളങ്ങാട്ടുശ്ശേരി**
(ഡയറക്ടർ)

## 2019 മാർച്ച് 3 കരിദിനം.

കത്തോലിക്കാ കോൺഗ്രസ് ചങ്ങനാശേരി അതിരൂപത സമിതിയുടെ നേതൃത്വത്തിൽ ഗ്ലോബൽ സമിതിയുടെ നിർദേശാനുസരണം അതിരൂപതയിലെ എല്ലാ യൂണിറ്റുകളിലും കരിദിനം ആചരിച്ചു. വിവിധ യൂണിറ്റുകളിൽ ചർച്ച് ബില്ലിനെതിരേ പോസ്റ്റർ പ്രദർശനം നടത്തി. ഇടവകകളിൽ പ്രതിഷേധ റാലി, ഒപ്പു ശേഖരണം, പ്രതിജ്ഞ, ഏകദിന ഉപവാസം എന്നിവ നടത്തി. അതി രൂപതാ തല ഉദ്ഘാടനം കോട്ടയം ഫൊറോനയിലെ അയർക്കുന്നം യൂണിറ്റിൽ അതിരൂപതാസഹായ മെത്രാൻ മാർ തോമസ് തറയിൽ നിർവഹിച്ചു. അതിരൂപത പ്രസിഡന്റ് വർഗീസ് ആന്റണി, ഫാ. ജോസ് മുകളേൽ, ജോയി പാറപ്പുറം എന്നിവർ പ്രസംഗിച്ചു.

## പ്രതിഷേധ സമ്മേളനം

2019 ചർച്ച് ബില്ലിനെതിരേ കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതി യുടെ നേതൃത്വത്തിൽ കോട്ടയം തിരുനക്കര മൈതാനിയിൽ 2019 മാർച്ച് 7-ാം തീയതി വമ്പിച്ച സമ്മേളനം നടന്നു. ചങ്ങനാശേരി, പാലാ, കോട്ടയം, കാഞ്ഞിരപ്പള്ളി, കോതമംഗലം, രൂപതകളുടെ സംയുക്താഭിമുഖ്യത്തിൽ നടന്ന പ്രതിഷേധ സമ്മേ ളനം അതിരൂപതാ മെത്രാപ്പോലീത്താ മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം ചെയ്തു. ഗ്ലോബൽ പ്രസിഡന്റ് ബിജു പറയനിലം അദ്ധ്യക്ഷത വഹിച്ചു. ബിഷപ്പ് മാർ റെമിജിയൂസ് ഇഞ്ചനാനിയിൽ, ബിഷപ്പ് സാമുവൽ മാർ ഐറേനിയോസ്, വികാരി ജനറാൾ അച്ചൻമാർ, ഫൊറോനാ വികാരി അച്ചൻമാർ, യൂണിറ്റ്-ഫൊറോ നാ-രൂപതാ ഡയറക്ടർമാർ എന്നിവരുടെ നേതൃത്വത്തിൽ ഒരു വലിയ ജനപങ്കാളി ത്തം പ്രസ്തുത സമ്മേളനത്തിൽ ഉണ്ടായിരുന്നു. അതിന് താല്പര്യമെടുത്ത എല്ലാ വൈദികരോടും, സിസ്റ്റേഴ്സിനോടും, ഭാരവാഹികളോടുമുള്ള നന്ദി അറിയിക്കുന്നു.

## നാഷണൽ ഡെലിഗേറ്റ്സ് മീറ്റ്

കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നാഷണൽ ഡെലഗേറ്റ്സ് മീറ്റ് 2019 മാർച്ച് 8-ാം തിയതി നടന്നു. നമ്മുടെ രൂപതയിൽ നിന്ന് പ്രതിനിധികൾ പങ്കെടുത്തു. പ്രസ്തുത സമ്മേളനം മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്തു.

## പ്രതിഷേധ നിൽപു സമരം

അതിരൂപതാ സമിതിയുടെ നേതൃത്വത്തിൽ തുരുത്തി, ചങ്ങനാശേരി, തൃക്കൊടിത്താനം, ഫൊറോനകളുടെ സംയുക്താഭിമുഖ്യത്തിൽ 2019 മാർച്ച് 26-ാം തീയതി ചങ്ങനാശേരി ഹെഡ് പോസ്റ്റ് ഓഫീസിനു മുൻ പിൽ പ്രതിഷേധ നിൽപ്പു സമരം നടത്തി. ഞായറാഴ്ചകളിലെ ആരാധന സ്വാതന്ത്ര്യം കവർന്നെടുക്കുക, കേന്ദ്ര ഭരണ പ്രദേശങ്ങളിൽ ദുഃഖവെള്ളി, അവധി റദ്ദാക്കുന്നത്, കർണാടകയിൽ വോട്ടെടുപ്പ് പെസാഹാ വ്യാഴാഴ്ച

നടത്തുന്നത്, ഹയർ സെക്കൻഡറി പരീക്ഷ മൂല്യനിർണ്ണയം പെസഹാ വ്യാഴാഴ്ച, ദുഃഖവെള്ളി എന്നീ ദിവസങ്ങളിൽ നടത്തുന്നത്, പി.എസ്.സി പരീക്ഷകൾ ഞായറാഴ്ചകളിൽ നടത്തുന്നത്, കേരള വിദ്യാഭ്യാസ നിയമവും ചട്ടവും നൂനപക്ഷ വിരുദ്ധമായി ഭേദഗതി ചെയ്തത് എന്നിവയ്ക്കെതിരെയാണ് പ്രസ്തുത സമരം സംഘടിപ്പിച്ചത്. അതിരൂപതാ പ്രസിഡന്റ് വർഗീസ് ആന്റണി യുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഗ്ലോബൽ സെക്രട്ടറി ജാൻസൺ ജോസഫ് ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജോസ് മുകളേൽ, ജനറൽ സെക്രട്ടറി രാജേഷ് ജോൺ, ട്രഷറർ സിബി മുക്കാടൻ, ടോമിച്ചൻ അയ്യ രുകുളങ്ങര എന്നിവർ പ്രസംഗിച്ചു. സൈബി ഐക്കര, ജോയി പാറപ്പുറം, അച്ചാമ്മ യോഹന്നാൻ, ആനീസ് ജോർജ്, ജോസ് വെങ്ങാന്തറ, ജോസ് പാലത്തിനാൽ, ബാബു വള്ളപ്പുര, ടോണി കോയിത്തറ, ബിജു സെബാസ്റ്റ്യൻ, സണ്ണി മുട്ടാർ, ഷീനാ ജോജി എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## ആത്മീയ സഹവാസം

കത്തോലിക്കാ കോൺഗ്രസ് ചങ്ങനാശേരി അതിരൂപതയുടെ നോമ്പുകാലത്തെ പ്രാർത്ഥനാ കൂട്ടായ്മ ആത്മീയ സഹവാസം നിരണത്ത് നടക്കും. അതിരൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ, സംസ്ഥാന പ്രതിനിധി സഭാംഗങ്ങൾ, ഫൊറോനാ പ്രസിഡന്റുമാര്, ജനറൽ സെക്രട്ടറിമാർ, ട്രഷറർമാർ, എന്നിവർ പങ്കെടുക്കുന്ന ആത്മീയ സഹവാസത്തിൽ വചനശുശ്രൂഷ, കുരിശിന്റെ വഴി, ആരാധന, കുമ്പസാരം എന്നിവ നടക്കും. അതിരൂപതാ സഹായ മെത്രാൻ തോമസ് തറയിൽ വചനസന്ദേശം നടത്തും.

സ്നേഹപൂർവ്വം,

**വർഗീസ് ആന്റണി**
പ്രസിഡന്റ്

**ഫാ. ജോസ് മുകളേൽ**
ഡയറക്ടർ

**രാജേഷ് ജോൺ**
സെക്രട്ടറി

**സിബി മുക്കാടൻ**
ട്രഷറർ

## മെമ്പർഷിപ്പ് ക്യാമ്പയിൻ

കത്തോലിക്കാ കോൺഗ്രസ് മെമ്പർഷിപ്പ്ക്യാമ്പയിൻ 2019 ഏപ്രിൽ 22 മുതൽ എല്ലാ ഇടവകയിലും നടത്തും. എല്ലാ ഇടവകയിലും യൂണിറ്റുകൾ ആരംഭിക്കാനും ഒരു കുടുംബത്തിൽ നിന്ന് ഒരാളെങ്കിലും കത്തോലിക്കാ കോൺഗ്രസിൽ അംഗങ്ങളാകണം എന്ന മേജർ ആർച്ചു ബിഷപ്പിന്റെ നിർദേശം നമ്മുടെ അതിരൂപതയിലെ എല്ലാ ഇടവകയിലും നടപ്പിലാക്കണമെന്ന് അതിരൂപതാ ഭാരവാഹികൾ അറിയിച്ചു.

ബഹു. അച്ചാ/സുഹൃത്തേ,

**ചാസിൽനിന്നും ആശംസകൾ !**

നമുക്ക് ശുഭാപ്തി വിശ്വാസത്തോടെ പുതിയ പ്രവർത്തന വർഷത്തിലേയ്ക്ക് പ്രവേശിക്കാം. കഠിന പ്രയത്നം നമ്മുടെ പ്രവർത്തനങ്ങളുടെ ശൈലിയായി മാറട്ടെ. ചിട്ടയായ ചര്യകളും, മികവാർന്ന സംഘടനാപാടവവും, ശക്തമായ കൂട്ടായ്മാബോധവും, തെളിമയാർന്ന പ്രവർത്തനരീതികളും സുതാര്യമായ ഇടപെടലുകളും, സംഘ-യൂണിറ്റ് മേഖല-കേന്ദ്രതലങ്ങലുള്ള എല്ലാവർക്കും പുലർത്താനാവണം. സാമൂഹ്യശുശ്രൂഷ സഭയെ സംബന്ധിച്ച് വിശ്വാസാധിഷ്ഠിത മായ നിയോഗമാണ്. വിശ്വാസം ജീവിക്കുന്നതാണിത്. ദൈവദത്തമായ വിളിയായി നമ്മൾ ഏറ്റെടുത്തിരിക്കുന്ന ദൗത്യം തിരിച്ചറിയാനാവണം. അപ്പോൾ കൂടുതൽ തീഷ്ണതയോടെ പ്രവർത്തിക്കാൻ നമുക്ക് സാധിക്കും.

കഴിഞ്ഞ മാസങ്ങളിൽ (ഫെബ്രുവരി-മാർച്ച്) മിക്കവാറും മേഖലകളിലെ PME നടത്തി. തുറന്ന ചർച്ചകളും പ്രായോഗികമായ നിർദ്ദേശങ്ങളും കൊണ്ട് PME ഏറെ ഫലദായകമായിരുന്നു. പുതിയ പ്രവർത്തനവർഷം സംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകി, ചാസിന്റെ എല്ലാ ജനകീയ കൂട്ടായ്മക ളെയും സംവിധാനങ്ങളെയും ശക്തിപ്പെടുത്താനുള്ള യജ്ഞം നമുക്ക് നടത്താനാ വണം. ഒരു 'സംഘ തരംഗം' സൃഷ്ടിച്ചുകൊണ്ട് പൊതുസമൂഹത്തിന്റെ വിവിധ തലങ്ങളിൽ ചാസിന്റെ ദർശനങ്ങളുമായി കടന്നു ചെല്ലാനാവണം. നവസമൂഹ സൃഷ്ടി സാധ്യമാക്കാൻ സമ്പത്തിന്റെയും പ്രകൃതി വിഭവങ്ങളുടെയും, നീതിയു ക്തമായ വിതരണം എന്നതുപോലെ തന്നെ ഇവയുടെ സംരക്ഷണവും പ്രധാന പ്പെട്ടതാണ്. വരും തലമുറകൾക്കായി കാത്തുസൂക്ഷിക്കുകയും വേണം. അനു യോജ്യമായ പദ്ധതികളാവിഷ്ക്കരിച്ച് നടപ്പാക്കാൻ നമുക്ക് പരിശ്രമിക്കാം.

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
**ഫാ. തോമസ് കുളത്തുങ്കൽ**
*(അസി. ഡയറക്ടേഴ്സ്)*

**ഫാ. ജോസഫ് കളരിക്കൽ**
*(ഡയറക്ടർ)*

## കേന്ദ്രവാർത്തകൾ

### ഖാദി എക്സ്പോ സമാപിച്ചു

കേന്ദ്ര ഖാദി കമ്മീഷന്റെയും, സംസ്ഥാന ഖാദി ബോർഡിന്റെയും സഹ കരണത്തോടെ ചാസിന്റെ നേതൃത്വത്തിൽ സംസ്ഥാനതല ഖാദി പ്രദർശന മേള ഫെബ്രുവരി 28 മുതൽ മാർച്ച് 14 വരെ കോട്ടയം നാഗമ്പടം സ്പോർട്ട്സ് കൗൺസിൽ ഇൻഡോർ സ്റ്റേഡിയത്തിൽ സംഘടിപ്പിച്ചു. ഫെബ്രുവരി 28 ന് സഹായ മെത്രാൻ ബിഷപ്പ് തോമസ് തറയിൽ അദ്ധ്യക്ഷതവഹിച്ച യോഗത്തിൽ കേരള നിയമസഭ ഡപ്യൂട്ടി സ്പീക്കർ ശ്രീ. വി. ശശി മേള ഉദ്ഘാടനം ചെ യ്തു. മാർച്ച് 2 ന് വിദ്യാർത്ഥികൾക്കായി ചിത്രരചനാ മത്സരം, മാർച്ച് 3 ന് ഖാദി ഫാഷൻ ഷോയും, മാർച്ച് 6 ന് വനിതാദിനാചരണ പരിപാടികളും, മാർച്ച് 10 ന് മാജിക് ഷോയും സംഘടിപ്പിച്ചു. 20 സംസ്ഥാനങ്ങളിൽ നിന്നുള്ള നൂറ് സ്റ്റാളുകൾ മേളയിലുണ്ടായിരുന്നു. ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം,

വിവിധ രാഷ്ട്രീയ-സാമൂദായിക നേതാക്കൾ തുടങ്ങിയവർ ഖാദി എക്സ്പോ സന്ദർശിച്ചു.

## അസ്സീസി വിദ്യാലയത്തിന് പുതിയ സ്കൂൾ ബസ്

പൂന്തോപ്പ് അസ്സീസ്സി വിദ്യാലയത്തിനുവേണ്ടി 26 സീറ്റ് കപ്പാസിറ്റിയുള്ള പുതിയ ബസ് അഭിവന്ദ്യ പിതാവ് മാർ ജോസഫ് പെരുന്തോട്ടം മാർച്ച് 1-ാം തീയതി വെള്ളിയാഴ്ച വെഞ്ചരിച്ചു.

**മേഖലാ PME**

| തീയതി | മേഖല |
|---|---|
| മാർച്ച് 12 | തൃക്കൊടിത്താനം |
| മാർച്ച് 11 | ചങ്ങനാശ്ശേരി |
| മാർച്ച് 16 | മണിമല |

## സോഫ്റ്റ് വെയർ ബോധവത്ക്കരണം

ചാസ് ക്രെഡിറ്റ് യൂണിയൻ അക്കൗണ്ടിംഗ് സംവിധാനം നവീകരിക്കുന്നതിന്റെ ഭാഗമായി സോഫ്റ്റ് വെയർ പ്രവർത്തനങ്ങളെക്കുറിച്ച് ഫെബ്രുവരി 28 ന് ചാസ് കോൺഫ്രൻസ് ഹാളിൽ ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിച്ചു. 23 യൂണിറ്റുകളിൽ നിന്നുള്ള ഭാരവാഹികൾ പങ്കെടുത്തു.

## വനിതാദിനാചരണം ഖാദി എക്സ്പോ നഗറിൽ

ചാസ് കോട്ടയം, കുടമാളൂർ, അതിരമ്പുഴ മേഖലകളുടെ നേതൃത്വത്തിൽ മാർച്ച് 6 ന് നാഗമ്പടം സ്പോർട്സ് കൗൺസിൽ ഇൻഡോർ സ്റ്റേഡിയത്തിൽ വനിതാദിനം ആചരിച്ചു. കേന്ദ്ര ഖാദി കമ്മീഷന്റെയും സംസ്ഥാന ഖാദി ബോർഡിന്റെയും സഹകരണത്തോടെ ചാസിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട സംസ്ഥാനതല ഖാദി പ്രദർശന മേളയുടെ വേദിയിൽ വിവിധ പരിപാടികളോടെ സംഘടിപ്പിച്ച വനിതാദിനാചരണ പരിപാടികൾ കോട്ടയം മുനിസിപ്പൽ ചെയർപേഴ്സൺ ഡോ. പി.ആർ സോന ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി ജെസിമോൾ മനോജ് അദ്ധ്യക്ഷതവഹിച്ചു. ഏറ്റുമാനൂർ മുനിസിപ്പൽ കൗൺസിലർ & ക്ഷേമകാര്യ സ്റ്റാൻറ്റിംഗ് കമ്മറ്റി ചെയർപേഴ്സൺ) ശ്രീമതി സൂസൻ തോമസ്, ഏറ്റുമാനൂർ മുനിസിപ്പൽ കൗൺസിലർ, ശ്രീമതി ലൗലി ജോർജ്ജ്, ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീമതി ഉമാദേവി എന്നിവർ പ്രസംഗിച്ചു. 'ഇൻഡ്യൻ ഭരണഘടനയുടെ വർദ്ധിച്ചുവരുന്ന പ്രസക്തി' എന്ന വിഷയത്തെ ആസ്പദമാക്കി അഡ്വ. സിസ്റ്റർ ജ്യോതിസ് SD ക്ലാസ് നയിച്ചു. 75 വയസിനു മേൽ പ്രായമുള്ള സംഘാംഗങ്ങളെയും മികച്ച വനിതാസംരംഭകരെയും, ഖാദി മേഖലയിൽ 15 വർഷത്തിനുമേൽ സേവനം ചെയ്യുന്ന വനിതകളെയും ആദരിച്ചു. വിവിധ മത്സരങ്ങളും സംഘടിപ്പിച്ചു. 326 വനിതകൾ പങ്കെടുത്തു.

## അന്താരാഷ്ട്ര വനിതാദിനാചരണവും പുനരധിവാസ പദ്ധതികളുടെ ഉദ്ഘാടനവും

എടത്വാ, ആലപ്പുഴ, ചമ്പക്കുളം, പുളിംകുന്ന് മേഖലകൾ സംയുക്തമായി പള്ളിക്കൂട്ടുമ്മ ഫാത്തിമമാതാ പാരീഷ് ഹാളിൽ മാർച്ച് 7 ന് വിവിധ പരിപാടികളോടെ അന്താരാഷ്ട്ര വനിതാദിനം ആചരിച്ചു. പൊതുസമ്മേളനത്തിൽ ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം അദ്ധ്യക്ഷതവഹിച്ചു. ഡോ. സൈറു ഫിലിപ്പ് (വൈസ് പ്രിൻസിപ്പാൾ റ്റി.ഡി. മെഡിക്കൽ കോളേജ്, ആലപ്പുഴ) ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ആമുഖ പ്രഭാഷണം

നടത്തി. കാരിത്താസ് ഇൻഡ്യ, ഇറ്റാലിയൻ ബിഷപ്സ് കോൺഫറൻസ് എന്നിവയുടെ സഹകരണത്തോടെ നടപ്പാക്കുന്ന കുട്ടനാട് പുനരധിവാസ പദ്ധതികളുടെ ഉദ്ഘാടനം തദവസരത്തിൽ ആർച്ചുബിഷപ്പ് നിർവഹിച്ചു. രാവിലെ 9 ന് വനിതകൾക്കുവേണ്ടി ചൂണ്ടയിടീൽ, തെങ്ങുകയറ്റം, തേങ്ങാപൊതിക്കൽ, ചൂല് കെട്ടൽ, ഓലമെടച്ചിൽ തുടങ്ങിയ മത്സരങ്ങൾ നടത്തി. പള്ളിക്കൂട്ടുമ്മ ജംഗ്ഷനിൽനിന്നും സമ്മേളന നഗരിയിലേയ്ക്ക് സംഘടിപ്പിച്ച റാലി ശ്രീമതി ബെറ്റി പി.ഡി (പിങ്ക് പോലീസ് S.I.) ഫ്ളാഗ് ഓഫ് ചെയ്തു. 'ഇൻഡ്യൻ ഭരണഘടനയും സ്ത്രീകളും' എന്ന വിഷയത്തിൽ ആലപ്പുഴ ജില്ല സബ് ജഡ്ജ് ശ്രീ. വി. ഉദയകുമാർ സെമിനാർ നയിച്ചു. ഡോ. അമൃത എസ്., (എസ്. എൻ. കോളേജ് ചേർത്തല) ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് മോൻസി സോണി എന്നിവർ പ്രസംഗിച്ചു. വിവിധ മേഖലകളിൽ വ്യക്തിമുദ്രപതിപ്പിച്ച വനിതകളെ സമ്മേളനത്തിൽ ആദരിച്ചു. മത്സരങ്ങളിൽ വിജയിച്ചവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. 1528 വനിതകൾ പങ്കെടുത്തു.

## വിധവകൾക്ക് സ്വയംതൊഴിൽ പദ്ധതി

അന്താരാഷ്ട്ര വനിതാദിനത്തിൽ (മാർച്ച് 8) വിധവകൾക്ക് സ്വയം തൊഴിൽ പദ്ധതികൾ ആരംഭിക്കുന്നതിന് കേരളാ സോഷ്യൽ സർവ്വീസ് ഫോറവുമായി സഹകരിച്ച് സഹായം നല്കി. ചാസ് കോൺഫ്രൻസ് ഹാളിൽ ചങ്ങനാശ്ശേരി അതിരൂപതാ വികാരി ജനറാൾ റവ. ഫാ. ഫിലിപ്പ്സ് വടക്കേക്കളം പദ്ധതിയുടെ സഹായവിതരണം ഉദ്ഘാടനം ചെയ്തു. ജലപ്രളയബാധിത മേഖലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട പതിനാറ് ഗുണഭോക്താക്കൾക്ക് ഗുണമേന്മയേറിയ കോഴികളും, ഹൈടെക് കൂടും നല്കുന്നതാണ് പദ്ധതി. സോഷ്യൽ സർവീസ് ഫോറം പ്രോജക്ട് ഡയറക്ടർ ശ്രീ. ജോബി മാത്യു പദ്ധതി വിശദീകരിച്ചു.

## വിധവകൾക്ക് സ്വയംതൊഴിൽ പരിശീലനം

നിത്യോപയോഗ സാധനങ്ങളായ സോപ്പ്, സോപ്പുപൊടി, ഫ്ളോർ ക്ലീനർ, ലിക്വിഡ് സോപ്പ് എന്നിവ നിർമ്മിക്കുന്നതിന് മാർച്ച് 14 ന് ചാസ് കോൺഫറൻസ് ഹാളിൽ പരിശീലനം നല്കി. ശ്രീമതി ഗ്രേയ്സമ്മ ജോസഫ്, ശ്രീമതി ആൻസി ലോനിച്ചൻ എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി. ചാസിന്റെ വിവിധ യൂണിറ്റുകളിൽ നിന്നും പങ്കെടുത്ത 42 വിധവകൾക്ക് ലിക്വിഡ് സോപ്പ് നിർമ്മിക്കുന്നതിനുള്ള കിറ്റും സൗജന്യമായി വിതരണം ചെയ്തു.

## ഭവനനിർമ്മാണ സഹായം വിതരണം ചെയ്തു

കുട്ടനാട് പുനരധിവാസ പദ്ധതിയിൽ കല്യാൺ രൂപതയുടെ കാരുണ്യ ട്രസ്റ്റ്, ചാസുമായി സഹകരിച്ച് നടപ്പാക്കുന്ന ഹൗസിങ് പ്രോജക്ടിന്റെ ഉദ്ഘാടനവും സഹായ വിതരണവും ചാസ് കോൺഫറൻസ് ഹാളിൽ മാർച്ച് 16 ശനിയാഴ്ച ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം നിർവഹിച്ചു. ചമ്പക്കുളം, കുമരങ്കരി, മുട്ടാർ ഓൾഡ്, മങ്കൊമ്പ്, മുട്ടാർ ന്യൂ, കായൽപുറം, കിടങ്ങറ, തെന്നടി, മിത്രക്കരി, കരിയിൽതോട്ടപ്പള്ളി എന്നീ യൂണിറ്റുകളിലുള്ള 35 ഗുണഭോക്താക്കൾക്ക് ഒരു ലക്ഷം രൂപ വീതം ആനുകൂല്യം നൽകി.

## മൈക്രോ ക്രെഡിറ്റ് വായ്പാമേള

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ നിന്നും ചാസിന്റെ 28 സ്വാശ്രയ സംഘങ്ങൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനായി 1,35,000 രൂപ വീതം 37,80,000 രൂപ ലഭ്യമാക്കി. 2019 മാർച്ച് 20 ബുധനാഴ്ച 2.30

ന് ചാസ് ആഡിറ്റോറിയത്തിൽ വികാരി ജനറാൾ റവ. ഡോ. ജോസഫ് മുണ്ടകത്തിൽ വായ്പ വിതരണം ചെയ്തു. 42 പേർ പങ്കെടുത്തു.

| **യൂണിറ്റ്** | **SHG** |
|---|---|
| തത്തംപള്ളി | സൂര്യോദയ |
| ആറാട്ടുവഴി | ദീപ്തി |
| പുത്തനങ്ങാടി | അനശ്വര |
| ചാത്തനാട് | ഐശ്വര്യ |
| ഏറ്റുമാനൂർ | മാവേലി |
| ഡാൽമുഖം | ചൈതന്യ, കൃപ |
| മായം | കൃപ, അനുഗ്രഹ, മേരിമാതാ |
| പച്ചക്കാട് | സ്നേഹദീപം, അമല, കാരുണ്യ |
| അമ്പൂരി | സാന്ത്വനം |
| ളായിക്കാട് | സഹായി |
| ഇത്തിത്താനം | അനുഗ്രഹ |
| ചങ്ങനാശ്ശേരി | ഫീനിക്സ് |
| എടത്വാ | ലൂർദ്ദ് |
| ഫിൽഗിരി | സ്നേഹ |
| വില്ലൂന്നി | നവോത്ഥാനം |
| മാടപ്പള്ളി | അഭയ |
| ഇരവുചിറ | ആവേമരിയ |
| കരിമ്പനക്കുളം | എയ്ഞ്ചൽ |
| മണിമല ന്യൂ | കീർത്തി |
| പനയമ്പാല | അമൃത, ദീപിക |
| ഫാത്തിമാപുരം | സ്നേഹഗാഥ |

## ഊർജ്ജകിരൺ

### ഊർജ്ജ സംരക്ഷണ ബോധവത്ക്കരണ സെമിനാർ

കേരളസംസ്ഥാന ഊർജ്ജ മാനേജ്മെന്റ് സെന്ററും, സെന്റർ ഫോർ എൻവയോൺമെന്റ് ആന്റ് ഡെവലപ്പ്മെന്റുമായി സഹകരിച്ച് 'ഊർജ്ജ കാര്യശേഷിയും സംരക്ഷണവും' എന്ന വിഷയത്തെ ആസ്പദമാക്കി മാടപ്പള്ളി, തലവടി ഗ്രാമപഞ്ചായത്തുകളിൽ ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു. ശ്രീ. രാജഗോപാലൻ ആചാരി, ഡോ. ജോസഫ് അബ്രഹാം എന്നിവർ ക്ലാസ് നയിച്ചു. മാന്നില ഹോളി ഫാമിലി ചർച്ച് പാരീഷ് ഹാളിൽ മാർച്ച് 21 രാവിലെ 10.30 ന് സംഘടിപ്പിച്ച സെമിനാർ മാടപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ലൈസാമ്മ മുളവന ഉദ്ഘാടനം ചെയ്തു. ചാസ് അസിസ്റ്റന്റ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ അദ്ധ്യക്ഷതവഹിച്ചു. 87 അംഗങ്ങൾ പങ്കെടുത്തു

എടത്വാ ചാസ് യൂണിറ്റിന്റെ നേതൃത്വത്തിൽ തലവടി ഗ്രാമപഞ്ചായത്തിൽ മാർച്ച് 21 ഉച്ചകഴിഞ്ഞ് 2.30 ന് ഊർജ്ജ സംരംക്ഷണ ബോധവത്ക്കരണ സെമിനാർ നടത്തി. തലവടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ ജനൂബ് പുഷ്പാകരൻ സെമിനാർ ഉദ്ഘാടനം ചെയ്തു. എടത്വാ പള്ളി വികാരി വെരി. റവ. ഫാ. മാത്യു ചൂരവടി അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ആമുഖസന്ദേശം നൽകി. 72 പേർ പങ്കെടുത്തു.

## അസ്സീസി വിദ്യാലയം 27-ാം വാർഷികം

പൂന്തോപ്പ് അസ്സീസ്സി വിദ്യാലയത്തിന്റെ 27-ാം മത് വാർഷികവും രക്ഷാകർതൃ സമ്മേളനവും മാർച്ച് 26 ചെവ്വാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് സ്കൂൾ ആഡിറ്റോറിയത്തിൽ വിവിധ പരിപാടികളോടെ നടത്തപ്പെട്ടു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ അദ്ധ്യക്ഷതവഹിച്ച യോഗം ആലപ്പുഴ മുനിസിപ്പൽ ചെയർമാൻ ശ്രീ. തോമസ് ജോസഫ് ഉദ്ഘാടനം ചെയ്തു. പൂന്തോപ്പ് പള്ളി വികാരി റവ. ഫാ. സെബാസ്റ്റ്യൻ മണ്ണാംതുരുത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി. പ്രിൻസിപ്പൽ സി. ജയ്സ് CMC റിപ്പോർട്ട് അവതരിപ്പിച്ചു. കുട്ടികളുടെ വിവിധ കലാപരിപാടികളും നടത്തപ്പെട്ടു.

## RRTC

### ലഹരിവിരുദ്ധ സെമിനാർ

കേന്ദ്ര സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയത്തിന്റെ സഹകരണത്തോടുകൂടി RRTC യുടെ ആഭിമുഖ്യത്തിൽ മദ്യം മയക്കുമരുന്ന് ലഹരി വസ്തുക്കളുടെ ഉപയോഗത്തെക്കുറിച്ച് കോളേജ് വിദ്യാർത്ഥികൾക്ക് ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു. ചാസ് അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, ശ്രീ. റ്റി. എ. മാത്യു തച്ചിലേട്ട്, ശ്രീ. ലിറ്റിമോൻ എം.എസ്. എന്നിവർ ക്ലാസ് നയിച്ചു.

| തീയതി | സ്കൂൾ | പങ്കെടുത്തവർ |
|---|---|---|
| 08.03.2019 | B.K. കോളേജ്, അമലഗിരി, കോട്ടയം | 190 |
| 18.03.2019 | S.B. കോളേജ്, ചങ്ങനാശ്ശേരി | 190 |
| 21.03.2019 | S.B.കോളേജ്, സോഷ്യൽ വർക്ക് ഡിപ്പാർട്ടുമെന്റ് | 30 |

### കൗൺസിലേഴ്സ്-പരിശീലനം (15-Days certificate course)

* കേരളത്തിലെ 24 ഡി-അഡിക്ഷൻ സെന്ററുകളിൽ നിന്നുള്ള 25 കൗൺസിലേഴ്സിന് RRTC ട്രെയിനിംഗ് ഹാളിൽ മാർച്ച് 11-25 തീയതികളിൽ പരിശീലനം സംഘടിപ്പിച്ചു.

### * നേഴ്സസ് & വാർഡ് ബോയ്സ്-പരിശീലനം

RRTC ട്രെയിനിംഗ് ഹാളിൽ ഫെബ്രുവരി 26-28, മാർച്ച് 25-27 തീയതികളിൽ കേരളത്തിലെ 24 ഡി-അഡിക്ഷൻ സെന്ററുകളിൽ നിന്നുള്ള നേഴ്സസ് & വാർഡ് ബോയ്സിന് തങ്ങളുടെ പ്രവർത്തന മേഖലയിലെ പാഠ്യപദ്ധതിയനുസരിച്ച് പരിശീലനം നല്കി. രണ്ടു ബാച്ചുകളിലായി 50 അംഗങ്ങൾ പങ്കെടുത്തു.

### * കൗൺസിലേഴ്സ്, പ്രോജക്ട് ഡയറക്റ്റേഴ്സ്, സോഷ്യൽ വർക്കേഴ്സ്-പരിശീലനം

മാർച്ച് 18-22 വരെ തീയതികളിൽ ചാസ് കോൺഫറൻസ് ഹാളിൽ കൗൺസിലേഴ്സ്, പ്രോജക്ട് ഡയറക്റ്റേഴ്സ്, സോഷ്യൽ വർക്കേഴ്സ് എന്നിവർക്കായി "Basics about addiction, Colombo plan module Based Relapse Prevention, Family Counseling in the field of relapse, Individual counseling in the field of relapse" എന്നീ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിച്ചു. 25 അംഗങ്ങൾ പങ്കെടുത്തു.

### * ടീച്ചേഴ്സ് ട്രെയിനിംഗ്

മാർച്ച് 5, 6 തീയതികളിൽ "Capacity building programme on drug abuse prevention" എന്ന വിഷയത്തെ ആസ്പദമാക്കി വിവിധ സ്കൂളുകളിലെ ടീച്ചേഴ്സിന് ട്രെയിനിംഗ് സംഘടിപ്പിച്ചു. 25 അംഗങ്ങൾ പങ്കെടുത്തു.

## ചാസ് സഹായ പദ്ധതികൾ

ചാസിന്റെ വിവിധ സഹായ പദ്ധതികൾവഴി 2019 മാർച്ച് മാസം ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

### (1) SHG മരണാനന്തര സഹായം

| | പേര് | സംഘം | യൂണിറ്റ് | മേഖല |
|---|---|---|---|---|
| 411. | സിന്ധു വട്ടോലിക്കൽ | സൂര്യ | കൂരോപ്പട | കോട്ടയം |
| 412. | റ്റി. എൻ. മുരളീധരൻ നായർ | ഉദയ | പങ്ങട | കോട്ടയം |
| 413. | ലില്ലി ഷാജി തേരകത്തിനാംകുഴി | അപർണ്ണ | വെട്ടിമുകൾ | അതിരമ്പുഴ |

### (2) മ്യൂച്വൽ ബെനിഫിറ്റ് സ്കീം

• **മരണാനന്തരസഹായം**

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 238. അന്നമ്മ ജോസഫ് മംഗലത്ത് | വെട്ടിമുകൾ | അതിരമ്പുഴ |
| 239. തോമസ് ആന്റണി ചക്കാലയിൽ | കൊടിനാട്ടുകുന്ന് | തൃക്കൊടിത്താനം |
| 240. ചെറിയാൻ വെച്ചൂകണ്ടം | ഐക്കരച്ചിറ | കുടമാളൂർ |
| 241. മേരി വൈപ്പിൻമൂലയിൽ | ഐക്കരച്ചിറ | കുടമാളൂർ |
| 242. സി.കെ. ജോൺ, ചാവടി | തത്തംപള്ളി | ആലപ്പുഴ |
| 243. റോസമ്മ ജോസഫ് കല്ലുപുരയ്ക്കൽ | തത്തംപള്ളി | ആലപ്പുഴ |
| 244. തോമസ് റ്റി.പി. തുരുത്തയിൽ | പാറേൽ | ചങ്ങനാശ്ശേരി |
| 245. കെ.വി. ചാക്കോ കണ്ണംപള്ളി | ഇത്തിത്താനം | തുരുത്തി |
| 246. തങ്കമ്മ ജോബ് കൂവക്കാട് | മാന്നില | കുറുമ്പനാടം |
| 247. ത്രേസ്യാമ്മ തോമസ് കരിക്കണ്ടത്തിൽ | മാന്നില | കുറുമ്പനാടം |
| 248. ഏലിയാമ്മ കുഞ്ചറിയ കന്നിട്ടയിൽ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |

• **ചികിത്സാസഹായം**

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 119. ഷീനാ സിബി കിടങ്ങയിൽ | ലിസ്യൂ | അതിരമ്പുഴ |
| 120. മറിയമ്മ ചാക്കോ കിഴക്കേടത്ത് | കുറിച്ചി | തുരുത്തി |

### (3) ജീവകാരുണ്യനിധി

ജീവകാരുണ്യനിധിയിൽനിന്നും ചികിത്സ/വിദ്യാഭ്യാസ സഹായമായി 2019 മാർച്ച് മാസം 24 ഇടവകകളിൽ നിന്നും ബഹു. വികാരിയച്ചന്മാരുടെ കത്ത് ലഭിച്ച 61 അപേക്ഷകർക്ക് 78,200/- രൂപ നൽകി.

### (4) ആരോഗ്യ ഇൻഷുറൻസ് പദ്ധതി

ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ 2019 മാർച്ച് മാസം 9 കുടുംബത്തിന് ചികിത്സാചെലവായി 49,597/- രൂപ അനുവദിച്ചു.

| പേര് | യൂണിറ്റ് | തുക |
|---|---|---|
| 1. എൽസമ്മ ജോസഫ്, വാണിയപ്പുരയ്ക്കൽ | തുരുത്തി | 6311/- |
| 2. എൽസമ്മ ആന്റണി, ഞാറപ്പറമ്പിൽ | തുരുത്തി | 9500/- |
| 3. റ്റിന്റു ലോബോ, പുതിപ്പറമ്പിൽ | ചെത്തിപ്പുഴ | 9365/- |
| 4. ബിനു സെബാസ്റ്റ്യൻ, മുണ്ടപ്ലാക്കൽ | മണിമല ന്യൂ | 4560/- |

| | | |
|---|---|---|
| 5. ജയ ശാന്തിലാൽ, ചിറത്തറ | രാമങ്കരി | 6065/- |
| 6. ട്രീസാ ഡിംപിൾ, കട്ടത്തറ | ഫാത്തിമാപുരം | 2170/- |
| 7. വർഗ്ഗീസ് കെ.വി., കല്ലുകളം | തൃക്കൊടിത്താനം | 5450/- |
| 8. സാബു കെ.വി., കോയിപ്പള്ളി | ഇത്തിത്താനം | 5180/- |
| 9. ബിനു ജോസഫ് വാലുപറമ്പിൽ | രാമങ്കരി | 996/- |

## മേഖലാവാർത്തകൾ

### ഗൃഹോപകരണ വിപണന വായ്പാമേള നടത്തി

കുട്ടനാട് പുനർനിർമ്മാണ പദ്ധതിയുടെ ഭാഗമായി മുട്ടാർ ഓൾഡ് യൂണിറ്റിൽ ഗൃഹോപകരണങ്ങളുടെ വിപണനവും, വായ്പാമേളയും മാർച്ച് 9 മുതൽ 18 വരെ സംഘടിപ്പിച്ചു. മിതമായവിലയിലും തവണവ്യവസ്ഥയിലും ഗൃഹോപകരണങ്ങൾ സ്വന്തമാക്കുവാൻ ഗുണഭോക്താക്കൾക്ക് വായ്പാ സൗകര്യവും ചാസ് യൂണിറ്റ് ലഭ്യമാക്കി.

### ജീവനോപാധി ഗുണഭോക്തൃപരിശീലനം

2019 മാർച്ച് 11 -ാം തീയതി ഇറ്റാലിയൻ ബിഷപ്സ് കോൺഫറൻസിന്റെ സഹായത്തോടെ എടത്വാ, മുട്ടാർ, തകഴി പഞ്ചായത്തുകളിൽ നടപ്പാക്കുന്ന പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി ജീവനോപാധി പദ്ധതികളിലെ ഗുണഭോക്താക്കൾക്ക് എടത്വായിൽ വച്ച് പരിശീലനം സംഘടിപ്പിച്ചു. മൂന്ന് വിഭാഗങ്ങളിലായി (ആട്, കോഴി, താറാവ് വളർത്തൽ) ക്രമീകരിച്ച പരിശീലന പരിപാടിയിൽ 346 ഗുണഭോക്താക്കൾ പങ്കെടുത്തു. വെറ്റിനറി ഡോക്ടർ മാത്യു ജേക്കബ് ക്ലാസ് നയിച്ചു.

### WATSAN പരിശീലനം

കുട്ടനാട് പുനരധിവാസ പദ്ധതിയുടെ ഭാഗമായി ആരോഗ്യം, ശുചിത്വം, ജലം എന്നിവയെ അടിസ്ഥാനമാക്കി വിവിധ യൂണിറ്റുകളിൽ ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു.

| തീയതി | യൂണിറ്റ് | ക്ലാസ് നയിച്ചത് | പങ്കെടുത്തവർ |
|---|---|---|---|
| മാർച്ച് 12 | എടത്വാ | അസി. ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. ശ്രിജിൻ | 85 |
| മാർച്ച് 14 | പടഹാരം | ഹെൽത്ത് ഇൻസ്പെക്ടർ ഡോ. ജയ കൃഷ്ണൻ | 82 |
| മാർച്ച് 21 | തകഴി | ഹെൽത്ത് ഇൻസ്പെക്ടർ ഡോ. സുമൻ ജേക്കബ് | 89 |
| മാർച്ച് 26 | പച്ച | ഹെൽത്ത് ഇൻസ്പെക്ടർ ഡോ. സുമൻ ജേക്കബ് | 68 |

### PERK-പദ്ധതിയിൽ ധനസഹായം

ഇറ്റാലിയൻ ബിഷപ്പ്സ് കോൺഫ്രൻസിന്റെ സഹകരണത്തോടെ എടത്വാ മേഖലയിൽ (മുട്ടാർ, എടത്വാ, തകഴി പഞ്ചായത്തുകളിൽ) നടപ്പാക്കുന്ന PERK-പദ്ധതിയുടെ ഭാഗമായി ശൗചാലയനിർമ്മാണത്തിനും പെട്ടിക്കട നടത്തുന്നതിനും മാർച്ച് 15 വെള്ളിയാഴ്ച 18 യൂണിറ്റുകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട 102 ഗുണഭോക്താക്കൾക്ക് 1545000/- രൂപ സഹായധനമായി വിതരണം ചെയതു. ചാസ് ഡയറക്ടർ അദ്ധ്യക്ഷതവഹിച്ച യോഗത്തിൽ ഫൊറോനാ വികാരി

വെരി. റവ. ഫാ. മാത്യു ചൂരവടി സഹായധനവിതരണത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു.

## ആട്-താറാവ് വിതരണം

PERK-പദ്ധതിയുടെ ഭാഗമായി മാർച്ച് 15, 25, 26 തീയതികളിൽ എടത്വാ, തായങ്കരി, കൊടുപ്പുന്ന, ചങ്ങങ്കരി, മുട്ടാർ CMI, മുട്ടാർ ന്യൂ, മുട്ടാർ ഓൾഡ്, പുതുക്കരി യൂണിറ്റുകളിൽ 35 ഗുണഭോക്താക്കൾക്ക് 70 ആടുകളെ നല്കി. മാർച്ച് 16 തീയതി തകഴി, എടത്വാ, കുരുമാടി, പടഹാരം, പച്ച, മുട്ടാർ, മരിയാപുരം, പാണ്ടങ്കരി, കോയിൽമുക്ക്, കൊടുപ്പുന്ന, തായങ്കരി, കേളമംഗലം യൂണിറ്റുകളിൽ 99 ഗുണഭോക്താക്കൾക്ക് 2475 താറാവുകളെ വിതരണം ചെയ്തു.

## യൂണിറ്റ് രൂപീകരണം

| തീയതി | യൂണിറ്റ് |
|---|---|
| ഫെബ്രുവരി 24 | നർബോനപുരം |
| മാർച്ച് 03 | വേഴപ്രാ |
| മാർച്ച് 17 | മണലാടി |
| മാർച്ച് 23 | രാമങ്കരി |
| മാർച്ച് 24 | പൊങ്ങ |
| മാർച്ച് 24 | വൈശ്യംഭാഗം |
| മാർച്ച് 24 | മാമ്പുഴക്കരി |

## സംഘവാർഷികവും 1000-ാം മത് ഗ്രൂപ്പ് മീറ്റിംഗും

ഏറ്റുമാനൂർ യൂണിറ്റിൽ പ്രവർത്തിക്കുന്ന 'കൃപ' സ്വാശ്രയസംഘത്തിന്റെ വാർഷികവും 1000-ാം മത് ഗ്രൂപ്പ് മീറ്റിംഗും മാർച്ച് 18 തിങ്കളാഴ്ച നടത്തപ്പെട്ടു. സംഘത്തിലെ മുതിർന്ന വനിതകളെയും, ക്ഷീരകർഷകരെയും ആദരിച്ചു.

## കുടിവെള്ള വിതരണം-ഉദ്ഘാടനം

കാരിത്താസ് ഇൻഡ്യയുടെ ECHO പ്രോജക്ടിന്റെ ഭാഗമായി കുട്ടനാട്ടിലെ ചമ്പക്കുളം, നെടുമുടി, കൈനകരി പഞ്ചായത്തുകളിൽ മാർച്ച്-മെയ് മാസങ്ങളിൽ നടത്തുന്ന കുടിവെള്ള വിതരണത്തിന്റെ ഉദ്ഘാടനം മാർച്ച് 20 ന് ചമ്പക്കുളം പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജോർജ്ജ് പഞ്ഞിമറ്റം നിർവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ അദ്ധ്യക്ഷതവഹിച്ചു. നസ്രത്ത് യൂണിറ്റ് ഡയറക്ടർ റവ. ഫാ. തോമസ് കൊച്ചുളേച്ചംകളം, കാരിത്താസ് പ്രോജക്ട് കോ-ഓർഡിനേറ്റർ ശ്രീ. അമൽ സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു. ഒരു മാസം 9 ലക്ഷം ലിറ്റർ ശുദ്ധജലമാണ് മാർച്ച് -മെയ് മാസങ്ങളിൽ വിതരണം ചെയ്യുന്നത്.

## കർഷകസംഗമം

| തീയതി | യൂണിറ്റ് | പങ്കെടുത്തവർ |
|---|---|---|
| മാർച്ച് 05 | മിത്രക്കരി | 82 |
| മാർച്ച് 10 | കാവാലം ലിസ്യൂ | 63 |
| മാർച്ച് 12 | കായൽപുറം | 76 |
| മാർച്ച് 14 | ചേന്നങ്കരി | 42 |
| മാർച്ച് 14 | പടഹാരം | 56 |

## ക്രെഡിറ്റ് യൂണിയൻ സെമിനാർ

ക്രെഡിറ്റ്-യൂണിയന്റെ ലക്ഷ്യം പ്രവർത്തനരീതി എന്നിവയെക്കുറിച്ച് താഴെപ്പറയുന്ന യൂണിറ്റുകളിൽ ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു.

| തീയതി | യൂണിറ്റ് |
|---|---|
| 24.2.2019 | ഒന്നാംകര |
| 24.2.2019 | പടഹാരം |
| 3.03.2019 | വടക്കേഅമിച്ചകരി |
| 9.03.2019 | വൈശ്യംഭാഗം |

## ആടുവളർത്തൽ പരിശീലനം

കാരിത്താസ് ഇൻഡ്യയുടെ സഹായത്തോടെ ചമ്പക്കുളം ഫൊറോനായിൽ (ചമ്പക്കുളം, നെടുമുടി പഞ്ചായത്തുകളിൽ) നടപ്പിലാക്കുന്ന പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് മാർച്ച് 22 ന് ചമ്പക്കുളം യൂണിറ്റിൽ വച്ച് ആടുവളർത്തൽ പരിശീലന പരിപാടി സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. എബ്രഹാം കാടാത്തുകളം അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം നിർവഹിച്ചു. തുരുത്തി വെറ്റിനറി ഡോക്ടർ മാത്യു ജേക്കബ് ക്ലാസ് നയിച്ചു. 80 ഗുണഭോക്താക്കൾ പങ്കെടുത്തു.

## വളർത്തുകൂട്ടം പദ്ധതി ബോധവത്ക്കരണം

അതിരമ്പുഴ യൂണിറ്റിന്റെ നേതൃത്വത്തിൽ ചാസിന്റെ വളർത്തുകൂട്ടം പദ്ധതി (ഹൈടക് കൂടും-കോഴിയും) യുടെ പ്രാധാന്യം, പദ്ധതി നിർവ്വഹണം, വരുമാന സാധ്യകൾ എന്നിവയെക്കുറിച്ച് മാർച്ച് 23 ന് കോ-ഓർഡിനേറ്റർ ശ്രീമതി സജി ഷാജി ബോധവത്ക്കരണക്ലാസ് നയിച്ചു. 28 അംഗങ്ങൾ പങ്കെടുത്തു.

## ആശാകിരണം

### കാൻസർ രോഗനിർണ്ണയ ക്യാമ്പ്

എറണാകുളം കാൻസർ കെയറും ചാസും സംയുക്തമായി പുഴവാത് യൂണിറ്റിൽ മാർച്ച് 3 ന് കാൻസർ രോഗനിർണ്ണയക്യാമ്പ് നടത്തി. 118 അംഗങ്ങൾ പങ്കെടുത്തു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ അദ്ധ്യക്ഷതവഹിച്ചു. ഭാരവാഹികൾ നേതൃത്വം നൽകി.

### സൗജന്യ ദന്തൽ മെഡിക്കൽ ക്യാമ്പ്

എടത്വാ യൂണിറ്റിന്റെയും വണ്ടാനം ദന്തൽ കേളേജിലെ മെഡിക്കൽ സംഘത്തിന്റെയും സഹകരണത്തോടെ മാർച്ച് 15 ന് സൗജന്യ ദന്തൽ ക്യാമ്പ് സംഘടിപ്പിച്ചു. ഫൊറോനാ ഡയറക്ടർ വെരി. റവ. ഫാ. മാത്യു ചൂരവടി ഉദ്ഘാടനം നിർവഹിച്ചു. 90 പേർ ക്യാമ്പ് പ്രയോജനപ്പെടുത്തി. ഭാരവാഹികൾ നേതൃത്വം നൽകി.

### SAFP മേഖലാതല മീറ്റിംഗ്

സേവ് എ ഫാമിലി പ്ലാൻ കുടുംബോധാരണ പദ്ധതിയിൽ ചങ്ങനാശ്ശേരി, കുട്ടനാട്, അതിരമ്പുഴ മേഖലാതല മീറ്റിംഗ് മാർച്ച് 16, 22, 23 തീയതികളിൽ സംഘടിപ്പിച്ചു. ചാസ് അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ അദ്ധ്യക്ഷതവഹിച്ചു. 'സൈബർ സെയ്ഫ്റ്റി' എന്ന വിഷയത്തെക്കുറിച്ച് RRTC, പ്രോജക്ട് കോ-ഓർഡിനേറ്റർ ശ്രീ. ലിറ്റിമോൻ എം.എസ്, മേഖലാ കോ-ഓർഡിനേറ്റർ എൻ.ഐ. തോമസ്, SAFP കോ-ഓർഡിനേറ്റർ റവ. സി. സെൽമ SRA എന്നിവർ ക്ലാസ് നയിച്ചു.

**തയ്യൽ പരിശീലനം ഉദ്ഘാടനം**

ആറുമാനൂർ യൂണിറ്റിൽ മൂന്നുമാസം നീണ്ടുനിൽക്കുന്ന തയ്യൽ പരിശീലനം മാർച്ച് 11 ന് ആരംഭിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. അലക്സ് പാലമറ്റം ഉദ് ഘാടനം നിർവഹിച്ചു. ശ്രീമതി സുനിതാ ജോസഫ് പരിശീലനത്തിന് നേതൃത്വം നൽകുന്നു.

ആര്യങ്കാവ് യൂണിറ്റിൽ മൂന്നുമാസം നീണ്ടുനിൽക്കുന്ന തയ്യൽ പരിശീലനം മാർച്ച് 18 ന് ആരംഭിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. തോമസ് പുത്തൻപുര യ്ക്കൽ ഉദ്ഘാടനം നിർവഹിച്ചു. 20 അംഗങ്ങൾ പരിശീലനം നേടിവരുന്നു.

**തയ്യൽ പരിശീലനം സമാപനം**

പെരുങ്കാവ് യൂണിറ്റിൽ കഴിഞ്ഞ നാല് മാസങ്ങളായി നടന്നുവന്ന തയ്യൽപരി ശീലനം മാർച്ച് 16 ന് സമാപിച്ചു. പെരുങ്കാവ് സെന്റ് തോമസ് പാരീഷ് ഹാളിൽ യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് പൂവത്തുശ്ശേരി അദ്ധ്യക്ഷതവഹിച്ച സമ്മേളനത്തിൽ ചാസ് ഡയറക്ടർ പരിശീലനം പൂർത്തിയാക്കിയ 30 വനിത കൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**സ്വാശ്രയ സംഘരൂപീകരണം**

| തീയതി | സംഘം | യൂണിറ്റ് | അംഗങ്ങൾ |
|---|---|---|---|
| 27.02.2019 | ചെറുപുഷ്പം | ചേന്നങ്കരി | 12 |
| 27.02.2019 | സ്നേഹദീപം | ചേന്നങ്കരി | 14 |
| 27.02.2019 | ഫീനിക്സ് | ചേന്നങ്കരി | 17 |
| 27.02.2019 | സാഗരം | ചേന്നങ്കരി | 13 |
| 27.02.2019 | ബ്രദേഴ്സ് | ചേന്നങ്കരി | 13 |
| 13.03.2019 | തേജസ് | പൊടിപ്പാറ | 18 |
| 14.03.2019 | പുലരി | പാണ്ടങ്കരി | 13 |
| 18.03.2019 | ജിയന്ന | പടഹാരം | 16 |
| 18.03.2019 | സെന്റ് അൽഫോൻസ | പടഹാരം | 12 |
| 18.03.2019 | പുഷ്പ റോസ് | പടഹാരം | 14 |
| 18.03.2019 | മരിയ | പടഹാരം | 18 |
| 18.03.2019 | നവജീവൻ | പടഹാരം | 10 |
| 18.03.2019 | റാണി മരിയ | പടഹാരം | 16 |
| 18.03.2019 | ജ്യോതിസ് | പടഹാരം | 15 |
| 18.03.2019 | സെന്റ് റീത്താസ് | പടഹാരം | 18 |
| 20.03.2019 | ഫ്രണ്ട്സ് | മാമ്പുഴക്കരി | 16 |
| 20.03.2019 | സ്നേഹതീരം | രാമങ്കരി | 16 |
| 20.03.2019 | കൃപ | രാമങ്കരി | 21 |
| 20.03.2019 | എയ്ഞ്ചൽ | രാമങ്കരി | 17 |
| 20.03.2019 | വിശ്വദീപം | രാമങ്കരി | 19 |
| 20.03.2019 | കനിവ് | രാമങ്കരി | 13 |
| 20.03.2019 | ആദർശ് | രാമങ്കരി | 11 |
| 20.03.2019 | സ്നേഹദീപം | രാമങ്കരി | 10 |
| 20.03.2019 | പ്രതീക്ഷ | രാമങ്കരി | 14 |
| 20.03.2019 | സ്നേഹജ്വാല | രാമങ്കരി | 13 |

കളർ എ ഹോം ഭവന നിർമ്മാണ പദ്ധതിയിൽ 2018 ഡിസംബറിൽ ഇടവകകൾ സമാഹരിച്ച തുകയും മാർച്ച് 26-വരെ അതിരൂപതാ കേന്ദ്രത്തിൽ ലഭിച്ച തുകയും (40%) - (തുടർച്ച)

| നം. | ഇടവക | ആകെ സമാഹരിച്ച തുക | അതിരൂപതയിൽ ലഭിച്ച തുക |
|---|---|---|---|
| 70 | ചേപ്പുംപാറ | 130200 | 52080 |
| 71 | തിരുമല | 45700 | 18280 |
| 72 | കൊണ്ടാക്കൽ | 61745 | 24700 |
| 73 | പാറേൽ | 457587 | 183034 |
| 74 | പുന്നപ്ര | 57985 | 23194 |
| 75 | വായ്പൂർ - ന്യൂ | 78850 | 31540 |
| 76 | പുത്തനങ്ങാടി | 172600 | 69040 |
| 77 | കുറിച്ചി | 185977 | 74391 |
| 78 | ഐക്കരച്ചിറ | 130280 | 52112 |
| 79 | വേഴപ്ര | 70550 | 28200 |
| 80 | പുതുപ്പള്ളി | 76500 | 30600 |
| 81 | പുതുക്കരി | 83036 | 33214 |
| 82 | താഴത്തുവടകര | 28375 | 28375 |
| 83 | കണ്ണമ്മൂല | 69400 | 27760 |
| 84 | കുമരങ്കരി | 26105 | 26105 |
| 85 | തത്തംപള്ളി | 430850 | 172340 |
| 86 | കൊല്ലാട് | 126800 | 50720 |
| 87 | പൊടിപ്പാറ | 117911 | 47164 |
| 88 | ആര്യങ്കാവ് | 47905 | 19160 |
| 89 | ചെങ്ങളം | 11560 | 4624 |
| 90 | കൂത്രപ്പള്ളി | 231397 | 92558 |
| 91 | പച്ച-ചെക്കിടിക്കാട് | 134120 | 53648 |
| 92 | തകഴി | 51935 | 20000 |
| 93. | ചാത്തനാട് | 31100 | 12440 |
| 94. | വടക്കേക്കര | 145200 | 58000 |
| 95. | കാവാലം - സെന്റ് തെരേസാസ് | 169965 | 67987 |
| 96. | കൊട്ടാരക്കര | 18650 | 7460 |
| 97. | പുന്നമട | 95650 | 38260 |
| 98. | എടത്വാ | 383559 | 153424 |
| 99. | മനക്കച്ചിറ | 58710 | 23480 |
| 100. | കത്തീഡ്രൽ | 348051 | 139220 |
| 101. | പുളിക്കകവല | 85870 | 34350 |
| 102. | രാജമറ്റം | 40120 | 16050 |
| 103. | പഴവങ്ങാടി | 336272 | 134509 |

| നം. | ഇടവക | ആകെ സമാഹരിച്ച തുക | അതിരൂപതയിൽ ലഭിച്ച തുക |
|---|---|---|---|
| 104. | വടവാതൂർ | 240456 | 96182 |
| 105. | കട്ടച്ചിറ | 66680 | 26672 |
| 106. | കേളമംഗലം | 24620 | 9850 |
| 107. | പാറമ്പുഴ | 266750 | 106705 |
| 108. | മുഹമ്മ | 109535 | 43814 |
| 109. | കരുമാടി | 38800 | 15520 |
| 110. | വെരൂർ | 470000 | 165000 |
| 111. | അരുവിക്കുഴി | 90415 | 36166 |
| 112. | മല്ലപ്പള്ളി | 15200 | 6080 |
| 113. | മാവേലിക്കര | 23150 | 9260 |
| 114. | കണ്ണാടി - സെന്റ് റീത്താസ് | 32355 | 12942 |
| 115. | മണ്ണന്തല | 175550 | 70220 |
| 116. | കാര്യവട്ടം | 131700 | 52680 |
| 117. | കുമരകം - വടക്കുംകര | 64000 | 25600 |
| 118. | ശ്രീകാര്യം - ഇമ്മാവൂസ് | 50100 | 20040 |
| 119. | ഇരവുചിറ | 86300 | 34520 |
| 120. | കൈനടി | 81634 | 32654 |
| 121. | കടയനിക്കാട് | 53000 | 21200 |
| 122. | കണ്ടങ്കരി | 32576 | 13022 |
| 123. | തോട്ടക്കാട് | 152750 | 61100 |

(തുടരും...)

## Sports Day

**ഏപ്രിൽ 7 ഞായർ 11am**

(എസ്.ബി സ്കൂൾ മൈതാനം)

## തൊഴിലാളി സംഗമം, മെയ്ദിന റാലി

**മെയ് 1 - 3 p.m. മെയ്ദിന റാലി**

(അരമനയിൽ നിന്ന് എസ്.ബി കോളജ് ഗ്രൗണ്ടിലേക്ക്)

**4.30 തൊഴിലാളി സംഗമം, കാവുകാട്ട് ഹാളിൽ.**

സഭയുടെ മാധ്യമപ്രേഷിതത്വത്തിന് നെടുനായകത്വം വഹിക്കുന്ന അക്ഷരമുത്തശ്ശി - ദീപികയ്ക്ക് ശക്തമായ പിൻബലം നല്കുന്ന ദീപിക ഫ്രണ്ട്സ് ക്ലബ് വിവിധ ഇടവകകളിലും ഫൊറോനായിലും അതിരൂപതയിലും ഊർജ്ജസ്വലമായി പ്രവർത്തിച്ചു വരുന്നു. സഭ നേരിടുന്ന ആനുകാലിക വെല്ലുവിളികളെ സുധീരം നേരിടാനും ദീപിക ഫ്രണ്ട്സ് ക്ലബ് പ്രതിജ്ഞാബദ്ധമാണ്.

## 1. ഇടവകകളിൽ ഡ്രീംലൈൻ പ്രോജക്ട്

മങ്കൊമ്പ് തെക്കേക്കര, മുട്ടാർ, കുമരംചിറ, ചമ്പക്കര ഇടവകകളിൽ ഡിഎഫ്സിയുടെ നേതൃത്വത്തിൽ ദീപികയുടെ പ്രചരണാർത്ഥമുള്ള ഡ്രീംലൈൻ പ്രോജക്ട് നടപ്പാക്കി. പായിപ്പാട്, ഏറ്റുമാനൂർ, അതിരമ്പുഴ, ചെറുവാണ്ടൂർ മേഖലകളിൽ ദീപികദിനപത്രത്തിന്റെ വാർഷിക വരിക്കാരുടെ പുതുക്കലും പുതിയ വരിക്കാരെ ചേർക്കലും കാര്യക്ഷമമായി നടപ്പാക്കുകയുണ്ടായി.

## 2. ചർച്ച് ബില്ലിനെതിരെ ഡിഎഫ്സി

സഭയുടെ വിശ്വാസജീവിതത്തിന് കൂച്ചുവിലങ്ങ് ഇടാനുള്ള കേരള നിയമപരിഷ്ക്കരണ കമ്മീഷന്റെയും കേരളസർക്കാരിന്റെയും കുത്സിത ശ്രമങ്ങൾക്കെതിരെ ദീപിക ഫ്രണ്ട്സ് ക്ലബ് ഇടവകകളിലും അതിരൂപത സമിതി എക്സിക്യൂട്ടീവ് കമ്മിറ്റിയും പ്രതിഷേധ പ്രമേയങ്ങൾ പാസ്സാക്കി. കൂടാതെ അതിരൂപതയിലെ എ.കെ.സി.സി. തുടങ്ങിയ അല്മായ സംഘടനകളോട് ചേർന്ന് കോട്ടയത്ത് നടന്ന വമ്പിച്ച പ്രതിഷേധ റാലിയിലും സമ്മേളനത്തിലും ഡിഎഫ്സി പ്രവർത്തകർ പങ്കെടുത്തു.

ചർച്ച്ബിൽ സർക്കാർ വെബ്സൈറ്റിൽ നിന്ന് പിൻവലിപ്പിക്കാൻ കഴിഞ്ഞതിൽ നമുക്കും അഭിമാനിക്കാം. ഇനിയും ജാഗ്രതയോടെ നാം പ്രവൃത്തിക്കേണ്ടിയിരിക്കുന്നു.

## 3. ദീപികയുടെ 132-ാം വാർഷികം തലസ്ഥാന നഗരിയിൽ (ഡൽഹി)

അക്ഷരമുത്തശ്ശിയും മലയാളത്തിലെ പ്രഥമദിനപത്രവുമായ ദീപികയുടെ 132-ാം വാർഷികവും ബിസിനസ് ദീപികയുടെ 25-ാം വാർഷികവും സംയുക്തമായി ഡൽഹിയിൽ ആഘോഷിച്ചു. ഉപരാഷ്ട്രപതി എം. വെങ്കയ്യ നായിഡു സമ്മേളനം ഉദ്ഘാടനം ചെയ്തു. കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി അനുഗ്രഹപ്രഭാഷണം നടത്തി. രാഷ്ട്രദീപിക ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ഫാ. മാത്യു ചന്ദ്രൻകുന്നേൽ, ദീപിക ചീഫ് എഡിറ്റർ ഫാ. ബോബി അലക്സ് കണ്ണംപ്ലാക്കൽ, അസോ. എഡിറ്റർ ജോർജ്ജ് കള്ളിവയലിൽ എന്നിവർ പ്രസംഗിച്ചു.

## 4. ദീപിക ഫ്രണ്ട്സ് ക്ലബ് റീജിയണൽ (ഫൊറോന) ഡയറക്ടേഴ്സ്

**I ചങ്ങനാശേരി മേഖല**

| | | |
|---|---|---|
| 1. | തുരുത്തി : റവ. ഫാ. അജോ കാവാലം (കോർഡിനേറ്റർ) | 9446043016 |
| 2. | ചങ്ങനാശേരി : റവ. ഫാ. മാർട്ടിൻ മുടന്താഞ്ചലി | 9447596997 |
| 3. | തൃക്കൊടിത്താനം : റവ. ഫാ. ജോസഫ്കുട്ടി പറത്താനം | 9496628740 |

**II കുട്ടനാട് മേഖല**

| | | |
|---|---|---|
| 1. | പുളിങ്കുന്ന് : റവ. ഫാ റ്റോണി മണിയൻചിറ (കോർഡിനേറ്റർ) | 8111968166 |
| 2. | ആലപ്പുഴ : റവ. ഫാ. ചെറിയാൻ കാരിക്കൊമ്പിൽ | 9446201981 |
| 3. | എടത്വാ : റവ. ഫാ. ജോംസി പൂവത്തോലിൽ | 9495443845 |
| 4. | ചമ്പക്കുളം : റവ. ഫാ. സെബാസ്റ്റ്യൻ വെള്ളാമത്തറ | 9746491215 |

**III നെടുംകുന്നം മേഖല**

| | | |
|---|---|---|
| 1. | നെടുംകുന്നം : റവ. ഫാ. ജേക്കബ് കാട്ടടി (കോർഡിനേറ്റർ) | 9539701122 |
| 2. | മണിമല : റവ. ഫാ. എബി ചങ്ങംങ്കരി | 9495509843 |
| 3. | കുറുമ്പനാടം : റവ. ഫാ. വർഗ്ഗീസ് (നിബിൻ) പഴയമഠം | 7293416143 |

**IV കോട്ടയം മേഖല**

| | | |
|---|---|---|
| 1. | അതിരമ്പുഴ : റവ. ഫാ. ഇമ്മാനുവേൽ നെല്ലുവേലി (കോർഡിനേറ്റർ) | 9447455622 |
| 2. | കോട്ടയം : റവ. ഫാ. ജോർജ് കപ്പാമൂട്ടിൽ | 8281572462 |
| 3. | കുടമാളൂർ : റവ. ഫാ. മിന്റു മൂന്നുപറയിൽ | 8078946285 |

**V തെക്കൻ മേഖല**

| | | |
|---|---|---|
| 1. | കൊല്ലം - ആയൂർ : റവ. ഫാ. തോമസ് കാരേക്കാട്ട് (കോർഡിനേറ്റർ) | 9447489738 |
| 2. | തിരുവനന്തപുരം : റവ. ഫാ. മാത്യു അഞ്ചിൽ | 9947719176 |
| 3. | അമ്പൂരി : വെരി റവ. ഫാ. ജോസഫ് ചൂളപറമ്പിൽ | 9446855459 |

## 5. യൂണിറ്റ് സന്ദർശനം

ഫൊറോനാ ഡയറക്ടേഴ്സിന്റെ നേതൃത്വത്തിൽ DFC ഭാരവാഹികൾ ഏപ്രിൽ മാസം യൂണിറ്റ് സന്ദർശനങ്ങൾ നടത്തുന്നതായിരിക്കും. എല്ലാ ഇടവകകളും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**സണ്ണി പുളിങ്കാലായിൽ**
*(പ്രസിഡന്റ്) Ph:9072725164*

**ആന്റണി തോമസ് മലയിൽ**
*(ജന:സെക്രട്ടറി) Ph:9446342561*

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
*(അതി.ഡയറക്ടർ) Ph:9447432531*

ഇടവകകളിൽ ദീപിക ഡ്രീംലൈൻ വർക്ക് നടത്താൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക. **വർഗീസ് ഡൊമിനിക് ഫോൺ: 9400390539**
**ജോൺസൺ ജോസഫ് ഫോൺ: 9349599080**

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

ചങ്ങനാശ്ശേരി അതിരൂപതയിൽ കേരള ലേബർ മൂവ്മെന്റ് സ്ഥാപിതമായിട്ട് 11 വർഷങ്ങൾ പൂർത്തിയാകുന്നു. ഇനി വരുന്ന ദിനങ്ങൾ ഒരുക്കത്തിന്റെ കാലഘട്ടമാണ് നോമ്പുകാലത്തിന്റെ പവിത്രത കാത്തുസൂക്ഷിച്ചുകൊണ്ട് ഈശോയുടെ കുരിശോട് നമ്മുടെ അദ്ധ്വാനങ്ങളെ ചേർത്ത് വയ്ക്കാം ഏവർക്കും നന്മനിറഞ്ഞ വലിയ ആഴ്ചകാലവും ഉയിർപ്പ് തിരുനാളിന്റെ മംഗളങ്ങളും നേരത്തെതന്നെ പ്രാർത്ഥനയോടെ ആശംസിക്കുന്നു. .

**ഫാ. ജോസ് പുത്തൻചിറ**

## വാർഷിക ആഘോഷങ്ങൾ

വിവിധ യൂണിറ്റുകളും സംഘങ്ങളിലുമായി വാർഷിക ആഘോഷങ്ങൾ നടത്തപ്പെട്ടു. കുന്നന്താനം യൂണിറ്റിൽ 03.03.2019 -ൽ സംയുക്ത വാർഷിക സമ്മേളനം നടത്തപ്പെട്ടു.

## ആദരാഞ്ജലികൾ

4.3.19 -ൽ പൊടിപ്പാറ യൂണിറ്റിൽ ഹോളിഫാമിലി സംഘത്തിൽ അംഗമായ തോമസ് വർഗീസ് കടുപ്പിൽ നിര്യാതനായി. കെ.എൽ എം കുടുംബത്തിന്റെ അനുശോചനവും പ്രാർത്ഥനയും നേരുന്നു.

## റിസോഴ്സ് ടീം സംഗമം.

02.03.2019 -ൽ നടത്തപ്പെട്ട റിസേഴ്സ് ടീം സംഗമത്തിൽ ഏപ്രിൽ മെയ്, മാസങ്ങളിൽ നടക്കാനിരിക്കുന്ന കാര്യപരിപാടികൾ ചർച്ചചെയ്യുകയും വേണ്ട തീരുമാനങ്ങൽ എടുക്കുകയും ചെയ്തു..

## അഖിലകേരളാ വടംവലി മത്സരം

കടുവാക്കുളം കെ.എൽ.എം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ 10.03.2019-ൽ അഖിലകേരളാ വടംവലി മത്സരം നടത്തി. 44 ടീമുകൾ പങ്കെടുത്ത മത്സരത്തിൽ സ്റ്റാർ വിഷൻ ഗുരുവായൂർ ഒന്നാം സ്ഥാനവും ഇടപ്പാൾ ആഹാ ഫ്രണ്ടസ് രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

## പുതിയ സംഘങ്ങൾ

കേരളാ ലേബർ മൂവ്മെന്റിൽ പല യൂണിറ്റുകളിലായി പുതിയ സംഘങ്ങൾ രൂപപ്പെടുത്തി. കൊടിനാട്ടുകുന്ന് - സഹദാ സംഘം, പുളിങ്കുന്ന് - സെന്റ് ജൂഡ്, സെന്റ് ആന്റണീസ്, അസീസി, ചാഞ്ഞോടി - സെന്റ് ജോസഫ്.

## കോ-ഓർഡിനേറ്റേഴ്സ്, ലീഡേഴ്സിന്റെ സംഗമം

17.3.2019-ൽ ലീഡേഴ്സിന്റെ സംഗമം നടത്തപ്പെട്ടു. ഏപ്രിൽ, മെയ് മാസത്തിലെ കാര്യങ്ങൾ ചർച്ച ചെയ്യുകയും സംഘത്തിലും,യൂണിറ്റിലും വരുത്തേണ്ട മാറ്റങ്ങളും വിശകലനം ചെയ്യുകയും ചെയ്തു.

## വി.യൗസേപ്പിതാവിന്റെ മരണത്തിരുനാൾ

19.03.2019 തൊഴിലാളി മദ്ധ്യസ്ഥനായ വി.യൗസേപ്പിതാവിന്റെ മരണത്തിരുനാൾ ആചരിച്ചു, പുളിങ്കുന്ന് ഫൊറോനാ ദേവാലയത്തിൽ തിരുനാൾ ആഘോഷവും പുഴുക്കു നേർച്ചയും നടത്തി. ഫാ.ജോസ് പുത്തൻചിറ ദിവ്യബലിക്ക് മുഖ്യ കാർമ്മികത്വം നല്കി. ഫാ. ജിസൺ പോൾ വേങ്ങാശ്ശേരി തിരുനാൾ സന്ദേശം നല്കി.

അമ്പത് നോമ്പിന്റെ ചൈതന്യത്തിലായിരിക്കുന്ന എല്ലാ പ്രവാസി മാതാപിതാക്കൾക്കും പ്രവാസി സഹോദരങ്ങൾക്കും ഈ നോമ്പുകാലത്തും തുടർന്നു വരുന്ന ഉയിർപ്പു തിരുന്നാളിലും ആശംസിക്കുവാനാഗ്രഹിയ്ക്കുക വിശുദ്ധ കുർബാന കേന്ദ്രീകൃതമായ ബലി ജീവിതമാണ്.

നമ്മുടെ കർത്താവീശോമിശിഹായുടെ ജീവിതവും, ബലിയർപ്പണവും, മാനവകുലത്തിന്റെ രക്ഷയ്ക്കു കാരണമായതുപോലെ പ്രവാസി സഹോദരങ്ങളുടെ വി. കുർബാനയധിഷ്ഠിതമായ ജീവിതം തങ്ങളുടെ കുടുംബത്തിന്റെയും, കുഞ്ഞുങ്ങളുടെയും അനുഗ്രഹത്തിനു കാരണമാകണം.

ഈശോമിശിഹായുടെ ബലിയർപ്പണം പഴയനിയമ കാലഘട്ടത്തിലെ ബലിയർപ്പണം പോലെയായിരുന്നില്ല. കാരണം പഴയനിയമത്തിലെ ബലികൾക്ക് ബലിമൃഗങ്ങൾ ആവശ്യമായിരുന്നു. എന്നാൽ പുതിയ നിയമത്തിലെ വി. ബലിയിൽ നാം കാണുക ബലിയർപ്പകനും (Priest) ബലിവസ്തുവും (Victim) ഈശോമിശിഹ തന്നെയായിരുന്നു. ഉദാഹരണത്തിന് 'ഇവർ ചെയ്യുന്നത് എന്തെന്ന് ഇവർ അറിയുന്നില്ല, ഇവരോട് ക്ഷമിക്കണമേ (ലൂക്കാ 23:34) എന്ന് കുരിശിൽ കിടന്ന് പ്രാർത്ഥിക്കുമ്പോൾ അവിടുന്നു ബലിയർപ്പകനും, പടയാളികൾ അവിടുത്തെ പരിഹസിക്കുകയും, തുപ്പുകയും, അടിക്കുകയും, എല്ലാവരാലും ഉപേക്ഷിക്കപ്പെടുകയും, ഒറ്റപ്പെടുകയും ചെയ്യുമ്പോൾ അവിടുന്ന് ബലിവസ്തുവും ആയിരുന്നു (മത്താ. 27:29-46). ഒരു പക്ഷേ പ്രവാസി സഹോദരങ്ങളുടെ ജീവിതത്തിലും, ഇപ്രകാരമുള്ള അനുഭവങ്ങൾ ഉണ്ടാകുമ്പോൾ നമ്മുടെ ഈശോമിശിഹായെപ്പോലെ പുതിയനിയമത്തിലെ ബലിയർപ്പകനും ബലിവസ്തുവും ആകുവാനുള്ള ഭാഗ്യം ലഭിച്ചതിൽ സന്തോഷിക്കാൻ മാത്രം വിശ്വാസത്തിൽ ഈ വർഷം വളരുവാനിടയാകട്ടെ എന്നാശംസിക്കുന്നു.

പ്രവാസി അപ്പോസ്തോലേറ്റിന്റെ സംരംഭമായ Ave Maria Holidays and Ventures ന്റെ ആഭിമുഖ്യത്തിൽ ഹൗസ് ബോട്ടുടമകളുടേയും, ഹോം സ്റ്റേ ഉടമകളുടേയും കൂട്ടായ്മ മുട്ടാർ 'Riverside Inn' എന്ന ഹോംസ്റ്റേയിൽ വെച്ചു നടത്തി. അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്തു. ധാർമ്മിക മൂല്യങ്ങൾ കൈവെടിയാതുള്ള വിനോദയാത്രകളും, ഉല്ലാസങ്ങളും കാലഘട്ടത്തിന്റെ ആവശ്യമാണെന്നും, കുടുംബത്തിന്റെ നിലനിൽപ്പാണ് സഭയുടെ അടിത്തറയെന്നും ഉദ്ഘാടന പ്രസംഗത്തിൽ പിതാവ് ഓർമ്മിപ്പിച്ചു. ഈ സമ്മേളനത്തിൽ വികാരി ജനറാൾ പെരിയ ബഹു. ജോസഫ് മുണ്ടകത്തിലച്ചൻ അധ്യക്ഷത വഹിച്ചു. കത്തോലിക്ക സഭയുടെ ദൗത്യമാണ് പ്രവാസികളെ ആത്മീയമായും, വിശ്വാസത്തിലും സംരക്ഷിക്കുക എന്നുള്ളത്. മനുഷ്യന്റെ മനസ്സിൽ സന്തോഷം ജനിപ്പിക്കുക എന്നതാണ് വിനോദസഞ്ചാരത്തിന്റെ ലക്ഷ്യം. മാത്സര്യബുദ്ധിയുള്ള ഈ സംരംഭത്തിൽ നമുക്കു വിജയിക്കുവാൻ വേണ്ടി ചെയ്യരുതാത്തതൊന്നും ചെയ്യരുതെന്നും മുണ്ടകത്തിലച്ചൻ പറയുകയുണ്ടായി. മുട്ടാർ സെന്റ് ജോർജ്ജ് പള്ളി വികാരി റവ. ഫാ. എബ്രഹാം തയ്യിൽ ഹൗസ്ബോട്ടുകളിലും ഹോംസ്റ്റേകളിലും ഗുണമേന്മ ഉറപ്പാക്കണമെന്ന് അഭ്യർത്ഥിച്ചു.

*ശേഷം .... 99-ാം പേജിൽ....*

# കെയർ ഹോംസ് ഫെല്ലോഷിപ്പ് (CFCA), മാർ കാവുകാട്ട് പാലിയേറ്റീവ് & ഹെൽത്ത് കെയർ

CFCA

ചങ്ങനാശേരി അതിരൂപതാതിർത്തിയിൽ അതിരൂപതയുടെ നേരിട്ടും, സന്ന്യസ്ത – അൽമായ കേന്ദ്രങ്ങളിലും പ്രവർത്തിക്കുന്ന കെയർ ഹോമുകളുടെ അതിരൂപതാതല സംരംഭമായ കെയർ ഹോം ഫെല്ലോഷിപ്പി (CFCA) ന്റെയും മാർ തോമസ് തറയിൽ പിതാവിന്റെ മെത്രാഭിഷേക സ്മാരകമായ മാർ കാവുകാട്ട് പാലിയേറ്റീവ് & ഹെൽത്ത് കെയറിന്റെയും 2019 മാസത്തെ പ്രവർത്തനങ്ങളുടെ സംയുക്ത റിപ്പോർട്ടും വരും മാസത്തിലെ പ്രധാന പരിപാടികളും.

## ബഹുമാനപ്പെട്ട സോണി മുണ്ടുനടയ്ക്കലച്ചന് നന്ദിയോടെ

കെയർ ഹോം ഫെല്ലോഷിപ്പിന്റെയും (CFCA), മാർ കാവുകാട്ട് പാലിയേറ്റീവ് & ഹെൽത്ത് കെയറിന്റെയും ഡയറക്ടറായി ഒരു വർഷത്തിലധികം കാലയളവിൽ സേവനം അനുഷ്ഠിച്ച് തിരുവനന്തപുരം ലൂർദ്ദ്മാതാ എഞ്ചിനീയറിംഗ് കോളെജിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറായി സ്ഥലം മാറിപ്പോയ ബഹുമാനപ്പെട്ട സോണി മുണ്ടുനടയ്ക്കലച്ചന് ഹൃദയം നിറഞ്ഞ നന്ദി. കെയർ ഹോമുകളുടെ ഏത് ആവശ്യത്തിലും അടിയന്തിര സഹായമെത്തിക്കാനും അതിരൂപതാ തലത്തിൽ കെയർ ഹോമുകളുടെ പ്രവർത്തനക്കൂട്ടായ്മ കൂടുതൽ ദൃഢമാക്കാനും അച്ചന് സാധിച്ചു. പ്രളയകാലത്ത് കുട്ടനാട്ടിലും മറ്റു സ്ഥലങ്ങളിലുമുള്ള ജനങ്ങൾക്ക് നിരവധി സഹായമെത്തിക്കാൻ അച്ചൻ വളരെയേറെ യത്നിച്ചു. സമരിറ്റൻ പ്രയർ, ഈസ്റ്റർ കെയർ തുടങ്ങി നിരവധി പരിപാടികൾക്ക് തുടക്കമിടുകയും ഭിന്നശേഷിക്കാർക്കായുള്ള രൂപതാതല സംഗമം ഉൾപ്പെടെ നിരവധി പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു. മാർ കാവുകാട്ട് പാലിയേറ്റീവ് & ഹെൽത്ത് കെയറിന്റെ 50 ൽ പരം യൂണിറ്റുകൾ തുടങ്ങാനും തുടർപിന്തുണ ഉറപ്പാക്കാനും ബഹുമാനപ്പെട്ട അച്ചന്റെ നേതൃത്വത്തിൽ സാധിച്ചു. ബഹുമാനപ്പെട്ട അച്ചന് കെയർ ഹോം കൂട്ടായ്മയുടെയും മാർ കാവുകാട്ട് പാലിയേറ്റീവ് & ഹെൽത്ത് കെയറിന്റെയും ഹൃദയം നിറഞ്ഞ നന്ദി.

## ഫാ. സെബാസ്റ്റ്യൻ പുന്നശേരി – പുതിയ ഡയറക്ടർ

കെയർ ഹോം ഫെല്ലോഷിപ്പ് ചങ്ങനാശേരി അതിരൂപത (CFCA) യുടെയും മാർ കാവുകാട്ട് പാലിയേറ്റീവ് & ഹെൽത്ത് കെയറിന്റെയും പുതിയ അതിരൂപതാതല ഡയറക്ടറായി ഫാ. സെബാസ്റ്റ്യൻ പുന്നശേരിയെ അഭിവന്ദ്യ പിതാവ് നിയമിച്ചു. ചാരിറ്റിവേൾഡ് ട്രസ്റ്റിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറായും 90.8 റേഡിയോ മീഡിയാ വില്ലേജിന്റെ സ്റ്റേഷൻ ഡയറക്ടറായും പ്രവർത്തിച്ചു വരികയാണ് ബഹുമാനപ്പെട്ട പുന്നശേരിയച്ചൻ. അതിരൂപതയുടെ കീഴിൽ ചീരംഞ്ചിറയിലുള്ള ജിമ്മി പടനിലം സെന്റർ കേന്ദ്രമാക്കി നിരവധി ജീവകാരുണ്യ സാമൂഹ്യക്ഷേമ പരിപാടികൾക്ക് നേതൃത്വം നല്കിവരികയാണ്.

ഫാ. സെബാസ്റ്റ്യൻ പുന്നശേരി – 9447564836

## പാലിയേറ്റീവ് കെയർ – മണിമല ഫൊറോന പള്ളി

മാർ കാവുകാട്ട് പാലിയേറ്റീവ് & ഹെൽത്ത് കെയറിന്റെ ഇടവകതല ബോധവത്ക്കരണ ശില്പശാലയും യൂണിറ്റ് പ്രവർത്തന ഉത്ഘാടനവും 2019 മാർച്ച് 17–ാം

തീയതി ഞായറാഴ്ച രാവിലെ 11 മണിക്ക് മണിമല ഹോളി ഫാമിലി ഫൊറോന പള്ളിയിൽ വച്ച് നടന്നു. ഫൊറോന വികാരി റവ. ഫാ. ജോർജ്ജ് കൊച്ചുപറമ്പിൽ ഉദ്ഘാടനം ചെയ്തു. ഡോ.സി. വിജയ പുതുശ്ശേരിൽ എം.എം.എസ്, ശ്രീമതി. ശാന്താ പീറ്റർ തുടങ്ങിയവർ ക്ലാസ് നയിച്ചു. ശ്രീ. ചാക്കോച്ചൻ തീന്തലങ്ങാട്, ശ്രീമതി. കുസുമം അലക്സ് തുടങ്ങിയവർ വിവിധ പരിപാടികൾക്ക് നേതൃത്വം നല്കി. ഏപ്രിൽ 22 മുതൽ ഒരാഴ്ച നീണ്ടുനില്ക്കുന്ന സമഗ്ര പരിശീലനവും തുടർന്ന് വിവിധ പരിപാടികളും യൂണിറ്റ് തലത്തിൽ നടത്താൻ തീരുമാനിച്ചു.

## കെയർ ഹോം ഫെല്ലോഷിപ്പ് വാർഷിക സമ്മേളനം

കെയർ ഹോം ഫെല്ലോഷിപ്പിന്റെ (CFCA) വാർഷിക സമ്മേളനവും ബഹുമാനപ്പെട്ട സോണി അച്ചന് യാത്രയയപ്പും പുതിയ കർമ്മ പദ്ധതി അവതരണവും 2019 ഏപ്രിൽ 13-ാം തീയതി ശനിയാഴ്ച രാവിലെ 10 മുതൽ 1 മണി വരെ അതിരൂപതാകേന്ദ്രത്തിൽ വച്ച് സംഘടിപ്പിക്കുന്നു. അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം, മാർ തോമസ് തറയിൽ, മാർ ജോസഫ് പൗവ്വത്തിൽ തുടങ്ങിയവർ പങ്കെടുക്കും. ഫാ. ബിജു മൂലക്കര, ഫാ. സെബാസ്റ്റ്യൻ പുന്നശേരി, ഫാ. സോണി മുണ്ടുനടയ്ക്കൽ തുടങ്ങിയവർ വിവിധ ക്ലാസ്സുകൾക്ക് നേതൃത്വം നല്കും. CFCA യുടെ എല്ലാ മെമ്പർ സ്ഥാപനങ്ങളിൽ നിന്നും രണ്ട് പ്രതിനിധികൾ നിർബന്ധമായും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഉച്ചഭക്ഷണത്തോടെ പരിപാടി അവസാനിക്കും. കൂടുതൽ വിവരങ്ങൾക്ക് - 9656200059

## ഈസ്റ്റർ കെയർ

'ഈ എളിയ സഹോദരിമാരിൽ ഒരാൾക്ക് ചെയ്തപ്പോൾ എനിക്കു തന്നെയാണ് സഹായം ചെയ്തത്' (മത്തായി 25: 40) എന്ന വചനപൂർത്തീകരണം ലക്ഷ്യം വച്ച് കെയർ ഹോമുകൾ, ചാരിറ്റി സെന്ററുകൾ, ആശുപത്രികൾ, സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കോളനികൾ തുടങ്ങി വിവിധ സ്ഥലങ്ങളിൽ 2019 ഏപ്രിൽ 21 ന് ഈസ്റ്റർ ദിനത്തിലും അനുബന്ധമായും ഭക്ഷണവും വിവിധ സഹായങ്ങളും വിതരണം ചെയ്യുന്ന പ്രത്യേക കർമ്മ പദ്ധതിയാണ് ഈസ്റ്റർ കെയർ. വിശദാംശങ്ങൾ പിന്നാലെ അറിയിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് - 9656200059

---

*പ്രവാസി അപ്പോസ്തലേറ്റ് 97-ാം പേജ് തുടർച്ച....*

ഈ സമ്മേളത്തിൽ പ്രവാസി ഡയറക്ടർ സണ്ണി അച്ചനോടൊപ്പം ഹോംസ്റ്റേ, ഹൗസ്ബോട്ട് ഉടമകളും അതിരൂപത പ്രവാസി പ്രതിനിധികളും, എടത്വ ഫൊറോന കൗൺസിൽ അംഗങ്ങളും പുളിങ്കുന്ന്, ചമ്പക്കുളം ഫൊറോനകളിലെ ഇടവക പ്രതിനിധികളും പങ്കെടുത്തു.

* Ave Maria Holidays- ൽ നിന്നും 2019 മെയ് മാസം 31-ാം തീയതി അടുത്ത വിശുദ്ധനാട് സന്ദർശനവും 2019 സെപ്റ്റംബർ 09-ാം തീയതി യൂറോപ്പ് തീർത്ഥാടനവും ക്രമീകരിച്ചിരിക്കുന്നു.

പ്രവാസി രജിസ്റ്റർ ബുക്കുകൾ ഇനിയും ലഭിച്ചിട്ടില്ലാത്ത ഇടവകകളിലെ പ്രതിനിധികൾ പ്രവാസി അപ്പോസ്തലേറ്റ് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

സ്നേഹപൂർവ്വം

**സണ്ണിയച്ചൻ**

## ബേസ്റൗമ്മാ : സുറിയാനി ഭാഷാപഠനം

മെയ്മാസം 1 മുതൽ 31 വരെമാന്നാനം സെന്റ് കുര്യാക്കോസ് ഏലിയാസ് ചാവറ ആർക്കൈവ്സ് ആൻഡ് റിസേർച്ച് സെന്ററിൽ സുറിയാനി ഭാഷാപഠനത്തിനൊരവസരം. രാവിലെയും ഉച്ചകഴിഞ്ഞുമായി തുടക്കക്കാർക്കുവേണ്ടിയും പ്രാഥമികപരിജ്ഞാനം ഉള്ളവർക്കു വേണ്ടിയും വെവ്വേറെ ക്ലാസ്സുകൾ.

സുറിയാനി ഭാഷയെയും പാരമ്പര്യത്തെയും ആരാധനാരീതികളെയുംസംഗീതത്തെയുംഅടുത്തറിയാൻ ആഗ്രഹിക്കുന്ന ഏവർക്കും സ്വാഗതം. ക്ലാസ്സുകൾ ആദ്യന്തം പങ്കെടുത്ത് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് ലഭിക്കുന്നതായിരിക്കും.

*കൂടുതൽ വിവരങ്ങൾക്കും രജിസ്റ്റർ ചെയ്യുന്നതിനുമായി ബന്ധപ്പെടുക:*

**8289998237, email: kearchives@gmail.com.**

**St. Kuriakose Elias Chavara Archives and ResearchCentre,**
**St. Joseph’s Monastery, Mannanam P.O., Kottayam 686 561**

എത്രയും സ്നേഹ. ബഹു. അച്ചന്മാരേ...

നമ്മൾ എല്ലാവരും പ്രതീക്ഷയോടെ കാത്തിരിക്കുന്ന ഈസ്റ്ററിന്റെ മംഗളാശംസകൾ ചങ്ങനാശ്ശേരി അതിരൂപത കൾച്ചറൽ അക്കാദമി ‘സദസ്സിൽ’ നിന്നും ഏറെ സ്നേഹത്തോടെ ഞാൻ ആശംസിക്കുന്നു. നിങ്ങളുടെ ആത്മാർത്ഥമായ സഹകരണം ഞാൻ യാചിക്കുന്നു... അതുണ്ടെങ്കിൽ മാത്രമേ ഈ പ്രസ്ഥാനം വളരുകയുള്ളൂ. അവധിക്കാല സംഗീതപരിശീലന ക്യാമ്പ് ഏപ്രിൽ – മെയ് മാസങ്ങളിൽ നടക്കാൻ പോകുന്നു. തുച്ഛമായ ഫീസിൽ മെച്ചമായ പരിശീലനം, എന്റെ മേൽനോട്ടത്തിൽ 29 വർഷമായി നടന്നു വരുന്നു. ശാസ്ത്രീയസംഗീതം, ഓർഗൻ, ഗിറ്റാർ, വയലിൻ, ഫ്ലൂട്ട്, ജാസ് ഡ്രം, തബല, ചിത്രരചന, പാശ്ചാത്യ നൃത്തം, ശാസ്ത്രീയ നൃത്തം, സ്കേറ്റിംഗ് എന്നിവ പഠിക്കാൻ പഠിക്കാൻ താത്പര്യമുള്ള 7–70 പ്രായപരിധിയിലുള്ള ആർക്കും ചേരാവുന്നതാണ്.

കുഞ്ഞങ്ങളെയും മുതിർന്നവരേയും ഒന്നു പ്രോത്സാഹിപ്പിച്ചു പറഞ്ഞു വിടുന്ന ഉത്തരവാദിത്വം ബഹു. അച്ചൻ ഏറ്റെടുക്കണം.

ഇത്തവണ വീണയുടെ ക്ലാസ് ശ്രീമതി അമ്പിളി ഗാനഭൂഷൺ നയിക്കുന്നു. പി.പി. ജോസ് റോഡിലുള്ള സദസ്സിലേക്ക് ഏവർക്കും സ്വാഗതം.

**ഫാ. തോമസ് ഡി. തൈക്കാട്ടുശ്ശേരി**

ഫോൺ: 9447464457

## മദ്യമയക്കുമരുന്ന് ആസക്തിക്ക് സൗജന്യനിരക്കിൽ ഹോമിയോ ചികിത്സാ സംവിധാനം.

സ്നേഹ ബഹു. അച്ചാ/സിസ്റ്റർ/സഹോദരരെ

നമ്മുടെ സമൂഹത്തിൽ ലഹരി വസ്തുക്കൾക്ക് അടിമകൾ ആകുന്നരീതി വർദ്ധിച്ച് വരികയാണല്ലോ,ഈ അവസരത്തിൽ ലഹരി വസ്തുക്കൾക്ക് എതിരായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. കൂട്ടായശ്രമത്തിലൂടെ നമുക്ക് ലഹരിക്കതിരെ പ്രവർത്തിക്കാൻ കഴിയണം.

ആത്മതാകേന്ദ്രം കഴിഞ്ഞ 10 വർഷത്തിൽ അധികമായി വളരെ മാതൃകാപരവും പാർശ്വഫലങ്ങൾ ഇല്ലാത്തതുമായ ലഹരിക്കെതിരായ ഹോമിയോ ചികിത്സ നടത്തിവരുന്ന കാര്യം അറിവുള്ളതാണല്ലോ. അച്ചൻ/സിസ്റ്റർ പ്രത്യേക ശ്രദ്ധയെടുത്ത് താഴെപ്പറയുന്ന സ്ഥലങ്ങളിൽ വച്ച് വിദഗ്ധരായ ഡോക്ടർമാരുടെ നേതൃത്വത്തിൽ നടത്തുന്ന ചികിത്സയിൽ നിന്ന് ഫലം എടുക്കാൻ ആളുകൽക്ക് ബോധനം നല്കി സഹായിക്കണമെ. മദ്യമയക്കുമരുന്ന് ആസക്തിക്കും മറ്റ് ഇതര രോഗങ്ങൾക്കും ടി കേന്ദ്രങ്ങളിൽ സൗജന്യനിരക്കിലാണ് മരുന്ന് ലഭിക്കുന്നത് എന്നവിവരവും പാർശ്വഫലങ്ങൾ ഇല്ലാ എന്നകാര്യവും ഇടവക ജനത്തെ ബോധിപ്പിച്ച് ചികിത്സയിലൂടെ ഫലം എടുക്കാൻ വേതു ചെയ്യണമെ.

| സ്ഥലം | ദിവസവും സമയവും | ഡോക്ടർമാർ |
|---|---|---|
| ഇമ്മാനുവേൽ പ്രാർത്ഥനാ ശുശ്രൂഷാകേന്ദ്രം, ഇരവുചിറ | എല്ലാ ബുധനാഴ്ചയും 10 മുതൽ 12:30 വരെ | ഡോ. രാജു തോമസ് |
| ആലപ്പുഴ തത്തംപള്ളി മരിയ ഹോമിയോ ഡിസ്പെൻസറി | എല്ലാ ചൊവ്വാഴ്ചയും 10 മുതൽ 12:30 വരെ | ഡോ. സിസ്റ്റർ ടെസ്സിൻ SABS |
| നെടുംകുന്നം ആതുരാശ്രമം ഹോമിയോ ക്ലിനിക്ക് | എല്ലാ വ്യാഴാഴ്ചയും 10 മുതൽ 12:30 വരെ | ഡോ. രാജു തോമസ്<br>ഡോ. കൊച്ചുറാണി |
| ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്റർ | എല്ലാ വെള്ളിയാഴ്ചയും 10 മുതൽ 12:30 വരെ | ഡോ. എസ്സ്. ജി. ബിജു.<br>ഡോ. മാത്യു മണലിൽ<br>ഡോ. രാജു തോമസ് |
| അതിരമ്പുഴ സെന്റ് മേരീസ് | എല്ലാ വ്യാഴാഴ്ചയും 10:30 മുതൽ 12:30 വരെ | ഡോ. ജോസഫൈൻ |

## ഹോമിയോപ്പതിക്ക് ചികിത്സ വിശദ വിവരങ്ങൾ

## സപ്പോർട്ട് എ ചൈൽഡ് പദ്ധതി

2004 – ൽ ആത്മതാകേന്ദ്രം ആരംഭിച്ച നിത്യരോഗികളുടെ മക്കളുടെ പഠനത്തിനും പോഷകാഹരത്തിനും സഹായിക്കുന്ന സപ്പോർട്ട് എ ചൈൽഡ് പദ്ധതി

യിൽ എച്ച്.ഐ.വി അണുബാധിതരായ കുട്ടികൾ/അണുബാധിതരായവരുടെ മക്കൾ/മാനസിക വൈകല്യമുള്ളവരുടെ കുട്ടികൾ /ക്യാൻസർ ബാധിത കുട്ടികൾ/ക്യാൻസർ ബാധിതരുടെ കുട്ടികൾ എന്നിവർക്ക് ദിവസങ്ങൾ കഴിയുന്തോറും കൂടുതൽ സഹായം ആവശ്യമായി വരുന്നു. സഹായത്തിനായി നിരവധി ആളുകൾ ആത്മതാകേന്ദ്രം ഓഫിസിൽ വന്ന് അപേക്ഷിച്ചു കൊണ്ടിരിക്കുകയുമാണ്. ഇപ്പോൾ ചങ്ങനാശ്ശേരി, പത്തനംതിട്ട എന്നിവിടങ്ങളിലെ സപ്പോർട്ട് എ ചൈൽഡ് പദ്ധതി സമ്മേളനത്തിലൂടെ പ്രതിമാസം 80,000/-ൽ അധികം രൂപാ സഹായമായി നല്കി വരുന്നു. എന്നാൽ പുതിയ ധാരാളം അപേക്ഷകരെ സഹായിക്കാൻ നമുക്ക് സാധിക്കുന്നില്ല ആയതിനാൽ സുമനസ്സുകളുടെ സഹായം അപേക്ഷിക്കുന്നു. ആത്മതാകേന്ദ്രത്തിൽ നല്കുന്ന സംഭാവനയ്ക്ക് 80 G (vi) പ്രകാരം ആനുകൂല്യം ലഭിയ്ക്കുന്നതാണ് സമ്പത്തികമായി സഹായിക്കാൻ കഴിവുള്ളവർ സഹായിക്കാൻ ശ്രദ്ധിക്കണമെ. കഴിഞ്ഞമാസം പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, കൊല്ലം ജില്ലകളിൽ നിന്നായി 107 പേർക്ക് 83,000/ രൂപയുടെ സഹായവും,ന്യൂട്രീഷ്യൻ കിറ്റും വിതരണം ചെയ്തു..

## കെ.സിബി.സി മദ്യവിരുദ്ധ കുടുംബസംഗമം

കെ.സിബി.സി മദ്യവിരുദ്ധസമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിയ മദ്യവിരുദ്ധകുടുംബസംഗമം 2019 ഫെബ്രുവരി 23ന് അതിരൂപതാചാപ്പലിൽ വച്ച് ഡയറക്ടർ റവ.ഫാ.ജോസ് പുത്തൻചിറയുടെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയർപ്പിച്ചു തുടർന്ന് നടന്ന കുടുംബ സംഗമത്തിൽ, വെരി റവ. ഫാ. മോൺ ജോസഫ് മുണ്ടകത്തിൽ അദ്ധ്യക്ഷതവഹിച്ചു. സമ്മേളനം അഭിവന്ദ്യ ജോസഫ് പെരുന്തോട്ടം പിതാവ് ഉദ്ഘാടനം ചെയ്തു. ആമുഖസന്ദേശം റവ.ഫാ.ജോസ് പുത്തൻചിറയും നല്കി ശ്രീ ബെന്നിച്ചൻ പുതുപ്പറമ്പിൽ ലഹരി വിമുക്ത അനുഭവം പങ്കുവച്ചു, ശ്രീ അനിയച്ചൻ തൂമ്പുങ്കൽ, മേരിക്കുട്ടി പാറക്കടവിൽ എന്നിവരുടെ കവിതാ പരായണം നടത്തി. ശ്രീ റാംസെ.ജെ റ്റി സ്വാഗതവും. ശ്രീ. കെ.പി. മാത്യു.നന്ദിയും അർപ്പിച്ചു. തോമസുകുട്ടി മണക്കുന്നേൽ റിപ്പോർട്ടും അവതരിപ്പിച്ചു. പരിപാടികൾക്ക് മദ്യവിരുദ്ധ സമിതി അംഗങ്ങൾ നേതൃത്വം നല്കി, സഹകരിച്ച എല്ലാവർക്കും നന്ദി.

## ലഹരി വിമുക്ത വിശുദ്ധീകരണ ധ്യാനം

ലഹരി വിമുക്തി ആഗ്രഹിക്കുന്നവർക്ക് പ്രാർത്ഥനയിലൂടെയും ധ്യാനത്തിലുടെയും വിമുക്തിയുടെ മാർഗ്ഗം തുറക്കാൻ കുന്നന്താനം പ്രൊവിഡൻസ് റിന്യൂവൽ സെന്ററിൽ ഫാ.തോമസ് കൊച്ചുളേച്ചംകളത്തിന്റ നേതൃത്വത്തിൽ എല്ലാ മാസവും ലഹരിവിമുക്ത കുടംബവിശുദ്ധീകരണ ധ്യാനം നടത്തുന്നും. സൗജന്യമായി നടത്തുന്ന ഈ ധ്യാനത്തിൽ

ശാസ്ത്രവേദി ചെയർമാൻ ഡോ. പരമേശ്വരക്കുറുപ്പ്, മൾട്ടി സ്പെഷ്യാലിറ്റി ഹോമിയോ ഹോസപിറ്റൽ എം.ഡി. ഡോ. എസ്.ജി.ബിജു എന്നിവർ സൗജന്യമായി ഹോമിയോ മരുന്ന്നല്കി വരുന്നു. അടുത്ത ലഹരി വിമുക്ത വിശുദ്ധീകരണ ധ്യനം 2019 ഏപ്രിൽ 11 മുതൽ ഏപ്രിൽ 14 വരെ ദിവസങ്ങളിൽ, കുന്നന്താനം പ്രൊവിഡൻസ് റിന്യുവൽ സെന്ററിൽ വച്ച് നടത്തുന്നു. വ്യാഴാഴ്ച വൈകുന്നേരം

4 മണിക്ക് ആരംഭിച്ച് ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് സമാപിക്കുന്നു. മേൽവിലാസവും, ഫോൺ നമ്പരും താഴെ ചേർക്കുന്നു.

പ്രൊവിഡൻസ് റിന്യുവൽ സെന്റർ, കുന്നന്താനം, തിരുവല്ല,
ഫോൺ നമ്പർ : 0469 2693413, 2690414, 9495193406

**ഫാ. ജോസ് പുത്തൻചിറ**
ഡയറക്ടർ

NB. ഇടവക തലത്തിലും, വാർഡുതലത്തിലും സംഘടനാ തലത്തിലും, ലഹരി ബോധവത്ക്കരണ ക്ലാസ്സുകൾ, കൺവെൻഷൻ എന്നിവ ക്രമീകരിക്കുന്നതിന് ആത്മതാകേന്ദ്രവുമായി ബന്ധപ്പെടുക. ഫോൺ നമ്പർ : 0481 2411819 / 8921505386

---

## പഞ്ചവത്സര അജപാലന പദ്ധതി – ദ്വിതീയവർഷം

## സമ്പൂർണ്ണ ബൈബിൾ പാരായണ മാർഗ്ഗരേഖ (തുടർച്ച)




*"വചനം പാലിക്കുന്നവനിൽ ദൈവസ്നേഹം പൂർണ്ണത പ്രാപിച്ചിരിക്കുന്നു" (1 യോഹ. 2:5).*

പഠനവിഷയം: **വചനം ജീവിതവെളിച്ചം.**

ഡിസംബർ മാസം ബൈബിൾ മാസമായി ആചരിക്കുവാനുള്ള കെ. സി. ബി. സി. യുടെ നിർദ്ദേശമനുസരിച്ച് ചങ്ങനാശേരി അതിരൂപത ബൈബിൾ അപ്പോസ്തലേറ്റ് വിഭാഗം ഒരു വർഷംകൊണ്ട് സമ്പൂർണ്ണ ബൈബിൾ പാരായണത്തിന് ഒരു മാർഗ്ഗരേഖ നൽകുകയാണ്. 2018 ഡിസംബർ 1 -ാം തീയതി ആരംഭിച്ച് 2019 നവംബർ 30 -ാം തീയതി സമാപിക്കുന്ന രീതിയിലാണ് മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുള്ളത്. ഓരോ ദിവസത്തെയും വായന സത്യദർശനത്തിലൂടെയും വേദപ്രചാര മദ്ധ്യസ്ഥനിലൂടെയും നിങ്ങൾക്കായി നൽകുന്നു.

| ഏപ്രിൽ | | | | മെയ് | | | |
|---|---|---|---|---|---|---|---|
| 1 | 2 ദിന. 26-29 | 16 | എസ്തേർ 11-15 | 1 | ജോബ് 21-23 | 16 | സങ്കീ 46-50 |
| 2 | 2 ദിന 30-32 | 17. | എസ്തേർ 5-11 | 2 | ജോബ് 24-28 | 17 | സങ്കീ 51-57 |
| 3 | 2 ദിന. 33-36 | 18. | 1 മക്ക. 1-4 | 3 | ജോബ് 29-31 | 18 | സങ്കീ 58-65 |
| 4. | എസ്രാ 1-5 | 19. | 1 മക്ക. 5-8 | 4 | ജോബ് 32-34 | 19 | സങ്കീ 66-69 |
| 5 | എസ്രാ 6-10 | 20. | 1 മക്ക. 9-12 | 5 | ജോബ് 35-37 | 20 | സങ്കീ 70-73 |
| 6. | നെഹ 1-4 | 21. | 1 മക്ക. 13-16 | 6 | ജോബ് 38-39 | 21 | സങ്കീ 74-77 |
| 7. | നെഹ 5-7 | 22. | 2 മക്ക. 1-4 | 7 | ജോബ് 40-42 | 22 | സങ്കീ 78-79 |
| 8. | നെഹ. 8-10 | 23. | 2 മക്ക. 5-8 | 8 | സങ്കീ 1-8 | 23 | സങ്കീ 80-85 |
| 9. | നെഹ. 11-13 | 24. | 1 മക്ക. 9-12 | 9 | സങ്കീ 9-16 | 24 | സങ്കീ 86-89 |
| 10. | തോബി 1-6 | 25. | 2 മക്ക. 13-15 | 10 | സങ്കീ 17-20 | 25 | സങ്കീ 90-95 |
| 11. | തോബി 7-14 | 26 | ജോബ് 1-4 | 11 | സങ്കീ 21-25 | 26 | സങ്കീ 96-102 |
| 12. | യൂദിത്ത് 1-4 | 27 | ജോബ് 5-7 | 12 | സങ്കീ 26-31 | 27 | സങ്കീ 103-105 |
| 13. | യൂദിത്ത് 5-8 | 28 | ജോബ് 8-10 | 13 | സങ്കീ 32-35 | 28 | സങ്കീ 106-107 |
| 14. | യൂദിത്ത് 9-12 | 29 | ജോബ് 11-13 | 14 | സങ്കീ 36-39 | 29 | സങ്കീ 108-114 |
| 15. | യൂദിത്ത് 13-14 | 30 | ജോബ് 14-16 | 15 | സങ്കീ 40-45 | 30 | സങ്കീ 115-118 |
| | | 31 | ജോബ് 17-20 | | | 31 | സങ്കീ 119 |

**ബൈബിൾ അപ്പോസ്തലേറ്റ് ചങ്ങനാശേരി അതിരൂപത**

## അന്താരാഷ്ട്ര വനിതാ ദിനാചരണം

അന്താരാഷ്ട്ര വനിതാ ദിനാചരണത്തോടനുബന്ധിച്ച് ദലിത് കത്തോലിക്കാ വനിതാ സംഘം (DCVS) സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ 2019 മാർച്ച് 8-ന് വനിതാദിനാചരണവും സെമിനാറും കാഞ്ഞിരപ്പള്ളി നിർമ്മല റിട്രീറ്റ് സെന്ററിൽ നടന്നു. കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷൻ അഭി.പിതാവ് മാർ മാത്യു അറയ്ക്കൽ അനുഗ്രഹപ്രഭാഷണം നടത്തി. സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ മെമ്പർ അഡ്വ. ബിന്ദു തോമസ് ഉദ്ഘാടനം ചെയ്തു. സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീമതി സെലിൻ ജോസഫ് അദ്ധ്യക്ഷത വഹിച്ചു. ചങ്ങനാശ്ശേരി അതിരൂപതയിൽ നിന്നും 40 വനിതകൾ പങ്കെടുത്തു.

## P.M. മർക്കോസ് ദിനാചരണം

DCMS സംഘടനയുടെ സ്ഥാപക പ്രസിഡന്റ് ശ്രീ. പി.എം. മർക്കോസിന്റെ ചരമദിനമായ ഏപ്രിൽ 14 -നോടനുബന്ധിച്ച് 13-ാം തീയതി വിജയപുരം രൂപത നല്ലിടയൻ ദേവാലയത്തിൽ വിശുദ്ധ കുർബാനയും സെമിത്തേരിയിൽ പ്രാർത്ഥനയും തുടർന്ന് ദളിത് ക്രൈസ്തവ വിവിധ വിഷയങ്ങൾ ഉൾക്കൊള്ളുന്ന സെമിനാറും പൂർവ്വകാലനേതാക്കളെ ആദരിക്കലും നടത്തും. ചങ്ങനാശ്ശേരി അതിരൂപത DCMS കമ്മറ്റിയുടെ നേതൃത്വത്തിൽ രൂപതയിലെ ഫൊറോന, യൂണിറ്റ്, ഭാരവാഹികൾ, അംഗങ്ങൾ ഉൾപ്പെടെ ഏപ്രിൽ 13-ാം തീയതി 9.30 a.m.-ന് നല്ലിടയൻ ദേവാലയത്തിൽ എത്തിച്ചേരേണ്ടതാണ്.

## നേതൃത്വ പഠന പരിശീലനക്യാമ്പ്

DCMS സംസ്ഥാന കൗൺസിൽ അംഗങ്ങളെയും രൂപതാകമ്മിറ്റി അംഗങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് 2019 മാർച്ച് 2,3 തീയതികളിൽ കോട്ടയം വിമലഗിരി കത്തീഡ്രൽ ഓഡിറ്റോറിയത്തിൽ നേതൃത്വപഠന പരിശീലനക്യാമ്പ് നടക്കുകയുണ്ടായി. ചങ്ങനാശ്ശേരി അതിരൂപതയിൽ നിന്നും വനിതാ, യൂത്ത് ഉൾപ്പെടെ 15 പ്രതിനിധികൾ പങ്കെടുത്തു.

**മാത്യു ജോസഫ്**
(ജ. സെക്രട്ടറി)

**ഫാ. ജസ്റ്റിൻ കായംകുളത്തുശ്ശേരി**
(ഡയറക്ടർ)

# ആവേ മരിയ

ചങ്ങനാശ്ശേരി അതിരൂപത ലീജിയൻ ഓഫ് മേരി കമ്മീസിയത്തിന്റെ 790-ാമതും കൂരിയായുടെ 1030-ാമതും സമ്മേളനം 10-03-2019-ൽ ഉച്ചകഴിഞ്ഞ് 2.30-ന് പ്രസിഡന്റ് ബ്ര. തോമസ് ഫിലിപ്പ് പാലാത്തറയുടെ അധ്യക്ഷതയിൽ പാറേൽ ലീജിയൻ ഹാളിൽ വെച്ച് നടക്കുകയുണ്ടായി. 39 പേർ സന്നിഹിതരായിരുന്നു.

പ്രാരംഭപ്രാർത്ഥന, ജപമാല എന്നിവക്കുശേഷം ജ്ഞാനവായന, നിയമഗ്രന്ഥം അദ്ധ്യായം 30 സൈനികപ്രകടനം (Acies) എന്ന ഭാഗം പ്രസിഡന്റ് വായിച്ചു. ലീജിയൻ വസതിയിൽ മരിയഭക്തിക്കുള്ള സ്ഥാനം പരിഗണിച്ച് വർഷം തോറും സൈനികരെല്ലാം ദൈവമാതാവിന് പ്രതിഷ്ഠിക്കണം. ഈ പ്രതിഷ്ഠ മാർച്ച് 24-ാം തിയതിയോ അതിനടുത്ത ദിവസങ്ങളിലോ ആചരിക്കണം. ഇതിന് ആച്ചിയെസ്, സൈനികപ്രകടനം എന്നു പറയും. യുദ്ധസന്നദ്ധമായി അണിനിരന്നു നിൽക്കുന്ന സൈന്യം എന്നാണ് ആച്ചിയെസ്സിന്റെ അർത്ഥം. സൈനികരെല്ലാവരും കൂടി സൈനികരാജ്ഞിയായ മറിയത്തോടുള്ള തങ്ങളുടെ വിശ്വാസാദരങ്ങളെ നവീകരിക്കുന്നതിനും തിന്മയുടെ ശക്തികളോട് ഒരുവർഷം കൂടി പോരാടുവാൻ വേണ്ട ശക്തിയും അനുഗ്രഹവും അവളിൽ നിന്നു പ്രാപിക്കുന്നതിനും വേണ്ടി ആച്ചിയെസ് ആഘോഷിക്കുന്നു. സൈനികപ്രകടനം ലീജിയന്റെ കേന്ദ്ര വാർഷിക ചടങ്ങാണ്. എല്ലാ സൈനികരും നിർബന്ധമായും ഇതിൽ സംബന്ധിക്കണം. സൈനികപ്രകടനങ്ങളിൽ സന്നിഹിതരാകുവാൻ കഴിവ് ഉണ്ടായിരുന്നിട്ടും അങ്ങനെ ചെയ്യാത്ത സൈനികർക്ക് ലീജിയന്റെ ചൈതന്യം അധികമൊന്നും ഉണ്ടാകുവാൻ പോകുന്നില്ല. അത്തരം ആളുകൾ അംഗങ്ങൾ ആയിരിക്കുന്നതുകൊണ്ട് ലീജിയന് യാതൊരു പ്രചോദനവും പ്രയോജനവും ഇല്ല.

വൈസ്പ്രസിഡന്റ് സഹോദരി വത്സമ്മ കൂട്ടുമ്മേൽ വന്നിരുന്ന എല്ലാ മരിയൻ സൈനികർക്കും മാതാവിന്റെ നാമത്തിൽ സ്വാഗതം ആശംസിച്ചു. സെക്രട്ടറി ജെമിനി സുരേഷ് കണ്ണമ്പള്ളി ഫെബ്രുവരി മാസത്തെ പ്രവർത്തന റിപ്പോർട്ടും ഖജാൻജി സഹോദരി എത്സമ്മ വരവു ചെലവു കണക്കുകളും അവതരിപ്പിച്ചു. റിപ്പോർട്ടും കണക്കുകളും സഭ പാസാക്കുകയും പ്രസിഡന്റ് അതിൽ ഒപ്പുവെയ്ക്കുകയും ചെയ്തു. പിന്നീട് സൈനികർ ജപശൃംഖല ചൊല്ലി എല്ലാവരും സ്വസ്ഥാനങ്ങളിൽ ഇരുന്നശേഷം ചർച്ചകൾ നടത്തി. സെനാത്തുവിൽ നിന്നും വന്നിരുന്ന കത്തിടപാടുകൾ, വിവരങ്ങൾം എല്ലാം യോഗത്തെ പ്രസിഡന്റ് അറിയിച്ചു. അനുഗ്രഹമാതാ പാറേൽ, രക്ഷകന്റെ മാതാ തൃക്കൊടിത്താനം എന്നീ പ്രസീദിയങ്ങൾ അവരുടെ വാർഷിക റിപ്പോർട്ടുകൾ അവതരിപ്പിച്ചു. സ്വർലോക രാജ്ഞി ചുങ്കപ്പാറ അടുത്ത മാസം റിപ്പോർട്ട് സമർപ്പിയ്ക്കേണ്ട പ്രസീദിയം ആണ്.

മാർച്ച് 24-ന് ഉച്ചകഴിഞ്ഞ് 2.00 p.m.-ന് പാറേൽ മരിയൻ തീർത്ഥാടന കേന്ദ്രം പള്ളിയിൽ വെച്ച് ആച്ചിയെസ് നടത്തി. അതിനായി എല്ലാ സൈനികരേയും പ്രതീക്ഷിച്ചുകൊണ്ട് അവസാന ജപവും ചൊല്ലി ചെറിയൊരു ചായസൽക്കാരവും കഴിഞ്ഞ് ദൈവദാസൻ ഫ്രാങ്ക് ഡഫിനെ വിശുദ്ധനാക്കുന്നതിനുള്ള പ്രാർത്ഥനയും ചൊല്ലി സൈനികർ പരസ്പരം സ്തുതിയും കൊടുത്ത് സ്വഭവനങ്ങളിലേയ്ക്ക് പോയി.

കമ്മീസിയത്തിനുവേണ്ടി,

**ഫാ. ജോജോ പുതുവേലിൽ**
ആദ്ധ്യാത്മീക നിയന്താവ്

**സി. ജെമിനി സുരേഷ് ജെ. കണ്ണമ്പള്ളി**
(സെക്രട്ടറി)

*(Secular Franciscan Order - SFO)*

**''സമാധാനം - സൗഭാഗ്യം''**

പ്രിയ സഹോദരരേ,

നമ്മുടെ കർത്താവീശോമിശിഹായുടെ അവർണ്ണനീയമായ പീഢാനുഭവങ്ങളെപ്പറ്റി ചിന്തിക്കുകയും ധ്യാനിക്കുകയും ചെയ്തുകൊണ്ട്, പശ്ചാത്താപത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും മാനസാന്തരത്തിന്റെയും പരിഹാര പ്രവർത്തികളുടെയും കാലഘട്ടമായ അമ്പതു നോമ്പിലൂടെ കടന്നുപൊയ്ക്കൊണ്ട് ആദിമസഭയുടെ സദ്‌വാർത്തയുടെ കേന്ദ്രബിന്ദുവായ ഈശോയുടെ പുനരുത്ഥാനം ആഘോഷിക്കുവാൻ നമുക്കു പരിശ്രമിക്കാം. ''ഇന്ന്, ഇപ്പോൾ എന്റെ മുമ്പിൽ, എന്റെ പാപങ്ങൾക്കുള്ള ശിക്ഷയായി കുരിശിൽ തൂങ്ങികിടന്നു പീഢകളനുഭവിക്കുന്ന എന്റെ ഈശോ'' എന്നാണ് അസ്സീസിയിലെ വി. ഫ്രാൻസിസ് ദിവ്യനാഥനെപ്പറ്റി ധ്യാനിച്ചിരുന്നത്. ഉത്ഥാനം വഴി പാപത്തെയും മരണത്തെയും വിജയിച്ച മിശിഹായിലൂടെ കൈവന്ന രക്ഷയിലും പുതുജീവനിലും സഭ ആഹ്ലാദിക്കുന്ന കാലമാണല്ലോ ഉയിർപ്പുകാലം. മാമ്മോദീസായിലൂടെ പാപത്തിന് മരിച്ച് മിശിഹായിൽ നവജീവൻ പ്രാപിച്ചവരാണ് നാമെന്ന് അനുസ്മരിച്ചുകൊണ്ട് കൗദാശീകജീവിതത്തിലും, ജീവിതസാക്ഷ്യത്തിലും വളർന്നുവരുവാൻ നമുക്കു പരിശ്രമിക്കാം. സമാഗതമാകുന്ന പെസഹായുടെയും ഉത്ഥാനത്തിരുന്നാളിന്റെയും മംഗളങ്ങൾ പ്രാർത്ഥനാപൂർവ്വം ആശംസിക്കുന്നു.

## SFO അതിരൂപത കമ്മിറ്റി മീറ്റിംഗ്

SFO ചങ്ങനാശ്ശേരി അതിരൂപത കമ്മിറ്റി മീറ്റിംഗ് 12-03-2019 ചൊവ്വാഴ്ചയും, ഭ്രാതൃത്വപ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ സംയുക്തമീറ്റിംഗ് 23-03-2019 ശനിയാഴ്ചയും ഉച്ചകഴിഞ്ഞ് 4 മണിക്ക് വാഴപ്പള്ളി ഗെത്സെമനി ആശ്രമത്തിൽ വെച്ച് അതിരൂപത പ്രസിഡന്റ് സിബിച്ചൻ സ്രാങ്കന്റെ അധ്യക്ഷതയിൽ കൂടി പ്രാർത്ഥനയ്ക്കുശേഷം സെക്രട്ടറി എൽസമ്മ സെബാസ്റ്റ്യൻ മരങ്ങാട്ട് അംഗങ്ങളെ സ്വാഗതം ചെയ്തു സംസാരിച്ചു. അതിരൂപത സ്പിരിച്ചൽ അസിസ്റ്റന്റ് റവ. ഫാ. തോമസ് വെട്ടിക്കാലായിൽ OFM Cap. ആമുഖസന്ദേശത്തോടൊപ്പം അതിരൂപത കമ്മിറ്റി അംഗങ്ങൾക്കും ഭ്രാതൃത്വഭാരവാഹികൾക്കും പുതിയപ്രവർത്തനവർഷത്തിന്റെ മംഗളങ്ങൾ ആശംസിച്ചു. തുടർന്ന് 2019 വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. 8-ാമത് നോമ്പുകാല പീഢാനുഭവപദയാത്ര ഏപ്രിൽ 11-ാം തീയതി നടത്തുവാനും, റീജണൽ സമ്മേളനങ്ങൾ അർദ്ധദിനസെമിനാറായി ജൂൺ 7 - കുട്ടനാട്, ജൂൺ 21- വാഴപ്പള്ളി, ജൂലൈ 5 - കുറുമ്പനാടം, മെയ് 31 - എടത്വ എന്നിങ്ങനെയുള്ള തീയതികളിൽ നടത്തുവാനും റീജണൽ തെരഞ്ഞെടുപ്പുകൾ 2019 മെയ് 17 -ാം തീയതി കുറുമ്പനാടം, വാഴപ്പള്ളി റീജണുകളിലും മെയ് 18-ാം തീയതി എടത്വ, കുട്ടനാട്, എന്നീ റീജണുകളിലും നടത്തുവാനും ഈ തീയതികളിൽ SFO നാഷണൽ കൗൺസിലിലേക്ക് അറിയിക്കുവാനും തീരുമാനിച്ചു. അതി

രൂപത സെക്രട്ടറി കഴിഞ്ഞ യോഗറിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് വൈസ് പ്രസിഡന്റ് പ്രമോദ് വി. ജോസഫ് ആശംസകൾ അറിയിച്ചു സംസാരിച്ചു. സമാപനപ്രാർത്ഥനയോടെ മീറ്റിംഗ് 6 മണിക്ക് പര്യവസാനിച്ചു.

## 8-ാമത് നോമ്പുകാല പീഢാനുഭവ പദയാത്ര

SFO ചങ്ങനാശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ 2019 ഏപ്രിൽ 11-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് മുട്ടാർ സെന്റ് ജോർജ്ജ് ദൈവാലയത്തിൽ നിന്നും എടത്വായിലെ ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ കബറിടത്തിങ്കലേക്ക് 8-ാമത് നോമ്പുകാല പീഢാനുഭവപദയാത്ര നടത്തുന്നു. പദയാത്ര മുട്ടാർ പള്ളി വികാരി റവ. ഫാ. എബ്രഹാം തയ്യിൽ ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകും. ജപമാല, കുരിശിന്റെ വഴി കരുണക്കൊന്ത എന്നീ പ്രാർത്ഥനകൾ ചൊല്ലി എടത്വായിലെ ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ കബറിടത്തിങ്കൽ പദയാത്ര എത്തിച്ചേരുമ്പോൾ ബഹു. വൈദികരുടെ നേതൃത്വത്തിൽ ഒപ്പീസുപ്രാർത്ഥന നടത്തും. തുടർന്ന് എടത്വ ഫൊറോന വികാരി വെരി. റവ. ഫാ. മാത്യു ചൂരവടി പദയാത്രയെ സ്വാഗതം ചെയ്ത് സന്ദേശം നൽകും. തുടർന്ന് റവ. ഫാ. വിൽസൺ പൈനാടത്തിന്റെ മുഖ്യ കാർമ്മികത്വത്തിൽ പീഢാനുഭവ പ്രസംഗവും വി. കുർബാനയും ഉണ്ടായിരിക്കും. തുടർന്ന് മൺചട്ടിയിലുള്ള നേർച്ചക്കഞ്ഞിയും ഉണ്ടായിരിക്കും. ഉച്ചയ്ക്ക് 1.15-ഓടെ പരിപാടികൾ സമാപിക്കും. ഭ്രാതൃത്വ പ്രസിഡന്റുമാർ അംഗങ്ങൾ എത്തുവാനുള്ള വാഹനങ്ങൾ ക്രമീകരിച്ച് കൃത്യം 8.30-നു തന്നെ എത്തിച്ചേരണമെന്ന് അറിയിക്കുന്നു. നിങ്ങളുടെ കൈയിൽ എത്തിച്ചിരിക്കുന്ന നോട്ടീസ് അനുസരിച്ച് പരിപാടികൾ ക്രമീകരിക്കണമെന്ന് അറിയിക്കുന്നു.

## നിര്യാതരായി

ഇരവുചിറ ഭ്രാതൃത്വ അംഗം കുഞ്ഞൂഞ്ഞമ്മ കുരുവിള, കുറുമ്പനാടം ഭ്രാതൃത്വ അംഗം ത്രേസ്യാമ്മ ആന്റണി എന്നിവരുടെ മാതാവും, അതിരൂപതാ സെക്രട്ടറി എൽസമ്മ സെബാസ്റ്റ്യൻ മരങ്ങാട്ടിന്റെ ഗ്രാന്റ്മദറുമായ ഇരവുചിറ വാത്യാമുറിയിൽ നെല്ലിക്കൽ ഏലിയാമ്മ സെബാസ്റ്റ്യൻ (95), തൃക്കൊടിത്താനം ഭ്രാതൃത്വ അംഗം കുന്നിട്ടയിൽ ലീലാമ്മ കുഞ്ചപ്പൻ (68) എന്നിവർ നിര്യാതരായി. SFO നേതൃത്വാംഗങ്ങൾ പരേതരുടെ ഭവനങ്ങളിലെത്തി അനുശോചനം അറിയിക്കുകയും പ്രാർത്ഥിക്കുകയും ശവസംസ്ക്കാര കർമ്മങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. പരേതർക്കുവേണ്ടി തുടർന്നും പ്രാർത്ഥിക്കണമേ.

ഉത്ഥിതനായ മിശിഹാ നിങ്ങളെ അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട്, സ്നേഹാശംസകളോടെ,

**ബ്ര. സിബിച്ചൻ സ്രാങ്കൻ**
SFO അതിരൂപതാ പ്രസിഡന്റ്

**ഫാ. തോമസ് വെട്ടിക്കാലായിൽ** OFM. Cap.
SFO അതിരൂപതാ Spiritual Assistant

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

വാർഷികക്കണക്കും, റിപ്പോർട്ടും എല്ലാം തയ്യാറാക്കിക്കഴിഞ്ഞിരിക്കുമല്ലോ? ഏപ്രിൽ 13-ലെ സി.സി. മീറ്റിംഗിൽ കൊണ്ടുവരത്തക്ക ക്രമീകരണങ്ങളും എല്ലാവരും ചെയ്തിരിക്കുമെന്നു കരുതുന്നു.

നമ്മുടെ പ്രസിഡന്റ് ജനറലിന്റെ കത്തിലെ തുടർഭാഗങ്ങളിലേയ്ക്ക്:

## കൗൺസിൽ ജനറൽ

വിൻസെൻഷ്യൻ സഹോദരങ്ങളാകാൻ തിരഞ്ഞെടുക്കപ്പെട്ട തനിയ്ക്ക് ഓരോ ദിവസവും കൂടുതൽ ഉത്തരവാദിത്വ പൂർണ്ണമാണ്. തനിയ്ക്ക് ഏറെക്കുറെ കുറ്റങ്ങളും കുറവുകളും ഉണ്ടെങ്കിലും ലോകമാസകലമുള്ള 155 രാഷ്ട്രങ്ങളിലായി 50000 കോൺഫ്രൻസുകളിൽ പ്രവർത്തിക്കുന്ന 8 ലക്ഷം പ്രവർത്തകാംഗങ്ങളെ നയിക്കുക എന്നത് വലിയ ഒരു വെല്ലുവിളിതന്നെയാണ്. 5 ഭൂഖണ്ഡങ്ങളിലായി കിടക്കുന്ന പുരുഷന്മാരും, സ്ത്രീകളും ചെറുപ്പക്കാരുമായ എല്ലാവരേയും നേരായ ദിശയിലൂടെ നയിക്കുക തികച്ചും ഉത്തരവാദിത്വ പൂർണ്ണവും കൂടിയാണ്. അർദ്ദേശീയ കൗൺസിലിൽ പെടുന്ന സുപ്പീരിയർ കൗൺസിൽ അംഗങ്ങളുടെയും സ്ഥിരാംഗങ്ങളുടെയും മറ്റ് എക്സിക്യൂട്ടീവ് അംഗങ്ങളുടെയും എല്ലാം ഒത്തൊമിച്ചുള്ള പ്രവർത്തനങ്ങൾ എന്നെ കൂടുതൽ ആത്മാർത്ഥതയുള്ളതും കൃതാർത്ഥനുമാക്കുന്നു. ഓരോ വിഭാഗത്തിൽപ്പെടുന്നുവരുടെയും അർപ്പണബോധത്തോടെയുള്ള പ്രവർത്തനം ഏതു പ്രതിസന്ധികളെയും തരണം ചെയ്യുവാൻ സാധിക്കുന്നുവെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

ഈ അവസരത്തിൽ പ്രത്യേകമായി നമ്മുടെ 7 സ്ഥാപനേതാക്കളേയും, ഓസാനാമിനെ ശുദ്ധനാക്കുന്നതിനുള്ള നടപടിക്രമങ്ങളേയും, സഭയോടൊത്തു പ്രവർത്തിക്കുന്നതിനെപ്പറ്റിയും, വിൻസെൻഷ്യൻ കുടുംബത്തെപ്പറ്റിയും എല്ലാം കൃതാർത്ഥതയോടെ ഓർക്കാം. തന്റെ ആഫ്രിക്കൻ പര്യടനത്തെക്കുറിച്ച് കൂടുതലായി കത്തിൽ പ്രതിപാദിക്കുന്നുണ്ട്.

കൗൺസിൽ ജനറൽ രൂപീകൃതമായതിന്റെ 180-ാം വാർഷികം ആഘോഷിക്കുന്ന ഈ വർഷം അതുമായി ബന്ധപ്പെട്ട പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനെക്കുറിച്ചും കത്തിൽ പ്രതിപാദിക്കുന്നുണ്ട്.

നമ്മുടെ സൊസൈറ്റിയോടു ബന്ധപ്പെട്ട പ്രധാനപ്പെട്ട 4 ഘടകങ്ങളെക്കുറിച്ച് കൂടുതൽ കൂലങ്കഷമായി ചിന്തിക്കുന്നതിനും തന്റെ കത്തുകൾ അദ്ദേഹം ഉപയോഗപ്പെടുത്തുന്നുണ്ട്. അവ

1. ട്രെയിനിംഗ്
2. യുവാക്കളുമായുള്ള ബന്ധം
3. ആശയവിനിമയം
4. സംഘടനയുടെ വിപുലീകരണം

ജൂലൈ 4 യുവജനദിനമായി ആചരിക്കണമെന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു. യുവാവായിരിക്കേ തന്റെ 24-ാമത്തെ വയസ്സിൽ മരണമടഞ്ഞ ജോർജ്ജ് ഫ്രാസാറ്റി

യുടെ ഓർമ്മയിലാണ് ആ ദിവസം തെരഞ്ഞെടുത്ത്. ഓരോ കോൺഫ്രൻസുകളും ചെറിയ തുകകൾ യുവജന പുനരുദ്ധാനത്തിനു വേണ്ടി മാറ്റിവയ്ക്കണമെന്നദ്ദേഹം ഓർമ്മിപ്പിച്ചു. അതിന്റെ ഭാഗമായി 2019 ജൂലൈ 4-നോ അല്ലെങ്കിൽ 1 നും 7 നും ഇടയിൽ ഏതെങ്കിലുമൊരു ദിവസമോ, അതുമല്ലെങ്കിൽ അതിനോടടുത്ത ഏതെങ്കിലുമൊരു ദിവസമോ 'SSVP യൂത്ത് ഫണ്ട്' എന്ന പേരിൽ ഒരു 'കളക്ഷൻ ഡ്രൈവ്' നടത്തണമെന്നും എഴുതുകയുണ്ടായി.

ലോകമെമ്പാടുമുള്ള സന്ദർശാനുഭവത്തെക്കുറിച്ചും അദ്ദേഹം പ്രതിപാദിക്കുന്നുണ്ട്. നമ്മുടെ പ്രവർത്തനങ്ങൾ പ്രാർത്ഥനയിൽ അധിഷ്ഠിതവും, വേദന അനുഭവിക്കുന്ന ഏതു മേഖലകളിലും സഹായം എത്തിക്കുവാൻ കഴിയുന്ന വിധത്തിലുമായിരിക്കണം. ഈ യാത്രയിൽ യാതൊരുവിധ വിട്ടുവീഴ്ചയുണ്ടാകരുത്.

നമുക്ക് ഭിന്നാഭിപ്രായങ്ങൾ ഉണ്ടാകാം. എന്നാൽ അതു ജീവകാരുണ്യപ്രവർത്തനങ്ങളുമായി യാതൊരുവിധത്തിലും ബന്ധപ്പെടുവാനിടയാകരുത്. നമ്മുടെ ഏതെങ്കിലും പ്രവർത്തകർ ബുദ്ധിമുട്ടനുഭവിക്കുന്നുണ്ടെങ്കിൽ അവരെ കൂടെ നിർത്തി അവരെ സഹായിക്കത്തക്ക ഒരു സാഹചര്യമുണ്ടാക്കുകയാണെങ്കിൽ അതുംകൂടി കണക്കിലെടുത്ത് നമ്മുടെ സൊസൈറ്റിയെ കൂടുതൽ ശക്തിപ്പെടുത്തുകയാണ് വേണ്ടത്.

(അവസാനഭാഗം അടുത്ത ലക്കത്തിൽ)

## പ്രോജക്ട് റിപ്പോർട്ട്

നാം ചളകയ്ക്ക് സമർപ്പിച്ച പ്രോജക്ടുകൾ അംഗീകരിച്ചുകൊണ്ട് 1230000/- രൂപ ലഭിച്ചത് അതിൽ നിർദ്ദേശിച്ചപ്രകാരം കൊടുത്തു തീർത്തിട്ടുണ്ട്. നമ്മുടെ ആവശ്യം മനസ്സിലാക്കി വേണ്ട നടപടികൾ സ്വീകരിച്ച ദേശീയ നേതൃത്വത്തിന് നന്ദിയുടെ പൂച്ചെണ്ടുകൾ.

## സി.സി. മീറ്റിംഗ്

അടുത്ത സി.സി. മീറ്റിംഗ് തുടക്കത്തിൽ പ്രതിപാദിച്ചിരിക്കുന്നതുപോലെ ഏപ്രിൽ 13-ന് ശനിയാഴ്ച കാലത്ത് 9.30-ന് സൊസൈറ്റി ഓഫീസിൽ. എല്ലാവരുടെയും സഹകരണം ഉണ്ടാകണം.

## സി.സി. വാർഷികം

ഈ വർഷത്തെ സി.സി. വാർഷികം 2019 മെയ് 26-ാം തീയതി പാറേൽപ്പള്ളി പാരീഷ്ഹാളിൽ കൂടുന്നതാണ്. വിശദവിവരങ്ങൾ പിന്നീടറിയിക്കാം.

നോമ്പിന്റെ ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് ഏവരും പ്രവർത്തിക്കണമെന്ന് ആഹ്വാനം ചെയ്യുന്നു. ഒപ്പം ഉയിർപ്പുതിരുന്നാളിന്റെ മംഗളങ്ങളും. ഉത്ഥിതനായ ഈശോ നമ്മുടെ എല്ലാ പ്രവർത്തനങ്ങളേയും സമൃദ്ധമായി അനുഗ്രഹിക്കുമാറാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. സർവ്വശക്തന്റെ കൃപ നമ്മിലും, ലോകം മുഴുവനിലും ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു.

ഈശോയിൽ സ്നേഹത്തോടെ,

**ബ്ര. ആന്റണി തോമസ് കാനാറിക്കാവുങ്കൽ**
സി.സി. പ്രസിഡന്റ്

# അതിരൂപത മാനവവിഭവശേഷി വികസന ട്രസ്റ്റ്

CAHRD

2019 ഏപ്രിൽ – മെയ് മാസങ്ങളിൽ നമ്മൾ ആരംഭിക്കുന്ന നൈപുണ്യവികസന പദ്ധതി(OSAP)യുടെ വിശദാംശങ്ങൾ പങ്കുവയ്ക്കട്ടെ.

1. തയ്യാറാകുന്ന ഫൊറോന/ഇടവക കേന്ദ്രങ്ങളിലാണ് OSAP Part time പരിശീലന പരിപാടി ആരംഭിക്കുന്നത്.
2. ഇപ്പോൾ അതിരമ്പുഴ/ചങ്ങനാശ്ശേരി, നെടുംകുന്നം, മണിമല, പുളിങ്കുന്ന്/കുട്ടനാട്, ആലപ്പുഴ, തിരുവനന്തപുരം കേന്ദ്രങ്ങളാണ് സന്നദ്ധത അറിയിച്ചിരിക്കുന്നത്. മറ്റു ഫൊറോനകൾക്കും ഇടവകകൾക്കും അടുത്തുള്ള കേന്ദ്രങ്ങളോട് സഹകരിക്കാവുന്നതാണ്.
3. OSAPന്റെ ബ്രോഷർ ബഹു. വികാരിയച്ചന്മാർക്ക് ഉടൻ എത്തിച്ചു നൽകുന്നതാണ്.
4. ഓരോ കേന്ദ്രത്തിലും ബഹു. ഫൊറോന വികാരിയുടെ രക്ഷാകർതൃത്വത്തിൽ, അതാതു കേന്ദ്രത്തിന്റെ വൈദിക/അല്മായ കോർഡിനേറ്റേഴ്സ് കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കണം. അവരുടെ മീറ്റിംഗ് ഏപ്രിൽ മാസം 2-ാം തീയതി രാവിലെ 10 മണിക്ക് അതിരൂപത കേന്ദ്രത്തിൽ നടക്കും.
5. കോഴ്സിൽ വിദ്യാർത്ഥികൾ പൂരിപ്പിച്ചു നൽകേണ്ട അപേക്ഷാഫോറം അന്നു നൽകുന്നതാണ്. ഒപ്പം ഓരോ ലെവലിലും നൽകേണ്ട ഫീസും നിശ്ചയിക്കുന്നതാണ്.
6. വിശ്വാസോത്സവദിവസങ്ങളിൽ അതാതു കേന്ദ്രങ്ങളിൽ മാതാപിതാക്കൾക്കുള്ള മാർഗ്ഗനിർദ്ദേശക ക്ലാസ്സുകൾ ക്രമീകരിക്കുവാൻ ശ്രദ്ധിക്കണം. ക്ലാസ്സെടുക്കുവാനുള്ള അധ്യാപകരെ കേന്ദ്ര ഓഫീസിൽ നിന്നും അറിയിക്കാം.
7. OSAP കോഴ്സിൽ നാല് ലെവലുകളിലാണ് പ്രവേശനം നടത്തേണ്ടത്.

   Level I – VIII-Xവരെ ക്ലാസ്സുകൾ – ഓരോ വർഷവും 50 മണിക്കൂർ വീതം 150 മണിക്കൂർ

   Level II – XI-XII ഓരോ വർഷവും 100 മണിക്കൂർ വീതം 200 മണിക്കൂർ

   Level III – Degree Students ഓരോ വർഷവും 100 മണിക്കൂർ വീതം 300 മണിക്കൂർ

   Level IV– PG Students ഓരോ വർഷവും 150 മണിക്കൂർ വീതം 300 മണിക്കൂർ

8. സാധിക്കുന്ന ശനിയാഴ്ചകൾ, അവധി ദിനങ്ങൾ, അവധിക്കാലങ്ങൾ മുൻകൂട്ടിക്കണ്ട് സമയം നിശ്ചയിച്ച് ഒരേ കേന്ദ്രത്തിലും കലണ്ടർ നിശ്ചയിച്ച് കേന്ദ്ര ഓഫീസിൽ അറിയിക്കണം. അധ്യാപകരെ അതിൻപ്രകാരം എത്തിക്കുന്നതാണ്.

**റവ. ഡോ. ഫിലിപ്പ് വടക്കേക്കളം**
(വികാരി ജനറാൾ)

**ഡോ. പി.സി. അനിയൻകുഞ്ഞ്**
(ഡയറക്ടർ)

## 1. 'പ്രത്യാശ'-യുടെ 34 കോടി സഹായം

2012 –ൽ ആരംഭിച്ച 'പ്രത്യാശ' എന്ന ജനകീയ കൂട്ടായ്മ ഇതിനോടകം ബക്കറ്റു പിരിവിലൂടെ 34 കോടി രൂപ സമാഹരിച്ചു കൊടുത്തു. നിർദ്ധനരായ രോഗികൾക്ക് അവയവമാറ്റ ശസ്ത്രക്രിയയ്ക്കാണ് പണം സമാഹരിച്ചു കൊടുത്തത്. യാതൊരു പ്രതിഫലവും കൈപ്പറ്റാതെ, സ്വന്തം കൈയ്യിൽ നിന്നും യാത്രയ്ക്കുള്ള പണം കൂടി കണ്ടെത്തി സമാഹരിക്കുന്ന പണം അതാതു പഞ്ചായത്തിൽ നിക്ഷേപിച്ചിട്ടാണ് 'പ്രത്യാശ' പ്രവർത്തനം ഓരോ സ്ഥലത്തും സമാപിപ്പിക്കുന്നത്. ഇതിനോടകം കേരളത്തിലെ 118 പഞ്ചായത്തുകളിലായി 139 നിർദ്ധനരായ വൃക്ക, കരൾ, ഹൃദ്രോഗികൾക്ക് 34 കോടി രൂപ സമാഹരിച്ചു കൊടുത്തു.

## 2. 'സുകൃത'-ത്തിലൂടെ 1 കോടി

90.8 റേഡിയോ മീഡിയാ വില്ലേജിൽ മാസത്തിലെ അവസാന വെള്ളിയാഴ്ച നടത്തപ്പെടുന്ന ലൈവ് പ്രോഗ്രാം ആണ് 'സുകൃതം'. രാത്രി 8 മുതൽ 10 വരെ നടത്തപ്പെടുന്ന പരിപാടിയിൽ ചികിത്സിക്കുവാൻ പണമില്ലാതെ ഗുരുതരാവസ്ഥയിൽ കഴിയുന്ന രോഗികളെയാണ് സുകൃതത്തിലുടെ സഹായിക്കുക. റേഡിയോ മീഡിയാ വില്ലേജിന്റെ സാമൂഹ്യസേവന വിഭാഗമായ ചാരിറ്റി വേൾഡാണ് യഥാർത്ഥ രോഗികളെ കണ്ടെത്തി റേഡിയോയിൽ എത്തിക്കുന്നതും സമാഹരിക്കുന്ന തുക കൈമാറുന്നതും.

## 3. 'ആരോഗ്യഗ്രാമം' മുട്ടാർ പഞ്ചായത്തിൽ

കൺസേൺ ഇന്ത്യയുടെ സഹായ സഹകരണത്തോടെ മുട്ടാർ പഞ്ചായത്തിൽ ചാരിറ്റി വേൾഡ് 'ആരോഗ്യഗ്രാമം' എന്ന പദ്ധതിക്ക് തുടക്കമിടുവാൻ തീരുമാനിച്ചു. ഒരു വർഷം നീണ്ടുനില്ക്കുന്ന പദ്ധതിയിൽ ആരോഗ്യ ബോധവൽക്കരണം, കുടുംബങ്ങൾക്ക് ആരോഗ്യകാർഡ് നല്കൽ, ക്യാൻസർ ക്ലബ്ബ്, ഡയബറ്റിക് ക്ലബ്ബ്, വാക്കേഴ്സ് ക്ലബ്ബ്, യോഗാക്ലാസ്സ്, മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ കൂടാതെ R.O. Plant, 100 സെപ്റ്റിക് ടാങ്കുകൾ മുതലായവയും മുട്ടാർ പഞ്ചായത്തിനായി നല്കുന്നു.

## 4. ആശാഭവനും ജെ.പി.സി യും ഒന്നിച്ചു പ്രവർത്തിക്കുന്നു.

മാനസിക ഭിന്നശേഷിയുള്ളവർക്കു വേണ്ടി ചങ്ങനാശേരി അതിരൂപത നേരിട്ടു നടത്തുന്ന സ്ഥാപനങ്ങളിൽ രണ്ടെണ്ണമാണ് ആശാഭവനും ജെ.പി.സിയും (ജിമ്മി പടനിലം സെന്റർ). ഇവയുടെ സുഗമമായ നടത്തിപ്പിനായി രണ്ടു സ്ഥാപനങ്ങളുടെയും നേതൃത്വങ്ങൾ അഭിവന്ദ്യ പിതാക്കന്മാരുടെ നിർദ്ദേശപ്രകാരം ഒന്നിച്ചു പ്രവർത്തിക്കുവാൻ തീരുമാനിച്ച് പ്രവർത്തനങ്ങൾ മുമ്പോട്ടു പോകുന്നു. മാനസിക ഭിന്നശേഷിക്കാരുടെ മേഖലയിൽ കേരളത്തിലെ ആദ്യസ്ഥാപനമായ ആശാഭവൻ 47 വർഷങ്ങളായി ഈ രംഗത്ത് സ്തുത്യർഹമായ സേവനമാണ് കാഴ്ച വച്ചുകൊണ്ടിരിക്കുന്നത്. ഇനി മുതൽ ആശാഭവനിൽ 18 വയസ്സു വരെയുള്ള കുട്ടികളും, ഡോ. ജോർജ്ജ് പടനിലം ദാനമായി തന്ന ജിമ്മി പടനിലം സെന്ററിൽ 18 വയസ്സിന് മുകളിലുള്ള കുട്ടികളും പരിശീലനവും, സ്വയംതൊഴിലും സിദ്ധിക്കും.

## 5. പട്ടിണി അകറ്റുവാൻ 400 കിറ്റുകൾ

'പട്ടിണിരഹിത ചങ്ങനാശേരി താലൂക്ക്' എന്ന ചാരിറ്റി വേൾഡിന്റെ പട്ടിണി അകറ്റുന്ന പദ്ധതി തുരുത്തി ആലഞ്ചേരി ഫൗണ്ടേഷന്റെ സഹകരണത്തോടെ ഭംഗിയായി മുന്നേറുന്നു. മാസം തോറും പട്ടിണിയിൽ കഴിയുന്ന 100 കുടുംബങ്ങൾക്ക് ഭക്ഷണസാധനങ്ങൾ അടങ്ങിയ കിറ്റുകളാണ് വിതരണം ചെയ്യുന്നത്. ഇതിനോടകം 400 കിറ്റുകൾ വിതരണം ചെയ്തു.

## 6. അന്നദാനത്തിന്റെ 3 വർഷങ്ങൾ

'അന്നദാനം മഹാദാനം' എന്ന ആപ്തവാക്യവുമായി 250 പേർക്ക് ചങ്ങനാശേരി ഗവൺമെന്റ്, ആയുർവേദ ആശുപത്രികളിലായി എല്ലാദിവസവും അന്നദാനം നല്കി വരുന്നു. 2016 ഡിസംബർ മാസം ആരംഭിച്ച ഈ പുണ്യപ്രവർത്തി 3 വർഷങ്ങൾ പിന്നിടുമ്പോഴും ഒരു മുടക്കവും കൂടാതെ നടത്തി വരുന്നു.

## 7. 'എന്റെ ഗ്രാമ'-ത്തിൽ ഗൂഞ്ചിന്റെ സഹായം

2018-ലെ വെള്ളപ്പൊക്കത്തിൽ കേരളജനതയെ, പ്രത്യേകിച്ച് കുട്ടനാട്ടുകാരെ ദുരിതക്കയത്തിൽ നിന്നും കരകയറ്റുവാൻ സഹായിച്ചു കൊണ്ടിരിക്കുന്ന 'ഗൂഞ്ച്'(Goonj) എന്ന ദേശീയ സന്നദ്ധസംഘടന വാഴപ്പള്ളി പഞ്ചായത്തിലെ 'എന്റെ ഗ്രാമം' പദ്ധതിയിൽപ്പെട്ട 10-ാം വാർഡിലെ 3 കോളനികളിൽ ചാരിറ്റി വേൾഡുമായി ചേർന്ന് പ്രവർത്തനം ആരംഭിച്ചു. സ്വയം തൊഴിലിലൂടെ കുടുംബങ്ങളുടെ ഉന്നമനമാണ് 'ഗൂഞ്ച്' ലക്ഷ്യം വയ്ക്കുക.

## 8. കാരുണ്യസ്പർശം

ക്യാൻസർ രോഗികളെ സഹായിക്കുന്ന പദ്ധതിയാണ് 'കാരുണ്യസ്പർശം'. മാസം തോറും സാമ്പത്തിക സഹായം കൊടുത്തുകൊണ്ട് ക്യാൻസർ രോഗികളെ സഹായിക്കുന്ന പദ്ധതി ഉദാരമതികളുടെ സംഭാവനയോടെ നടന്നു വരുന്നു.

## 9. ക്യാൻസർ രോഗികളുടെ സംഗമം

ക്യാൻസർ രോഗത്തെ പ്രത്യാശയോടെ നേരിടുവാൻ രോഗികളെ ഒരുക്കുന്ന സംഗമം ഫെബ്രുവരി മാസം 28-ാം തീയതി നടത്തപ്പെട്ടു. സംഗമത്തിൽ രോഗികളുടെ പങ്കുവയ്ക്കലിനോടൊപ്പം ബോധവത്ക്കരണ ക്ലാസ്സ് ഫാ. ജോസ് നിലവന്തറ നല്കുകയുണ്ടായി.

## 10. സന്നദ്ധ പ്രവർത്തകരുടെ സംഗമം

ചാരിറ്റി വേൾഡിന്റെയും ജിമ്മി പടനിലം സ്പെഷ്യൽ സ്ക്കൂളിന്റെയും പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സന്നദ്ധപ്രവർത്തകരുടെ സംഗമം മാർച്ച് മാസം 2-ാം തീയതി നടത്തപ്പെട്ടു. യാതൊരു പ്രതിഫലവും പ്രതീക്ഷിക്കാതെ നിസ്വാർത്ഥരായി സേവനം ചെയ്യുന്ന സന്നദ്ധ പ്രവർത്തകരാണ് പ്രസ്ഥാനത്തിന്റെ കരുത്ത്. വർഷത്തിൽ മൂന്നു പ്രാവശ്യം പ്രസ്തുത സംഗമം നടത്തുവാൻ തീരുമാനമായി.

**ഡോ. ജോർജ്ജ് പടനിലം**
**സണ്ണി ഇടിമണ്ണിക്കൽ**
**ജോൺസൺ പെരുമ്പായിൽ**

**ഫാ. സെബാസ്റ്റ്യൻ പുന്നശേരി**
**ഫാ. ജോസ് നിലവന്തറ**

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ



140

# പുരോഹിതശുശ്രൂഷയും ശ്ലൈഹികനേതൃത്വവും

(തിരുവചനഭാഗം: ശ്ലീഹ 15,1-35)

വിശ്വാസികളുടെ സമൂഹമെന്ന നിലയിൽ സഭ ഒരു ജനാധിപത്യസമൂഹമോ ഏകാധിപത്യസമൂഹമോ അല്ല, ഹയരാർക്കിക്കൽ സമൂഹമാണ്. ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലിന് മനുഷ്യൻ നല്കുന്ന പ്രത്യുത്തരമാണ് വിശ്വാസം. ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലിന്റെ പൂർത്തീകരണം മിശിഹായിലാണ് (ഹെബ്രാ 1,1-2). മിശിഹായെ അനുഭവിച്ചറിഞ്ഞ ശ്ലീഹന്മാരിലൂടെയും അവരുടെ നേതൃത്വത്തിൽ രൂപംകൊണ്ട സഭയിലൂടെയുമാണ് വിശ്വാസം തലമുറകളായി കൈമാറപ്പെടേണ്ടത്. അതുകൊണ്ട് ശ്ലൈഹികനേതൃത്വത്തെ പ്രതിനിധീകരിക്കുന്ന ഹയരാർക്കിയോടുള്ള കൂട്ടായ്മയിൽമാത്രമേ സഭാസമൂഹം പ്രവർത്തിക്കുകയുള്ളു. ഈ വസ്തുത വ്യക്തമാക്കുന്ന ഒരു തിരുവചനഭാഗമാണ് ശ്ലീഹ 15-ാം അദ്ധ്യായം.

സഭയിലെ ആദ്യത്തെ സൂനഹദോസാണ് ജറുസലേം സൂനഹദോസ്. അതിന്റെ സന്ദർഭവും സാഹചര്യങ്ങളും അതിൽ ചർച്ച ചെയ്ത വിഷയങ്ങളുമാണ് ഈ അദ്ധ്യായം അവതരിപ്പിക്കുന്നത്. ഈ അദ്ധ്യായത്തെ നമുക്ക് ഇപ്രകാരം വിഭജിക്കാം:

1. പരിച്ഛേദനത്തെപ്പറ്റിയുള്ള വിവാദം (15,1-5)
2. ജറുസലേം സൂനഹദോസിൽ പത്രോസിന്റെ പ്രസംഗം (15,6-11)
3. സൂനഹദോസിൽ യാക്കോബിന്റെ പ്രസംഗം (15,12-21)
4. സൂനഹദോസ് തീരുമാനം (15,22-29)
5. തീരുമാനത്തിന് സഭയിൽ സ്വീകരണം (15,30-35)

## 1. സഭാനേതൃത്വത്തെ അംഗീകരിക്കുന്ന ശുശ്രൂഷ

*"പൗലോസും ബാർണബാസും അവരോടു വിയോജിക്കുകയും വിവാദത്തിൽ ഏർപ്പെടുകയും ചെയ്തു. തന്മൂലം ജറുസലേമിൽച്ചെന്ന് ശ്ലീഹന്മാരും ശ്രേഷ്ഠന്മാരുമായി ഈ പ്രശ്നം ചർച്ച ചെയ്യാൻ പൗലോസും ബാർണബാസും അവരുടെ കൂട്ടത്തിൽപ്പെട്ട മറ്റു ചിലരും നിയോഗിക്കപ്പെട്ടു. ... ജറുസലേമിലെത്തിയപ്പോൾ*

*സഭയും ശ്ലീഹന്മാരും ശ്രേഷ്ഠന്മാരും അവരെ സ്വീകരിച്ചു. ദൈവം തങ്ങൾ മുഖാന്തരം പ്രവർത്തിച്ച കാര്യങ്ങൾ അവർ പ്രഖ്യാപിച്ചു'' (15,2.4).*

പൗലോസിന്റെയും ബാർണബാസിന്റെയും സുവിശേഷപ്രഘോഷണ ഫലമായി അനേകം വിജാതീയർ വിശ്വാസികളായിത്തീർന്ന സാഹചര്യത്തിൽ, യൂദയായിൽനിന്നു ചിലർ അന്ത്യോക്യായിൽച്ചെന്ന് മോശയുടെ നിയമമനുസരിച്ച് പരിച്ഛേദനം ചെയ്യാത്ത പക്ഷം രക്ഷ പ്രാപിക്കാൻ സാധ്യമല്ല എന്ന് സഭാംഗങ്ങളെ പഠിപ്പിച്ചു (15,1). പൗലോസും ബാർണബാസും അവരോടു വിയോജിക്കുകയും വിവാദത്തിൽ ഏർപ്പെടുകയും ചെയ്തു (15,2). തന്മൂലം ജറുസലേമിൽച്ചെന്ന് ശ്ലീഹന്മാരും ശ്രേഷ്ഠന്മാരുമായും ഈ പ്രശ്നം ചർച്ച ചെയ്യാൻ സഭ അവരെ നിയോഗിച്ചു (15,2). അവരോടൊപ്പം അന്ത്യോക്യായിലെ സഭാംഗങ്ങളിൽപെട്ട ചിലരെയും ഈ ദൗത്യനിർവഹണത്തിനായി സഭ നിയോഗിക്കുകയുണ്ടായി. അവർ ജറുസലേമിലേക്കു പോകുന്ന വഴിക്കുള്ള ഫിനീഷ്യാ, സമറിയാ തുടങ്ങിയ പ്രദേശങ്ങളിലെ സഭാംഗങ്ങളെയെല്ലാം വിജാതീയരുടെ മാനസാന്തരവാർത്ത അറിയിക്കുകയും അവർക്കെല്ലാം ഈ വാർത്ത കേട്ടതിൽ വളരെ സന്തോഷമുണ്ടാവുകയും ചെയ്തു. എന്നാൽ ജറുസലേമിൽ ചെന്നപ്പോൾ ശ്ലീഹന്മാരും ശ്രേഷ്ഠന്മാരും അവരെ സ്വീകരിച്ചുവെങ്കിലും ഫരിസേയരിൽനിന്നും വിശ്വാസം സ്വീകരിച്ചവർ അവർക്കെതിരായി പരിച്ഛേദനത്തിനുവേണ്ടി വാദിക്കുകയുണ്ടായി (15,5).

സഭയിൽ വിശ്വാസസംബന്ധമായ കാര്യങ്ങളിൽപ്പോലും അഭിപ്രായവ്യത്യാസങ്ങളും തർക്കങ്ങളും ഉണ്ടാകാൻ സാധ്യതയുണ്ട്. അങ്ങനെയുള്ള സന്ദർഭങ്ങളിൽ എപ്രകാരമാണ് അതിനെ കൈകാര്യം ചെയ്യേണ്ടതെന്ന് ഈ സംഭവം നമ്മെ പഠിപ്പിക്കുന്നുണ്ട്. അത് സഭാസമൂഹത്തിനുള്ളിൽത്തന്നെ പരിഹരിക്കണം. പരിഹാരത്തിനായി നാം സമീപിക്കേണ്ടത് സഭാനേതൃത്വത്തെത്തന്നെയാണ്. പ്രശ്നപരിഹാരത്തിന് പൗലോസിനെയും ബർണബാസിനെയും സഭാനേതൃത്വത്തിലിരിക്കുന്നവരുടെ പക്കലേക്കു പറഞ്ഞുവിടുന്നത് സഭാസമൂഹംതന്നെയാണ്. സഭ അവരെ അതിനായി നിയോഗിച്ചു എന്നാണ് എടുത്തുപറയുന്നത്. അത് ദൈവഹിതപ്രകാരമായിരുന്നു എന്നും കാണാവുന്നതാണ്. പൗലോസ്ശ്ലീഹാ ജറുസലേമിലേക്ക് സഭാനേതൃത്വത്തെ കാണുവാൻ പോയത് ഒരു വെളിപാടനുസരിച്ചാണെന്ന് അദ്ദേഹംതന്നെ പറയുന്നുണ്ട് (ഗലാ 2,2). അതുകൊണ്ട് സഭയിൽ തർക്കങ്ങളും പ്രശ്നങ്ങളും ഉണ്ടാകുമ്പോൾ, ഒരു കുടുംബത്തിലെന്നതുപോലെ സഭാനേതൃത്വവുമായുള്ള ഡയലോഗിലൂടെയും അവരുടെ നിർദ്ദേശപ്രകാരവും ആ പ്രശ്നം പരിഹരിക്കണമെന്ന് ഈ സംഭവം നമ്മെ അനുസ്മരിപ്പിക്കുന്നു.

## 2. ദൈവഹിതപ്രകാരം സഭയുടെ വിശ്വാസം പഠിപ്പിക്കുന്ന ശുശ്രൂഷ

*''വലിയ വാദപ്രതിവാദം നടന്നപ്പോൾ, പത്രോസ് എഴുന്നേറ്റു പറഞ്ഞു: സഹോദരന്മാരേ, വളരെ മുമ്പുതന്നെ ദൈവം നിങ്ങളുടെയിടയിൽ ഒരു തെരഞ്ഞെടുപ്പു നടത്തുകയും വിജാതീയർ എന്റെ അധരങ്ങളിൽനിന്നു സുവിശേഷവചനങ്ങൾകേട്ടു വിശ്വസിക്കണമെന്നു നിശ്ചയിക്കുകയും ചെയ്തു എന്നു നിങ്ങൾക്കറിയാമല്ലോ. ഹൃദയങ്ങളെ അറിയുന്ന ദൈവം നമുക്കെന്നതുപോലെ അവർക്കും പരിശുദ്ധാത്മാവിനെ നല്കിക്കൊണ്ട് അവരെ അംഗീകരിച്ചു. നമ്മളും അവരും തമ്മിൽ അവിടുന്നു വ്യത്യാസം കല്പിച്ചില്ല. അവരുടെ ഹൃദയങ്ങളെയും വിശ്വാസംകൊണ്ടു പവിത്രീകരിച്ചു'' (15,7-9).*

വിജാതീയരെ സഭയിൽ ചേർക്കേണ്ടതെങ്ങനെയെന്ന പ്രശ്നം ചർച്ച ചെയ്യാൻ ജറുസലേമിലെ ആദിമസഭയിലുണ്ടായിരുന്ന ശ്ലീഹന്മാരും ശ്രേഷ്ഠന്മാരും അന്ത്യോക്യായിൽനിന്നു വന്ന പ്രതിനിധികളും ഒരുമിച്ചുകൂടി. 'ശ്രേഷ്ഠന്മാർ' ശ്ലീഹന്മാരുടെ പിൻഗാമികളാണ്. ശ്ലീഹന്മാർ ഒരു സ്ഥലത്ത് സുവിശേഷപ്രഘോഷണം നടത്തിയതിന്റെ ഫലമായി വിശ്വാസികളുടെ സമൂഹം രൂപംകൊണ്ടു കഴിയുമ്പോൾ മറ്റൊരു സ്ഥലത്തേക്ക് സുവിശേഷപ്രഘോഷണത്തിനായി പോകുമായിരുന്നു. അപ്പോൾ അവിടുത്തെ വിശ്വാസികളുടെ സമൂഹത്തിന് ശ്ലൈഹിക ശുശ്രൂഷ തുടർന്നു നല്കാൻ കൈവയ്പുശുശ്രൂഷയിലൂടെ നിയമിതരാകുന്നവരാണ് ശ്രേഷ്ഠന്മാർ. ഇന്നത്തെ മെത്രാൻ, വൈദിക, ഡീക്കൻ പദവികളുടെ മുൻതലമുറക്കാരായ അവരായിരുന്നു ആദിമസഭയിൽ സഭാനേതൃത്വശുശ്രൂഷ നിർവഹിച്ചിരുന്നവർ. അതുകൊണ്ട് സഭാനേതൃത്വം മുഴുവനുമാണ് അവിടെ ഒരുമിച്ചുകൂടിയത്. സഭയുടെ ആദ്യത്തെ സാർവത്രിക സൂനഹദോസ് ആയിരുന്നു അത്. സഭയ്ക്ക് നിർണായകമായിരുന്ന പരിച്ഛേദനപ്രശ്നം ചർച്ച ചെയ്യാൻ സഭ മുഴുവനും ഒന്നിച്ചുകൂടിയ സന്ദർഭമായിരുന്നു അത്.

അപ്രകാരം സഭ മുഴുവനും സൂനഹദോസായി ഒരുമിച്ചുകൂടിയപ്പോൾ ശ്ലീഹന്മാരിൽ പ്രഥമൻ എന്ന നിലയിൽ പത്രോസ് ആദ്യമായി സംസാരിക്കുന്നു. ആ പ്രസംഗത്തിൽ സുവിശേഷം ഉൾക്കൊള്ളുന്ന സ്വാതന്ത്ര്യത്തെ അദ്ദേഹം യാതൊരു വിട്ടുവീഴ്ചയുമില്ലാതെ ഉദ്ഘോഷിക്കുന്നു. അതിനു നിർണായകമായി തീർന്നത് കൊർണേലിയൂസിന്റെ സഭാപ്രവേശനത്തിൽ പത്രോസിനുണ്ടായ ദൈവത്തിന്റെ വെളിപ്പെടുത്തലും അതേത്തുടർന്നുണ്ടായ ദൈവാനുഭവവുമാണ്. ''ഹൃദയങ്ങളെ അറിയുന്ന ദൈവ''മാണ് ആ സംഭവത്തിനു പിന്നിൽ പ്രവർത്തിക്കുന്നത് എന്നു വിശേഷിപ്പിച്ചുകൊണ്ടാണ് പത്രോസ് ഈ നിലപാട് സ്വീകരിച്ചത്. സഭയുടെ ഹയരാർക്കിക്കൽ നേതൃത്വത്തിന്റെ പ്രാധാന്യം ഇവിടെ വ്യക്തമായി കാണാവുന്നതാണ്. സഭയുടെ കൂട്ടായ്മയെ അഭംഗുരം കാത്തുസൂക്ഷിക്കുക എന്നത് ഹയരാർക്കിക്കൽ നേതൃത്വശുശ്രൂഷയുടെ പ്രധാനപ്പെട്ട ലക്ഷ്യമാണ്. അതുപോലെതന്നെ സഭയുടെ ഹയരാർക്കിക്കൽ ശുശ്രൂഷ നിർവഹിക്കുന്നവരും അതിൽ പങ്കുചേരുന്നവരും സഭയുടെ വിശ്വാസം പഠിച്ച് ദൈവഹിതം വിവേചിച്ചറിഞ്ഞ് തീരുമാനങ്ങളെടുക്കണമെന്നും ഈ വചനഭാഗം നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്. പത്രോസിന്റെ പ്രസംഗത്തിനു മുമ്പ് സമൂഹം നിശബ്ദമായിരുന്നെന്നും ബർണബാസിനെയും പൗലോസിനെയും ശ്രദ്ധാപൂർവം കേട്ടുകൊണ്ടിരുന്നുവെന്നും (15,12) എടുത്തുപറയുന്നു. അപ്രകാരം ദൈവഹിതം വിവേചിച്ചറിഞ്ഞ് സഭയുടെ വിശ്വാസം പഠിപ്പിക്കുന്ന ശുശ്രൂഷയാണ് സഭയുടെ ഹയരാർക്കിക്കൽ ശുശ്രൂഷ.

## 3. സാർവത്രിക സഭയോടു കൂട്ടായ്മ പുലർത്തുന്ന ശുശ്രൂഷ

*''അവർ പറഞ്ഞവസാനിപ്പിച്ചപ്പോൾ യാക്കോബ് പറഞ്ഞു: സഹോദരന്മാരേ, ഞാൻ പറയുന്നതു കേൾക്കുവിൻ. തന്റെ നാമത്തിനുവേണ്ടി വിജാതീയരിൽ നിന്ന് ഒരു ജനത്തെ തെരഞ്ഞെടുക്കാൻ ദൈവം ആദ്യം അവരെ സന്ദർശിച്ചതെങ്ങനെയെന്നു ശിമയോൻ വിവരിച്ചുവല്ലോ. പ്രവാചകന്മാരുടെ വാക്കുകൾ ഇതിനോടു പൂർണമായി യോജിക്കുന്നു'' (15,13-15).*

ജറുസേലം കൗൺസിലിൽ വച്ചു നടന്ന വാദപ്രതിവാദങ്ങൾ പത്രോസിന്റെ പ്രസംഗത്തോടെ അവസാനിച്ചു. എല്ലാവരും മൗനമവലംബിച്ചു കഴിയുമ്പോൾ

ബാർണബാസും പൗലോസും അന്ത്യോക്യായിലും സൈപ്രസിലും ഗലാത്യൻ പ്രദേശങ്ങളിലും തങ്ങൾക്കുണ്ടായ അനുഭവം വിവരിച്ചു. അവർ സംസാരിച്ചു കഴിഞ്ഞപ്പോൾ സ്ഥലത്തെ ഹയരാർക്കിക്കൽ ശുശ്രൂഷകൾക്കു നേതൃത്വം നല്കിയിരുന്ന യാക്കോബ് തന്റെ അഭിപ്രായം വ്യക്തമാക്കി. കൗൺസിലിൽ നേതൃത്വമുണ്ടായിരുന്നത് സാർവത്രിക സഭാതലവനായിരുന്ന പത്രോസിനും പ്രാദേശിക സഭാതലവനായിരുന്ന യാക്കോബിനുമായിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിന് അവിടെ വളരെ വിലയുണ്ടായിരുന്നു. ഇസ്രായേലിനെ എന്നവണ്ണം ദൈവം വിജാതീയരെയും സ്വന്തജനമായി തെരഞ്ഞെടുത്തു എന്ന് പത്രോസ് പ്രസ്താവിച്ചു എന്നാണ് യാക്കോബ് പറയുന്നത്. പ്രവാചക പാരമ്പര്യത്തോട് അത് പൂർണമായും യോജിക്കുന്നുവെന്നും യാക്കോബ് എടുത്തുപറയുന്നു. അതുകൊണ്ട് സഭാതലവനെന്ന നിലയിൽ പത്രോസ് എടുത്ത നിലപാടിനോട് യോജിക്കണമെന്ന് യാക്കോബ് കൗൺസിൽ അംഗങ്ങളെ ഉപദേശിക്കുകയാണ്.

അതോടൊപ്പം ശ്രദ്ധേയമായ ഒരു പ്രസ്താവന യാക്കോബ് ഈ കൂടെ ചെയ്യുന്നുണ്ട്. മിശിഹായിൽ വിശ്വസിക്കുന്ന വിജാതീയർ, യഹൂദമതാനുഷ്ഠാനങ്ങളെ സ്വീകരിക്കേണ്ടതില്ലെങ്കിലും, ചില കാര്യങ്ങളിൽ അവർ യഹൂദരുടെ പ്രമാണങ്ങളെ മാനിക്കണം. മൂന്നു കാര്യങ്ങൾ എടുത്തുപറയുന്നു. 1. വിഗ്രഹങ്ങൾക്കു നിവേദിച്ച ഭക്ഷണസാധനങ്ങൾ കഴിക്കരുത്. 2. ലൈംഗികജീവിതമാസ്പദമാക്കിയുള്ള യഹൂദ ധർമ്മശാസ്ത്രത്തിലെ വിധി പാലിക്കണം (ലേവ്യ 18,52). 3. മാംസം ഭക്ഷിക്കാമെങ്കിലും അതു രക്തം ചേർന്നതായിരിക്കരുത്; രക്തവും വർജ്ജിക്കണം (നിയ 12,15-16.22-23). ഈ നിർദ്ദേശങ്ങളെല്ലാം ആ കാലഘട്ടത്തിൽ അന്നത്തെ യഹൂദസിനഗോഗുകളിൽ സാബത്തുതോറും വായിച്ചു വ്യാഖ്യാനിച്ചുപോന്ന വേദഗ്രന്ഥഭാഗങ്ങളിലുള്ളവയായിരുന്നു. അന്ന് പുതുതായി ക്രൈസ്തവവിശ്വാസം സ്വീകരിച്ചവർ പലപ്പോഴും യഹൂദരോടൊന്നിച്ച് സിനഗോഗുകളിൽ ഒരുമിച്ചുകൂടാറുണ്ടായിരുന്നു. അതുകൊണ്ടായിരിക്കാം യാക്കോബ് ഇത് പ്രത്യേകം എടുത്തുപറയുന്നത്. സാർവത്രികസഭയോട് കൂട്ടായ്മ പുലർത്തുന്ന ശുശ്രൂഷയാണ് എപ്പോഴും സഭയിൽ നിർവഹിക്കേണ്ടതെന്ന് ഈ സംഭവം നമ്മെ അനുസ്മരിപ്പിക്കുന്നു.

## 4. സഭാശുശ്രൂഷ: പരിശുദ്ധാത്മാവിനോടു പ്രതിബദ്ധത പുലർത്തുന്ന ശുശ്രൂഷ

*''അതുകൊണ്ട്, തെരഞ്ഞെടുക്കപ്പെട്ട ചിലരെ നമ്മുടെ പ്രിയപ്പെട്ട ബാർണബാസിനോടും പൗലോസിനോടുമൊപ്പം നിങ്ങളുടെ അടുക്കലേക്ക് അയയ്ക്കുന്നത് നന്നായിരിക്കുമെന്ന് ഞങ്ങൾ ഏകകണ്ഠമായി തീരുമാനിച്ചു. അവർ നമ്മുടെ കർത്താവായ ഈശോമിശിഹായുടെ നാമത്തെപ്രതി സ്വന്തം ജീവനെപ്പോലും പണയപ്പെടുത്തിയിരിക്കുന്നവരാണല്ലോ. അതുകൊണ്ട്, ഞങ്ങൾ യൂദാസിനെയും സീലാസിനെയും അയച്ചിരിക്കുന്നു. ഈ കാര്യങ്ങൾതന്നെ അവർ നിങ്ങളോടു നേരിട്ടു സംസാരിക്കുന്നതായിരിക്കും. താഴെപ്പറയുന്ന അത്യാവശ്യ കാര്യങ്ങളെക്കാൾ കൂടുതലായി ഒരു ഭാരവും നിങ്ങളുടെമേൽ ചുമത്താതിരിക്കുന്നതാണു നല്ലതെന്നു പരിശുദ്ധാത്മാവിനും ഞങ്ങൾക്കും തോന്നി'' (15,25-28).*

യാക്കോബിന്റെ അഭിപ്രായം സ്വീകരിച്ചുകൊണ്ട് കൗൺസിൽ പത്രോസിന്റെ നിലപാടിനെ സഭയുടെ നിലപാടായി അംഗീകരിക്കുകയും അതു പ്രാവർത്തികമാക്കാൻ തീരുമാനമെടുക്കുകയും ചെയ്യുന്നു. ഈ തീരുമാനം സഭയിൽ പ്രാവർത്തി

കമാക്കുക എന്നത് സഭാനേതൃത്വത്തിന്റെ ചുമതലയാണെന്നും അതുകൊണ്ട് അതു പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണെന്നും ഇവിടെ പ്രത്യേകം എടുത്തു പറയുന്നുണ്ട്. എഴുത്തിൽ പറയുന്ന കാര്യങ്ങളെല്ലാം പറഞ്ഞതിനുശേഷം ഇപ്രകാരം കൂട്ടിച്ചേർക്കുന്നു: ''താഴെപ്പറയുന്ന അത്യാവശ്യ കാര്യങ്ങളെക്കാൾ കൂടുതലായി ഒരു ഭാരവും നിങ്ങളുടെമേൽ ചുമത്താതിരിക്കുന്നതാണു നല്ലതെന്ന് പരിശുദ്ധാത്മാവിനും ഞങ്ങൾക്കും തോന്നി'' (15,28). സഭയ്ക്കു മുഴുവനും തോന്നിയ തീരുമാനമാണിതെന്ന് ആരംഭത്തിൽ പറഞ്ഞിട്ടുണ്ട്: ''തങ്ങളിൽനിന്നു ചിലരെ തെരഞ്ഞെടുത്ത് ബർണബാസിനോടും പൗലോസിനോടുമൊപ്പം അന്ത്യോക്യായിലേക്ക് അയയ്ക്കുന്നത് നന്നായിരിക്കുമെന്ന് ശ്ലീഹന്മാർക്കും ശ്രേഷ്ഠന്മാർക്കും സഭയ്ക്കു മുഴുവനും തോന്നി'' (15,22).

സഭാനേതൃത്വം അവശ്യം ശ്ലൈഹികമാണ്. പന്ത്രണ്ടു ശ്ലീഹന്മാരുടെ അടിസ്ഥാനത്തിലാണല്ലോ സഭ പണിയപ്പെട്ടിരിക്കുന്നത് (എഫേ 2,20). ശ്ലൈഹിക കൈവയ്പിലൂടെയാണ് ശ്രേഷ്ഠന്മാർ നേതൃത്വശുശ്രൂഷയിലേക്കു നിയമിക്കപ്പെടുന്നത്. അതുകൊണ്ട് ശ്ലീഹന്മാരും ശ്രേഷ്ഠന്മാരുംചേരുന്ന സമ്മേളനത്തിന് അഥവാ സൂനഹദോസിന് ശ്ലൈഹികമായ ആധികാരികതയാണുള്ളത്. അതു സഭ മുഴുവന്റെയും ഔദ്യോഗിക തീരുമാനമാണ്. ശ്ലൈഹികാടിസ്ഥാനമുള്ള സഭാസമൂഹം മിശിഹായുടെ അരൂപിയുള്ള സമൂഹമാണ്. വി. യോഹന്നാന്റെ സുവിശേഷത്തിൽ ഉത്ഥിതനായ ഈശോ തന്റെ ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ട് അവരുടെമേൽ നിശ്വസിച്ച് ''നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ'' എന്നരുളിച്ചെയ്തുകൊണ്ട്, അവർക്ക് പരിശുദ്ധാത്മാവിനെ നല്കി (യോഹ 20,22). അതുകൊണ്ട് ശ്ലൈഹികമായ ആധികാരികതയോടെ സഭാസമൂഹം എടുക്കുന്ന തീരുമാനങ്ങൾ പരിശുദ്ധാത്മാവിന്റെ തീരുമാനങ്ങൾതന്നെയാണ്. അതുകൊണ്ട് സഭാശുശ്രൂഷകരെല്ലാം ശുശ്രൂഷ ചെയ്യേണ്ടത് സഭയിൽ പ്രവർത്തനനിരതനായ പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളോട് പ്രതിബദ്ധത പുലർത്തിക്കൊണ്ടായിരിക്കണം. അപ്രകാരമുള്ള പ്രതിബദ്ധതയോടെയുള്ള ശുശ്രൂഷയുടെ അടയാളമാണ് യൂദാസിനെയും സീലാസിനെയും കൗൺസിൽ സഹപ്രവർത്തകരായി തെരഞ്ഞെടുത്തത് (15,22). സഭാശുശ്രൂഷയിൽ അല്മായരെ സഹപ്രവർത്തകരാക്കുന്നത് സഭയിൽ പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവിനോടുള്ള പ്രതിബദ്ധതയുടെ ഒരടയാളമാണ്.

## 5. സഭാനിർദ്ദേശങ്ങൾ നടപ്പിലാക്കുന്ന ശുശ്രൂഷ

*''അവർ യാത്ര തിരിച്ച് അന്ത്യോക്യായിലെത്തി; ജനങ്ങളെ മുഴുവൻ വിളിച്ചുകൂട്ടി എഴുത്ത് അവരെ ഏല്പിച്ചു. അവർ ആ ഉപദേശം വായിച്ച് സന്തുഷ്ടരായി. പ്രവാചകന്മാർകൂടിയായിരുന്ന യൂദാസും സീലാസും സഹോദരർക്ക് വളരെ ഉപദേശങ്ങൾ നല്കുകയും അവരെ വിശ്വാസത്തിൽ ശക്തിപ്പെടുത്തുകയും ചെയ്തു'' (15,30-32).*

സൂനഹദോസിന്റെ തീരുമാനങ്ങൾ വ്യക്തമായി എഴുതി അറിയിക്കുവാനും അവ ജനങ്ങളെ പഠിപ്പിക്കുവാനും പ്രാവർത്തികമാക്കുവാനും പ്രവാചക വരദാനമുള്ള രണ്ടു പേരെ, യൂദാസിനെയും സീലാസിനെയും, തെരഞ്ഞെടുത്ത് സഹപ്രവർത്തകരായി ബർണബാസിനോടും പൗലോസിനോടുമൊപ്പം അയയ്ക്കുവാനും അവർ തീരുമാനിച്ചു. അയയ്ക്കപ്പെട്ടവർ അന്ത്യോക്യായിൽ എത്തി ജനങ്ങളെ മുഴുവൻ വിളിച്ചുകൂട്ടി എഴുത്തു കൊടുക്കുകയും, അതിൽ പറഞ്ഞിരി

ക്കുന്ന കാര്യങ്ങൾ വിശദീകരിച്ചു പഠിപ്പിക്കുകയും ചെയ്തു. പ്രവാചകകാരിസം ഉള്ളവരായതുകൊണ്ട് അവർ ജനങ്ങളെ പഠിപ്പിക്കുക മാത്രമല്ല അവ പ്രാവർത്തികമാക്കുവാൻ അവരെ ശക്തിപ്പെടുത്തുകയും ചെയ്തു. യഹൂദരും വിജാതീയരുമുണ്ടായിരുന്ന അന്ത്യോക്യൻ സമൂഹത്തിൽ സൂനഹദോസ് തീരുമാനങ്ങൾ നടപ്പിൽ വരുത്തുക ദുഷ്കരമായിരുന്നു എന്നുവേണം കരുതാൻ. അതുകൊണ്ട് അവിടെ താമസിച്ച് അവ പ്രാവർത്തികമാക്കുവാൻ അവർ ജനങ്ങളെ സഹായിച്ചു.

സഭയുടെ കാലാകാലങ്ങളിലെ പ്രബോധനങ്ങൾ പഠിക്കേണ്ടവരും പഠിപ്പിക്കേണ്ടവരും അവ സഭയിൽ പ്രാവർത്തികമാക്കുവാൻ നേതൃത്വം കൊടുക്കേണ്ടവരുമാണ് സഭാശുശ്രൂഷകർ. സൂനഹദോസുകളുടെ തീരുമാനങ്ങൾ സഭയിൽ നടപ്പിൽ വരുത്തുവാൻ വർഷങ്ങൾ വേണ്ടിവരുന്നുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ തീരുമാനങ്ങൾ പലതും ഇനിയും സഭയിൽ എല്ലാ തലങ്ങളിലും നടപ്പിലാക്കാൻ സാധിച്ചിട്ടില്ലെന്നുള്ളത് നമ്മുടെ അനുഭവമാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ സഭാശുശ്രൂഷകർക്ക് പ്രത്യേകമായ ഉത്തരവാദിത്വമുണ്ട്. അതു സാദ്ധ്യമാക്കണമെങ്കിൽ സഭാശുശ്രൂഷകർതന്നെ കൗൺസിൽ പ്രമാണരേഖകളും ഡിക്രികളും പഠിച്ചു മനസ്സിലാക്കണം. അത് അവരുടേതായ അജപാലനശുശ്രൂഷാരംഗങ്ങളിൽ പ്രാവർത്തികമാക്കുവാൻ നിരന്തരം ശ്രമിക്കുകയും വേണം. ഇതിനൊക്കെ സഹായകരമായ ഒന്നാണ് വൈദികരുടെ തുടർപരിശീലനവേദി. അവയിൽ ക്രമമായും സജീവമായും സംബന്ധിക്കുവാൻ വൈദികർ താല്പര്യമെടുക്കണം. അപ്രകാരം പരിശീലനം നേടി സഭയുടെ ആനുകാലിക പ്രബോധനങ്ങളും തീരുമാനങ്ങളും ജനങ്ങളെ പഠിപ്പിക്കുവാനും അവയ്ക്കനുസൃതമായി അവരെ വിശ്വാസജീവിതത്തിൽ പരിശീലിപ്പിക്കുവാനും പുരോഹിതർ പ്രത്യേകം ശ്രദ്ധിക്കണം.

## ജീവിതസൂചിക

1. സഭയിൽ വിശ്വാസസംബന്ധമായോ അജപാലനസംബന്ധമായോ അഭിപ്രായ വ്യത്യാസങ്ങളും തർക്കങ്ങളുമുണ്ടാകുമ്പോൾ, സഭാധികാരികളോടു ചേർന്നുനിന്ന് കുടുംബാരൂപിയിൽ അവയെ പരിഹരിക്കുവാൻ ഞാൻ ശ്രമിക്കുന്നുണ്ടോ?

2. സ്വന്തം താല്പര്യങ്ങളെക്കാളുപരി ദൈവഹിതത്തിനു വിധേയപ്പെട്ടും സഭയുടെ വിശ്വാസത്തിനനുസൃതമായും അജപാലനതലത്തിലുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഞാൻ ശ്രദ്ധിക്കുന്നുണ്ടോ?

3. സഭ നേരിടുന്ന ആനുകാലിക പ്രശ്നങ്ങൾ പരിഹരിക്കുവാനുള്ള പരിശ്രമങ്ങൾ പ്രാദേശികസഭയോടും സാർവത്രികസഭയോടുമുള്ള കൂട്ടായ്മയിലാണോ ഞാൻ നടത്തുന്നത്?

4. സഭാസമൂഹത്തിലെ അൽമായരും സന്ന്യസ്തരുമായുള്ള കൂട്ടായ്മയിലും കൂട്ടുത്തരവാദിത്വത്തിലും സഭാശുശ്രൂഷ നിർവഹിക്കുവാൻ ഞാൻ ശ്രദ്ധിക്കുന്നുണ്ടോ?

5. സഭയുടെ ആനുകാലിക പ്രബോധനങ്ങളെക്കുറിച്ച് സഭാംഗങ്ങളെ ബോധവൽക്കരിക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?



# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

**ഫെബ്രുവരി 2019**

26 രാവിലെ അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം കാഞ്ഞിരപ്പള്ളി അമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ നടന്ന Batch Gathering - ൽ പങ്കെടുത്തു

27 രാവിലെ വെട്ടിമുകൾ സെന്റ് മേരീസ് ദൈവാലയത്തിൽ ബഹു. പാടിയത്ത് ഫെലിക്സ് അച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാ ആലോചനസമിതിയിൽ അദ്ധ്യക്ഷത വഹിച്ചു. തുടർന്ന് പ്രളയബാധിത കുട്ടനാടിന്റെ പുനർനിർമ്മിതിയെക്കുറിച്ചുള്ള യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

28 അതിരൂപതാകേന്ദ്രത്തിൽ ചർച്ച് പ്രോപ്പർട്ടി ആക്ട് 2019 ന് എതിരെ വിവിധ ക്രിസ്ത്യൻ സഭകളുടെ മേലധ്യക്ഷന്മാരുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ അദ്ധ്യക്ഷതവഹിക്കുകയും തുടർന്ന് നടന്ന വാർത്താസമ്മേളനത്തിൽ മാധ്യമങ്ങളെ കാണുകയും അവരുടെ ചോദ്യങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു. ഉച്ചകഴിഞ്ഞ് കിളിമല S.H. സ്കൂളിലെ ഹോസ്റ്റലും ചാപ്പലും വെഞ്ചരിച്ചു. വൈകുന്നേരം തെള്ളകം സെന്റ് ജോസഫ് ദൈവാലയത്തിൽ നവീകരിച്ച സിമിത്തേരി വെഞ്ചരിച്ചു. തുടർന്ന് ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ ചേർന്ന ചങ്ങനാശേരി ഫൊറോന വൈദിക സംഗമത്തിൽ പങ്കെടുത്തു.

**മാർച്ച് 2019**

01 സകല മരിച്ചവിശ്വാസികളെയും അനുസ്മരിക്കുന്ന ദനഹാക്കാലത്തിലെ അവസാന വെള്ളിയാഴ്ച വൈകുന്നേരം ഫിൽഗിരി സെന്റ് ജോസഫ് ദൈവാലയത്തിൽ മരിച്ചവരെ അനുസ്മരിച്ച് വി. കുർബാന അർപ്പിക്കുകയും തുടർന്ന് നവീകരിച്ച സിമിത്തേരി വെഞ്ചരിക്കുകയും പാരീഷ് ഹാൾ നിർമ്മാണത്തിന്റെ കല്ലിടീൽ കർമ്മം നിർവ്വഹിക്കുകയും ചെയ്തു.

02 രാവിലെ അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് തകഴി സെന്റ് റീത്താസ് കോൺവെന്റിൽ നവീകരിച്ച ചാപ്പലിന്റെ കൂദാശകർമ്മം നിർവ്വഹിച്ചു. തുടർന്ന് എടത്വായിൽ മരണമടഞ്ഞ SABS സമൂഹാംഗമായ സി. പീയൂസ് കാക്കനാടിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് നോമ്പുകാലം ആരംഭത്തിന്റെ ഭാഗമായി സെന്റ് ജോസഫ് കണ്ടങ്കരി ദൈവാലയത്തിൽ ആഘോഷമായ റംശാ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. തുടർന്ന് തെങ്ങണ മോസ്കോയിൽ പരേതനായ ഫിലിപ്പ് തോമസ് നടുവിലേഴത്തിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

03 മണ്ണഞ്ചേരി സെന്റ് മേരീസ് ദൈവാലയത്തിൽ അജപാലനസന്ദർശനം നടത്തി.

04 ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിൽ വിഭൂതി തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം പാസ്റ്ററൽ കൗൺസിൽ എക്സിക്യൂട്ടീവ് യോഗത്തിൽ അധ്യക്ഷതവഹിച്ചു.

05 രാവിലെ 20–ാമത് ചങ്ങനാശേരി അതിരൂപതാ ബൈബിൾ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു വചനസന്ദേശം നൽകി. തുടർന്ന് ചെത്തിപ്പുഴ ആശുപത്രിയിൽ ചികിത്സയിൽ ആയിരിക്കുന്ന അഭിവന്ദ്യ പവ്വത്തിൽ പിതാവിനെയും മറ്റ് വൈദികരെയും സന്ദർശിച്ചു. ചെത്തിപ്പുഴ ആശുപത്രിയിൽ പുതുതായി നിർമ്മിക്കുന്ന ഓപ്പറേഷൻ തീയറ്ററിന്റെ പണികൾ വീക്ഷിച്ചു. തുടർന്ന് കളത്തിപ്പടി ക്രിസ്റ്റീൻ ധ്യാനകേന്ദ്രത്തിൽ സന്യസ്തർക്കായി നടത്തപ്പെടുന്ന ധ്യാനത്തിൽ സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ മിഷനറി ഓറിയന്റേഷൻ സെന്ററിന്റെ (MOC) ബോർഡ് മീറ്റിംഗിൽ അദ്ധ്യക്ഷതവഹിച്ചു. വൈകുന്നേരം കത്തീഡ്രൽ ഇടവകാംഗമായ മാളിയേക്കൽ ജോർജുകുട്ടിയുടെ മൃതദേഹത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

06 രാവിലെ അസംപ്ഷൻ കോളേജിൽനിന്ന് ഈ വർഷം വിരമിക്കുന്ന അദ്ധ്യാപകരുടെയും മറ്റ് ജീവനക്കാരുടെയും യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് ചങ്ങനാശേരി അതിരൂപതയിലെ ഫൊറോന വികാരിമാരുടെ യോഗത്തിൽ പങ്കെടുത്തു.

07 രാവിലെ കോട്ടയം തിരുനക്കര മൈതാനിയിൽ ചർച്ച് ആക്ട് ബില്ല് നടപ്പാക്കുന്നതിനെതിരെ AKCC സംഘടിപ്പിച്ച പ്രതിഷേധ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. തുടർന്ന് പള്ളിക്കൂട്ടുമ്മയിൽ ആലപ്പുഴ, ചമ്പക്കുളം, പുളിങ്കുന്ന് ഫൊറോനകളിലെ വനിതകളെ ഒന്നിച്ചുകൂട്ടി ചാസ് സംഘടിപ്പിച്ച വനിതാദിനാഘോഷം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ഉച്ചകഴിഞ്ഞ് കൂത്രപ്പള്ളി സെന്റ് മേരീസ് സ്കൂൾ ആനിവേഴ്സറിയിലും യാത്രയയപ്പ് സമ്മേളനത്തിലും പങ്കെടുത്തു.

08 രാവിലെ കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ വി. കുർബാന അർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു. ഉച്ചകഴിഞ്ഞ് പഴവങ്ങാടി സെന്റ് ആന്റണീസ് എൽ.പി. സ്കൂളിന്റെ ശതാബ്ദി ആഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്തു. വൈകുന്നേരം പാറേൽപള്ളി മൈതാനിയിൽ അതിരൂപതാ ബൈബിൾ കൺവെൻഷനിൽ സന്ദേശം നൽകി. തുടർന്ന് എസ്.ഡി. സമൂഹാംഗമായ സി. എമിരിറ്റിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

09 എസ്.ബി. കോളേജിലെ പടിയറ ഹാളിൽ സംഘടിപ്പിച്ച അതിരൂപതാ പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ അദ്ധ്യക്ഷതവഹിച്ചു. തുടർന്ന് ചങ്ങനാശേരി അതിരൂപതാ SMYM പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു. ഉച്ചകഴിഞ്ഞ് പാറേൽ മൈതാനിയിൽ നടക്കുന്ന അതിരൂപതാ ബൈബിൾ കൺവെൻഷനിൽ സമാപനസന്ദേശം നൽകി. വൈകുന്നേരം കുറിച്ചി മൈനർ സെമിനാരിയിൽ പുതിയതായി നിർമ്മിച്ച മീഡിയാ റൂമിന്റെ വെ

ഞ്ചരിപ്പ് കർമ്മം നിർവ്വഹിച്ചു.

10 ചെങ്ങളം സെന്റ് സെബാസ്റ്റ്യൻ ദൈവാലയത്തിൽ അജപാലന സന്ദർശനം നടത്തി. ഉച്ചകഴിഞ്ഞ് വിശ്രമജീവിതം നയിക്കുന്ന ബഹു. അബ്രഹാം മുപ്പറത്തറ അച്ചനെ സന്ദർശിച്ചു. തുടർന്ന് 'ഭാരതസഭാതാരം' അവാർഡ് നേടിയ ശ്രീ. മാത്യു ഉലകംതറയെ ഭവനത്തിൽ സന്ദർശിച്ചു. വൈകുന്നേരം നാഗമ്പടം മൈതാനിയിൽ നടന്നുവരുന്ന ഖാദി എക്സിബിഷൻ സന്ദർശിച്ചു.

11 രാവിലെ പാറേൽ മൈതാനിയിൽ സംഘടിപ്പിച്ച സീനിയർ സിറ്റിസൺസ് യോഗത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് എസ്.ബി. എച്ച്.എസ്.എസ്. ചങ്ങനാശേരി ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

12 രാവിലെ പുന്നപ്ര സെന്റ് ഗ്രിഗോറിയോസ് കോളേജ് ഡേ ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. തുടർന്ന് മുട്ടാറിൽ അതിരൂപതയുടെ പ്രവാസി അപ്പസ്തോലേറ്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച House Boat ഉടമകളുടെ യോഗത്തിൽ സംബന്ധിച്ചു. ഉച്ചകഴിഞ്ഞ് ചമ്പക്കുളം സെന്റ് മേരീസ് എൽ.പി. സ്കൂളിൽ World Vision India എന്ന ചാരിറ്റബിൾ സംഘടന നിർമ്മിച്ച് നൽകിയ മീഡിയാ റൂം വെഞ്ചരിപ്പ് നിർവ്വഹിച്ചു.

13 ലേക്ഷോർ ആശുപത്രിയിൽ ചികിത്സയിൽ ആയിരുന്ന ബഹു. തോമസ് മാലിയിൽ അച്ചന് രോഗീലേപനം നൽകി. തുടർന്ന് പൂന്തോപ്പ് ഫ്രാൻസിസ് അസ്സീസി ദൈവാലയത്തിൽ മോൺ. ജേക്കബ് വടക്കേവീട്ടിലിന്റെ 25-ാം ചരമവാർഷികത്തോടനുബന്ധിച്ചുള്ള വി. കുർബാനയിൽ കാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

14 രാവിലെ നിരണം സെമിനാരിയിൽ നാലാംവർഷ വൈദിക വിദ്യാർത്ഥികളോടൊപ്പം വി. കുർബാന അർപ്പിക്കുകയും തുടർന്ന് വൈദിക വിദ്യാർത്ഥികളെ വ്യക്തിപരമായി കാണുകയും ചെയ്തു. വൈകുന്നേരം വടവാതൂർ സെമിനാരിയിൽ ബഹു. പോൾ വെള്ളറക്കലച്ചന്റെ യാത്രയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു.

15 രാവിലെ തത്തംപള്ളി സഹൃദയ ഹോസ്പിറ്റലിന്റെ മാനേജിംഗ് ബോർഡ് മീറ്റിംഗിൽ അദ്ധ്യക്ഷതവഹിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

16 രാവിലെ ചീരഞ്ചിറ ASMI ജനറലേറ്റിൽ വി. കുർബാന അർപ്പിച്ചു. ഉച്ചകഴിഞ്ഞ് വെരൂരിൽ നടന്ന ചങ്ങനാശേരി ഫൊറോന കൗൺസിലിൽ പങ്കെടുത്തു. വൈകുന്നേരം പുതുശ്ശേരി സെന്റ് ജോസഫ് ബോയ്സ് ഹോമിന്റെ Home day ആഘോഷങ്ങളിൽ പങ്കെടുത്തു.

17 അടൂർ മാർ സ്ലീവാ ദൈവാലയത്തിൽ അജപാലന സന്ദർശനം നടത്തി. ഉച്ചയ്ക്ക് അടൂർ മാർ സ്ലീവാ ദയറ സന്ദർശിച്ചു. വൈകുന്നേരം തോട്ടയ്ക്കാട് സെന്റ് ജോർജ് ദൈവാലയത്തിൽ മുൻ എം.എൽ.എ. റോസമ്മ ചാക്കോയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു. വൈകുന്നേരം റേഡിയോ മീഡിയാവില്ലേജിന്റെ വാർഷികസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

18 രാവിലെ ചങ്ങനാശേരി Soil സിസ്റ്റേഴ്സിന്റെ പുതുതായി നിർമ്മിക്കുന്ന സന്യാസഭവനത്തിന്റെ കല്ലിടീൽ കർമ്മം നിർവ്വഹിച്ചു. തുടർന്ന് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം പാസ്റ്ററൽ സെന്ററിൽ വി. കുർബാന അർപ്പിച്ചു. തുടർന്ന് അതിരൂപതാകേന്ദ്രത്തിൽ ഇന്റർ ഡിപ്പാർട്ടുമെന്റൽ മീറ്റിംഗിൽ സംബന്ധിച്ചു. തുടർന്ന് റീജൻസി പൂർത്തിയാക്കുന്ന ബ്രദേഴ്സിന് യാത്രയപ്പ് പുതിയതായി റീജൻസിക്ക് എത്തിയ ബ്രദേഴ്സിന് സ്വീകരണം അഭിവന്ദ്യ പിതാവിന്റെയും മറ്റ് വൈദികരുടെയും ഫീസ്റ്റ് ആഘോഷങ്ങൾ എന്നിവയിൽ പങ്കെടുക്കുകയും ചെയ്തു.

19 രാവിലെ മന്ദിരം സെന്റ് വിൻസെന്റ് അഗതിമന്ദിരത്തിൽ വി. കുർബാന അർപ്പിച്ച് ഫീസ്റ്റ് ആഘോഷങ്ങളിൽ പങ്കെടുത്തു. തുടർന്ന് കോട്ടയം മെഡിക്കൽ കോളേജിൽ രോഗീസന്ദർശനം നടത്തി. തുടർന്ന് കപ്പൂച്ചിൻ സന്യാസസഭാംഗമായ ബഹു. സിപ്രിയാൻ ഇല്ലിക്കമുറി അച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചയ്ക്ക് അതിരൂപതയുടെ സമീപവാസികളും വിവിധ സന്യാസസമൂഹാംഗങ്ങളും ഒന്നിച്ചുള്ള ഊട്ട്നേർച്ചയിൽ പങ്കെടുത്തു. വൈകുന്നേരം പുന്നത്തുറയിൽ മാലിയിൽ ബഹു. തോമസ് അച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

20 രാവിലെ മാലിയിൽ ബഹു. തോമസ് അച്ചന്റെ മൃതസംസ്കാരശുശ്രൂഷയിൽ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

21–22 വ്യക്തിപരമായ ധ്യാനത്തിനും പ്രാർത്ഥനയ്ക്കുമായി സമയം ചിലവഴിച്ചു.

23 നെടുങ്കുന്നം സഞ്ജീവനി പുനരധിവാസകേന്ദ്രത്തിൽ പുതുതായി നിർമ്മിച്ച ചാപ്പലിന്റെ കൂദാശകർമ്മം നിർവ്വഹിക്കുകയും ഭവനം വെഞ്ചരിക്കുകയും ചെയ്തു. തുടർന്ന് ചേലക്കൊമ്പിലുള്ള മിണ്ടാമഠം സന്ദർശിച്ചു. തുടർന്ന് അതിരൂപതയുടെ കോർപ്പറേറ്റ് സ്കൂളുകളിൽ നിന്ന് ഇത്തവണ വിരമിക്കുന്ന എല്ലാ അദ്ധ്യാപകർക്കും യാത്രയയപ്പ് നൽകി. ഉച്ചകഴിഞ്ഞ് തുരുത്തി കല്ലുമാടിക്കൽ ബഹു. തോമസ് അച്ചന്റെ സംസ്കാരശുശ്രൂഷയിൽ ഭവനത്തിലെ കർമ്മങ്ങൾക്ക് നേതൃത്വം നൽകി. തുടർന്ന് നെടുംകുന്നം സഞ്ജീവനി പുനരധിവാസകേന്ദ്രത്തിന്റെ രജതജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. വൈകുന്നേരം മെത്രാപ്പോലീത്തൻപള്ളിയിൽ ബഹു. സിറിയക് കണ്ടങ്കരി അച്ചന്റെ 100–ാം ചരമവാർഷികത്തോടനുബന്ധിച്ചുള്ള അനുസ്മരണ സമ്മേളനത്തിൽ പങ്കെടുത്തു.

24 തോട്ടുവാത്തല തിരുഹൃദയ ദൈവാലയത്തിൽ അജപാലന സന്ദർശനം നടത്തി. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ സെമിനാരിക്കാരുടെ ഗാതറിംഗിൽ പങ്കെടുത്തു.

**2019 മാർച്ച്**

01 ചെത്തിപ്പുഴ സെയിന്റ് തോമസ് നേഴ്സിംഗ് കോളേജിൽ IELTS കോഴ്സ് ഉദ്ഘാടനം ചെയ്തു. എടത്വാ സെയിന്റ് അലോഷ്യസ് എൽ.പി. സ്കൂൾ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു. മണലാടി സെയിന്റ് മേരീസ് പള്ളിയിൽ പരി. കുർബാനയർപ്പിച്ചു. തുടർന്ന് പുതിയ സിമിത്തേരി വെഞ്ചരിച്ചു.

02 മിത്രക്കരി സെയിന്റ് സെബാസ്റ്റ്യൻ പള്ളിയിൽ നവീകരിച്ച മദ്ബഹ വെഞ്ചരിച്ചു. തുടർന്ന് വി. കുർബാനയർപ്പിച്ചു സന്ദേശം നല്കി. ചങ്ങനാശേരി സെയിന്റ് ജോസഫ് ഓർഫനേജ് പ്രസിൽ നടന്ന യാത്രയയപ്പു സമ്മേളനത്തിൽ അനുഗ്രഹ പ്രഭാഷണം നടത്തി. കൂത്രപ്പള്ളി, ഇടവകാംഗം ബഹു. ജോസഫ് പാലാക്കുന്നേലച്ചന്റെ ഓർമ്മകുർബാനയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. കോട്ടയം വിമലഗിരി പാസ്റ്ററൽ സെന്ററിൽ നടന്ന ഡി.സി.എം.എസ് നേതൃത്വ പരിശീലനക്യാമ്പ് ഉദ്ഘാടനം ചെയ്തു. തോട്ടയ്ക്കാട് സെയിന്റ് ജോർജ് പള്ളിയിൽ നടന്ന 'MY Messiah 2019' എന്ന പ്രോഗ്രാം ഉദ്ഘാടനം ചെയ്തു.

03 മുരിങ്ങൂർ സെയിന്റ് സെബാസ്റ്റ്യൻ ഇടവക കാരേടിൽ ശ്രീ. ജോർജ് മാസ്റ്ററിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. അയർക്കുന്നം സെയിന്റ് സെബാസ്റ്റ്യൻ ഇടവകയിൽ ഇടവകദിനത്തോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ചു സന്ദേശം നല്കി. തുടർന്ന് കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ നടന്ന ചർച്ച് ബിൽ പ്രതിഷേധ കരിദിനം ഉദ്ഘാടനം ചെയ്തു. കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത്മറിയം ആർച്ച് ഡീക്കൻ തീർത്ഥാടന ദൈവാലയത്തിൽ നടന്ന പൊതുസമ്മേളനത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി.

04 പാറേൽ സെയിന്റ് മേരീസ് പള്ളിയിൽ വിഭൂതി തിരുനാൾ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. മാമ്മൂട് ലൂർദ്ദ് മാതാ ഇടവക പാലാക്കുന്നേൽ ആന്റണി നൈനാന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. അതിരൂപതാകേന്ദ്രത്തിൽ പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ പങ്കെടുത്തു.

05 കുന്നന്താനം ദൈവപരിപാലന ഭവനത്തിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നല്കി. അതിരൂപതാകേന്ദ്രത്തിൽ 2015-16 വർഷം പൗരോഹിത്യം സ്വീകരിച്ച വൈദികരുടെ ബാച്ച് ഗാതറിംങിൽ പങ്കെടുത്തു. ചങ്ങനാശേരി അതിരൂപതാ ബൈബിൾ കൺവൻഷൻ ഉദ്ഘാടനസമ്മേളനത്തിൽ പങ്കെടുത്തു. MOC മാനേജ്മെന്റ് മീറ്റിംഗിൽ പങ്കെടുത്തു. തിരുവല്ല ശാന്തിനിലയത്തിൽ 'യുവജന രൂപീകരണം' എന്ന വിഷയത്തിൽ ക്ലാസ് നയിച്ചു.

06 ചെത്തിപ്പുഴ മേഴ്സി ഹോമിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നല്കി. ചങ്ങനാശേരി ബൈബിൾ കൺവൻഷനിൽ വചനസന്ദേശം നല്കി. കൊടിനാട്ടുംകുന്ന് ഇടവക വെട്ടത്ത് ദേവസ്യാ ഔസേപ്പിന്റെ മൃതദേഹത്തിങ്കൽ

ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ചങ്ങനാശേരി മെത്രാപ്പോലീത്തൻ പള്ളി ഇടവക മാളിയേക്കൽ കെ.എം. ജോർജിന്റെ മൃതസംസ്കാരശുശ്രൂഷയുടെ ഭവനത്തിലെ കർമ്മങ്ങൾക്ക് നേതൃത്വം നല്കി. എടത്വാ പള്ളിയിൽ ഫൊറോനാ വൈദികസമ്മേളനത്തിൽ പങ്കെടുത്തു.

07 അതിരൂപതാകേന്ദ്രത്തിൽ 2016-17 വർഷം പൗരോഹിത്യം സ്വീകരിച്ച വൈദികരുടെ ബാച്ച് ഗാതറിംങ്ങിൽ പങ്കെടുത്തു.

08 കൊടിനാട്ടുംകുന്ന് മേഴ്സിഹോമിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നല്കി. അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. കുറിച്ചി സെയിന്റ് തോമസ് മൈനർ സെമിനാരിയിൽ വൈദികവിദ്യാർത്ഥികളെ കണ്ട് സംസാരിച്ചു. ചെത്തിപ്പുഴ S.D. മഠത്തിൽ സി. എമിരിറ്റിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

09 ചങ്ങനാശേരി എസ്.ബി. കോളജിൽ പാസ്റ്ററൽ കൗൺസിൽ സമ്മേളനത്തിൽ പങ്കെടുത്തു. പുന്നവേലി FDSHJ ജനറലേറ്റിൽ സന്ന്യാസസ്വീകരണത്തിന്റെ ജൂബിലി ആഘോഷത്തിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നല്കി. ചങ്ങനാശേരി അതിരൂപതാ ബൈബിൾ കൺവൻഷനിൽ അനുഗ്രഹപ്രഭാഷണം നടത്തി.

10 കുണ്ടാമം സെയിന്റ് തോമസ് ഇടവകയിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നല്കി. തുടർന്ന് ഭവനസന്ദർശനം നടത്തി.

11 ദനഹാലയായിൽ ക്ലാസെടുത്തു. ആലപ്പുഴ കരുണാലയ വയോജനഭവനത്തിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നല്കി.

12 അരുവിക്കുഴി പ്രോവിഡൻസ് ഹോമിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നല്കി. അതിരൂപതാകേന്ദ്രത്തിൽ 2014-15 വർഷം പൗരോഹിത്യം സ്വീകരിച്ച വൈദികരുടെ ബാച്ച് ഗാതറിംങ്ങിൽ പങ്കെടുത്തു. മണിമല ഫൊറോനാ വൈദികസമ്മേളനത്തിൽ പങ്കെടുത്തു.

13 കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ നടക്കുന്ന വിവാഹ ഒരുക്ക സെമിനാറിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നല്കി. അടിച്ചിറ ആമോസ് സെന്ററിൽ കേരളാ സോഷ്യൽ സർവീസ് ഫോറത്തിന്റെ നേതൃത്വത്തിൽ നടന്ന ലോകവനിതാദിനാഘോഷത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. പാറേൽപള്ളിയിൽ വചനവെളിച്ചം പരിപാടിയിൽ വചന സന്ദേശം നല്കി.

14 കോട്ടയം ഗാന്ധിനഗർ പ്രോവിഡൻസ് ഹോമിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നല്കി. മുടിയൂർക്കര കരുണാലയം സന്ദർശിച്ചു. ദനഹാലയിൽ 26-ാം ബാച്ചിന്റെ കോൺവൊക്കേഷൻ ഉദ്ഘാടനം ചെയ്തു. വടക്കേ അമിച്ചകരി ഇടവക വേങ്ങാശ്ശേരിൽ ചാക്കോ ആന്റണിയുടെ മൃതസംസ്കാരശുശ്രൂഷയുടെ ഭവനത്തിലെ കർമ്മങ്ങൾക്ക് നേതൃത്വം നല്കി.

15 അതിരൂപതാകേന്ദ്രത്തിൽ സഹൃദയ ഹോസ്പിറ്റൽ ജനറൽ ബോഡി മീറ്റിംഗിൽ പങ്കെടുത്തു. കോട്ടയം അതിരൂപതാ അറുനൂറ്റിമംഗലം സെയിന്റ് ജോസഫ്സ് ദൈവാലയത്തിൽ തിരുന്നാളിനോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ചു സന്ദേശം നല്കി.

16 അയിരൂർ പ്രൊവിഡന്റ് ഹോമിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നല്കി. പുളിങ്കുന്ന് ഫൊറോനാപള്ളിയിൽ ഫൊറോനാ വൈദികസമ്മേളനത്തിൽ പങ്കെടുത്തു. തിരുവനന്തപുരം ലൂർദ്ദ് പള്ളിയിൽ ഫൊറോനാ കൗൺസിലിൽ പങ്കെടുത്തു.

17 വലിയോട് സെയിന്റ് ജോർജ് പള്ളിയിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. തുടർന്ന് ഇടവകാംഗങ്ങളെ കണ്ട് സംസാരിച്ചു. വൈകുന്നേരം മായം സെയിന്റ് മേരീസ് പള്ളിയിൽ നടന്ന അമ്പൂരി ഫൊറോനാ വൈദികസമ്മേളനത്തിൽ പങ്കെടുത്തു.

18 അതിരൂപതാ കേന്ദ്രത്തിൽ 2013-14 വർഷം പൗരോഹിത്യം സ്വീകരിച്ച വൈദികരുടെ ബാച്ച് ഗാതറിംങ്ങിൽ പങ്കെടുത്തു. കാഞ്ഞിരപ്പള്ളി, പാലാ രൂപതാകേന്ദ്രങ്ങളിലെത്തി നാമഹേതുകതിരുന്നാൾ ആഘോഷിക്കുന്ന പിതാക്കന്മാരെ കണ്ട് ആശംസകൾ നേർന്നു.

19 പാസ്റ്ററൽ സെന്റർ ദൈവാലയത്തിൽ വി. യൗസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ചു സന്ദേശം നല്കി. തുടർന്ന് അതിരൂപതാ കേന്ദ്രത്തിൽ നടന്ന സമ്മേളനത്തിൽ അഭിവന്ദ്യ പെരുന്തോട്ടം പിതാവിനും പൗവ്വത്തിൽ പിതാവിനും ബഹു. വൈദികർക്കും മറ്റ് യൗസേപ്പ് നാമധാരികൾക്കും നാമഹേതുകതിരുന്നാളിന്റെ മംഗളങ്ങൾ നേർന്നു.

20 പുന്നത്തുറ ഇടവകയിലെ മരണമടഞ്ഞ ബഹു. മാലിയിൽ തോമസച്ചന്റെ മൃതസംസ്കാരശുശ്രൂഷയിൽ ഭവനത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. തുടർന്ന് ഫാത്തിമാപുരം ഇടവക ആനിത്തോട്ടം ശ്രീ. സിജി സ്കറിയായുടെ മൃതസംസ്കാരശുശ്രൂഷയുടെ വീട്ടിലെ കർമ്മങ്ങൾക്ക് നേതൃത്വം നല്കി. ഇത്തിത്താനം ആയുഷ്യാ മഠം ചാപ്പലിൽ സി. റോസലിൻ MMS-ന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം കുമരങ്കരിയിൽ നടന്ന ചങ്ങനാശേരി ഫൊറോനാ വൈദികസമ്മേളനത്തിൽ പങ്കെടുത്തു.

21 കൊല്ലാട് അസ്സീസി വൃദ്ധമന്ദിരത്തിൽ പരി.കുർബാനയർപ്പിച്ച് സന്ദേശം നല്കി. MCBS പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ചു. തുടർന്ന് അതിരൂപതാകേന്ദ്രത്തിൽ 2012-13 വർഷം പൗരോഹിത്യം സ്വീകരിച്ച വൈദികരുടെ ബാച്ച് ഗാതറിംങ്ങിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് കുറുമ്പനാടം ജീവോദയ ഭവനത്തിലെ വാർഷിക സമ്മേളനത്തിൽ അധ്യക്ഷതവഹിച്ചു. മുടിയൂർക്കരയിൽ നടന്ന കോട്ടയം ഫൊറോനാ വൈദികസമ്മേളനത്തിൽ പങ്കെടുത്തു.

22 മുടിയൂർക്കര സാന്ത്വനം ഭവനത്തിൽ പരി. കുർബാനയർപ്പിച്ച് സന്ദേശം നല്കി. വൈകുന്നേരം കാനായിൽ നടന്ന സ്റ്റാഫ് മീറ്റിംഗിൽ പങ്കെടുത്തു.

23 കുറുമ്പനാടം ഇടവക ശ്രീ. തമ്പിച്ചന്റെ ഭവനം ആശീർവദിച്ചു. തുടർന്ന് ഡോ. സാമുവൽ കൃഷ്ണമൂർത്തിയെ വസതിയിൽ സന്ദർശിച്ചു. കോർപ്പ

റേറ്റ് മാനേജ്മെന്റിന്റെ അധ്യാപകയാത്രയയപ്പു സമ്മേളനത്തിൽ സംബന്ധിച്ച് സംസാരിച്ചു. തുരുത്തിയിൽ ബഹു. കല്ലുമാടിയിൽ തോമസച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ഉച്ചകഴിഞ്ഞ് നെടുംകുന്നം സഞ്ജീവനി ഭവനത്തിന്റെ ജൂബിലി സമ്മേളനത്തിൽ പങ്കെടുത്തു. വൈകുന്നേരം മെത്രാപ്പോലീത്തൻ പള്ളിയിൽ മോൺ. കണ്ടങ്കരി അനുസ്മരണയോഗത്തിൽ സംബന്ധിച്ച് സംസാരിച്ചു.

24 കുച്ചപ്പുറം സെയിന്റ് ജോസഫ്സ് ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ച് സന്ദേശം നല്കി. തുടർന്ന് ഇടവകാംഗങ്ങളെ കണ്ട് സംസാരിക്കുകയും അവരുടെ ഭവനങ്ങൾ സന്ദർശിക്കുകയും ചെയ്തു. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ നടന്ന മേജർ സെമിനാരി വൈദിക വിദ്യാർത്ഥികളുടെ സമ്മേളനത്തിൽ പങ്കെടുത്തു.

25 കത്തീഡ്രൽ പള്ളിയിൽ നടന്ന മ്ശംശാനപട്ടം നല്കൽ ശുശ്രൂഷയിൽ സഹകാർമ്മികത്വം വഹിച്ചു. തുടർന്ന് അഞ്ചലിൽ നടന്ന കൊല്ലം-ആയൂർ ഫൊറോനാ വൈദികസമ്മേളനത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് നെടുമങ്ങാട് മാർത്തോമ്മാ സ്പെഷ്യൽ സ്കൂളിലെ വാർഷികാഘോഷത്തിൽ അധ്യക്ഷതവഹിച്ചു.

26 ഇത്തിത്താനം പ്രീസ്റ്റ് ഹോമിൽ 1969-79 വർഷത്തിൽ പൗരോഹിത്യം സ്വീകരിച്ച വൈദികരുടെ തുടർ പരിശീലനപരിപാടിയിൽ ആമുഖസന്ദേശം നൽകി. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. തുടർന്ന് അതിരൂപതാകേന്ദ്രത്തിൽ നടന്ന ചങ്ങനാശേരി അതിരൂപതയുടെ കീഴിൽ വരുന്ന രൂപതകളിലെ അഭി. പിതാക്കന്മാരുടെ സമ്മേളനത്തിൽ പങ്കെടുത്തു. വൈകുന്നേരം കുറുമ്പനാടം ഫൊറോനാ വൈദികസമ്മേളനത്തിൽ പങ്കെടുത്ത് സംസാരിച്ചു.





# ENGAGEMENTS

**Mar Joseph Perumthottam**
Metropolitan Archbishop of Changanacherry

## 2019 APRIL

| | | |
|---|---|---|
| 1– 6 | | Jaipur Mission Visit |
| 07 | | Pastoral Visit @ St. Antony's Church Thiruvalla, Muthoor |
| 08 | **06:30 a.m.** | *Qurbana* & Presbytery Blessing @ Holy Family Church Mudiyoorkara |
| | **06:00 p.m.** | Regional Bishop's Recollection @ Archbishop's House Kottayam |
| 09 | | Regional Bishop's Recollection @ Archbishop's House Kottayam |
| | **03:00 p.m.** | **Visitors' Time** |
| 10 | **10:00 a.m.** | Teachers' Training Programme @ S.B. H.S.S Chry |
| | **05:00 p.m.** | *Madbhaha* Blessing @ St. Francis De Sales Church Kiliroor |
| 11 | **10:00 a.m.** | Non-teaching Staffs' Seminar @ S.B H.S.S Chry |
| | **03:00 p.m.** | **Visitors' Time** |
| | **06:00 p.m.** | Interdepartmental Meeting @ Archbishop's House |
| 12 | **06:30 a.m.** | *Qurbana* @ (CML Election Camp) Pastoral Centre |
| | **05:00 p.m.** | Message @ Nedumkunnam Popular Mission Retreat |
| 13 | **10:00 a.m.** | Pastoral Council Concluding Ceremony |
| 14 | **06:15 a.m.** | Palm Sunday @ St. Michael's Church Thathampally |
| 15 | | Engaged |
| 16 | | Engaged |
| 17 | | Engaged |
| 18 | **04:30 p.m.** | Maundy Thursday @ St. Mary's Cathedral Church Chry |
| 19 | **03:00 p.m.** | Good Friday @ St. George Forane Church Edathua |
| 20 | **04:00 p.m.** | *Qurbana* @ Lourdes Matha Church Meenkulam |
| 21 | **03:00 a.m.** | Easter @ St. Mary's Cathedral Church Chry |
| 22 | | Engaged |
| | **05:00 p.m.** | Auditorium Blessing @ St. Mary's Church Athirampuzha |
| 23 | | Engaged |

| | | |
|---|---|---|
| | **03:00 p.m.** | **Visitors' Time** |
| 24 | | *Presbyterium* |
| | **05:00 p.m.** | Holy *Qurbana* & Inauguration of *Sneholsavam* @ Meppara, Kply |
| 25 | **10:00 a.m.** | Vestition @ SABS Generalate Koothrappally |
| | **12:00** | Concluding Message @ Navodaya Camp |
| | **05:00 p.m.** | Holy *Qurbana* & Platinum Jubillee of Paral St. Antony's Church |
| | **07:00 p.m.** | ECA *Kudumbha Sangamam* @ Chethipuzha |
| 26 | | Seminary Commission Meet @ Kakkanad |
| 27 | **10:00 a.m.** | Golden Jubilee @ SABS Generelate Koothrappally |
| | **03:00 p.m.** | Golden Jubilee Celebration @ St. Joseph's Church Kurichy |
| 28 | | Pastoral Visit @ St. Mary's Cathedral Church Chry |
| 29 | **10:00 a.m.** | Golden Jubilee @ FCC Devamatha Provincial House |
| | **04:00 p.m.** | Renewal Synaxis @ SABS Generalate Koothrappally |
| | **06:00 p.m.** | *Sneholsavam* Concluding Gathering @ Meppara, Kply |
| 30 | **10:00 a.m.** | Golden & Silver Jubilee Celebration @ SH Convent Parel |
| | **03:00 p.m.** | **Visitors' Time** |



# ENGAGEMENTS

**Mar Thomas Tharayil**
Auxiliary Bishop of Changanacherry

## 2019 APRIL

| | | |
|---|---|---|
| 01 – 05 | | Retreat |
| 06 | **10:30 a.m.** | Sacraments of Initiation @ Puzhavathu |
| | **03:00 p.m.** | Chapel Blessing @ MLF Kurichy |
| 07 | **08:00 a.m.** | Parish Visit @ Kottarakkara |
| | **06:30 p.m.** | Light & Sound Show Inauguration @ Ayoor |
| 08 | **09:45 a.m.** | *Qurbana* @ Parel |
| | **11:30 a.m.** | PPF Executive @ Archbishops House |
| | **02:30 p.m.** | **Visitors' Time** |
| | **06:00 p.m.** | Regional Bishops' Recollection @ Kottayam |
| 09 | **09:00 a.m.** | Regional Bishops' Recollection @ Kottayam |
| | **06:00 p.m.** | ConventionTalk @Thankey |
| | **07:30 p.m.** | ConventionTalk @ Alappuzha |
| 10 | **06:30 a.m.** | *Qurbana* @ MPC, Kunnamthanam |
| | **08:30 a.m.** | Curia |
| | **02:30 p.m.** | **Visitors' Time** |
| 11 | **06:30 a.m.** | *Qurbana* @ Priest Home |
| | **10:30 a.m.** | Convention Inauguration @ IMS, Alappuzha |
| | **02:30 p.m.** | Non-teaching Staffs' Seminar @ SB HSS, Chry |
| | **03:15 p.m.** | Mission League Election Camp @ *Sandesa Nilayam* |
| | **06:00 p.m.** | Inter Departmental Meeting @ Archbishops House |
| 12 | **06:30 a.m.** | *Qurbana* @ Kuttamangalam |
| | **08:30 a.m.** | Curia |
| | **02:30 p.m.** | *Nalpatham Velli – Kurisumala* @ Chunkapara |
| | **06:00 p.m.** | Monthly Recollection |
| 13 | **10:00 a.m.** | Couples Meet @ Parel |
| | **10:45 a.m.** | Pastoral Council Concluding Ceremony |
| | **11:30 p.m.** | Care Home Meeting @ *Sandesa Nilayam* |

| | | |
|---|---|---|
| | **03:00 p.m.** | Teachers' Training Course @ SB School |
| 14 | **06:00 a.m.** | Palm Sunday @ St. George Forane, Amboori |
| | **09:00 a.m.** | **Visitors' Time** @ Amboori |
| | **07:00 p.m.** | Way of the Cross – Message @ Pongumood |
| 15 - 17 | | Prayer Days |
| 18 | **11:00 a.m.** | Maundy Thursday @ Sub-Jail, Attingal |
| | **03:00 p.m.** | Maundy Thursday @ Ayoor Forane |
| 19 | | Good Friday @ Lourdes Forane, Tvm |
| 20 | | *Qurbana* @ Nirmala Bhavan, Tvm |
| 21 | | Easter @ Lourdes Forane, Tvm |
| 22 | **10:00 a.m.** | Jubilee *Qurbana* @ SH Generalate, Ktm |
| | **02:30 p.m.** | **Visitors' Time** |
| 23 | **07:00 a.m.** | *Requiem Qurbana* @ Cathedral |
| | | Engaged |
| 24 | **09:00 a.m.** | *Presbyterium* |
| | **02:30 p.m.** | Jubilee Qurbana of SABS Sisters' @ Koothrappally |
| 25 | | *Sneholsavam* @ Meppara, Kply |
| | **05:00 p.m.** | *Qurbana* @ Aruvithura |
| 26 | **a.m.** | Clergy Commission |
| | **p.m.** | *Sneholsavam* @ Meppara, Kply |
| | **08:00 p.m.** | Message @ Kallara |
| 27 | **07:00 a.m.** | Holy Communion @ Cheeramchira |
| | **10:30 a.m.** | Jubilee *Qurbana* @ St Joseph Church, Kurichy |
| | **03:00 p.m.** | Youth Meet @ Kattappana |
| 28 | **07:00 a.m.** | *Qurbana* @ Kesavadasapuram |
| | **02:30 p.m.** | **Visitors' Time** @ Lourdes Forane, Tvm |
| 29 | **06:00 a.m.** | *Qurbana* @ Work Camp |
| | **11:00 a.m.** | *Qurbana* @ Snehagiri, Pala |
| | **04:00 p.m.** | *Sneholsavam* Concluding Session @ Meppara, Kply |
| 30 | **10:30 a.m.** | Vestition @ Maganam |
| | **03:00 p.m.** | DCMS Camp @ Spirituality Centre, Kottayam |
| | **05:00 p.m.** | Parish Hall Blessing @ Karimpanakulam |

Fr Secretary to Auxiliary Bishop : 8078088468
Br Secretary : 8301803468